# ദൈവീകസ്വഭാവം നിങ്ങളിൽ

ഗാരി സിഗ്ലർ



# The Character of God in You

Gary Sigler

# ദൈവീകസ്വഭാവം നിങ്ങളിൽ

## ഗാരി സിഗ്ലർ

ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ലെങ്കിൽ അതു തനിയെ ഇരിക്കും, ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. (യോഹ 12.24)

**അദ്ധ്യായം – 1**

# രാജ്യത്തിന്റെ സുവിശേഷം

രണ്ടായിരം വർഷങ്ങളോളമായി ദൈവരാജ്യത്തിന്റെ സുവിശേഷം എന്ന സന്ദേശം മിക്കവാറും പേർക്ക് മറഞ്ഞിരിക്കുകയാണ്. എന്നാൽ ഇക്കാലങ്ങളിൽ ദൈവം ഈ മറ നീക്കുകയും ദൈവരാജ്യത്തിന്റെ വെളിപാടിനെ അതിന്റെ പൂർണ്ണതയിൽതന്നെ വെളിപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. മറ്റേതൊരു കാലത്തേക്കാളും അധികമായി, ഈ നാളുകളിൽ ദൈവജനത്തിന്റെ മേലും അവരുടെ ഉള്ളിലും ദൈവം തന്റെ മഹത്വത്തെ വെളിപ്പെടുത്തുകയും, **എഴുന്നേറ്റു പ്രകാശിക്കുക, നിന്റെ പ്രകാശം വന്നിരിക്കുന്നു** (ഏശ 60.1) എന്ന തിരുവെഴുത്തിന് നിവർത്തി വരുത്തിക്കൊണ്ടുമിരിക്കുന്നു.

ദൈവരാജ്യത്തിന്റെ സുവിശേഷമെന്നത് യാഥാസ്ഥിതിക ക്രൈസ്തവതയിൽ നാം അറിയുന്നതിനേക്കാൾ ഉപരിയായ ഒരു കാര്യമാണ്. ഒരുവൻ നരകത്തിൽനിന്നും രക്ഷിക്കപ്പെട്ട് സ്വർഗ്ഗത്തിൽ പോകുന്നുവെന്ന ഒരു സുവിശേഷമല്ലത്. രാജ്യത്തിന്റെ സുവിശേഷമെന്നത് മരണാനന്തരമായ ഒരു കാര്യമല്ല, മറിച്ച് ദൈവരാജ്യം ഇപ്പോൾ നിങ്ങളിൽ ഉള്ള ഒന്നാണ്. യേശുവിന്റെ നാമം വിളിച്ചപേക്ഷിച്ച് ഒരുവൻ ആത്മാവിൽ ജനിക്കുമ്പോൾ അവനു ലഭിക്കുന്ന അവകാശത്തെക്കുറിച്ച് മിക്ക ക്രിസ്ത്യാനികളും ബോധവാന്മാരല്ല. ദൈവത്തിന്റെ വിത്ത് അവരുടെ ഉള്ളിലുണ്ടെങ്കിലും ഒട്ടനവധിപേരും ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്ക് വരുവാനുള്ള വഴി കാണാതെ വെറുതെ ഇരിക്കുകയാണ്. ഈ ലോകത്തിന്റെ ദോഷങ്ങളിൽ നിന്നും തങ്ങളുടെ ജഡിക മോഹങ്ങളിൽനിന്നും, ഈ ക്ഷണിക ജീവിതത്തിന്റെ പ്രതാപങ്ങളിൽനിന്നും രക്ഷ നേടുന്നതെങ്ങനെയെന്ന് അവർക്കറിയില്ല. ദൈവരാജ്യത്തിന്റെ സുവിശേഷം നിങ്ങളെ സ്വതന്ത്രർ ആക്കുകയും ഈ ദുഷിച്ച തലമുറയിൽ ഭക്തിയോടെ ജീവിപ്പാൻ നിങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും.

ജാതികൾ ദൈവജനത്തിന്റെ പ്രകാശത്തിലേക്കും ഉദയശോഭയിലേക്കും വരുന്ന നാളുകളാണിത്. ദൈവരാജ്യം ആകാശത്തിൽനിന്നും താഴേക്കു പൊട്ടിവീഴുന്ന ഒന്നല്ല. യേശു പൊടുന്നനവേ പ്രത്യക്ഷപ്പെട്ട്



തന്റെ രാജ്യം സ്ഥാപിക്കുകയല്ല ചെയ്യുന്നത്. യേശു നിശ്ചയമായും വരുന്നുണ്ട്. എന്നാൽ അതു നമുക്കു വെളിയിൽ സംഭവിക്കുന്ന ഒരു സംഗതിയല്ല. അവൻ നമ്മിലും വെളിപ്പെടും.

**ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയമാകേണ്ടതിനും.........**(2 തെസ്സ 1.9)

**യഹോവ സിയോനെ പണിയുകയും തന്റെ മഹത്വത്തിൽ പ്രത്യക്ഷനാകുകയും......**

(സങ്കീ 102.15)

**നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും...**(കൊലോ 3.4)

**പ്രിയമുള്ളവരെ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശ്യന്മാർ ആകും എന്നു നാം അറിയുന്നു.** (1യോഹ 3.2)

**എന്നാൽ മലകളുടെ താഴ്വര അസൽ വരെ എത്തുന്നതുകൊണ്ട് നിങ്ങൾ എന്റെ മലകളുടെ താഴ്വരയിലേക്ക് ഓടിപോകും, യഹൂദാ രാജാവായ ഉസ്സീയാവിന്റെ കാലത്തു നിങ്ങൾ ഭൂകമ്പം ഹേതുവായി ഓടിപ്പോയതുപോലെ നിങ്ങൾ ഓടിപോകും. എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകല വിശുദ്ധന്മാരും വരും.** (സെഖര്യാവ് 14.5)

**ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.** ( 1 തെസ്സ3.13)

## ദൈവജനം ഒന്നിച്ചു കൂടി വരുന്നു

ഈ നാളുകളിൽ നമ്മുടെ മുമ്പാകെ മൂന്നു വഴികളാണുള്ളത്. ഒന്നുകിൽ നമുക്ക് ലോകത്തിന്റെ വഴിയെ പോകാം അല്ലെങ്കിൽ, നമുക്ക് മതത്തിന്റെ ചടങ്ങുകളുടെ വഴിയേ പോകാം അതുമല്ലെങ്കിൽ മഹത്വവും പ്രതാപവും ധരിച്ചു വരുന്ന തേജസ്സേറിയ ദൈവത്തിന്റെ സഭയോടുകൂടെ എഴുന്നേൽക്കാം. ദൈവത്തിന്റെ ആധിപത്യത്തിനു തങ്ങളെത്തന്നെ ഏൽപ്പിച്ചുകൊടുത്ത ഒരു ജനമിവിടുണ്ട്. അവരുടെയുള്ളിൽ അധിവസിക്കുന്ന ദൈവത്തിന്റെ സ്വഭാവത്തിന്റെ ഒരു പ്രകാശനം ലഭിക്കുക വഴി തങ്ങളുടെ സ്വായത്തം വെടിഞ്ഞവരാണിവർ.

ഈ നാളുകളിൽ ദൈവത്തിന്റെ ജനം ഒന്നിച്ചുകൂടി വരികയാണ്. ഇരുണ്ട് മേഘാവൃതമായ ദിനങ്ങളിൽ, വിശ്വാസ പരിത്യാഗത്തിന്റെയും ഭ്രംശത്തിന്റെയും നാളുകളിൽ ചിതറിക്കപ്പെട്ടുപോയ ഇടങ്ങളിൽനിന്നും ഇന്നവർ പുറത്തുവരികയാണ്. ചത്ത ദൈവശാസ്ത്ര ഉപദേശങ്ങളുടെയും ചത്ത സമുദായ സംഘടനകളുടെയും കൽത്തുറുങ്കുകളിൽ ബന്ധിക്കപ്പെട്ടു കിടന്നിരുന്ന ദൈവജനം ആ കല്ലറകളിൽനിന്നും എഴുന്നേറ്റു വരുന്ന നാളുകളാണിത്. സ്വയത്തിന്റെയും ജഡത്തിന്റെ സർവ്വവും വിട്ട് ദൈവരാജ്യത്തിന്റെ സുവിശേഷം എന്ന യാഥാർത്ഥ്യത്തിൽ നടക്കുവാൻ തുടങ്ങുന്ന ദൈവത്തിന്റെ ജനമായി, മഹത്വമാർന്ന സഭയായി ഇവർ ഇന്ന് ഒരുമിച്ചു വരികയാണ്.

എന്നെങ്കിലുമൊരിക്കൽ, മരണത്തിനുശേഷം നാം ദൈവസദൃശ്യരായിത്തീരുമെന്നല്ല ഞങ്ങൾ പറയുന്നത്. ഇന്ന് ഞങ്ങളിൽ വെളിപ്പെട്ടുവരുന്ന ദൈവരാജ്യമെന്ന യാഥാർത്ഥ്യം അനുഭവിക്കുകയും അതിൽ നടക്കാൻ ആരംഭിക്കുകയും ചെയ്യുന്ന വ്യക്തികളായിട്ടാണ് ഞങ്ങൾ സംസാരിക്കുന്നത്. ഇത് ഞങ്ങളെ സംബന്ധിച്ച് വെറുമൊരാശയമല്ല. ഇക്കാരണത്താൽ ഇപ്രകാരമുള്ള ദൈവജനമാണ് ഈ ഭൂമിയിൽ ഇന്ന് ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്ന സഭ.

ജീവനുള്ളതും നിങ്ങളിൽ വസിക്കുന്നതുമായ ദൈവവചനം നിങ്ങളെ ഭാഗിക്കുകയും വേർതിരിക്കുകയും ശുദ്ധീകരിക്കുകയും നിങ്ങളിലുള്ള ദൈവരാജ്യത്തെക്കുറിച്ച് നേരായതും വ്യക്തമായതുമായ ഒരവബോധം നിങ്ങൾക്ക് നൽകുകയും ചെയ്യും. എന്നെങ്കിലുമൊരിക്കൽ സംഭവിക്കാനിരിക്കുന്ന ഒരു കാര്യമല്ലിത്. ഇന് സംഭവിക്കുന്ന കാര്യമാണിത്.

തങ്ങളുടെ ഉള്ളിൽ അധിവസിക്കുന്ന ദൈവാത്മാവിനെ യഥാർത്ഥത്തിൽ കണ്ടെത്തിയവരുടെ സ്വഭാവഗുണമാണ് സാധാരണയായി മലയിലെ പ്രസംഗം എന്നറിയപ്പെടുന്ന മത്തായി 5, 6, 7 എന്നീ അദ്ധ്യായങ്ങളിലെ ഉപദേശം വെളിപ്പെടുത്തിത്തരുന്നത്. ഇന്ന് രക്ഷിക്കപ്പെട്ട ഒരുവൻ **അപ്പോൾതന്നെ** ദൈവത്തിന്റെ പരിപൂർണ്ണ സ്വഭാവത്തിലേക്കും പ്രകൃതത്തിലേക്കും രൂപാന്തരപ്പെടുന്നുവെന്ന് ഞാൻ ഒട്ടും കരുതുന്നില്ല. നാം രക്ഷിക്കപ്പെട്ടശേഷം അനേക നാളുകൾ കഴിഞ്ഞിട്ടും ഏതെങ്കിലുമൊരളവിൽ അവന്റെ രൂപത്തോടും സാദൃശ്യത്തോടും അനുരൂപപ്പെടുന്നില്ല എന്നും എനിക്കു വിശ്വസിക്കുവാൻ കഴിയില്ല. അവനോട് അനുരൂപപ്പെടുവാൻ മരണം വരെ കാത്തിരിക്കണം എന്ന **കള്ളം** നിങ്ങൾ ഒരുനാളും വിശ്വസിക്കരുത്. ഇന്നു നിങ്ങൾ മരിക്കുന്നുവെങ്കിൽ ഇപ്പോൾ നിങ്ങൾക്ക് അവനോട് എത്രമാത്രം സാദൃശ്യമുണ്ടോ അതിലധികമായുള്ള ഒരു സാദൃശ്യം ഉണ്ടാവുകയില്ല. മരണത്തിന് നിങ്ങളെ അവനോടു അനുരൂപരാക്കാൻ ഉള്ള പ്രാപ്തിയില്ല. വാസ്തവത്തിൽ, മരണം ഒരു ശത്രുവാണെന്നാണ് ദൈവവചനം പറയുന്നത്. മരണം നിങ്ങളുടെ മിത്രമല്ല. ശരിയായുള്ള കാര്യങ്ങളിലല്ല മിക്ക ദൈവമക്കളും അവരുടെ പ്രത്യാശവച്ചിരിക്കുന്നത്. സ്വർഗ്ഗത്തിൽ പോകുവാൻ ഒന്നുകിൽ മരിക്കണം, അല്ലെങ്കിൽ കർത്താവിന്റെ വരവിങ്കലുള്ള രൂപാന്തരം സംഭവിക്കണം എന്നാണ് മിക്ക വിശ്വാസികളും ധരിച്ചിരിക്കുന്നത്. എന്നാൽ ഇതു രണ്ടും ശരിയായ പ്രത്യാശയല്ല. കോലോസ്യ ലേഖനം 1.27 ൽ നമ്മുടെ പ്രത്യാശയെന്തെന്ന് പൗലോസ് അപ്പോസ്തോലൻ വ്യക്തമാക്കുന്നു. **മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു.** ഫിലിപ്പിയർ 1.21, 22 ൽ പൗലോസ് വീണ്ടും പറയുന്നു **അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചുപോകാതെ പൂർണ്ണ ധൈര്യം പൂണ്ടു ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയേയുള്ളു എന്ന് പ്രതീക്ഷിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.** ദൈവത്തിന്റെ പരിപൂർണ്ണത നമ്മിൽ ഉളവാകുന്നതുവഴി നാം പരിശുദ്ധാത്മാവിലും പരിശുദ്ധാത്മാവിനാലും പരിശുദ്ധാത്മാവു വഴിയായും ദൈവത്തിന്റെ വാസസ്ഥലമായിത്തീരുന്നു എന്നതാണ് നമ്മുടെ പ്രത്യാശ.

വേദപുസ്തകത്തിൽ നാം വായിക്കുന്ന ഏതൊരു കാര്യത്തിനും പ്രസക്തിയുണ്ട്. അതിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും നമ്മെ സംബന്ധിച്ച് അർത്ഥവത്താണ്. ദൈവരാജ്യത്തിൽ വസിക്കുന്ന ഒരു വ്യക്തിയുടെ ജീവിതവും സ്വഭാവവുമാണ് മത്തായി 5-ാം അദ്ധ്യായത്തിൽ യേശു വെളിപ്പെടുത്താൻ തുടങ്ങുന്നത്. അവിടുന്ന് ഇപ്രകാരം പഠിപ്പിക്കാനാരംഭിച്ചു. നിങ്ങൾ എന്റെ രാജ്യത്തിൽ ആയിരിക്കണമെന്നുണ്ടെങ്കിൽ, എന്നോടുകൂടെ നിങ്ങൾക്കു വാഴുകയും ഭരിക്കുകയും ചെയ്യണമെന്നുണ്ടെങ്കിൽ ഇതാ നിങ്ങളുടെ ജീവിതത്തിന്റെയും സ്വഭാവത്തിന്റെയും ഒരു മാതൃക. ദൈവരാജ്യത്തിന്റെ യാഥാർത്ഥ്യത്തിലേക്കു നിങ്ങൾക്കു പ്രവേശിക്കണമെന്നുണ്ടെങ്കിൽ ഈ ഒരു കാര്യം ആയിരിക്കും നിങ്ങൾ അന്വേഷിക്കുന്നത്: മലയിലെ പ്രസംഗത്തെ പുനരാവിഷ്കരിക്കുന്ന ഒരു സ്വഭാവഗുണം.

ദൈവരാജ്യത്തിലായിരിപ്പാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഇത്തരമൊരു ജീവിതം സ്വീകരിക്കുകയല്ലാതെ നിങ്ങൾക്ക് മറ്റൊരു വഴിയുമില്ല. ഇതു വഴി ഞാൻ നിങ്ങളെ കുറ്റം വിധിക്കുകയില്ല. ഈയൊരു ജീവിതം ജീവിക്കുവാൻ സ്വാഭാവിക മനുഷ്യ പ്രകൃതത്തിന് അസാദ്ധ്യമാണ്. നിങ്ങളിലുള്ള ദൈവീക ജീവൻ വെളിപ്പെട്ട് നിങ്ങളെ മുഴുവനായി കൈവശപ്പെടുത്തുന്ന അനുഭവമാണത്. നമ്മുടെ മുമ്പാകെയുള്ള വസ്തുത ഇതാണ്. നിങ്ങൾക്ക് സ്വർഗ്ഗത്തിലേക്കു പോകുവാൻ ഉതകുന്ന ഒരു ടിക്കറ്റ് മാത്രമാണോ ആവശ്യം. അതോ അവന്റെ സ്വരൂപത്തോട് നിങ്ങൾ അനുരൂപരാകുകയാണോ? നിങ്ങളുടെ ജീവനെ എടുത്തുമാറ്റിയിട്ട് തൽസ്ഥാനത്ത് അവന്റെ ജീവൻ ജീവിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? നാം അവന്റെ കൂട്ടവകാശികൾ എന്നു വചനത്തിൽ നാം വായിക്കുന്നു.

അവനുള്ളതെല്ലാം നിങ്ങൾക്കവകാശപ്പെട്ടതാണെന്നാണ് അതിനർത്ഥം. നമ്മെയും നമുക്കുള്ളതിനെയുമെല്ലാം നാം അവനു നൽകുകയും അവനെയും അവനുള്ളതിനെയും അവൻ നമുക്കു നൽകുകയും ചെയ്യുന്നു.

## ഉൽകൃഷ്ടമായ ഒരു അന്തർബോധം

അവൻ പുരുഷാരത്തെ കണ്ടാറെ മലമേൽ കയറി. അവൻ ഇരുന്നശേഷം ശിഷ്യന്മാർ അടുക്കൽ വന്നു. (മത്താ 5.1)

ദൈവീക കാര്യങ്ങളെ കാണുവാനും ഗ്രഹിപ്പാനും കഴിയണമെങ്കിൽ ഈ ലോകത്തിന്റെ തലത്തിൽ നിന്നും ഉയർന്നുള്ള ഒരു തലത്തിൽ വന്നേ മതിയാകൂ. പ്രകൃത്യാ ഉള്ളതിൽനിന്നും ഉന്നതമായ ഒരു ചിന്താതലത്തിലേക്ക് വരേണ്ടതുണ്ട്. **എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈകൊള്ളുന്നില്ല. അത് അവനു ഭോഷത്വം ആകുന്നു. ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അത് അവനു ഗ്രഹിക്കാൻ കഴിയുന്നതുമല്ല.** (1 കൊരി 2.14) മത്തായി 5-ൽ പഠിപ്പിച്ച പ്രകാരം ഉള്ള ഒരു ജീവിതം സാദ്ധ്യമാണെന്ന വസ്തുത മനുഷ്യ മനസ്സിന് ഒരിക്കലും സങ്കൽപ്പിക്കാൻ കഴിയുന്നതല്ല.

വെളിപാട് 21.10ൽ യോഹന്നാൻ പറയുന്നു **അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നൊരു വന്മലയിൽ കൊണ്ടുപോയി യരുശലേം എന്ന വിശുദ്ധ നഗരം സ്വർഗ്ഗത്തിൽനിന്ന് ദൈവസന്നിധിയിൽ നിന്നുതന്നെ ദൈവതേജസ്സുള്ളതായി ഇറങ്ങുന്നത് കാണിച്ചുതന്നു.** സ്വർഗ്ഗീയ ദർശനങ്ങളെ കാണുന്നതിനായി പ്രവാചകന്മാർ മുകളിലേക്ക് ഉയർത്തപ്പെടുന്നതായി നാം കാണുന്നു. ഏശയ്യാ 6.1 ൽ പ്രവാചകൻ പറയുന്നത് ശ്രദ്ധിക്കുക **കർത്താവ്, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നത് ഞാൻ കണ്ടു. അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു.**

യേശുക്രിസ്തുവിലുള്ള നമ്മുടെ അവകാശത്തിൽ, നാം അവനോടു കൂടി സ്വർഗ്ഗീയ ഇടങ്ങളിൽ ഇരുത്തപ്പെട്ടിരിക്കുകയാണ് എന്നത് നമുക്കറിവുള്ള കാര്യമാണ്. നാം അനുഭവിക്കുന്ന ആ യാഥാർത്ഥ്യത്തിലേക്ക് നമ്മുടെ ബോധമണ്ഡലം ഉയർത്തപ്പെട്ടില്ലായെങ്കിൽ നമുക്കതു തുലോം പ്രയോജനരഹിതമാണ്. തന്റെ ജനത്തിനു ദൈവം വെളിപ്പെടുത്തുന്ന ആത്മീക സത്യങ്ങൾ ഗ്രഹിക്കുന്നതിനായി നമ്മുടെ ബോധമണ്ഡലം സാധാരണതലത്തിൽ നിന്നും ഉയർത്തപ്പെടണം. ഈ ഭൂമിയിൽ നടക്കുവാനിരിക്കുന്ന കാര്യങ്ങളിൽനിന്നും ഉയർത്തപ്പെടണം.

## യഥാർത്ഥ വിടുതൽ

ക്രിസ്ത്യാനിയുടെ സ്വഭാവവും പ്രകൃതവുമാണ് മത്തായി സുവിശേഷം 5 മുതൽ 7 വരെ അദ്ധ്യായങ്ങളിൽ വെളിപ്പെടുത്തുന്നത്. മറ്റൊരു



കാലത്തും കാണപ്പെടാതിരുന്നവിധം ഈ നാളുകളിൽ നടക്കുന്ന വിടുതലിന്റെ ശുശ്രൂഷയാണിത്. ദൈവവചനം ഉള്ളിൽ സ്വീകരിക്കുന്ന പ്രക്രിയയാണിത്. നിങ്ങൾ ഇരുളടഞ്ഞ ഒരു മുറിയിലാണെങ്കിൽ ആ ഇരുട്ടിനെ നിങ്ങൾ ബന്ധിക്കുകയല്ല, പ്രത്യുത വെളിച്ചം പ്രകാശിപ്പിക്കുകയാണ് ചെയ്യേണ്ടത്.

സാത്താനെ ബന്ധിക്കുവാനും അവനോടു മല്ലടിക്കുവാനുമാണ് അനേകം നാളുകളായി ദൈവജനത്തെ പഠിപ്പിച്ചുപോന്നിരുന്നത്. എന്നാൽ ദൈവവചനത്തിന്റെ പ്രകാരം സ്വീകരിക്കുകയും അതിൽ നടക്കുകയുമത്രേ അവർ ചെയ്യേണ്ടിയിരുന്നത്. ദൈവം വെളിച്ചം ആകുന്നു. അവനിൽ ഇരുട്ട് ഒട്ടും ഇല്ല. (1 യോഹ 1.5). ദൈവാത്മാവിന്റെ ഒരു വെളിപാട് നിങ്ങളുടെ ഉള്ളിൽ ലഭിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുകയും അതിന്റെ ഒരു രുചി നിങ്ങൾക്കു ലഭിക്കുകയും ചെയ്താൽ നിങ്ങൾ സാത്താനെ ബന്ധിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കേണ്ടതില്ല. നിങ്ങളുടെ ബോധമണ്ഡലം ദൈവവചനത്താൽ നിറയുമ്പോൾ നിങ്ങളുടെ ശരീരം മുഴുവൻ പ്രകാശിതമാവുകയും ഇരുട്ടിന് ആ പ്രകാശത്തിനു മുമ്പാകെ നിൽപ്പാൻ സാദ്ധ്യമല്ലാതെ വരുകയും ചെയ്യും. വിടുതൽ ശുശ്രൂഷ ചെയ്യുന്ന ഒരു വ്യക്തിയിലല്ല മറിച്ച് ദൈവവചനം എന്ന വെളിച്ചത്തിലാണ് വിടുതൽ ഇരിക്കുന്നത്. **നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു.** (സങ്കീ 119.130) യേശുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്, അവൻ തന്റെ വചനത്താൽ ഭൂതങ്ങളെ പുറത്താക്കി എന്നാണ്.

നമുക്ക് ദൈവഭക്തിയിൽ ജീവിക്കാൻ സാദ്ധ്യമല്ല എന്നത് ജഡികമനസ്സ് നമ്മോടു പറയുന്ന വലിയ നുണയാണ്. നിങ്ങളുടെ അശ്രാന്ത പരിശ്രമങ്ങൾക്കു ശേഷവും നിങ്ങൾ പരാജയപ്പെട്ടതുകൊണ്ട് നിങ്ങളുടെ അനുഭവങ്ങൾ സാക്ഷിക്കുന്ന കാര്യവും ദൈവഭക്തിയിലുള്ള ജീവിതം അസാദ്ധ്യമാണെന്നായിരിക്കാം. നിങ്ങളുടെ അനുഭവങ്ങൾ ഒരിക്കലും ദൈവത്തിന്റെ വചനത്തെ അസാധു ആക്കുന്നില്ല. നിങ്ങൾ വാസ്തവത്തിൽ ദൈവത്തെ അന്വേഷിക്കുന്നുവെങ്കിൽ നിങ്ങളുടെ ഉള്ളിൽ തന്നെ അവിടുത്തെ ദർശിക്കാനാകും. ദൈവഭക്തിയിൽ ജീവിക്കുന്നതിന്റെ യാഥാർത്ഥ്യം നിങ്ങൾ അറിയുകയും അവിടുത്തെ സാദൃശ്യത്തോട് നിങ്ങൾ അനുരൂപപ്പെട്ടുകൊണ്ടിരിക്കുന്നത് നിങ്ങൾ കാണുകയും ചെയ്യും.

## ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളതു. (മത്താ 5.3)

ദരിദ്രരായവർ ആത്മാവിൽ ഭാഗ്യവാന്മാരാണ് എന്ന് ചിലർ ഈ വാക്യത്തെ വ്യാഖ്യാനിച്ചു കേൾക്കാറുണ്ട്. ദാരിദ്ര്യം അനുഗ്രഹത്തിനു കാരണമാകുന്നുവെന്നാണ് അവർ പഠിപ്പിക്കുന്നത്. അതുകൊണ്ടാണ് തങ്ങ

ളുടെ പുരോഹിതന്മാർക്ക് ദാരിദ്ര്യം എന്ന വ്രതം റോമാ സഭ അനുശാസി ക്കുന്നത്. സന്തോഷവും അനുഗ്രഹവും ലഭ്യമാകുവാൻ ദരിദ്രരായവർക്കേ സാധിക്കൂ എന്നവർ വിശ്വസിക്കുന്നു.

ഇതിനു മറുവശമായി, ദൈവരാജ്യത്തിന്റെ യാഥാർത്ഥ്യത്തിൽ നട ക്കുന്നവർ എപ്പോഴും സമൃദ്ധിയിലായിരിക്കും എന്നു പഠിപ്പിക്കുന്നവരു ണ്ട്. അവർ വിചാരിക്കുന്നത് വലിയ നേട്ടങ്ങൾ ദൈവഭക്തിയുടെ അടയാ ളമാണെന്നാണ്. ദാരിദ്ര്യത്തിൽ കഴിയുന്ന ഒരു ക്രിസ്ത്യാനിക്ക് ക്രിസ്തു വിന്റെ ധനത്തിന്റെ സമൃദ്ധിയിലും ധനികനായ ഒരു ക്രിസ്ത്യാനിക്ക് ക്രിസ്തുവിന്റെ ധനം സംബന്ധിച്ച് പാപ്പരത്തത്തിലും കഴിയുവാൻ സാദ്ധ്യ മാണ്. ആത്മാവു സംബന്ധിച്ച കാര്യങ്ങളൊക്കെ ഹൃദയ സംബന്ധമായ കാര്യങ്ങളാണ്.

## ആത്മാവിൽ ദരിദ്രരാവുകയെന്നാൽ ശൂന്യമാവുക എന്നാണർത്ഥം

ആത്മാവിൽ ദരിദ്രമാവുകയെന്നത് മനുഷ്യന്റെ ആത്മാവിനെ സംബ ന്ധിച്ച കാര്യമാണ്. ആത്മാവിൽ ദരിദ്രരാവുക എന്നുവച്ചാൽ എന്താണ്? നിങ്ങൾ ദരിദ്രനെങ്കിൽ നിങ്ങൾ ഒന്നുമില്ലാത്തവനാണ്. ആത്മാവിനാൽ നിറയപ്പെടേണ്ടതിന് നിങ്ങൾ മറ്റെല്ലാക്കാര്യങ്ങളെ സംബന്ധിച്ചും ശൂന്യ രാവേണ്ടതാണ്. ഒരു പാത്രം നിറഞ്ഞിരിക്കുകയാണെങ്കിൽ അതിനെ മറ്റൊ ന്നുകൊണ്ടും നിറയ്ക്കുവാൻ സാദ്ധ്യമല്ല. ആദ്യമേ അതു ശൂന്യമാക്കേ ണ്ടതുണ്ട്. നമ്മുടെ ആത്മാവിൽ നാം ശൂന്യമാക്കപ്പെടേണ്ടതാണ്. ദൈവ സന്നിധിയിൽ വന്ന് ഓരോ ദിവസവും പുതുമന്ന നാം പ്രാപിക്കേണ്ടതു ണ്ട്. നമ്മുടെ പഴയ അനുഭവങ്ങളേയും, ഇന്നലെ നാം ശേഖരിച്ച മന്നയും മുറുകെ പിടിച്ചുകൊണ്ടിരിക്കാതെ നമ്മുടെ ആത്മാവിനെ നാം ശൂന്യമാ ക്കണം. ഇന്നലെകളിൽ ഞാൻ ദൈവത്തെ നന്നായി അനുഭവിച്ചവനായി രിക്കാം. എന്നാൽ ഇന്നലത്തെ അനുഭവത്തിൽ ഇന്നെനിക്കു ജീവിക്കാ നാവില്ല. എന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദൈവത്താൽ ഞാൻ ഓരോ ദിവസവും നിറയപ്പെടേണം. ദൈവാനുഭവത്തിന്റെ കൊടുമുടികളിൽ ഇന്നലെ ഞാൻ വിഹരിച്ചിരുന്നിരിക്കാം. എന്നാൽ ഇന്നത്തേക്ക് അത് മതി യാകുന്നതല്ല. ദൈവരാജ്യം **ഇപ്പോൾ** എന്ന അവസ്ഥയിലേ അനുഭവിക്കാ നാകൂ. ഭൂതകാലനുഭവത്തിലല്ല നിങ്ങൾ ജീവിക്കേണ്ടത്. ദൈവത്തിലാണ് ഇപ്പോൾ നിങ്ങൾ ജീവിക്കേണ്ടത്. **ഇതാ ഇപ്പോഴാണ് രക്ഷാ ദിവസം.** (2 കൊരി 6.12). എങ്ങനെയാണ് ഇപ്പോൾ ജീവിക്കുന്നതെന്ന് ദൈവജനം അറി ഞ്ഞിരുന്നെങ്കിൽ ആത്മാവിൽ നടക്കുന്നതെങ്ങനെയെന്ന് അവർ അറിയു മായിരുന്നു. കഴിഞ്ഞ കാലങ്ങളിലെ പരാജയങ്ങളെ നോക്കിയശേഷം വരു വാനിരിക്കുന്ന ഏതെങ്കിലും ഒരു നാളെ നിങ്ങളുടെ അവസ്ഥ മെച്ചപ്പെടും എന്നു വിചാരിച്ച് നിങ്ങൾ ജീവിക്കുന്നതുകൊണ്ട് ആത്മാവിൽ ജീവിക്കു



ന്നതും ആത്മാവിൽ നടക്കുന്നതും നിങ്ങൾക്ക് അസാദ്ധ്യമായി തീരുന്നു. **ഇപ്പോൾ** ഉള്ളതായ ദൈവരാജ്യം നിങ്ങൾക്കന്യമാവുകയും ചെയ്യുന്നു.

ഇന്ന്, ഈ നിമിഷം രക്ഷ നമുക്കു ലഭ്യമാണ്. കഴിഞ്ഞയാഴ്ചയാക ട്ടെ, ഈ കഴിഞ്ഞ നിമിഷമാകട്ടെ, നിങ്ങൾ പാപം ചെയ്തുപോയെങ്കിൽ ഇപ്പോൾ നിങ്ങൾക്ക് പാപക്ഷമ ലഭ്യമാണ്. ഇന്നലെ നിങ്ങൾ പർവ്വത മുക ളിലായിരുന്നെങ്കിൽ ഇന്നും നിങ്ങൾക്ക് ദൈവത്തോടുള്ള കൂട്ടായ്മയിൽ നടക്കാനാവും. എന്നും പർവ്വത മുകളിൽത്തന്നെ നമ്മെ കണ്ടെന്നു വരി കയില്ല. എന്നിരുന്നാലും നമ്മുടെയുള്ളിലെ ദൈവാത്മപ്രവാഹം നമുക്കെ പ്പോഴും അനുഭവിക്കാനാവും.

## പഴയവഴികളെ വിട്ടുകളയുക

ആത്മാവിൽ ദരിദ്രരാവുക എന്നതുകൊണ്ട് നമ്മുടെ പഴയ വഴി കളെ മുറുകെ പിടിക്കാതെ വിട്ടുകളയുക എന്നും കൂടി അർത്ഥമാക്കുന്നു ണ്ട്. പഴയ കാര്യങ്ങളെയും, പഴയ വഴികളെയും മുറുകെ പിടിച്ചുകൊണ്ട് കഴിഞ്ഞ കാലങ്ങളിൽ ദൈവം നടത്തിയ കാര്യങ്ങളിൽമാത്രം തങ്ങളുടെ പ്രശംസവച്ചുകൊണ്ടിരിക്കുന്ന ചിലരെ നിങ്ങൾ കണ്ടെന്നുവരാം. ആത്മാ വിൽ ദരിദ്രരാവേണ്ടതിന് പഴയ കാര്യങ്ങളെയും പഴയ വഴികളെയും നിങ്ങൾ വിട്ടുകളയേണ്ടതുണ്ട്. എപ്പോഴും നിങ്ങൾ ആത്മാവിന്റെ പുതിയ വഴികളെയും പുതിയ ചലനങ്ങളെയും അനുധാവനം ചെയ്യേണ്ടതുണ്ട്. തന്റെ ആത്മാവിനു വസിക്കേണ്ടതിന് ഒരു കൂടാരം പണിയുക എന്ന ദൈവ ത്തിന്റെ പ്രാഥമിക ലക്ഷ്യത്തിലേക്ക് തന്റെ ജനത്തെ തിരികെ കൊണ്ടുവ രേണ്ടതിന് അനേകം സ്ത്രീപുരുഷന്മാരെ കാലാകാലങ്ങളിൽ ദൈവം ഉപ യോഗിക്കുകയും ആത്മാവിന്റെ ശക്തമായ ചലനങ്ങൾ ഉളവാക്കപ്പെടു കയും ചെയ്തത് സഭാ ചരിത്രം പരിശോധിച്ചാൽ നമുക്ക് കാണുവാൻ കഴിയും. മനുഷ്യനിലും മനുഷ്യനിലൂടെയും തന്റെ സത്തയെ വെളിപ്പെ ടുത്തുവാനും അവനിൽ ജീവിക്കുവാനും ചലിക്കുവാനും ദൈവം ആഗ്ര ഹിക്കുന്നു. കഴിഞ്ഞകാലങ്ങളിലെ ദൈവാത്മാവിന്റെ ചലനങ്ങളെ വീക്ഷി ക്കുകയും പഠിക്കുകയും ചെയ്യുന്നതോടൊപ്പം നമ്മെ പരിപൂർണ്ണതയി ലേക്കു നടത്തുവാൻ ദൈവത്തെ നാം അനുവദിക്കുകയും വേണം. ദൈവ ത്തിൽ നിന്നും കഴിഞ്ഞ കാലങ്ങളിൽ ലഭിച്ചതിൽ മാത്രം തൃപ്തിയടയുന്ന അനേകം ദൈവമക്കളുണ്ട്. *ദൈവമേ, ഞാനിപ്പോൾ നിറഞ്ഞിരിക്കുകയാ ണ്. കഴിഞ്ഞകാലങ്ങളിൽ നിയെന്നെ നടത്തിയതൊക്കെ മതി. എനിക്കിനി മാറ്റമൊന്നും വേണ്ട. ഇവിടം കൊണ്ടു ഞാൻ തൃപ്തനാണ്.* ഇതാണവ രുടെ നിലപാട്.

ആത്മാവിൽ ദരിദ്രരാവുക എന്നതുകൊണ്ട് നിങ്ങൾക്ക് നിങ്ങളോ ടുതന്നെ ശരിയായ ഒരു മനോഭാവം ഉണ്ടാവുക എന്നുകൂടി അർത്ഥമാ ക്കുന്നുണ്ട്. ഒരുവൻ വാസ്തവത്തിൽ ആത്മാവിൽ ദരിദ്രനെങ്കിൽ

ദൈവത്തെ അവനെത്രമാത്രം ആവശ്യമുണ്ടെന്ന് അവൻ തിരിച്ചറിയുന്നു. മാത്രമല്ല അതു ദൈവത്തോടേറ്റു പറയാൻ അവനു യാതൊരു ശങ്കയുമില്ല. നിങ്ങൾ പറഞ്ഞേക്കാം **എനിക്കെല്ലാമുണ്ട് എനിക്കിനി യാതൊന്നും ആവശ്യമില്ല**. എന്നാൽ ഓരോ ദിവസവും ദൈവത്തെ എത്രയധികം എന്റെ ജീവിതത്തിൽ ആവശ്യമാണെന്ന് ഞാൻ തിരിച്ചറിയുന്നു. നമ്മുടെ ആവശ്യം നം തിരിച്ചറിയുകയും നമ്മുടെ കുറവുകളെ നാം കാണുകയും അവനെപ്പോല ആകുവാനുള്ള വാഞ്ഛ നമ്മെ ഭരിക്കുകയും ചെയ്യുന്നില്ലെങ്കിൽ ശത്രുവിനെ തുരത്തുവാൻ നമ്മെ പ്രാപ്തരാക്കുന്ന ദൈവീക ജീവൻ നമ്മിൽ ശക്തി പ്രാപിക്കുന്നത് നാം കാണാതെ പോവുകയും നാം ദൈവത്തിന് വെറും അധരസേവ ചെയ്യുന്നവരായി തീരുകയും ചെയ്യും. നാം വാസ്തവത്തിൽ ആത്മാവിൽ ദരിദ്രരെങ്കിൽ മത്തായി 5-ാം അദ്ധ്യായം മുതൽ 7-ാം അദ്ധ്യായം വരെ യേശു പഠിപ്പിക്കുന്ന മാതിരി ഒരു ജീവിതം ജീവിക്കുവാൻ നാം എത്രമാത്രം കെൽപില്ലാത്തവരും ആശക്കു വകയില്ലാത്തവരും ആണെന്ന് നാം തിരിച്ചറിയും. വെറും ജഡിക മനുഷ്യരായിരിക്കെ എങ്ങനെ നാം ദൈവത്തിനൊത്ത ഒരു ജീവിതം ജീവിക്കും? നമ്മുടെ ജഡിക പ്രകൃതം കൊണ്ടതു സാദ്ധ്യമല്ലെന്നു നാം തിരിച്ചറിയും. ആശക്ക് ഒട്ടും വകയില്ലാത്ത ഒരവസ്ഥതന്നെ. ഈ തിരിച്ചറിവ് നമ്മെ തികച്ചും ശൂന്യരാക്കുകയും ആത്മാവിൽ ദരിദ്രരാക്കുകയും ദൈവാത്മാവ് നമ്മിൽ ഉണർന്നു പ്രവർത്തിച്ച് നമ്മുടെ ജഡിക പ്രകൃതത്തിൽ നിന്നു നമ്മെ വിടുവിക്കുവാനുള്ള നിലവിളി നമ്മിൽ ഉളവാകുകയും ചെയ്യുന്നു. നാം ദൈവത്തെ അങ്ങനെ അന്വേഷിക്കാൻ തുടങ്ങുമ്പോൾ ഒരു രൂപാന്തരം നമ്മുടെ ഉള്ളിൽ സംഭവിക്കുകയും നമ്മുടെ പരിശ്രമം കൂടാതെ തന്നെ ദൈവത്തിന്റെ ജീവൻ നമ്മിൽ പുഷ്ടിപ്പെടുകയും ചെയ്യുന്നു. ജീവിതത്തിന്റെ വ്യത്യസ്ത വശങ്ങളിൽ ആദ്യമേ ചെറിയ അളവിലാണെങ്കിൽ പോലും നാം ദൈവീക ജീവൻ വെളിപ്പെടുത്തുവാനാരംഭിക്കുന്നു. ജീവന്റെ നദി നമ്മുടെ ഉള്ളിൽ പ്രവഹിക്കുവാനാരംഭിക്കുന്നു. ഇല്ലാത്തവയെ ഉള്ളതുപോലെ വിളിക്കുകയും മരിച്ചവർക്കു ജീവൻ നൽകുകയും ചെയ്യുന്ന ദൈവത്തിൽ ആശ്രയംവെച്ച അബ്രഹാമിനെപ്പോലെ നാം ആയിരിക്കട്ടെ. യേശു ഇവിടെ പഠിപ്പിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾ തികച്ചും മൃതാവസ്ഥയിലായിരിക്കാം. യേശു ഇവിടെ പ്രദാനം ചെയ്യുന്ന സമൃദ്ധിയേറിയ ജീവനിൽ നിങ്ങൾക്കു നടക്കാൻ കഴിയുന്നില്ലായിരിക്കാം. എന്നാൽ ദൈവം മരിച്ചവർക്കു പ്രത്യാശ നൽകുന്നവനാണ്. അവിടുന്ന് തന്റെ ജീവൻ നിങ്ങളുടെ ഉള്ളിൽ പകർന്നുതരുവാനിടയാക്കും.

## അഹന്തയുടെ മനോഭാവം

**രണ്ടു മനുഷ്യർ പ്രാർത്ഥിക്കുവാൻ ദേവാലയത്തിൽ പോയി. ഒരുത്തൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ. പരീശൻ നിന്നുകൊണ്ട് തന്നോടുതന്നെ ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെ പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു. നേടുന്നതിൽ ഒക്കെയും പതാരം കൊടുത്തുവരുന്നു എന്നിങ്ങനെ പ്രാർത്ഥിച്ചു.** (ലൂക്കോ 18.10-12)

അപ്രകാരമുള്ള മനോഭാവം നമ്മിൽ വളർന്നു വരുവാൻ നാം അനുവദിക്കരുത്. ഈ പരീശനെപ്പോലെ നാം ചുറ്റുമുള്ളവരെ നോക്കിയിട്ട് അവരെക്കാളൊക്കെ നാം മെച്ചമെന്ന് പറഞ്ഞ് ദൈവത്തിനു നന്ദി പറയുവാൻ സാദ്ധ്യതയുണ്ട്. ഇത് മറ്റുള്ളവരിൽ കുറ്റം കാണുന്ന മതഭക്തിയുടെ ആത്മാവാണ്. ഇത് സഭയിൽ വളരെയേറെ ക്ഷതമേൽപ്പിക്കുന്ന ഒരാത്മാവാണ്. മറ്റുള്ളവരുടെ ബലഹീനതകളുടെ വെളിച്ചത്തിൽ അവരെ നമ്മോടു താരതമ്യം ചെയ്യുമ്പോൾ നമ്മുടെ അവസ്ഥ ഉൽകൃഷ്ടമാണെന്ന ഒരു മിഥ്യാബോധം നമ്മിൽ ഉളവാകുന്നു. മറ്റൊരാളെ വിധിക്കുമ്പോൾ ആ വ്യക്തിയെക്കാൾ നിങ്ങൾ ശ്രേഷ്ഠനാണെന്നാണ് നിങ്ങൾ പറയുന്നത്. ദൈവത്തിന്റെ വെളിച്ചത്തിനു മുമ്പാകെ തുറവിയോടെ നിന്നശേഷം തന്റെ തന്നെ അരിഷ്ടത തിരിച്ചറിഞ്ഞ ഒരു വ്യക്തിക്ക് ഒരിക്കലും മറ്റൊരുവനെ വിധിക്കുവാനോ അയാളിൽ കുറ്റം കാണുവാനോ സാധിക്കുകയില്ല.

**ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ. ദൈവരാജ്യം അവർക്കുള്ളതാണ്**. ദൈവരാജ്യമെന്നു പറയുന്നത് നിങ്ങളുടെ മരണശേഷം നിങ്ങൾ എത്തിച്ചേരുന്ന ഏതോ ഒരു സ്ഥലമല്ല. ദൈവരാജ്യം നിങ്ങളുടെ ഉള്ളിൽ തന്നെയാണ്. ദൈവരാജ്യത്തിൽ വസിക്കുകയെന്നത് **ഇപ്പോൾ** അനുഭവിക്കേണ്ടുന്ന ഒരു കാര്യമാണ്. പ്രകൃത്യാ ഉള്ള യാതൊരു മാർഗ്ഗത്താലോ, സംവിധാനത്താലോ, ഉപാധിയാലോ ഇത് സാദ്ധ്യമല്ല. നമ്മിൽ വസിക്കുന്ന ദൈവാത്മാവാണ് ഈ യാഥാർത്ഥ്യത്തിലേക്കു നമ്മെ കൊണ്ടു വരുന്നത്. എങ്ങനെ നിങ്ങൾക്ക് അല്പം കൂടി നന്നാവാനാവുമെന്നോർത്തുകൊണ്ടോ, നിങ്ങൾ വീണുപോയേക്കുമെന്നോർത്തുകൊണ്ടോ നിങ്ങൾ അസ്വസ്ഥപ്പെടേണ്ട. ദൈവത്തോടുള്ള കൂട്ടായ്മ അന്വേഷിക്കുക. അപ്പോൾ ദിവസം പ്രതി നിങ്ങൾ അവനെപോലെ ആയിത്തീർന്നു കൊണ്ടിരിക്കുന്നത് നിങ്ങൾക്കു കാണുവാൻ കഴിയും.

## അദ്ധ്യായം 2

# ദൈവരാജ്യത്തിന്റെ സാക്ഷാത്കാരം

നിങ്ങൾ ദൈവരാജ്യം അനുഭവിച്ചു തുടങ്ങുമ്പോഴാണ് ദൈവരാജ്യം സാക്ഷാൽക്കരിക്കപ്പെടുന്നത്. ദൈവരാജ്യത്തിന്റെ വാസ്തവികത എന്നു പറയുന്നത് അത് വാസ്തവമെന്ന് നിങ്ങൾ അനുഭവിച്ചറിയുമ്പോഴാണ്. ദൈവരാജ്യം വാസ്തവത്തിലുള്ളതാണെന്ന് അനേകർക്ക് അറിയാമെങ്കിലും അവർക്കതിന്റെ അനുഭവമില്ല. ഒരു പക്ഷേ അവർക്കതിനെക്കുറിച്ച് പഠിപ്പിക്കാൻ വരെ കഴിഞ്ഞേക്കാം. എന്നിരുന്നാലും അവർക്കതിന്റെ അനുഭവം ഉണ്ടായെന്നു വരില്ല.

ഒരു നല്ല പാചകകൃതി വായിക്കുന്നതു വഴി ഒരു പക്ഷേ ഒരു നല്ല വിഭവം വാസ്തവത്തിൽ ഉള്ളതാണെന്ന് നിങ്ങൾക്കറിയാൻ കഴിഞ്ഞേക്കാം. ആ പുസ്തകം നന്നായിട്ട് പഠിച്ചിട്ട്, ആ വിഭവത്തിന്റെ ചേരുവകളെന്തെല്ലാമാണെന്നു നന്നായി മനസ്സിലാക്കിയിട്ട്, നിങ്ങൾക്കതിനെപ്പറ്റി ഭംഗിയായി പഠിപ്പിക്കാൻ കഴിഞ്ഞെന്നു വരാം. എന്നിരുന്നാലും നിങ്ങളൊരിക്കലും ആ ചേരുവകളൊന്നും വാസ്തവത്തിൽ കൈകാര്യം ചെയ്യുകയോ ആ വിഭവം കഴിക്കുകയോ ചെയ്തിട്ടില്ലായിരിക്കാം. ഇന്നത്തെ ക്രൈസ്തവഗോളം ഏതാണ്ട് ഈ അവസ്ഥയിലാണ്. നമുക്കു ശരിയായ ഉപദേശങ്ങളെല്ലാം അറിയാം. യേശു നമ്മിൽ ഉണ്ടെന്നു നമുക്കറിയാം. നമുക്കൊത്തിരി കാര്യങ്ങളറിയാം. എന്നാലും നമ്മിലേറെ പേരിലും നീരസവും കയ്പും ഏഷണിപറച്ചിലും മനോവ്യഥയും കോപവും നിറഞ്ഞിരിക്കുകയാണ്. എങ്ങനെയാണ് ക്രിസ്തീയ ജീവിതം ജീവിക്കുന്നതെന്ന് പലർക്കുമറിയില്ല. എങ്ങനെ ഒരു നല്ല ക്രിസ്ത്യാനിയാകാമെന്നും എപ്രകാരം നല്ല ക്രിസ്തീയ ജീവിതം നയിക്കാമെന്നും പഠിപ്പിക്കുന്ന പുസ്തകങ്ങളെക്കൊണ്ട് നമ്മുടെ പുസ്തകശാലകൾ നിറഞ്ഞിരിക്കുകയാണ്. എപ്രകാരം നിങ്ങളുടെ ഭാര്യയെയും കുഞ്ഞുങ്ങളെയും സ്നേഹിക്കുവാൻ കഴിയും എന്നുവരെ പഠിപ്പിക്കുന്ന പുസ്തകങ്ങളുണ്ട്. ഈ പുസ്തകങ്ങൾ വാങ്ങുന്നതിനോ വായിക്കുന്നതിനോ ഞാൻ എതിരല്ല. എന്നിരുന്നാലും ഞാനൊന്നു ചോദിക്കട്ടെ, *യേശു വാസ്തവത്തിൽ നമ്മിൽ ജീവിക്കുന്നുവെങ്കിൽ നമുക്ക് ഈ പുസ്തകങ്ങളെകൊണ്ട് എന്താവശ്യം?* കുറച്ചുകൂടി ഒരു നല്ല മനുഷ്യനായി ജീവിക്കാൻ നമുക്കു കഴിഞ്ഞേക്കാം. എന്നാലും നമുക്ക് അത്യാവശ്യമായ കാര്യം **യേശു നമ്മുടെ ഉള്ളിൽ ജീവിക്കുക എന്നതാണ്**. യേശു നമ്മിൽ ജീവിക്കുന്നുവെങ്കിൽ "എങ്ങനെ......ജീവിക്കാം" എന്നുപദേശിക്കുന്ന പുസ്തകങ്ങൾ അനാവശ്യമായിത്തീരുന്നു. ഞാനീ പറയുന്ന കാര്യത്തിൽ നിങ്ങൾ പരിഭവിക്കരുത്. നിങ്ങളുടെ ജീവിതത്തെ നിങ്ങളൊന്നു പരിശോധിക്കുക -യേശു വാസ്തവത്തിൽ നിങ്ങളുടെ ഉള്ളിലുണ്ടോ? അതോ നിങ്ങൾ നിങ്ങളുടെ **സ്വയത്തെ** ആണോ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്? **കർണ്ണരസമാകുമാറു സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും.........എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാൻ** (2 തിമോ 4.3,37) കഴിയാതെയിരിക്കുകയും ചെയ്യുന്ന ഒരവസ്ഥയെക്കുറിച്ച് ദൈവവചനം പറയുന്നുണ്ട്.



നിങ്ങളുടെ ഉള്ളിൽ ദൈവത്തിന് തന്റെ സ്വന്തം ജീവൻ ജീവിക്കുവാൻ കഴിയും എന്ന തിരിച്ചറിവ് നിങ്ങളുടെ അന്തരംഗത്തെ നിറച്ചുകൊണ്ട് നിങ്ങളുടെ ഉള്ളിൽ നാമ്പിട്ടുവരുന്ന ദൈവജീവന്റെ അനുഭവം നിങ്ങൾക്കുണ്ടായി തുടങ്ങുമ്പോഴാണ് വാസ്തവത്തിൽ ദൈവരാജ്യം നിങ്ങളിൽ സാക്ഷാത്ക്കരിക്കപ്പെടുന്നത്. യേശു പറയുന്നതുപോലെ നിങ്ങൾ വീണ്ടും ജനിക്കണം. ദൈവാത്മാവിനാൽ ജനിച്ച ഏതൊരു വ്യക്തിയെ സംബന്ധിച്ചും ദൈവരാജ്യം തികച്ചും യാഥാർത്ഥ്യമാണ്. വീണ്ടും ജനിക്കുക എന്നതുകൊണ്ടർത്ഥമാക്കുന്നത് അതുതന്നെയാണ്. നിങ്ങളിൽ മറ്റൊരു ജീവൻ (ദൈവത്തിന്റെ സ്വന്തം ജീവൻ) ഉദിക്കുക തന്നെ വേണം. നിങ്ങളുടെ ഉള്ളിൽ യാതൊന്നും സംഭവിക്കാതെ നിങ്ങൾ വീണ്ടും ജനിക്കുക എന്നത് അസാദ്ധ്യമായ ഒരു കാര്യമാണ്. ദൈവാത്മാവിന്റെ സ്പർശനം ഒരു നാളും തങ്ങളുടെ ജീവിതത്തിൽ അനുഭവിക്കാത്ത (ബുദ്ധിതലത്തിലുള്ള) ആയിരക്കണക്കിനു ക്രിസ്ത്യാനികൾ ഇന്ന് അമേരിക്കയിലുണ്ട്. യേശു തങ്ങളുടെ രക്ഷിതാവെന്ന് അവർ അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ അവർക്ക് അതിന്റെ യാതൊരനുഭവവുമില്ല. വാസ്തവത്തിൽ ഒരനുഭവമില്ലാതെ, യേശു നിങ്ങൾക്കുവേണ്ടി മരിച്ചുവെന്നും യേശുവിനെ രക്ഷിതാവായി സ്വീകരിക്കാനും ഒരു വ്യക്തിയെ പ്രേരിപ്പിക്കുന്നതിൽ യാതൊരർത്ഥവുമില്ല. **നിങ്ങൾ വീണ്ടും ജനിക്കണം.** നിങ്ങൾക്ക് ഒരു ആന്തരിക അനുഭവം ഉണ്ടായെ തീരു. ഉയരത്തിൽനിന്നും നാം ജീവൻ പ്രാപിക്കണം. ദൈവരാജ്യം നിങ്ങൾക്ക് വാസ്തവമാകണമെങ്കിൽ രാജാവ് നിങ്ങളുടെ ഉള്ളിൽ ജനിക്കണം. രാജാവിന്റെ ജീവൻ, ദൈവത്തിന്റെ ജീവൻ തന്നെ, ദൈവത്തിന്റെ പ്രകൃതിയും സ്വഭാവവും തന്നെ, നിങ്ങളുടെ അന്തർഭാഗത്ത് ഉളവായേതീരു.

## ദൈവരാജ്യത്തിന്റെ പ്രത്യക്ഷത

ദൈവം തങ്ങളുടെ ഉള്ളിൽ ജീവിക്കുന്നു എന്ന യാഥാർത്ഥ്യത്തെ പ്രത്യക്ഷമാക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്ത്യാനികൾ തുലോം കുറവാണ്. ദൈവരാജ്യമെന്നതു തന്നെ മാനവികതയിൽ ദൈവത്തിന്റെ സ്വഭാവവും പ്രകൃതവും ഉളവാകുകയും പ്രത്യക്ഷപ്പെടുകയും

ചെയ്യുന്നതാണ്. മത്തായി 5 മുതൽ 7 വരെ അദ്ധ്യായത്തിൽ യേശു വരച്ചുകാട്ടുന്ന മൗലിക തത്വങ്ങൾ ഒരിക്കലും കുറെ പുതിയ പ്രമാണങ്ങളും നിയമങ്ങളുമല്ല. ഒരു നല്ല ക്രിസ്ത്യാനിയാകുവാൻ നിങ്ങൾ ഇപ്രകാരം ജീവിക്കണം എന്ന് യേശു പറഞ്ഞില്ല. നിങ്ങൾ ഇതു ചെയ്യണം അതു ചെയ്യരുത് ഇങ്ങനെയും യേശു പറഞ്ഞില്ല. അവിടുന്നു പറഞ്ഞതിപ്രകാരമാണ്: *നിങ്ങൾ വാസ്തവത്തിൽ ആത്മാവിനാൽ ജനിച്ച ഒരു ക്രിസ്ത്യാനിയാണെങ്കിൽ നിങ്ങളുടെ ഉള്ളിൽ ഒരു വലിയ സംഭവം നടന്നിട്ടുണ്ട്. നിങ്ങൾ അപ്രകാരമൊരു ജീവിതം ജീവിക്കാൻ തുടങ്ങുന്നു. വളർച്ച പ്രാപിക്കുന്നതും രൂപാന്തരപ്പെടുന്നതുമായ ഒരു പ്രക്രിയയാണത്. അത് പ്രകൃത്യാ പഠിക്കുന്ന ഒരു പ്രക്രിയ അല്ല. നിങ്ങളുടെ പഴയ മനുഷ്യനെ നിങ്ങൾ മരണത്തിനേൽപ്പിക്കുന്നതനുസരിച്ച് (അതിനായി ദ്രവ്യത്വമുള്ളതിന്മേൽ അദ്രവത്വം ധരിക്കണം) എന്റെ ജീവൻ നിങ്ങളിൽ വ്യാപരിക്കുകയും വെളിപ്പെടുകയും ചെയ്യും. നിങ്ങൾ ഇങ്ങനെ ചെയ്താൽ പുതിയ മനുഷ്യൻ വെളിപ്പെട്ടുവരും.*

## സ്നാനത്തിൽ നാം ആരംഭിക്കുന്നു

ദൈവരാജ്യ ജീവിതം നാമാരംഭിക്കുന്നത് സ്നാനത്തിലാണ്. **ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപ്പിച്ചതൊക്കെയുംപ്രമാണിക്കുവാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളേയും ശിഷ്യരാക്കിക്കൊള്ളുവിൻ.** (മത്താ 28.19-20)

സ്നാനപ്പെടാത്തിടത്തോളം കാലം, അതായത് നിങ്ങളുടെ സ്വയ ജീവിതത്തിന്റെ മരണജലത്തിലേക്ക് നിങ്ങൾ മുങ്ങുവാൻ തയ്യാറാവാത്തോളംകാലം നിങ്ങൾക്കൊരു ശിഷ്യനാകുവാനോ ദൈവരാജ്യത്തിലെ ജീവൻ വെളിപ്പെടുത്തുവാനോ സാദ്ധ്യമല്ല. നിങ്ങൾക്കതിനേക്കുറിച്ച് എന്തൊക്കെയോ അറിയാമായിരിക്കാം, ഏതോ ഒരു പരിധിവരെ നിങ്ങൾക്കു ചില അനുഭവങ്ങളും ഉണ്ടായിട്ടുണ്ടാവാം. എന്നാൽ നിങ്ങളുടെ സ്വയത്തോടു നിങ്ങൾ മരിക്കുന്നില്ല എങ്കിൽ ഒരിക്കലും നിങ്ങൾക്കു ദൈവരാജ്യത്തെ വെളിപ്പെടുത്തുവാൻ സാധിക്കുകയില്ല. നിങ്ങൾക്കത് ആഗ്രഹിക്കുവാൻ കഴിയുന്നില്ലെങ്കിൽ ദൈവത്തോടു ചോദിക്കുക. അവിടുന്ന് നിങ്ങൾക്ക് ആ ആഗ്രഹം നൽകും. സ്നാനവും ശിഷ്യത്വും ഒന്നിച്ചു നീങ്ങുന്ന രണ്ടു വസ്തുതകളാണ്. റോമർ 6.3 ൽ പൗലോസ് പറയുന്നു **യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു.** ഒരു ആന്തരിക അനുഭവം കൂടാതെ വെള്ളത്തിൽ നിങ്ങൾ മുങ്ങിയതുകൊണ്ട് നിങ്ങളിൽ ഈ മാറ്റം വന്നു എന്നു നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ നിങ്ങൾക്കു സാരമായ തെറ്റു സംഭവിച്ചിരിക്കുന്നു. ഒരുവനെ സ്നാനം കഴിപ്പിക്കുന്നു എന്നതിനർത്ഥം അവനെ വെറുതെ വെള്ളത്തിലിറക്കുക എന്നല്ല. നിങ്ങൾ



സ്നാനപ്പെടുത്തുമ്പോൾ അവരെ നിങ്ങൾ വെള്ളത്തിൽ മുക്കുന്നതിനോടൊപ്പം അവരെ ആക്ഷരികമായും ദൈവത്തിലാക്കുക തന്നെയാണ് ചെയ്യുന്നത്. ആ മരണജലത്തിൽ താഴുമ്പോൾ അവർ തങ്ങളെതന്നെ ദൈവത്തിൽ വയ്ക്കുകയാണെന്നും ആ വെള്ളത്തിൽ നിന്നും അവർ വ്യത്യസ്തരായിട്ടാണ് ഉയർന്നു വരുന്നതെന്നും അവർ വ്യക്തമായി ഗ്രഹിക്കണം. പഴയ മനുഷ്യനെയും സ്വയത്തെയും ആ മരണജലത്തിൽ അവർ ഉപേക്ഷിച്ചു കളയുന്നു.

ആരുടെ നാമത്തിലാണ് നാം സ്നാനമേൽക്കേണ്ടത്? പൗലോസ് പറയുന്നു **ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു** (ഗലാ 3.27). സ്നാനത്തെക്കുറിച്ച് വ്യത്യസ്തങ്ങളായ ഉപദേശങ്ങൾ ഉണ്ടെങ്കിലും സ്നാനമെന്ന അനുഭവത്തെക്കുറിച്ചുള്ള പഠിപ്പിക്കലുകൾ വിരളമാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേൽക്കണമെന്നു ചിലർ പഠിപ്പിക്കുമ്പോൾ യേശുവിന്റെനാമത്തിൽ ഏൽക്കാത്ത സ്നാനം സ്നാനമല്ലായെന്നു മറ്റു ചിലർ വാദിക്കുന്നു. യേശുവിന്റെ നാമത്തിൽ ഏൽക്കുന്ന സ്നാനം വാസ്തവത്തിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ്. വചനം പറയുന്നത് ദൈവത്തിന്റെ പൂർണ്ണത ദേഹരൂപമായി യേശുവിൽ വസിക്കുന്നു എന്നാണ്. പിതാവ് തന്റെ പൂർണ്ണതയിൽ അവനിൽ വസിക്കുന്നു. ആത്മാവിനെ അളവുകൂടാതെ അവനിൽ പകരപ്പെട്ടിരിക്കുന്നു. അതുകൊണ്ട് യേശുവിന്റെ നാമത്തിൽ നിങ്ങൾ സ്നാനപ്പെടുന്നുവെങ്കിൽ അതു നല്ലകാര്യം തന്നെയാണ്. എന്തുകൊണ്ടെന്നാൽ യേശുവിന്റെ നാമത്തിൽ പിതാവിന്റെയും പുത്രന്റെയും ആത്മാവിന്റെയും പരിപൂർണ്ണതയുണ്ട്. അഥവാ നിങ്ങൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് സ്നാനമേൽക്കുന്നതെങ്കിലോ അതും വളരെ നല്ലകാര്യമാണ്. ആശയങ്ങളുടേയും അഭിപ്രായങ്ങളുടേയും പേരിൽ നിങ്ങൾ വഴക്കടിക്കുന്നതും യാതൊരു അനുഭവവും ഇല്ലാതെ വെറുതെ വെള്ളത്തിൽ മുങ്ങുന്നതും ഒരേപോലെ പരിതാപകരമാണ്. നിങ്ങളുടെ മേൽ വെള്ളം തളിച്ചാണോ നിങ്ങളെ വെള്ളത്തിൽ മുക്കിയാണോ സ്നാനം കഴിപ്പിക്കേണ്ടതെന്നൊക്കെപ്പറഞ്ഞ് അനേക തർക്കങ്ങൾ ഉണ്ടായേക്കാം. എന്നാൽ എത്രയും പ്രാധാന്യമുള്ള കാര്യം സ്നാനത്തിന്റെ ആത്മീകവശം ഗ്രഹിക്കുക എന്നുള്ളതാണ്. നിലത്തുവീണ് ചാകുവാൻ നിങ്ങൾ തയാറാകുമ്പോൾ, വെള്ളത്തിനടിയിലേക്കു നിങ്ങൾ മുങ്ങുമ്പോൾ നിങ്ങളുടെ പഴയ വ്യക്തിത്വം അടക്കം ചെയ്യപ്പെടുന്നു. നിങ്ങൾ വെള്ളത്തിനു മുകളിലേക്കു വരുന്നത് ഉയിർപ്പിക്കപ്പെട്ട, അത്യുൽകൃഷ്ടമായ ദൈവീക ജീവനാലാണ്. ദൈവവചനം പറയുന്നത് ലളിതമായി വിശ്വസിക്കുന്നതുകൊണ്ടാണിതു സംഭവിക്കുന്നത്. സൃഷ്ടിക്കപ്പെടാത്ത, നാശമില്ലാത്ത ദൈവീക ജീവനാലാണ് വിശ്വാസം വഴി നാം ഉയിർപ്പിക്കപ്പെടുന്നത്. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്നവരെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. ക്രിസ്തുവിനെ ധരിച്ചിട്ടില്ലായെങ്കിൽ, എത്ര തവണ നിങ്ങൾ വെള്ളത്തിൽ

മുങ്ങിയെന്നാലും നിങ്ങൾ സ്നാനപ്പെടുന്നില്ല. സ്നാനപ്പെടുക എന്നുവച്ചാൽ ദൈവത്തിൽ (പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിൽ) നിമജ്ജനം ചെയ്യപ്പെടുക എന്നാണ്. അകമേയുള്ള ഒരു യാഥാർത്ഥ്യത്തിന്റെ പുറമേയുള്ള അടയാളം മാത്രമാണ് സ്നാനജലം. ഹൃദയത്തിന്റെ ഒരു രൂപാന്തരം അകമേ സംഭവിക്കുന്നു. ലളിതമായ വിശ്വാസം വഴിയായുള്ള ദൈവകൃപയുടെ പ്രവർത്തിയാണത്. ഇതാണ് സ്നാനമെന്ന അത്ഭുതകാര്യം.

സ്നാനത്തിൽ ഒരവസാനവും ഒരാരംഭവും അടങ്ങിയിട്ടുണ്ട്. പഴയ സൃഷ്ടിയുടെ അവസാനവും പുതിയ സൃഷ്ടിയുടെ ആരംഭവും. നിങ്ങളുടെ പഴയ മനുഷ്യന് ഒരന്ത്യം വരുത്തുവാൻ പരിശുദ്ധാത്മാവിനെ നിങ്ങൾ അനുവദിച്ചിട്ടല്ലാതെ ദൈവരാജ്യം നിങ്ങൾക്ക് അനുഭവിക്കാൻ കഴിയില്ല. ദൈവരാജ്യത്തിൽ കടക്കുന്നതിനുമുമ്പ് നിങ്ങൾക്കൊരന്ത്യം സംഭവിക്കണം. ഇന്ന് സഭ ദൈവരാജ്യത്തിന്റെ ഒരു തിളങ്ങുന്ന സാക്ഷ്യമായി നിൽക്കാതെ പോകുന്നത് സഭയിൽ ഒരു കലർപ്പുള്ളതുകൊണ്ടാണ്. പഴയ അശുദ്ധിയുടെ ഒരംശം ഇപ്പോഴും നിലനിൽക്കുന്നു.

## ദൈവീകജീവൻ നമ്മിൽ സാദ്ധ്യമോ

എന്റെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭഘട്ടത്തിൽ യേശുവിനെപ്പോലെ ആയിത്തീരാനുള്ള അതിയായ ഒരു ദാഹം എനിക്കുണ്ടായിരുന്നു. ഞാൻ എന്നോടുതന്നെ ഇപ്രകാരം ചോദിക്കുമായിരുന്നു, *മലയിലെ പ്രസംഗത്തിൽ പറയുന്ന മാതിരി ഒരു ജീവിതം ജീവിക്കുവാൻ ഒരു മനുഷ്യനു കഴിയുമോ?* അതു സാദ്ധ്യമാണെന്നു പറയുന്ന ഒരൊറ്റ മനുഷ്യനെപ്പോലും എനിക്ക് കാണാനായില്ല. എല്ലാവരും എന്നോടു പറഞ്ഞത് അത് മരണശേഷം മാത്രമേ സാദ്ധ്യമാവുകയുള്ളു എന്നാണ്. എന്നാൽ, നിങ്ങളൊന്നു ശ്രമിച്ചു നോക്കുക. നിങ്ങളാലാവുന്നതു ചെയ്യുക എന്നോ, മരണശേഷം നിങ്ങൾ എന്നെപ്പോലെയാകുമെന്നോ യേശു ഒരിക്കലും പറഞ്ഞിട്ടില്ല. എന്നാൽ മിക്കവരും കരുതുന്നത് ഇപ്രകാരമാണ്. അവിടുന്ന് വാസ്തവത്തിൽ പറഞ്ഞതിതാണ്: *നിങ്ങൾ ആത്മാവിൽ ദരിദ്രരും ദുഖിക്കുന്നവരും ശാന്തതയുള്ളവരും കരുണയുള്ളവരും ഹൃദയശുദ്ധിയുള്ളവരും ആണെങ്കിൽ നിങ്ങൾ ഭാഗ്യവാന്മാരാണ്. നിങ്ങൾ സന്തോഷവാന്മാരാണ്.* ദൈവത്തിന്റെ സ്വഭാവം മനുഷ്യവർഗ്ഗത്തിൽ ഉൽപ്പാദിതമാവുന്നതിങ്ങനെയാണ്. വീണ്ടും ഞാൻ പറയട്ടെ, ഇത് സ്വാഭാവികമായുള്ള മാനുഷിക ജീവനല്ല. സ്വാഭാവിക രീതികൊണ്ടും അനുക്രമങ്ങൾകൊണ്ടും നിങ്ങൾക്കിപ്രകാരമാകുവാൻ കഴിയില്ല. ഇപ്രകാരമൊരു ജീവനാണ് നിങ്ങൾ വീണ്ടും ജനിച്ചപ്പോൾ നിങ്ങൾക്കവകാശമായി ലഭ്യമായത്.

## ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ

യേശു പറഞ്ഞു ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ. ഇതൊരു വിരോധാഭാസമായി തോന്നിയേക്കാം. ഇന്ന് ദൈവജനത്തിന്റെ ഇടയിൽ ഈ ദുഃഖം ഇല്ലാതിരിക്കുകയാണ്. അത് സഭയുടെ ആത്മീക അവസ്ഥയെ വെളി



പ്പെടുത്തുന്നു. നാം വാസ്തവത്തിൽ പരിശുദ്ധാത്മാവിൽ നിറഞ്ഞിട്ടുണ്ടെങ്കിൽ, നാം വാസ്തവത്തിൽ യേശുവിന്റെ സ്നേഹം വെളിപ്പെടുത്തിയിട്ടുള്ളവരെങ്കിൽ ദൈവജനത്തിന്റെ ഈ പരിതാപകരമായ അവസ്ഥയെ ഓർത്ത് എങ്ങനെ വിലപിക്കാതിരിപ്പാൻ കഴിയും. ഇന്ന് സഭയെന്നറിയപ്പെടുന്ന ക്രിസ്തീയ വ്യവസ്ഥിതി ഉള്ളംകാൽ മുതൽ നെറുകവരെ വൃണബാധിതമാണ്. ആ കാര്യം അവർ അറിയുന്നതുപോലുമില്ലെന്നതാണ് അതിലും ദുഃഖകരം.

വഴിതെറ്റുന്ന പ്രചരണങ്ങളെക്കൊണ്ടും സമ്പൽസമൃദ്ധിയിലൂടെ സുവിശേഷം കൊണ്ടും സഭ നിറഞ്ഞിരിക്കുന്നതിനാൽ ദൈവത്തിന്റെ വിശുദ്ധന്മാർക്കിന്ന് അവിടുത്തോടുള്ള ആഴമായ ഹൃദയബന്ധത്തിലേക്കു വളരുവാൻ കഴിയുന്നില്ല. നിങ്ങൾക്കു സമ്പൽസമൃദ്ധിയും ആരോഗ്യവും നൽകുക മാത്രമല്ല ദൈവത്തിനു ലക്ഷ്യം. നിങ്ങളെ മുഴുവനായും സ്വന്തമാക്കുവാനാണ് അവിടുന്നാഗ്രഹിക്കുന്നത്. നിങ്ങൾ സഭാഹാളിൽ ചെലവഴിക്കുന്ന നിങ്ങളുടെ സമയം മാത്രമല്ല, നിങ്ങളെ മുഴുവനായും സ്വന്തമാക്കാൻ ദൈവം ആഗ്രഹിക്കുന്നു. നിങ്ങളെ മുഴുവനായും രൂപാന്തരപ്പെടുത്തി തന്റെ പുത്രന്റെ സ്വരൂപത്തോടു നിങ്ങളെ അനുരൂപരാക്കേണ്ടതിന് നിങ്ങൾ അവിടുത്തെ ജീവനാൽ നിറഞ്ഞാൽ നിങ്ങൾക്ക് എല്ലാം ലഭിച്ചു കഴിഞ്ഞു. മറ്റെന്തെല്ലാം നിങ്ങൾ അന്വേഷിച്ചാലും ദൈവത്തിൽ നിന്നു തന്നെ അത് ലഭിച്ചാൽ തന്നെയും നിങ്ങൾ ആത്മീയരായി തീരുന്നില്ല. സഭയിൽ അനേക കഴിവുകളുള്ള പലരും ഉണ്ടെങ്കിലും അവരെല്ലാം ആത്മീയരല്ല.

ഇപ്രകാരം നാം ദുഃഖിതരെങ്കിൽ നമ്മുടെ ആത്മീയത ശരിയായ അവസ്ഥയിലാണ്. എന്തുകൊണ്ടാണ് ക്രിസ്ത്യാനികൾ അവരുടെ അവസ്ഥയെ ഓർത്തു ദുഃഖിക്കാത്തത്? ദൈവസ്നേഹത്തിന്റെ വലിയ കുറവു നമ്മുടെ ജീവിതത്തിൽ കണ്ടിട്ടും നാം വിലപിക്കാത്തതെന്തുകൊണ്ട്? നാം നമ്മെ കുറ്റം വിധിക്കേണ്ടതില്ല. എന്നാൽ അവിടുത്തോട് അനുരൂപരാകാനുള്ള അദമ്യമായ ആഗ്രഹം നമ്മിൽ ഉണ്ടായേ മതിയാവൂ. ദൈവത്തിന്റെ വെളിച്ചത്തിനു മുന്നിൽ നാം നമ്മെത്തന്നെ കണ്ടാൽ അവിടുത്തെ പാദാന്തികേ നാം കമിഴ്ന്നുവീണ് അവിടുത്തോട് നിലവിളിക്കും.

നിങ്ങളുടെ ജീവിതത്തിൽ ഈ വിലാപം ഇല്ലായെങ്കിൽ ഒരു പക്ഷേ യാഥാർത്ഥമായ മാനസാന്തരത്തിന്റെ ഒരു കുറവ് നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായിരിക്കാം. ഇക്കാലത്ത് പാപത്തെക്കുറിച്ച് പ്രസംഗിക്കുന്നത് അത്ര ജനപ്രീതിയുളവാക്കുന്ന സംഗതിയല്ല. എനിക്കറിയാം ഒരു കാലത്ത് സഭയിൽ പ്രസംഗിക്കപ്പെട്ടിരുന്നത് പാപത്തെക്കുറിച്ചും മാനസാന്തരത്തെക്കുറിച്ചുമായിരുന്നു. അത് ജനങ്ങളിൽ പാപബോധമുളവാക്കുമായിരുന്നു. എന്നാൽ ഇന്ന് നാം അതിന്റെ മറുവശത്തേക്കു പോയതിനുശേഷം നമ്മുടെ കുറവുകളെക്കുറിച്ച് അശേഷം ദുഃഖമില്ലാത്തവരായിത്തീർന്നിരിക്കുന്നു. എപ്പോഴും പ്രസന്നവദനരായിരിക്കണമെന്നും ദൈവമുമ്പാകെയുള്ള നമ്മുടെ നീതീകരിക്കപ്പെട്ട അവസ്ഥയെക്കുറിച്ചു മാത്രം ചിന്തിച്ചാൽ മതി

യെന്നും നമ്മൾ വിചാരിക്കുന്നു. നാം എപ്പോഴും സന്തോഷിക്കണം. ഒരിക്കലും നാം നിരാശക്കടിമപ്പെടരുത്. ക്രിസ്തീയ ജീവിതത്തിന് അങ്ങനെയൊരുവശം നിശ്ചയമായും ഉണ്ട്. വളരെക്കുറച്ചു പേർ മാത്രമേ ആ തലത്തിൽ ജീവിക്കുന്നുള്ളുവെന്ന് പറയുവാൻ എനിക്കു കഴിയും. നിങ്ങൾ വിലപിക്കുമ്പോൾ മറ്റുള്ളവർ വന്ന് നിങ്ങളോടു ചോദിച്ചേക്കാം, 'എന്താ, എന്താണു കുഴപ്പം എന്തുകൊണ്ടാണ് നിങ്ങൾക്കു കർത്താവിൽ സന്തോഷിപ്പാൻ കഴിയാത്തത്?' ദൈവജനം വിലപിക്കുന്നതിനെക്കുറിച്ച് അവർ അശേഷം അറിവുള്ളവരല്ല.

പാപം ചെയ്തശേഷം പാപത്തെക്കുറിച്ച് അനുതപിക്കാതെ ചിലർ ദൈവമുമ്പാകെ ഇപ്രകാരമൊരു ഏറ്റുപറച്ചിൽ നടത്തുന്നു. *കൊള്ളാം. ഞാൻ ദൈവത്തെ വാഴ്ത്തുന്നു. യേശുക്രിസ്തുവിൽ ഞാൻ ദൈവത്തിനു നീതിയാണ്.* അതുപോലെ നിങ്ങളുടെ സാഹചര്യങ്ങളിൽകൂടി ദൈവം നിങ്ങളോടു സംസാരിക്കുവാൻ ആഗ്രഹിക്കുമ്പോൾ നിങ്ങൾ പിശാചിനെ ഭത്സിക്കാൻ തുടങ്ങുന്നു. *പിശാചേ, ഞാനാ കുറ്റംവിധിക്കൽ സ്വീകരിക്കുന്നില്ല. അതെന്റെ പഴയ മനുഷ്യനാണ്. ഞാൻ ഇനി നിയമത്തിൻ കീഴല്ല കൃപയുടെ കീഴിലാണ്. പിശാചേ, നീയതു മനസ്സിലാക്കിക്കൊള്ളൂ.* ഈ കാര്യങ്ങളൊക്കെ ശരിയായിരിക്കാം. എന്നാൽ അനുതപിക്കുന്നതിനു പകരം ഇപ്രകാരമുള്ള ഏറ്റുപറച്ചിൽ വഴിയായി നിങ്ങളുടെ ജീവിതത്തിൽ ദൈവസാന്നിദ്ധ്യം നഷ്ടപ്പെട്ടു എന്ന വസ്തുത ബോധപൂർവ്വം മറച്ചുവെയ്ക്കുകയാണോ എന്നു നിങ്ങളോടു തന്നെ ചോദിക്കുന്നത് ഉചിതമായിരിക്കും.

## നീതിയുള്ള മനോഭാവം

ദൈവമുമ്പാകെയുള്ള നേരായ നിലനിൽപ്പിനെയാണ് നീതീകരണം എന്ന പദം കൊണ്ടർത്ഥമാക്കുന്നത്. ദൈവം നിങ്ങളെ നീതീകരിച്ചു. ആ അവസ്ഥാപരമായ (Positional) നീതി നിങ്ങളുടെ സഹജഗുണം (disposition) ആയിത്തീരണം. ദൈവത്തിന്റെ നീതിയിൽ നിങ്ങൾ നടക്കുവോളം ആ നീതി നിങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കണം. നിങ്ങളുടെ ധാരണയിൽ മാത്രമല്ല, നിങ്ങളുടെ അസ്തിത്വത്തിൽതന്നെ ദൈവത്തിന്റെ സ്വഭാവം ഉളവായിവരണം. ദിവസം മുഴുവൻ നിങ്ങൾ വചനത്തിൽനിന്നും ഉദ്ധരിക്കുകയും വചനം സംസാരിക്കുകയും ചെയ്യുന്ന വ്യക്തിയാണെങ്കിലും നിങ്ങളുടെ ഹൃദയം നേരല്ലാതിരിക്കുകയും നിങ്ങളുടെ ഉള്ളിൽ മറുതലിപ്പ് ഉണ്ടായിരിക്കുകയും ചെയ്താൽ നിങ്ങൾക്കതുകൊണ്ട് എന്തു പ്രയോജനം! നാം വസ്തുതയായത് സംസാരിക്കണം. പക്ഷേ അതു നമ്മുടെ ജഡിക പ്രകൃതത്തെ മറച്ചുവയ്ക്കാനായിരിക്കരുത്.

ഏശയ്യാ 61. 1 മുതൽ 3 വരെ വാക്യങ്ങൾ ഇപ്രകാരം പറയുന്നു. **എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു. ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും**



**യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതരെയൊക്കെയും ആശ്വസിപ്പിപ്പാനും സീയോനിലെ (ദൈവത്തിന്റെ നഗരമാണ് സിയോൻ. ഇന്ന് സഭയാണ് ദൈവത്തിന്റെ നഗരവും വാസസ്ഥലവും) ദുഃഖിതന്മാർക്കു വെണ്ണീറിനു പകരം അലങ്കാരമാലയും ദുഃഖത്തിനു പകരം ആനന്ദതൈലവും വിഷണ്ണമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു. അവൻ മഹത്ത്വീകരിക്കപ്പെടേണ്ടതിന് അവർക്കു നീതിവൃക്ഷങ്ങൾ എന്നും യഹോവയുടെ നടുതല എന്നും പേരാകും.** അതുകൊണ്ടാണ് യേശു പറഞ്ഞത് **ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും.**

ഞാൻ വീണ്ടും പറയുന്നു നമ്മിൽ മിക്കപേരിലും യഥാർത്ഥമായ അനുതാപം ഇല്ലാത്തതുകൊണ്ടാണ് ഈ വിലാപം ഇല്ലാതെപോകുന്നത്. ഓരോ ദിവസത്തിന്റെയും അവസാനം ദൈവമുമ്പാകെ നിങ്ങളെ ഒന്നു തുറക്കുന്നത് വളരെ നല്ല ഒരു ശീലമായിരിക്കും. ഏതേതു ഭാഗത്താണ് ദൈവത്തോടുള്ള ബന്ധത്തിൽ നിങ്ങൾക്ക് ഉലച്ചിൽ വന്നിരിക്കുന്നതെന്ന് വെളിപ്പെടുത്തിതരുവാൻ പരിശുദ്ധാത്മാവിനെ അനുവദിക്കുക. പാപം ചെയ്യുക എന്നതിനർത്ഥം ഉന്നം പിഴക്കുക എന്നാണെന്ന് അനേകർക്കും അറിയാമെങ്കിലും ഒരു ദിവസം എത്രയോ തവണ നാം ഉന്നം പിഴക്കുന്നു എന്നു മാത്രമല്ല നാമത് അറിയാതെയും പോകുന്നു. ദൈവീക വെളിച്ചത്തിനുവേണ്ടി ചോദിപ്പിൻ. ഇതു ദൈവാത്മാവുതന്നെ ചെയ്യേണ്ട പ്രവർത്തിയാണ്. യാതൊരു മനുഷ്യനും അതുചെയ്യുവാൻ സാദ്ധ്യമല്ല. ദൈവം തന്നെ നമ്മുടെ കണ്ണു തുറക്കണം. നിങ്ങളവിടുത്തെ അന്വേഷിക്കുകയും അവിടുത്തോടു ചോദിക്കുകയും ചെയ്താൽ അവിടുന്നു നിങ്ങൾക്ക് പ്രകാശം തരികയും വാസ്തവമായുള്ള അനുതാപത്തിന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ പകർന്നു തരികയും ചെയ്യും. ഒരു ദിവസം പല തവണ നാം ഉന്നം പിഴക്കുന്നവരാണ്. നമ്മുടെ ഭർത്താവിനോട് (ഭാര്യയോട്) നാം കോപിക്കുന്നു. തമ്മിൽ വാഗ്വാദം നടത്തുന്നു. കോപം നമ്മിലൂടെ പ്രകടിപ്പിക്കപ്പെടുന്നു. ദൈവരാജ്യത്തിൽ നിങ്ങൾ നടക്കുന്നുവെങ്കിൽ ദൈവമുമ്പാകെ വീഴുവാനും കരയുവാനും ഈ കാര്യങ്ങൾ നിങ്ങളെ നിർബന്ധിക്കും. കരയുന്നവർ ഭാഗ്യവാന്മാരാണ്. ഈ കരച്ചിൽ വഴി നിങ്ങൾ സൗഖ്യപ്പെടുവാനും ശുദ്ധീകരിക്കപ്പെടുവാനും യഥാസ്ഥാനപ്പെടുവാനും ദൈവീക സമാധാനം വീണ്ടും അനുഭവിക്കുവാനും ഇടയായിത്തീരും.

## എന്താണ് നമ്മുടെ പ്രത്യാശ

അനേകരും ഒരു ഉൾപ്രാപണത്തിനായി(rapture) കാത്തിരിക്കുകയാണ്. എന്നാൽ ഞാനൊരു കാര്യം ഉറപ്പിച്ചു പറയട്ടെ. നിങ്ങൾ ഉൾപ്രാപണത്തിനായി കാത്തിരിക്കുന്നുവെങ്കിൽ ആ കാത്തിരിപ്പ് വെറുതെയാണ്. അവന്റെ ശത്രുക്കൾ അവനെ പാദപീഠമാകുമ്പോഴും യേശു മടങ്ങിവരികയില്ല എന്നതിനെക്കുറിച്ചു ഞാൻ മുമ്പേ പരാമർശിച്ചിട്ടുണ്ടല്ലോ. 1 കൊരിന്ത്യർ 15.26 ൽ പ്രകാരം കീഴടക്കപ്പെടേണ്ട അവസാനത്തെ ശത്രു

മരണമാണ്. അതിനർത്ഥം യേശു മടങ്ങി വരുന്നതിനു മുമ്പ് മരണത്തെ ജയിച്ച ഒരു ജനം ഈ ഭൂമിയിൽ ഉണ്ടായിരിക്കണം. **ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്ര കൊള്ളുകയില്ല. എന്നാൽ അന്ത്യകാഹളത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും; മരിച്ചവർ അക്ഷയരായി ഉയർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കണം. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കുമ്പോൾ 'മരണം നീങ്ങി ജയം വന്നിരിക്കുന്നു' എന്നെഴുതിയ വചനം നിവർത്തിയാകും.** (1 കൊരി 15:52) ഈ വചനങ്ങളെ നിങ്ങൾ ശ്രദ്ധാപൂർവ്വം ധ്യാനിക്കുകയും മരണത്തെ ജയിക്കുവാനുള്ള സാദ്ധ്യതയിലേക്ക് നിങ്ങളെത്തന്നെ നിങ്ങൾ തുറക്കുകയും ചെയ്താൽ നിങ്ങളുടെ ജീവിതത്തിലേക്ക് ഒരു പുതിയ അഭിഷേകം കൊണ്ടുവരുന്ന ഈ സത്യം പരിശുദ്ധാത്മാവ് നിങ്ങളെ പഠിപ്പിക്കും.

**സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ. ആത്മാവെന്ന ആദ്യ ദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു.** (റോമ 8.22,23) ക്രിസ്തു തന്റെ പൂർണ്ണതയിൽ വെളിപ്പെടുന്നത് കാണുക - ഇതാണു നമ്മുടെ പ്രതീക്ഷയും പ്രത്യാശയും. ഇതിനായിട്ടാണ് നാം കാത്തിരിക്കുന്നത്. മറ്റെല്ലാ പ്രത്യാശയും മിഥ്യയാണ്. നിങ്ങൾ മരിച്ചിട്ട് സ്വർഗ്ഗത്തിൽ പോകുവാനാണിരിക്കുന്നതെങ്കിൽ അത് മിഥ്യയായ ഒരു പ്രതീക്ഷയാണ്. ദൈവത്തിന്റെ വചനം അസന്നിഗ്ദ്ധമായി പറയുന്നത് **ഇപ്പോഴാണ് രക്ഷ, ഇതാണ് രക്ഷാദിവസം** എന്നാണ്. രക്ഷ ഇപ്പോഴാണ്, നിങ്ങൾ മരിച്ചു കഴിഞ്ഞിട്ടല്ല. നമ്മുടെ ഏക പ്രത്യാശ ഇതാണ്. **മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ.** റോമർ 7-ാം അദ്ധ്യായം 24-ാം വാക്യത്തിൽ പൗലോസ് വിലപിക്കുന്നു **അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ. ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആര് വിടുവിക്കും.** എന്നാൽ പിന്നീട് 8-ാം അദ്ധ്യായം 2-ാം വാക്യത്തിൽ അദ്ദേഹം പറയുന്നു **ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു.**

ദൈവത്തിന്റെ സ്വഭാവം തങ്ങളിൽ ഉളവാകുകയും വർദ്ധിച്ചുവരുകയും ചെയ്യുവാൻ ആഗ്രഹിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഈ ഭൂമിയിൽ ഏറ്റവും മഹത്തായ ദൈവീക വെളിപ്പെടുത്തലിന്റെ ദിവസങ്ങൾ സമാഗതമായി. **വിലപിക്കുന്നവർ ഭാഗ്യവാന്മാർ. അവർ ആശ്വസിപ്പിക്കപ്പെടും.**



### അദ്ധ്യായം മൂന്ന്

# ദൈവീക സാന്നിദ്ധ്യത്തിലേക്കു വരിക

കുഞ്ഞാടിന്റെ ചൊരിയപ്പെട്ട രക്തത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ദൈവമുമ്പാകെ വരുവാൻ നമുക്കു കഴിയുകയുള്ളൂ എന്ന കാര്യം നമ്മെത്തന്നെ എല്ലാ ദിവസവും അനുസ്മരിപ്പിക്കണം. നാം ചെയ്ത ഒരു കാര്യത്തിന്റെയും അടിസ്ഥാനത്തിലല്ല, മറിച്ച് യേശു നമുക്കായി നിവർത്തിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ദൈവസന്നിധിയിൽ വരുവാൻ സാധിക്കൂ. ***അവിടുന്നു നമ്മെ യോഗ്യരാക്കിയതു കൊണ്ട്*** നാം അവിടുത്തെ മുമ്പാകെ വരുവാൻ യോഗ്യരായിത്തീർന്നു. കാൽവരിയിൽ അവിടുന്നു നിവർത്തിയാക്കിയ പ്രവർത്തിയാൽ എനിക്കവിടുത്തെ മുമ്പാകെ യാതൊരു പാപവുമില്ലാതെയും, യാതൊരു ശിക്ഷാവിധിയില്ലാതെയും യാതൊരു അപകർഷതയില്ലാതെയും നിൽപാൻ കഴിയുന്നു. യേശുവിന്റെ രക്തത്തിനു ശുദ്ധി വരുത്തുവാൻ കഴിയാത്ത വിധം ഈ ഭൂമിയിൽ യാതൊരുവനുമില്ല. ഒരുവൻ എത്രതന്നെ അധമനായിരുന്നാലും, പാപം നിറഞ്ഞവനായിരുന്നാലും, അധ:പതിച്ചവനായിരുന്നാലും യേശുവിന്റെ രക്തത്തിനവനെ ശുദ്ധിവരുത്തുവാൻ കഴിയും. സഭ പ്രസംഗിക്കേണ്ടത് അനുരഞ്ജനത്തിന്റെ സുവിശേഷമാണ്, ശിക്ഷാവിധിയുടെ സുവിശേഷമല്ല. യേശുവിന്റെ കുരിശു മുഖാന്തരമായി ഒരു പാപിയോട്, അവനെത്രതന്നെ പാപം ചെയ്തവനാണെങ്കിൽപ്പോലും, അവനെയും ദൈവത്തെയും തമ്മിൽ വേർതിരിക്കുന്ന യാതൊരു മതിലുകളും ഇപ്പോൾ ഇല്ല എന്നു നമുക്കു പറയുവാൻ കഴിയുന്നു. ***ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു.*** (2 കൊരി. 5:19) ഒരു പഴയ പാട്ടിൽ ഇപ്രകാരം പറയുന്നു:

വെറും കൈയ്യായി ഞാൻ വരുന്നു

ക്രൂശിൽ മാത്രം ആശ്രയിക്കുന്നു.

ദൈവം ***നിങ്ങളിൽ*** എന്തു വച്ചിരിക്കുന്നുവോ, അതുമാത്രമേ നിങ്ങൾക്കവിടുത്തേക്കു നൽകുവാൻ കഴിയൂ. ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ ***നമ്മുടെ*** ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ. ദൈവത്തിന്റെ സ്നേഹം നമ്മിൽ ഒഴുകിയിട്ടല്ലാതെ അവിടുത്തെ സ്നേഹിക്കുവാൻപോലും നമുക്കു കഴിയില്ല. മനുഷ്യന് തന്റെ സ്വാഭാവിക ജഡികപ്രകൃതത്തിൽ നിന്നുകൊണ്ട് ദൈവത്തിന് ഒന്നും കാഴ്ച കൊണ്ടുവരുവാൻ കഴിയില്ല. നിങ്ങൾ ദൈവത്തെ സ്നേഹി

ക്കുന്നു എങ്കിൽ നിങ്ങൾക്കതു സാദ്ധ്യമായത് അവിടുന്നു തന്റെ വചനമാകുന്ന അപ്പത്താലും ദൈവത്തിന്റെ തന്നെ ആസ്വാദനമായിരിക്കുന്ന വീഞ്ഞിനാലും അവിടുന്നു നിങ്ങളിലേക്കു വന്നിട്ടു തന്നെയാണ്. ദൈവം നമ്മെ സ്പർശിക്കാൻ തുടങ്ങുമ്പോൾ അവിടുത്തെ സ്നേഹത്തിന്റെ ആഴങ്ങളെ കാണുവാൻ നമുക്കിടയാകുന്നു. ഇതാണ് അവിടുത്തെ അന്വേഷിപ്പാനും സ്നേഹിപ്പാനും നമ്മെ പ്രാപ്തരാക്കുന്നത്. പക്ഷേ, നാമതുചെയ്യുന്നത് നമ്മുടെ സ്വാഭാവിക സ്നേഹം കൊണ്ടല്ല. നാം ദൈവത്തെ അന്വേഷിച്ചുതുടങ്ങുമ്പോൾ അവിടുന്നു നമ്മുടെയുള്ളിൽ പകർന്നു തരുന്ന സ്നേഹമാണ് നാം അവിടുത്തേക്കു കാഴ്ചയർപ്പിക്കുന്നത്.

## നാം വിശുദ്ധസ്ഥലമാണ്

നാം തന്നെ വിശുദ്ധസ്ഥലമാണെന്ന് തിരിച്ചറിയണം. എവിടെ ദൈവം ഉണ്ടോ അവിടം വിശുദ്ധസ്ഥലമാണ്. കത്തുന്ന മുൾപ്പടർപ്പിനരികെ മോശെ നിന്നപ്പോൾ ദൈവം അവിടെ ഉണ്ടായിരുന്നതുകാരണമാണ് അവന്റെ ചെരുപ്പ് അഴിച്ചുമാറ്റുവാൻ അവനോടു കല്പിക്കപ്പെട്ടത്. ഇന്ന് ദൈവാത്മാവ് നമ്മിൽ ജീവിക്കുകയും സ്പന്ദിക്കുകയും ചെയ്യുന്നതിനാൽ നാം വിശുദ്ധജനമാണ്. നിങ്ങൾ എത്രതന്നെ ശ്രമിച്ചാലും നിങ്ങളുടെ ജീവിതത്തിൽ ദൈവാത്മാവ് വാസ്തവമായും ഇല്ലായെങ്കിൽ നിങ്ങൾക്കൊരു വിശുദ്ധജീവിതം ജീവിക്കാൻ കഴിയില്ല. എന്നാൽ ദൈവാത്മാവ് നിങ്ങളിലൂടെ ജീവിക്കുമ്പോൾ നിങ്ങൾ വിശുദ്ധരാകാൻ നിങ്ങളുടെ ശ്രമം ആവശ്യമില്ല. ക്രിസ്തീയ ജീവിതമെന്നു പറയുന്നത് നല്ലവരാകാനുള്ള ഒരുശ്രമമല്ല. സ്വാഭാവിക, ജഡീക മനുഷ്യൻ തന്റെ സ്വാഭാവിക മാനുഷിക ജീവൻ ജീവിക്കുന്നത് തന്റെ ഒരു പ്രയത്നത്താലുമല്ല; അവൻ സ്വാഭാവികമായി ജീവിക്കുകയത്രെ ചെയ്യുന്നത്. ദൈവത്തിന്റെ ജീവൻ ജീവിക്കുന്നതും ഇപ്രകാരം തന്നെയാണ്. നിങ്ങളുടെ ഉള്ളിൽ ദൈവത്തിന്റെ ആത്മാവു വന്നു കഴിഞ്ഞാൽ നിങ്ങൾ ***ജീവിക്കുകയാണ്***. നിശ്ചയമായും ഇതൊരു വളർച്ചയും രൂപാന്തരവുമാണ്. ദിനംതോറും നാം അവന്റെ സ്വരൂപത്തോട് ഒരളവിലുള്ള മഹത്വത്തിൽ നിന്നും മറ്റൊരളവിലേക്ക് രൂപാന്തരപ്പെട്ടു കൊണ്ടിരിക്കുകയാണ്. നിങ്ങളെ വാസ്തവത്തിൽ ശുദ്ധരാക്കുന്നത് നിങ്ങളുടെ സ്വഭാവഗുണങ്ങളോ നിങ്ങളുടെ സ്വയമേയുള്ള നീതി നിഷ്ഠയോ അല്ല. ദൈവം നിങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത് ചെയ്യുവാനുള്ള നിങ്ങളുടെ പരിശ്രമം കൊണ്ടുമല്ല അതുസാദ്ധ്യമാകുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവു നിങ്ങളുടെ ഉള്ളിൽ വരുന്നു എന്നും അവിടുന്ന് ***പരിശുദ്ധ ആത്മാവ്*** ആകുന്നു എന്നുമുള്ള വസ്തുതയാണ് നിങ്ങളെ വിശുദ്ധരാക്കുന്ന കാര്യം. ആയതിനാൽ നിങ്ങളുടെ ഉള്ളിൽ തന്നെയുള്ളവനായ അവിടുത്തെ നിങ്ങൾ അന്വേഷിക്കുന്നുവെങ്കിൽ നിങ്ങൾ ഒരു വിശുദ്ധ വ്യക്തിയായിത്തീരുന്നു. നിങ്ങൾ അവിടുത്തെ അന്വേഷിക്കുന്നുവെങ്കിൽ നിങ്ങളുടെ സ്വയജീവിതത്തെ വെടിഞ്ഞ് മറ്റുള്ളവരെ ശുശ്രൂഷിക്കാൻ



നിങ്ങളെ അവിടുന്നു പ്രാപ്തരാക്കും. അപ്രകാരം അവിടുന്ന് ആയിരിക്കുന്നതുപോലെ നിങ്ങൾ ആയിത്തീരും. നിങ്ങൾ സഭയിൽ പോവുകയും പാടുകയും നൃത്തം ചെയ്യുകയും ഭക്തിയോടെ നടക്കുകയും ചെയ്യുന്ന ഒരു നല്ല വ്യക്തിയായിരിക്കാം. എന്നാലും നിങ്ങൾ ഒരു വിശുദ്ധൻ ആകുന്നില്ല. വിശുദ്ധി എന്നത് ദൈവത്തിന്റെ സ്വഭാവം നിങ്ങളുടെ ഉള്ളിൽ സജീവമായിത്തീരുന്നതാണ്.

നിങ്ങളുടെ ശരീരം വിശുദ്ധ സ്ഥലമാണ്. മനുഷ്യൻ മണ്ണിലെ പൊടിയിൽ നിന്നും സൃഷ്ടിക്കപ്പെട്ടവനാണ്. എന്നാൽ ദൈവത്തിന്റെ ആത്മാവ് എന്റെയുള്ളിൽ സജീവമായിത്തീരുമ്പോൾ ഞാൻ വിശുദ്ധ സ്ഥലമായിത്തീരുന്നു. ഞാൻ വിത്തു വിതക്കപ്പെടുന്ന ഒരു തോട്ടമായി തീരുകയും അവിടെ മനോഹരമായ പുഷ്പങ്ങൾ വളരുകയും ചെയ്യുന്നു. പൌലൊസ് കൊരിന്ത്യരോട് പറഞ്ഞത് അവർ ദൈവത്തിന്റെ കൃഷിയിടം ആകുന്നു എന്നാണ്. *കൃഷിയിടം* എന്നുവച്ചാൽ സസ്യങ്ങൾ വളരുന്ന സ്ഥലം എന്നാണ്. ക്രിസ്തുവിന്റെ ആത്മാവിലെ അതിമനോഹര കാര്യങ്ങൾ നമ്മുടെ ഉള്ളിൽ വളരേണ്ടതുണ്ട്. നാം പാവനഭൂമിയാണ്. നമ്മുടെ അധരങ്ങൾ പാവനമാണ്. വിശുദ്ധന്മാരെ ചേർത്തുപണിയുവാനും പരസ്പരം ആത്മീകാഭിവൃദ്ധി വരുത്തുവാനും ഉതകുന്ന ക്രിസ്തുവിന്റെ മനോജ്ഞ കാര്യങ്ങളെ വർണ്ണിക്കുവാനായി അവ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവയാണ്. നിങ്ങളോടും മറ്റുള്ളവരോടും ***നിങ്ങൾ പറയുന്നതിനെ നിയന്ത്രിക്കാൻ പഠിച്ചാൽ നിങ്ങൾ പറയുന്ന കാര്യങ്ങൾ നിങ്ങളെ രൂപാന്തരപ്പെടുത്തും.*** നമ്മുടെ കരങ്ങൾ പാവന കരങ്ങളാണ്. എന്തുകൊണ്ടാണ് നമ്മുടെ കരങ്ങൾ പാവനമായിരിക്കുന്നത്? ദൈവത്തിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നു എന്നതാണതിനു കാരണം. പരിശുദ്ധാത്മാവിന്റെ പ്രേരണയാലും അഭിഷേകത്താലും ഞാൻ നിങ്ങളെ സ്പർശിക്കുമ്പോൾ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുവാനുതകുന്ന ദൈവീക ശക്തി നിങ്ങളിലേക്ക് പ്രവഹിക്കുന്നു. നിങ്ങൾക്ക് സൗഖ്യം ആവശ്യമെന്നു വരികിൽ നിങ്ങളിൽ സൗഖ്യത്തിന്റെ പ്രക്രിയ ചെയ്യുന്ന പരിശുദ്ധാത്മാവിനെ നിങ്ങളിലേക്കു പകർന്നു നൽകപ്പെടുന്നു. അത്ഭുതങ്ങളുടെ തലത്തിൽ മാത്രം സൗഖ്യത്തെ കാണുന്നതുകൊണ്ട് അനേകരും ഇന്ന് സൗഖ്യത്തെ സംബന്ധിച്ച് ചിന്താക്കുഴപ്പത്തിലാണ്. അത്ഭുതങ്ങൾക്കായി ദൈവത്തിനു സ്തോത്രം. വീൽ ചെയറുകളിൽ കഴിഞ്ഞിരുന്ന വ്യക്തികൾ സൗഖ്യം പ്രാപിച്ച് ഇപ്പോൾ എഴുന്നേറ്റു നടക്കുന്നത് വ്യക്തിപരമായിട്ട് എനിക്കറിയാം. എന്നാൽ നാം ചിലവ്യക്തികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ഉടനടി അവർക്കു സൗഖ്യം ലഭിക്കാതെയും ഇരിക്കുമ്പോൾ നമ്മുടെ വിശ്വാസം ഉടഞ്ഞുപോകുന്നു. മർക്കോസ് 16:18ൽ യേശു പറയുന്നത് അവനിൽ വിശ്വസിക്കുന്നവർ രോഗികളുടെ മേൽ കൈകൾ വയ്ക്കുമ്പോൾ അവർ സൗഖ്യം പ്രാപിക്കും എന്നാണ്. സൗഖ്യം പ്രാപിക്കുക എന്നത് ഒരൊറ്റ നിമിഷം കൊണ്ടു സംഭവിക്കുന്ന ഒരു കാര്യമല്ല. കുറെ സമയം

കൊണ്ട് സംഭവിക്കുന്ന ഒരു കാര്യമാണ്. കാണുന്ന എല്ലാ രോഗികളുടെയും മേൽ കൈകൾ വയ്ക്കണമെന്ന് ഇതുകൊണ്ടർത്ഥമാകുന്നില്ല. എന്നാൽ ദൈവാത്മാവ് ഒരു വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുകയും ദൈവത്തിന്റെ സൗഖ്യദായകശക്തി നിങ്ങളുടെ ആത്മാവിൽ നിന്നും ആ വ്യക്തിയിലേക്കു പ്രവഹിക്കുകയും ഉടനടി സൗഖ്യത്തിന്റെ പ്രക്രിയ ആരംഭിക്കുകയും ചെയ്യുന്നു.

## *ദൈവം തന്റെ സ്വഭാവം വെളിപ്പെടുത്തുന്നു.*

ദൈവരാജ്യത്തിന്റെ സുവിശേഷമെന്നത് ദൈവം തന്നെ തന്റെ സഭയിൽ കൊണ്ടുവരുന്ന സംഗതിയാണ്. ദൈവാത്മാവ് തന്റെ സ്വഭാവം നിങ്ങളിൽ ഉളവാക്കുന്നത് നിങ്ങളുടെ അനുഭവമല്ലായെങ്കിൽ നിങ്ങൾക്കൊരിക്കലും ദൈവരാജ്യം വെളിപ്പെടുത്താനാവില്ല. ദൈവരാജ്യത്തിന്റെ വിവിധവശങ്ങളെ പലരും ഇന്ന് അനുഭവിക്കുന്നുണ്ട്. ദൈവരാജ്യം ***അനുഭവിക്കുക*** മാത്രം ചെയ്താൽ മതിയാവുകയില്ല, അതു ***വെളിപ്പെടുത്തുക*** കൂടി വേണം. തങ്ങളുടെ ഉള്ളിൽ ഉള്ള ദൈവാത്മാവിനെ വെളിപ്പെടുത്താൻ ദൈവജനം പരിചയിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ജഡീകപ്രകൃതത്തെ ദൈവാത്മാവ് മരണത്തിന് ഏല്പിച്ചുകൊടുക്കുകയും ദൈവീക സ്വഭാവം അവരിൽ വെളിപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

## ശാന്തതയുള്ളവർ ഭാഗ്യവാന്മാർ

ദൈവരാജ്യത്തിന്റെ പഠിപ്പിക്കലുകൾ ലൗകികമനുഷ്യരെയും മതഭക്തന്മാരെയും ഒരു പോലെ ചൊടിപ്പിക്കുന്നതാണ്. യേശുക്രിസ്തു എവിടെയൊക്കെ ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുകയും മതഭക്തന്മാരുടെ പരിചയങ്ങൾക്കും പാരമ്പര്യങ്ങൾക്കും വിപരീതമായി പ്രവർത്തിക്കുകയും ചെയ്തുവോ അവിടെയൊക്കെ അവർ വല്ലാതെ ചൊടിപ്പിക്കപ്പെട്ടു. യേശു ശാബത്തിൽ രോഗികളെ സൗഖ്യമാക്കിയതിനെ യഹൂദന്മാർ നിശിതമായി എതിർത്തു.

മതഭക്തിയുടെ ലോകത്ത് ഒരു ശാന്തസ്വഭാവമുള്ള വ്യക്തിയായിരിക്കുന്നത് അത്ര സ്വീകാര്യതയുള്ള കാര്യമല്ല. ശാന്തസ്വഭാവിയാവുക എന്നത് മതത്തിന്റെ പഠിപ്പിക്കലുകൾക്ക് നേർവിപരീതമാണ്. നിങ്ങളുടെ സ്വയപ്രതിച്ഛായ (self image) വർദ്ധിപ്പിക്കുക; നിങ്ങളുടെ സ്വയത്തെ നിഷ്കർഷിക്കുക (assert yourself) ആത്മസാക്ഷാൽക്കാരം (self realisation) പ്രാപിക്കുക എന്നിങ്ങനെയുള്ള പഠിപ്പിക്കലുകൾ ഈ കഴിഞ്ഞകാലങ്ങളിലായി സഭയിൽ കടന്നുകൂടിയിട്ടുണ്ട്. ഒരു പക്ഷേ നിങ്ങളെക്കുറിച്ച് നിങ്ങൾക്കുതന്നെ വേണ്ടത്ര മതിപ്പില്ലാത്തതായിരിക്കാം നിങ്ങളെ ഒരു കൊള്ളരുതാത്ത വ്യക്തിയാക്കിത്തീർത്തത്. നിങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ മതിപ്പ് വർദ്ധിപ്പിക്കുവാൻ മന:ശാസ്ത്രത്തിനുകഴിയും. നിങ്ങളെക്കുറിച്ച് നിങ്ങളുടെ മതിപ്പ് നിശ്ചയമായും നന്നായിരിക്കണം.



എന്നാൽ ഒന്നോർക്കുക. ഏദൻ തോട്ടത്തിൽ രണ്ടുവൃക്ഷങ്ങൾ ഉണ്ടായിരുന്നു ജീവന്റെ വൃഷവും നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തെയാണ് മനശ്ശാസ്ത്രം കൈകാര്യം ചെയ്യുന്നത്. നിങ്ങൾക്കു നിങ്ങളെക്കുറിച്ചു വേണ്ടത്ര മതിപ്പില്ലെങ്കിൽ കൗൺസിലിംഗ് വഴിയായി നിങ്ങളുടെ മതിപ്പു വർദ്ധിപ്പിച്ച് നിങ്ങളെ കുറെക്കൂടി ഒരു നല്ല വ്യക്തിയാക്കുവാൻ മന:ശാസ്ത്രത്തിനു കഴിയും. ഇതു മോശമായ ഒരു കാര്യമല്ല. എന്നാൽ ഒരു നല്ല മനുഷ്യൻ ഒരു ദൈവീക മനുഷ്യൻ ആകണമെന്നില്ല. ദൈവം നല്ലവനാണ്; എന്നാൽ ***നല്ലതായതെല്ലാം ദൈവമല്ല***. നിങ്ങൾ ഒരു നല്ല മനുഷ്യനായിത്തീരണം എന്നതല്ല, നിങ്ങൾ ഒരു ദൈവീക മനുഷ്യൻ ആയിത്തീരണം എന്നതാണ് ദൈവത്തിന്റെ ഹൃദയത്തിൽ നിങ്ങളെക്കുറിച്ചുള്ള അഭിലാഷം. മത്തായി 5 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങളിലെ പഠിപ്പിക്കലുകൾ നിങ്ങളെ ദൈവികസ്വഭാവം അന്വേഷിക്കാൻ പ്രാപ്തരാക്കുകയാണ് ചെയ്യുന്നത്.

യേശു വന്നപ്പോൾ ആത്മാവിൽ ദരിദ്രനും ശാന്തനുമായ ഒരുവനെയല്ല തന്റെ ജനം പ്രതീക്ഷിച്ചിരുന്നത്. ഭൂമിയിലുള്ള സകലരാജ്യങ്ങളെയും കീഴ്പ്പെടുത്തി ദൈവത്തിന്റെ പുതിയ രാജ്യം സ്ഥാപിക്കുന്ന ഒരു രാജാവിനെയാണ് അവർ കാത്തിരുന്നത്. അവിടുന്ന് ഒരു പുതിയ രാജ്യം സ്ഥാപിച്ചു, അവർ പ്രതീക്ഷിച്ചിരുന്നതുപോലെയല്ലെന്നു മാത്രം!

## *എന്താണ് ശാന്തസ്വഭാവം?*

ശാന്തസ്വഭാവം കൊണ്ടാർത്ഥമാക്കുന്നത് സൗമ്യതയാണ്. അമർഷവും നീരസവും കൂടാതെ ക്ഷമയോടെ ദ്രോഹം സഹിക്കുന്ന അവസ്ഥ. പ്രതികാരേച്ഛ തെല്ലും ഇല്ലാത്ത അവസ്ഥ.

ദൈവജനത്തെ ശുശ്രൂഷിക്കുകയും നിങ്ങളെത്തന്നെ മറ്റുള്ളവർക്കുവേണ്ടി അർപ്പിക്കുകയും ചെയ്ത ഒരു വ്യക്തിയാണ് നിങ്ങളെങ്കിൽ നിങ്ങൾക്ക് വേണ്ടത്ര അംഗീകാരം ലഭിക്കാതെയും നിങ്ങൾ ദ്രോഹം ഏല്ക്കേണ്ടിവരികയും ചെയ്യുമ്പോൾ അതു നിങ്ങളെ നീരസപ്പെടുത്താറുണ്ടോ? നിങ്ങൾക്കു നിങ്ങളോടുതന്നെ സഹതാപം തോന്നാറുണ്ടോ? എങ്കിൽ നിങ്ങളൊരു ശാന്തതയുള്ള വ്യക്തിയല്ല. വാസ്തവത്തിൽ ശാന്തതയുള്ള ഒരു വ്യക്തി മറ്റുള്ളവർ തന്നോട് എപ്രകാരം പെരുമാറിയാലും അവരെ ശുശ്രൂഷിക്കുവാൻ മാത്രമേ താല്പര്യപ്പെടുകയുള്ളു.

യഥാർത്ഥ ശാന്തത സൗമ്യതയുള്ളതാണെങ്കിലും ശക്തിയേറിയതാണ്. ശാന്തതയുള്ള മനുഷ്യൻ യേശുവിനെപ്പോലെ ആത്മീകാധികാരം ഉള്ളവനായിരിക്കും. അവൻ മാംസരക്തങ്ങളോട് പോരാടുന്നില്ല. ആത്മീയ തലത്തിൽ പോരാടുന്നതെങ്ങനെയെന്നവനറിയാം. യേശു ഒരിക്കലും മനുഷ്യരെ ആക്രമിച്ചില്ല. എന്നാൽ അവൻ ഭൂതങ്ങളെ പുറത്താക്കുകയും രോഗികളെ സൗഖ്യപ്പെടുത്തുകയും അന്ധകാരത്തിലേക്ക് വെളിച്ചത്തെ കൊണ്ടുവരികയും ചെയ്തു.

ബുദ്ധിയുടെ തലത്തിലുള്ള സുവിശേഷം പ്രസംഗിക്കപ്പെടുന്നതാണ് ഇന്ന് സഭയിലെ ഏറ്റവും വലിയ വിപത്ത്. നാം മരിച്ച് കഴിഞ്ഞ് സ്വർഗ്ഗത്തിൽ പോകാനുള്ള ഉദ്ദേശത്തിലല്ല ദൈവം നമ്മെ രക്ഷിച്ചത്! യേശു പഠിപ്പിച്ചത് സ്വർഗ്ഗരാജ്യം നിങ്ങളുടെ ഉള്ളിലാണെന്നാണ്. മരിച്ചു കഴിഞ്ഞു പോകുവാനുള്ള ഒരു സ്ഥലമല്ലത്. ***നിങ്ങളുടെ മരണശേഷം നിങ്ങളെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടു പോകുന്ന ഒരുവനായി മാത്രമേ യേശുവിനെ നിങ്ങൾ അറിയുന്നുവെങ്കിൽ സുവിശേഷത്തിന്റെ കാമ്പ് നിങ്ങൾക്കു നഷ്ടമായിരിക്കുകയാണ്.*** നിങ്ങൾ യേശുവിനെ സ്വീകരിക്കുമ്പോൾ നിങ്ങൾ മറ്റൊരു വ്യക്തിയാകുന്നുവെന്നാണ് വചനം പഠിപ്പിക്കുന്നത്. നിങ്ങൾ യേശുവിങ്കലേക്കു വന്നിട്ടും നിങ്ങളുടെ ഉള്ളിൽ വ്യതിയാനം വന്നിട്ടില്ലായെങ്കിൽ യേശുവിന്റെ ജീവൻ നിങ്ങളിൽ അനുഭവിക്കും വരെ തുടർമാനമായി അവിടുത്തെ അന്വേഷിച്ചുകൊണ്ടിരിക്കുക. ***നിശ്ചയമായും നിങ്ങൾ വ്യതിയാനപ്പെട്ടിരിക്കും***. ദൈവത്തിന്റെ ജീവൻ ഒരിക്കൽ അനുഭവിച്ചുകഴിഞ്ഞാൽ, നിങ്ങളെ വിശുദ്ധിയുടെ ജീവിതത്തിലേക്കു ദൈവം നടത്തും വരെ നിങ്ങൾ തൃപ്തരായിരിക്കുകയില്ല. നിങ്ങൾ വാസ്തവമായും അവിടുത്തെ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ, അവിടുത്തേക്കായി മാത്രം ജീവിക്കാത്ത ഒരു ജീവിതത്തിൽ സന്തോഷം കണ്ടെത്താൻ നിങ്ങൾക്കു സാദ്ധ്യമല്ല. അനുസ്യൂതമായി നിങ്ങളിൽ പ്രവർത്തിക്കാൻ കഴിയുക എന്നതുമാത്രമാണ് നിങ്ങളുടെ ഉള്ളിൽ വസിക്കുന്ന ദൈവാത്മാവിന്റെ ഏക ആഗ്രഹം. നിങ്ങളെ പൂർണ്ണമായി സ്വന്തമാക്കുവാനും നിങ്ങളുടെ മനസിനെയും വികാരങ്ങളെയും ഇച്ഛയെയും ദൈവീകജീവൻ കൊണ്ടു നിറയ്ക്കുവാനും ദൈവാത്മാവ് ആഗ്രഹിക്കുന്നു. യേശുവിന് വീണ്ടും ജഢത്തിൽ വസിച്ച് ഈ നശിച്ചുകൊണ്ടിരിക്കുന്ന ലോകത്തിനു ദൈവീക ജീവൻ വെളിപ്പെടുത്തേണ്ടതിനായി നിങ്ങളുടെ ഉള്ളിൽ നിന്നും നിങ്ങളെ മുഴുവനായി രൂപാന്തരപ്പെടുത്തുവാൻ ദൈവാത്മാവ് ആഗ്രഹിക്കുന്നു.

ശാന്തതയുള്ള ഒരുവന് ആത്മനിഷ്കർഷത (self assertiveness) ഉള്ളവനായിരിക്കാൻ സാദ്ധ്യമല്ല. 'താൻ' എന്ന ഭാവത്തെ ഊന്നിപ്പറഞ്ഞുകൊണ്ട് തന്റെ അവകാശങ്ങൾക്കുവേണ്ടി ഒരുവൻ നിലകൊള്ളുന്നുവെങ്കിൽ അവനെക്കുറിച്ച് ഒരു നല്ല മതിപ്പ് അവനു ലഭിച്ചേക്കാമെങ്കിലും സൗമ്യത എന്ന സ്വഭാവത്തിൽ നിന്നും അവൻ അനേകം കാതം ദൂരെയായിരിക്കും. സൗമ്യനായ ഒരു മനുഷ്യൻ തന്റെ അവകാശങ്ങൾക്കുവേണ്ടി വാദിക്കേണ്ടതില്ല. നിങ്ങളെത്തന്നെ ന്യായീകരിക്കാൻ ശ്രമിക്കുമ്പോൾ നിങ്ങൾ സൗമ്യതയിൽ നിന്നും അകന്നുപോവുകയാണ്. നിങ്ങൾ ശുശ്രൂഷിക്കുന്ന വിധത്തെക്കുറിച്ചോ, മറ്റേതെങ്കിലും കാര്യത്തെക്കുറിച്ചോ ആരെങ്കിലും നിങ്ങളെ വിമർശിക്കുമ്പോൾ നിങ്ങളുടെ ഉള്ളിൽ നിങ്ങളെത്തന്നെ ന്യായീകരിക്കുവാനുള്ള വാഞ്ഛ ഉദിക്കുന്നെങ്കിൽ നിങ്ങൾ സൗമ്യതയുള്ള വ്യക്തിയേ അല്ല. ശത്രുക്കളെ സ്നേഹിപ്പാനും നിങ്ങളെ



ഉപദ്രവിക്കുന്നവർക്ക് നന്മ ചെയ്യുവാനുമാണ് യേശു പഠിപ്പിച്ചത്. സൗമ്യതയുള്ള ഒരു വ്യക്തി ശത്രുക്കളെ അനുഗ്രഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങളൊരു സൗമ്യതയുള്ള വ്യക്തിയാണെങ്കിൽ ആരെങ്കിലും നിങ്ങളോടു തിന്മയായതു പ്രവർത്തിച്ചാൽ ആ വ്യക്തിക്ക് ആശ്വാസവും സ്വസ്ഥതയും അനുഭവിക്കുന്നതിനായി നിങ്ങളാലാവുന്നതെല്ലാം ചെയ്തിരിക്കും. ആരെങ്കിലും നിങ്ങളോടു തിന്മയായതു പ്രവർത്തിച്ചാൽ ആ വ്യക്തി ആശ്വാസവും സ്വസ്ഥതയും അനുഭവിക്കുന്നതിനായി നിങ്ങളാലാവുന്നതെല്ലാം ചെയ്തിരിക്കും. ആരെങ്കിലും നിങ്ങളോടു തിന്മ പ്രവർത്തിച്ചാൽ അവർക്കെന്തെങ്കിലും നന്മ ചെയ്യുക. അവരെ ഒരു സൽക്കാരത്തിനു കൊണ്ടു പോവുകയോ അവർക്കെന്തെങ്കിലും ഒരു സമ്മാനം നല്കുകയോ ചെയ്യുക. നിങ്ങളുടെ സ്വയത്തെയും നിങ്ങളുടെ ശത്രുക്കളുടെ മേൽ ആഞ്ഞടിക്കാനുള്ള നിങ്ങളുടെ സ്വാഭാവിക വാസനകളെയും മറികടക്കുക. നിങ്ങളുടെ ശത്രുക്കളോടു നന്നായി പെരുമാറുക. അപ്പോൾ നിങ്ങളനുഭവിക്കുന്ന രക്ഷയിലേക്കു നിങ്ങളുടെ ശത്രുക്കളേയും കൊണ്ടുവരുവാൻ ദൈവം നിങ്ങളെ ഉപയോഗിക്കും.

എന്നെ ഇഷ്ടപ്പെടാത്ത ചില വ്യക്തികളുടെ സ്നേഹം നേടിയെടുക്കാൻ പല സന്ദർഭങ്ങളിലും എനിക്കിടയായിട്ടുണ്ട്. അവരോടു നന്മ കാണിക്കുകയും അവരെ അനുഗ്രഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക വഴിയത്രേ അതു സാധിച്ചത്. നിങ്ങൾ വിവാഹിതനെങ്കിൽ നിശ്ചയമായും ഈ പ്രമാണം നിങ്ങൾ അറിഞ്ഞിരിക്കണം. നിങ്ങളുടെ ദൈവികസ്വഭാവം വഴിയായി നിങ്ങളുടെ ജീവിതപങ്കാളിയുടെ ബഹുമാനാദരവ് നിങ്ങൾക്കാർജ്ജിച്ചെടുക്കാനാവും.

തങ്ങളെ മനസ്സിലാക്കാത്ത വ്യക്തികളെക്കുറിച്ച് ദയയില്ലാതെ ചിന്തിക്കുവാൻ ഈ സൗമ്യനായ വ്യക്തിക്ക് സാദ്ധ്യമാണ്. ഒരുവൻ നിങ്ങളെ മനസ്സിലാക്കുന്നില്ല എന്ന കാര്യത്തിനു പ്രസക്തിയുണ്ടോ? നിങ്ങൾ ഒരഹംഭാവിയാണെങ്കിൽ അതിനുപ്രസക്തിയുണ്ട്! നിങ്ങളിൽ അഹംഭാവം ഉണ്ടെങ്കിൽ മറ്റുള്ളവർ നിങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്നു എന്ന് നിങ്ങൾ വിചാരിക്കുന്നു. ഒരു ആത്മീയമനുഷ്യന് ഒരേയൊരു അംഗീകാരം മാത്രമേ ആവശ്യമുള്ളൂ. അത് പിതാവിന്റെ അംഗീകാരമാണ്. പിതാവ് അവനെക്കുറിച്ച് പറയുന്നു: "കൊള്ളാം നല്ലവനും വിശ്വസ്ഥനുമായ ദാസൻ". നിങ്ങൾക്ക് ദൈവത്തിന്റെ അംഗീകാരമുണ്ടെങ്കിൽ മനുഷ്യന്റെ അംഗീകാരം നിങ്ങൾക്കാവശ്യമില്ല.

## *ശരിയായ ആത്മീക മൂല്യബോധം (Spiritual Value)*

തന്നെക്കുറിച്ചുതന്നെ ശരിയായുള്ള ഒരു മതിപ്പ് സൗമ്യതയുടെ ഒരു ലക്ഷണമാണ്. ദൈവം നമ്മെ എങ്ങനെ വിലമതിക്കുന്നു എന്ന് നാം അറി

ഞ്ഞിരിക്കണം. നിങ്ങൾ ദൈവിക സ്വഭാവം വെളിപ്പെടുത്തുകയും, യേശു നിങ്ങളിൽ ജീവിക്കുന്നു എന്ന് വ്യക്തമായി അറിയുകയും ചെയ്യുന്നുവെങ്കിൽ നിങ്ങളെക്കുറിച്ചുള്ള ശരിയായ മൂല്യബോധം നിങ്ങൾക്കു ലഭിക്കും. ദൈവത്തിന്റെ ജീവൻ നിങ്ങളിലുണ്ടെങ്കിൽ നിങ്ങൾ ദൈവികജീവൻ ജീവിക്കാൻ ശ്രമിക്കുമെന്നല്ല, മറിച്ച് ദൈവീകരായിരിക്കുമെന്നാണ് ദൈവവചനം പഠിപ്പിക്കുന്നത്. ഒരു അവസ്ഥയിൽ എത്തിപ്പെടാൻ ശ്രമിക്കുന്നതും ആ അവസ്ഥയിൽ ആയിരിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. ***ഒരുവൻ വിശുദ്ധനായിരിക്കുന്നത് വിശുദ്ധനായവൻ അവനിൽ വസിക്കുന്നതുകൊണ്ടാണ്.***

ഓരേ ദേവാലയത്തിൽ രണ്ടുതരം ജീവന് ജീവിക്കാൻ സാദ്ധ്യമല്ല. ഒന്നുകിൽ നിങ്ങൾ സ്വയ പുകഴ്ച (Self- exultation)യുടെയും സ്വയപ്രദർശനത്തിന്റെ (self-manifestation)യും ജീവിതം ജീവിക്കും. അല്ലെങ്കിൽ ദൈവീക ജീവൻ വെളിപ്പെട്ടുവരേണ്ടതിന് നിങ്ങൾ സ്വയത്തെ നിലത്തു വീണു ചാവാൻ ഇടയാക്കും. ദൈവത്തിന്റെ സ്വഭാവവും ഗുണങ്ങളും ഒരുവന്റെ സത്തയിൽ നിന്നും (from one's being) വെളിപ്പെട്ടുവരുന്നതാണ്. അതിനെയാണ് ഒരു ക്രിസ്ത്യാനിയുടെ സ്വഭാവമെന്നു വിളിക്കപ്പെടുന്നത്.

ശരിയാംവണ്ണം നിങ്ങളെത്തന്നെ നിങ്ങൾ വിലമതിക്കുന്നില്ലെങ്കിൽ നിങ്ങൾക്കു വേണ്ടതായ വ്യത്യാസം നിങ്ങളിൽ ഉളവാകുവാൻ പ്രയാസമാണ്. സ്വാഭാവേന നിങ്ങൾ ഒരു “നല്ല” വ്യക്തിയാണെങ്കിൽ നിങ്ങളുടെ ഉള്ളിലെ ഇരുണ്ട ഇടങ്ങളിൽ പരിശുദ്ധാത്മാവു തന്നെ ദൈവിക വെളിച്ചം പ്രകാശിപ്പിച്ച് നിങ്ങളിൽ വരുത്തേണ്ടുന്ന വ്യതിയാനം എന്തെന്നു കാട്ടിത്തരേണ്ടിയിരിക്കുന്നു. “സ്വയജീവിതം” (self life) ജീവിക്കുന്ന ഏതൊരു വ്യക്തിയും ജീവിക്കുന്നത് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വെളിച്ചത്തിലാണ്. നിങ്ങളിൽ നിന്നു പുറപ്പെട്ടുവരുന്ന നന്മതിന്മയുടെ അറിവിന്റെ ഫലം നല്ലതും ചീത്തയും ആകാം. ഒരു ദിവസം നിങ്ങൾ വളരെ നല്ല ആളാണെങ്കിലും മറ്റൊരു ദിവസം നിങ്ങൾ തീർത്തും മോശപ്പെട്ട ഒരു വ്യക്തിയായിരിക്കും. ഒരു ദിവസം നിങ്ങൾ എന്നെ വളരെയധികം സ്നേഹിച്ചിരുന്നാലും എന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തെറ്റുസംഭവിച്ചാൽ നിങ്ങൾ എന്നെ ഒട്ടും തന്നെ ഇഷ്ടപ്പെട്ടെന്നു വരില്ല. നിങ്ങൾ വാസ്തവത്തിൽ വിശുദ്ധനെങ്കിൽ നിങ്ങൾ പ്രാപിക്കുന്ന ജീവൻ സാക്ഷാൽ ദൈവം തന്നെയായ ജീവന്റെ വൃക്ഷത്തിൽ നിന്നാണോ അതോ നന്മതിന്മയുടെ അറിവിന്റെ വൃക്ഷത്തിൽ നിന്നാണോ എന്ന കാര്യം നിങ്ങൾക്കു സ്പഷ്ടമായിരിക്കും. ദിനംതോറും എന്നവണ്ണം ദൈവത്തിന്റെ സ്വഭാവം നിങ്ങളിൽ രൂപപ്പെട്ടുവരുന്നുവെന്ന് നിങ്ങൾക്കു പറയാമോ? ദിനംതോറും നിങ്ങൾ അവിടുത്തോട് അനുരൂപപ്പെട്ടു വരുന്നുവെന്നു നിങ്ങൾക്കു പറയാമോ? അങ്ങനെ പറയാമെങ്കിൽ നിങ്ങൾ പ്രാപിക്കുന്ന ജീവൻ യഥാർത്ഥ ഉറവയിൽ നിന്നുതന്നെയാണ്. നിങ്ങൾ വാസ്തവത്തിൽ ഭക്തർ (godly) ആകുന്നത് നിങ്ങളുടെ പിതാവായ ദൈവത്തിന്റെ സ്വഭാവഗുണങ്ങൾ നിങ്ങ



ളിൽ ഉൽപാദിപ്പിക്കപ്പെടുന്നു എന്നതുകൊണ്ടു മാത്രമാണ്. എല്ലാവിത്തുകളും അതതിന്റെ തരത്തിലുള്ളവയെ ഉൽപാദിപ്പിക്കുന്നു. നിങ്ങളുടെ ഉള്ളിലുള്ള ദൈവത്തിന്റെ വിത്തിന് യോജിച്ച നനയ്ക്കലും പോഷണവും ലഭിക്കുകയും നിങ്ങളുടെ സ്വാഭാവിക ഇഷ്ടങ്ങളെയും അനിഷ്ടങ്ങളെയും മറികടക്കുന്നതെങ്ങനെയെന്നും ദൈവത്തിനായി ജീവിക്കുന്നതെങ്ങനെയെന്നും നിങ്ങൾ പഠിച്ചു തുടങ്ങുകയും ചെയ്യുമ്പോൾ ആ വിത്ത് അതിന്റേതായ തരത്തിലുള്ള ദൈവത്തിന്റെ ജീവനെത്തന്നെ നിങ്ങളിൽ ഉൽപ്പാദിപ്പിക്കുന്നു. അങ്ങനെയൊരു ജീവിതം ***മതഭക്തി***യേക്കാൾ എത്ര നല്ലതാണ്! ***നന്നാവാൻ ശ്രമിച്ചുകൊണ്ടുള്ള ഒരു ജീവിത***ത്തെക്കാൾ എത്ര നല്ലതാണ്!

## ***ദൈവീക ജീവന്റെ പരമശത്രു***

സൗമ്യനായ ഒരു വ്യക്തി അഹംഭാവിയല്ല. അവനെക്കുറിച്ച് അവൻ അഹങ്കരിക്കുന്നില്ല. നിങ്ങളിലുള്ള ദൈവീക ജീവന്റെ പരമശത്രുവാണ് അഹങ്കാരം. ദൈവത്തിന്റെ ശക്തിയിൽ പ്രവർത്തിക്കുവാൻ അനേക ക്രിസ്ത്യാനികൾക്കും കഴിയാതെ പോവുന്നതിനു കാരണം അവരുടെ അഹങ്കാര മനോഭാവമാണ്. ഒരു സൗമ്യനായ വ്യക്തി യഥാർത്ഥത്തിൽ താഴ്മയും വിനയവുമുള്ള വ്യക്തിയാണ്.

അബ്രഹാം ഒരു സൗമ്യനായിരുന്നു. ലോത്തിന് ഇഷ്ടപ്പെട്ട പ്രദേശം തെരഞ്ഞെടുക്കാൻ അബ്രാഹം അനുവദിച്ചു. മറ്റുള്ളവർക്ക് യഥേഷ്ടം അവരുടെ താല്പര്യങ്ങൾ തെരഞ്ഞെടുക്കുവാൻ അനുവദിച്ചശേഷം ശേഷിച്ചതുകൊണ്ട് നിങ്ങൾക്കു തൃപ്തിയടയുവാൻ കഴിയുമെങ്കിൽ നിങ്ങൾ ഒരു സൗമ്യനാണ്. നിങ്ങൾക്കു പറയുവാനാകും: “സഹോദരാ നിങ്ങൾക്കിഷ്ടപ്പെട്ടത് നിങ്ങൾ എടുത്തുകൊള്ളൂ”. അബ്രാഹം അതാണ് പറഞ്ഞത്: “നീ ഇതു തെരഞ്ഞെടുത്താൽ ഞാൻ അതു എടുത്തുകൊള്ളാം. നീ ആദ്യം തെരഞ്ഞെടുത്തുകൊള്ളൂ”.

ദൈവവചനം പറയുന്നത് ഭൂമുഖത്ത് ഏറ്റവും സൗമ്യനായ വ്യക്തി മോശെ ആയിരുന്നുവെന്നാണ്. അവൻ അതീവ സൗമ്യനെങ്കിലും അവനു വാസ്തവത്തിലുള്ള ആത്മീക അധികാരം ഉണ്ടായിരുന്നു. ഇസ്രായേൽ മക്കൾ സ്വർണ്ണം കൊണ്ടുള്ള കാളക്കുട്ടിയെ ഉണ്ടാക്കിയപ്പോൾ ദൈവം മോശയോടു പറഞ്ഞു: “മാറി നിൽക്കൂ. ഞാനീ ജനത്തെ നശിപ്പിച്ചശേഷം നിന്നിൽ നിന്നും ഒരു ജനത്തെ ഉളവാക്കും”. നമ്മിൽ എത്രപേർക്ക് ഈയൊരു പരീക്ഷയിൽ ജയിക്കാനാവും. നമ്മിൽ പലരും പറയില്ലേ: “അതേ കർത്താവേ, അതു ശരിയാണ്. ഇവരെയൊക്കെ വകവരുത്തിക്കോളൂ. ***ഞാൻ*** നല്ലവാനായിരിക്കുന്നതുകൊണ്ട് ***എന്നിൽ*** നിന്നും അങ്ങുളവാക്കുന്ന ജനവും നിശ്ചയമായും നല്ലതായിരിക്കും”. മോശെ അങ്ങനെ പറഞ്ഞില്ല. അവൻ ഇങ്ങനെ പറഞ്ഞു: ദൈവമേ, അങ്ങേക്കത് ചെയ്യാൻ സാദ്ധ്യമല്ല. കാരണം, അങ്ങ് ഈ ജനത്തിന് ഒരു വാഗ്ദത്തം നല്കിയിട്ടു

ണ്ടല്ലോ. അബ്രാഹമിനോട് അങ്ങുന്നു വാഗ്ദത്തം ചെയ്തിരിക്കുന്നത് അവന്റെ സന്തതി ദേശം അവകാശമാക്കുമെന്നാണല്ലോ. അതു കൊണ്ട് അങ്ങേക്കവരെ നശിപ്പിച്ചുകളയുവാൻ സാദ്ധ്യമല്ല. എന്നിട്ടവൻ പറഞ്ഞു: "അവിടുന്നവരെ അശ്ശേഷം നീക്കിക്കളയുന്നുവെങ്കിൽ എന്നേയും കൂടി അങ്ങു നശിപ്പിച്ച് കളഞ്ഞേക്കൂ".

***നിങ്ങൾ കുറ്റം ചെയ്തിട്ട് അടികൊള്ളുന്നതു സഹിച്ചാൽ എന്തു യശസ്സുള്ളു? അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതുദൈവ ത്തിനു പ്രസാദം. അതിനായിട്ടില്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്*** (1 പത്രോ.2:20) നിങ്ങൾ നന്മ ചെയ്തിട്ടു കഷ്ടം സഹിക്കേണ്ടി വരികയും അതു ക്ഷമയോടെ സഹിക്കുകയും ചെയ്യുന്നുവെങ്കിൽ നിങ്ങൾ സൗമ്യ രാണ്. പത്രോസ് തുടർന്നു പറയുന്നു: ***ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായ മായി വിധിക്കുന്നുവെങ്കിൽ കാര്യം ഭരമേൽപ്പിക്കയത്രേ ചെയ്തത്*** (1 പത്രോ 2:21,22).

ദൈവം നമ്മിൽ ഉളവാക്കുവാനാഗ്രഹിക്കുന്ന സ്വഭാവം ഇതാണ് മനുഷ്യർ നമ്മെക്കൊണ്ട് മുതലെടുത്താലും, നമ്മെപ്പറ്റി വേണ്ടാത്തതു പറ ഞ്ഞാലും നാം അതു ക്ഷമയോടെ സഹിക്കുന്നു. നാം അവരെ ഭീഷണി പ്പെടുത്തുകയോ അവർക്കെതിരേ ആരോപണങ്ങളുന്നയിക്കുകയോ ചെയ്യാതെ എല്ലാറ്റിനെയും ന്യായത്തോടെ വിധിക്കുന്ന ദൈവത്തിന്റെ കര ങ്ങളിൽ ഭരമേൽപ്പിക്കുന്നു.

## *സൗമ്യനായ വ്യക്തി സ്വയം കേന്ദ്രീകൃതനല്ല*
## (A meek person is not self centred)

സൗമ്യനായ ഒരു വ്യക്തി ഒരു തൊട്ടാവാടിയല്ല. മൂക്കിന്റെ അറ്റ ത്താണ് ചിലരുടെ ക്ഷോഭം ഇരിക്കുന്നത്. ദൈവത്തിന്റെ സ്വരൂപത്തോട് അനുരൂപപ്പെട്ട ഒരു വ്യക്തി ഒരിക്കലും ഒരു തൊട്ടാവാടി സ്വഭാവമുള്ളവ നല്ല. നമ്മുടെ വികാരങ്ങളെ മുറിവേൽപ്പിച്ചേക്കാവുന്ന കാര്യങ്ങളോടുള്ള ശരിയായ പ്രതികരണം അവയെ അവഗണിക്കുക എന്നതാണ്. നിങ്ങൾ സഭായോഗങ്ങളിൽ മുറിവേൽക്കുന്ന വ്യക്തിയാണെങ്കിൽ തിരിച്ചുമുറി വേൽപ്പിക്കാതിരിക്കുകയെന്നത് നിങ്ങളെ സംബന്ധിച്ചിടത്തോളം പ്രയാ സമുള്ള കാര്യമാണ്. ഒരാത്മീയ മനുഷ്യനും ഒരു തൊട്ടാവാടി സ്വഭാവ ക്കാരനെപ്പോലെ തന്നെ ലോലമനസ്കനാണ്. എന്നാൽ ഒരു വ്യത്യാസമു ണ്ട്. അവൻ മുറിവേല്ക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ അവന്റെ ഹൃദയം വിങ്ങുന്നത് അവനെ ഓർത്തല്ല, മറിച്ച് അവനെ മുറിവേൽപ്പിക്കുന്നവരെ യോർത്താണ്. ഈ കാര്യം നമ്മുടെ സ്വാഭാവികചിന്താഗതിക്ക് തികച്ചും



അന്യമാണെന്നെനിക്കറിയാം. നിങ്ങളെപ്പറ്റി ആരെങ്കിലും ദൂഷണം പറയു ന്നുവെങ്കിൽ ഒരു ആത്മീയമനുഷ്യനായ നിങ്ങൾ നിങ്ങളെ ദുഷിക്കുന്ന വ്യക്തിയെ ഓർത്തു വേദനിക്കും. നിങ്ങൾ വേഗത്തിൽ വേദനിപ്പിക്കപ്പെ ടുന്ന വ്യക്തിയാണെങ്കിൽ ദൈവത്തിനടുത്തേക്ക് ആ പ്രകൃതത്തെ കൊണ്ടുവരിക. ദൈവികസ്വഭാവം നിങ്ങളിൽ വെളിപ്പെടുത്തുന്നതിനെ തട സ്സപ്പെടുത്തുന്ന ഒരു ഘോരവൈരിയാണ് തൊട്ടാവാടി സ്വഭാവം. നിങ്ങളെ ആരെങ്കിലും വേദിനിപ്പിച്ചാലുടനെ നിങ്ങൾ നാവു കൊണ്ടു പ്രതികരിക്കുന്ന വ്യക്തിയാണെങ്കിൽ നിങ്ങളിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനെത്തെ നിങ്ങൾ തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇത് ചിലരെ സംബന്ധിച്ചി ടത്തോളം ഒരു കഠിനവാക്കാണെന്നെനിക്കറിയാം. നിങ്ങൾ വേഗത്തിൽ മുറിവേൽക്കുന്ന ഒരു പ്രകൃതക്കാരനാണെങ്കിൽ നിങ്ങൾ ഒരു കാര്യം ചെയ്യുക: നിങ്ങളുടെ മുറിവേറ്റ അവസ്ഥയിൽ നിന്നുകൊണ്ട് പ്രതികരി ക്കാതിരിക്കാൻ പഠിക്കുക. ഒരു സൗമ്യനായ വ്യക്തി തന്നെ മുറിവേൽപ്പി ക്കുന്നവരോട് നിഷേധാത്മകമായി പ്രതികരിക്കുകകയില്ല.

യേശുവാണ് നമുക്കിവിടെ മാതൃക. അവന്റെ താടിരോമം പറിച്ചെ ടുത്തു. അവന്റെ മുഖത്തു തുപ്പി. അവൻ പരിഹസിക്കപ്പെട്ടു. അവനെ കുരിശിൽ തറച്ചു. എന്നിട്ടും കുരിശിൽ കിടന്ന് അവിടുന്നു പറഞ്ഞു: "ഇവർ ചെയ്യുന്നത് എന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ". നിങ്ങൾ ഉപദ്രവിക്കപ്പെടുമ്പോൾ നിങ്ങളുടെ നാവുകൊണ്ട് പ്രതികരിക്കാതിരിക്കു ക. നിങ്ങളുടെ തൊട്ടാവാടി സ്വഭാവം നിങ്ങളെ വിട്ടുപോകും. ഒരു സൗമ്യ നായ വ്യക്തിക്ക് തന്നെത്തന്നെ ന്യായീകരിക്കേണ്ട ആവശ്യമില്ലാത്തതു കൊണ്ട് അവൻ ന്യായീകരിക്കുവാൻ ഒരുമ്പെടുന്നില്ല. അവൻ എല്ലാം ദൈവകരങ്ങളിൽ ഭരമേൽപ്പിക്കുന്നു. അവൻ തർക്കിക്കുന്നില്ല; അവൻ ക്ഷോഭിക്കുന്നില്ല; അവൻ എല്ലാം ദൈവത്തിന് ഏൽപ്പിച്ചു കൊടുക്കുന്നു.

സൗമ്യത എന്ന ദൈവത്തിന്റെ സ്വഭാവവും കൃത്രിമമായി നമുക്കു ണ്ടാക്കാൻ കഴിയുന്ന കാര്യമല്ല. എന്നാൽ ദൈവാത്മാവു നിങ്ങളിൽ വസി ക്കുന്നുവെങ്കിൽ നിങ്ങൾ സൗമ്യതയുള്ള ഒരു വ്യക്തിയായിത്തീരുന്നത് നിങ്ങൾ അനുഭവിക്കാൻ തുടുങ്ങുന്നു. യേശു പറഞ്ഞു: ***സൗമ്യതയുള്ള വർ ഭാഗ്യവന്മാർ എന്തുകൊണ്ടന്നാൽ ഭൂമിയെ അവർ അവകാശപ്പെടു ത്തുന്നു.*** മത്തായി അഞ്ചുമുതൽ ഏഴു വരെ അദ്ധ്യായങ്ങൾ ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. നിങ്ങൾക്ക് യാതൊരു ഒഴിവുകഴിവുമില്ല; ഇതരമാർഗ്ഗങ്ങളൊന്നുമില്ല. നിങ്ങൾ ദൈവരാജ്യത്തിൽ ജീവിക്കാനാഗ്രഹി ക്കുന്ന ഒരു ദൈവപൈതലാണെങ്കിൽ ഇപ്രകാരം ജീവിക്കാതെ നിങ്ങളുടെ മുമ്പാകെ മറ്റു മാർഗ്ഗമൊന്നുമില്ല. ദിനംതോറും നിങ്ങൾ ദൈവത്തെ അന്വേ ഷിക്കുന്നുവെങ്കിൽ നിങ്ങൾ ചെയ്യുന്ന എല്ലാകാര്യങ്ങളിലും നിങ്ങളിൽ വസിക്കുന്ന ദൈവാത്മാവ് വെളിപ്പെട്ടു തുടങ്ങും.

അദ്ധ്യായം 4

# ദൈവത്തിനായുള്ള വിശപ്പും ദാഹവും

***നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തി വരും*** (മത്താ 5:6) പാപമില്ലാത്തവരോ ദുഷ്ചിന്തകൾ ഇല്ലാത്തവരോ ഭാഗ്യവാന്മാർ എന്നല്ല, ദൈവത്തെ അനുസരിക്കുന്നവർ ഭാഗ്യവാന്മാർ എന്നു പോലുമോ അല്ല ഈ വാക്യം പറയുന്നത്. നീതിക്കുവേണ്ടി നിങ്ങൾ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നുവെങ്കിൽ നിങ്ങൾ ഭാഗ്യവാന്മാർ എന്നാണ് ഈ വാക്യം പറയുന്നത്. നിങ്ങളുടെ ഹൃദയത്തിൽ ദൈവത്തിനായുള്ള ഒരു നിലവിളിയുണ്ടെങ്കിൽ, നിങ്ങൾ ദൈവത്തിനായി വിശക്കുന്നവനെങ്കിൽ നിങ്ങളുടെ ***ബാഹ്യ അവസ്ഥ*** ദൈവത്തിന് ഒരു പ്രശ്നമേയല്ല.

നിങ്ങൾക്ക് ദൈവത്തിനായുള്ള ഒരു ആർത്തിയുണ്ടെങ്കിൽ കാലക്രമേണ നിങ്ങളുടെ ഉള്ളം ദൈവത്താൽ നിറയപ്പെടുകയും നിങ്ങളുടെ ബാഹ്യ അവസ്ഥ തനിയെ നേരേ ആവുകയും ചെയ്യും. ദൈവം ഒട്ടും അംഗീകരിക്കാത്ത ചില ശീലങ്ങളുള്ള വ്യക്തികളാണെന്നതുകൊണ്ട് അനേകം ദൈവമക്കൾ കുറ്റം വിധിയുടെ നിഴലിൽ കാലം കഴിച്ചുപോരുന്നു. എന്റെ പുകവലി ശീലവും ജീവിതത്തിലെ മറ്റു ചില സംഗതികളും നീക്കിക്കളഞ്ഞു കഴിഞ്ഞാൽ ദൈവം എന്നിൽ കൂടുതൽ സംപ്രീതനായിത്തീരുമെന്നും ദൈവത്തോട് എനിക്കൊന്നു കൂടി അടുപ്പത്തിലുള്ള ഒരു കൂട്ടായ്മ ഉണ്ടാകുമെന്നും വിചാരിച്ച് നടന്ന സമയങ്ങളെക്കുറിച്ച് ഞാനോർത്തു പോകുന്നു. മതം ഇതാണ് നിങ്ങളെ പഠിപ്പിക്കുന്നത്. ദൈവം വിശുദ്ധനാണെന്നും വിശുദ്ധനായ ദൈവത്തോടുള്ള കൂട്ടായ്മ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അവിടുത്തേക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങളെ ചെയ്യരുതെന്നുമെന്നാണ് മതം നിങ്ങളെ പഠിപ്പിക്കുന്നത്. ഇതു ശരിയാണെങ്കിൽ ഒരു മനുഷ്യനുപോലും രൂപാന്തരപ്പെടുവാൻ സാദ്ധ്യമല്ല. അവിടുന്നു നീതിമാന്മാരെയല്ല, പാപികളെത്തേടിയാണ് വന്നത്. ദൈവത്തിനായി ദാഹിക്കുന്ന അനേക മനുഷ്യരുണ്ട്. അതേ സമയം മദ്യപാനം, പുകവലി, ലോകത്തിന്റെ പലമോഹങ്ങൾ എന്നിവ മുഖാന്തരം അവരുടെ ജീവിതം ആകെ താറുമാറായിക്കിടക്കുന്നു. അവർ മതത്തിന്റെ ബന്ധനത്തിൻ കീഴിലാണ്. അവരെ കുറ്റം വിധിക്കാനല്ല, സ്വതന്ത്രരാക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തിനായിട്ട് ആർത്തിയോടിരിക്കുന്ന ഒരു ഹൃദയമാണ് ഏറ്റവും ആവശ്യമായിരിക്കുന്ന കാര്യം!

## *വിശപ്പുള്ള ഒരു ഹൃദയം വളർത്തിയെടുക്കുക*

ഓറെഗോണി (Oregon) ലുള്ള എന്റെ സഭയിൽ (Springs of Life ministries) ഞാൻ പലപ്പോഴും ഇപ്രകാരം പറയാറുണ്ട്: വിശപ്പുള്ള ഒരു ഹൃദയത്തിനായി നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അപ്രകാരമൊരു



ഹൃദയം വളർത്തിയെടുക്കാൻ നിങ്ങൾക്കു സാദ്ധ്യമാണ്. മനുഷ്യഹൃദയങ്ങളിൽ ദൈവത്തിനായുള്ള വിശപ്പും ദാഹവും ഉണർത്തുന്നതാണ് ഈ പ്രപഞ്ചത്തിലെ ഏറ്റവും ആവേശജനകമായിരിക്കുന്ന കാര്യം. ദൈവാത്മാവിനാൽ നിങ്ങൾ സംസാരിക്കുന്ന വാക്കുകളാലാണത് സാദ്ധ്യമാവുന്നത്. ലോകത്തിലേക്കും വച്ച് ഏറ്റവും ശക്തിയേറിയതും ക്രിയാത്മകവുമായ സംഗതി നാം സംസാരിക്കുന്ന വാക്കുകളാണ്. ഒരുവൻ വയലിൽ വിതക്കുന്ന വിത്തിനു സദൃശ്യമാണ് ദൈവരാജ്യം എന്ന് യേശു തന്റെ ഒരുപമയിൽ പറഞ്ഞു. വിത്ത് വചനമാകുന്നു. നാം തന്നെയാണ് അതു വിതക്കപ്പെടുന്ന നിലം. ദൈവത്തിനായുള്ള ഒരു ആർത്തി നിങ്ങളിൽ ഉളവായി വരണമെന്നുണ്ടെങ്കിൽ ദൈവവചനം ആത്മാവിലും ശക്തിയിലും സംസാരിക്കുന്നവരുടെ സാമീപ്യം നിങ്ങൾ ആഗ്രഹിക്കുക. ദൈവത്തിനായുള്ള ഒരു വിശപ്പും ദാഹവും നിങ്ങളിൽ ഉളവാകുമ്പോൾ ദൈവാത്മാവ് നിങ്ങളിൽ നിറയുവാനും വളരുവാനും ആരംഭിക്കുന്നു. അത് നിങ്ങളെ കീഴടക്കിവച്ചിരിക്കുന്ന പല ദുശ്ശീലങ്ങളുടെ അടിമത്തത്തിൽ നിന്നും നിങ്ങളെ വിടുവിക്കുകയും ചെയ്യുന്നു. നിങ്ങൾ സത്യം കേൾക്കുമ്പോൾ അതു നിങ്ങളിൽ ഒരു വിശപ്പും പ്രത്യാശയും ഉളവാക്കുകയും ചെയ്യുന്നു. ദൈവം നിങ്ങളിൽ വസിക്കുന്നു എന്നു നിങ്ങൾ ഗ്രഹിക്കുമ്പോൾ ദൈവാത്മാവ് നിങ്ങളിൽ ഉണർന്നുപ്രവർത്തിക്കുകയും എല്ലാമേഖലകളിലും നിങ്ങളെ വിടുവിക്കുകയും ചെയ്യുന്നു.

## ***നീതി അന്വേഷിക്കുക***

നീതിക്കായി നിങ്ങൾ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നുവെങ്കിൽ നിങ്ങൾ തൃപ്തരാകും. ഈ ലോകത്ത്, അതേ ക്രിസ്തീയ ലോകത്തിൽത്തന്നെയും നിങ്ങൾക്ക് അന്വേഷിക്കാനും പിൻചെല്ലാനും ശ്രദ്ധ പിടിച്ചെടുക്കാനും അനേകകാര്യങ്ങളുണ്ട്. നീതിയല്ലാതെ മറ്റുപലകാര്യങ്ങൾക്കായിട്ടു വിശക്കുവാനും ദാഹിക്കുവാനും പഠിപ്പിക്കുന്ന അനേകം ഉപദേഷ്ടാക്കന്മാരെ ടെലിവിഷനിലും മറ്റും നമുക്കിന്നു കാണാൻ കഴിയും. ഭൂമിയിൽ വരുവാനുള്ള ഭീകരതകളിലേക്ക് മനുഷ്യന്റെ ശ്രദ്ധ തിരിച്ച് ദൈവഭയം മനുഷ്യരുടെ ഉള്ളിൽ കൊണ്ടു വരുവാൻ ശ്രമിക്കുന്ന ഉപദേഷ്ടാക്കന്മാരും ഉണ്ട്. ഭൂമിയിലുള്ള ആക്ഷരിക യരൂശലേമിനെ നോക്കി വരുവാനിരിക്കുന്ന കാര്യങ്ങളെ കണക്കുകൂട്ടാൻ യേശു പഠിപ്പിച്ചില്ല. യേശു പഠിപ്പിച്ചത് സംഭവിക്കാനുള്ള കാര്യങ്ങളെക്കുറിച്ചുള്ള ഭയം നിമിത്തം അനേകരുടെ ഹൃദയങ്ങൾ തണുത്തു പോകുമെന്നാണ്. ചാർട്ടുകളും ഗ്രാഫുകളും നിരത്തിവച്ച് ഭൂമിയിൽ സംഭവിക്കാനിരിക്കുന്ന ഭീകരകാര്യങ്ങളെ സംബന്ധിച്ച് മനുഷ്യരെ പഠിപ്പിച്ച് അവരു ശ്രദ്ധ ദൈവത്തിന്റെ നീതിയെ അന്വേഷിക്കുന്നതിൽ നിന്നും തിരിച്ചുകളയുവാൻ നിങ്ങൾ ഉദ്യമിക്കുന്നു. ***ഈ കാര്യങ്ങൾ സംഭവിക്കുവാൻ തുടങ്ങുമ്പോൾ നിങ്ങളുടെ ദൃഷ്ടികളെ ഉയർത്തുവാനാണ്*** യേശു പഠിപ്പിച്ചത്. ചുറ്റും സംഭവിക്കുന്ന കാര്യ

ങ്ങളിലേക്കു ദൃഷ്ടി വെയ്ക്കുവാനല്ല, ദൃഷ്ടി ഉയർത്തുവാനാണ് യേശു പഠിപ്പിച്ചത്!

## *ഉയരത്തിലുള്ളത് അന്വേഷിപ്പിൻ*

***ആകയാൽ നിങ്ങൾ ക്രിസ്തുവിനോടു കൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിക്കുവിൻ*** (കൊലോസ്യർ 3:1) ഭൂമിയിലേക്കു വരുന്നതിനെയല്ല, ഉയരത്തിലേക്കു നോക്കുക! സ്വാഭാവിക ചിന്താതലത്തിൽ നിന്നും നിങ്ങളുടെ ബോധമണ്ഡലത്തെ ഉയരത്തിലുള്ളവ അന്വേഷിക്കുന്നതിലേക്കു തിരിക്കുവിൻ. സ്വാഭാവിക ചിന്താരീതികളോടും ജഡീക ജീവിതശൈലികളോടും മരിച്ചവരാണ് നിങ്ങൾ. നിങ്ങളുടെ പുതിയ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്ന ആ ജീവൻ തങ്ങളുടെ ഉള്ളിൽ ഉണ്ടാകുവാൻ വളരെ ദാഹത്തോടെ ആഗ്രഹിക്കുന്നവരാണ് അനുഗ്രഹിക്കപ്പെട്ടവർ. ഈ കൂട്ടർ തന്നെയാണ് നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന അനുഗ്രഹിക്കപ്പെട്ടവർ. ഒരു ക്രിസ്ത്യാനി തന്റെ ശ്രദ്ധയും, ദൃഷ്ടിയും, ലക്ഷ്യവും മറ്റെല്ലാ കാര്യങ്ങളിൽ നിന്നും തിരിച്ചശേഷം ദൈവത്തെയും തന്റെ നീതിയെയും മാത്രമേ അന്വേഷിക്കാവൂ.

ചുറ്റുപാടും, സഭയിൽത്തന്നെയും സംഭവിക്കുന്ന കാര്യങ്ങളിലേക്കു ജനത്തിന്റെ ശ്രദ്ധ വ്യതിചലിപ്പിച്ചാലുള്ള അവസ്ഥയെപ്പറ്റി നിങ്ങൾക്കൊന്നൂഹിക്കാമോ? ഭിന്നതയിലും, കിടമത്സരങ്ങളിലും, വാദപ്രതിവാദത്തിലുമാണ് നമ്മുടെ ശ്രദ്ധ ഇന്നു മുഖ്യമായും കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. ആരുടേതാണ് ശരിയായ ഉപദേശം, ഏതു സഭയാണ് മെച്ചപ്പെട്ട സഭ എന്നിത്യാദികാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയെ മുഴുവൻ പിടിച്ചു വച്ചിരിക്കുന്നത്. ക്രിസ്ത്യാനികൾ തങ്ങളുടെ ദൃഷ്ടി ഈ വിധത്തിലുള്ള കാര്യങ്ങളിൽ നിന്നും ഉയർത്തിയശേഷം ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും തങ്ങളുടെ ഉള്ളിൽ സജീവമാകുന്ന ആ യാഥാർത്ഥ്യത്തിലേക്കു നോക്കുവാൻ തുടങ്ങുമ്പോഴാണ് മഹത്വപൂർണ്ണവും കറയും ചുളിവുമില്ലാത്തുമായ സഭ ഭൂമിയിൽ വെളിപ്പെട്ടുവരുന്നത്. ***നാം ഒന്നാകേണ്ടതിന്*** വേണ്ടിയുള്ള യോഹന്നാൻ 17-ാം അദ്ധ്യായത്തിലെ യേശുവിന്റെ പ്രാർത്ഥന അപ്പോഴാണ് അന്വർത്ഥമാകുന്നത്. ക്രിസ്ത്യാനികളുടെ ഇടയിൽ ഭിന്നത ഉണ്ടെങ്കിൽ അതിനുകാരണം അവർ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നില്ല എന്നതുതന്നെയാണ്. ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളും അന്വേഷിക്കുന്നത് മറ്റെന്തൊക്കെയോ ആണ്. ദൈവത്തെയും അവിടുത്തെ അനുഗ്രഹങ്ങളെയും അന്വേഷിപ്പിൻ എന്നോ ദൈവത്തെയും അവിടുത്തെ സൗഖ്യവും സമൃദ്ധിയും അന്വേഷിപ്പിൻ എന്നോ യേശു പറഞ്ഞിട്ടില്ല. ദൈവത്തെയും അതോടൊപ്പം സഭയിൽ ഒരു പദവിയെയും എത്രയോപേർ അന്വേഷിക്കുന്നു! ഈ വക കാര്യങ്ങൾ തെറ്റല്ല.



നിങ്ങളുടെ വാസ്തവത്തിലുള്ള വിശപ്പ് എന്തിനുവേണ്ടിയാണ്? പദവികളും അംഗീകാരവും ലഭിക്കുന്നതിനാണോ, അതോ ദൈവത്തിന്റെ വിശുദ്ധസ്വഭാവം നിങ്ങളിൽ രൂപം കൊള്ളുന്നതിനാണോ നിങ്ങളുടെ ഹൃദയം കൊതിക്കുന്നത്? അനേകകാര്യങ്ങൾക്കായി, അതു ദൈവത്തിൽ നിന്നു തന്നെയാവട്ടെ, നിങ്ങൾ അഭിലഷിക്കുകയും അവ പ്രാപിക്കുകയും ചെയ്തശേഷവും ദൈവത്തിന്റെ ഉന്നതവിളി നിങ്ങൾക്കു നഷ്ടമായിപ്പോകുവാനിടയുണ്ട്. ***ദൈവത്തിനായും അവിടുത്തെ നീതിക്കായും വിശപ്പും ദാഹവും അനുഭവിക്കുന്നവരാണ് വാസ്തവത്തിൽ സന്തോഷം അനുഭവിക്കുന്നവർ.*** സമൃദ്ധി അന്വേഷിക്കുന്നുവെങ്കിൽ നിങ്ങൾ അതു പ്രാപിക്കും. എന്നാലും നിങ്ങളുടെ ഉള്ളിൽ ഒരു ശൂന്യത അനുഭവപ്പെടും. എന്നാൽ നിങ്ങൾ ദൈവത്തിന്റെ നീതി അന്വേഷിക്കുന്നുവെങ്കിൽ ദൈവത്തിന്റെ സ്വഭാവം നിങ്ങളിൽ വന്നു നിറയുകയും നിങ്ങൾക്കു വേണ്ടതെല്ലാം നിങ്ങൾ അന്വേഷിക്കാതെ തന്നെ കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നു. നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശവും പദ്ധതിയുമെല്ലാം ***അവിടുന്നു തന്നെ*** നിങ്ങളിൽ നിറഞ്ഞു വരണമെന്നാണ്. ദൈവത്താൽ നിറഞ്ഞുവരുന്നതിലാണ് മനുഷ്യന്റെ യഥാർത്ഥ സന്തോഷം അടങ്ങിയിരിക്കുന്നത്. നിങ്ങൾ ദൈവത്തെയും അവിടുത്തെ നീതിയെയും അന്വേഷിക്കുമ്പോൾ നിങ്ങൾ തൃപ്തരാകുമെന്ന് യേശു വാഗ്ദത്തം ചെയ്തിരിക്കുന്നു.

## *സ്വയജീവിതത്തിന്റെ മരണം*

സ്വയത്തെ മരണത്തിന് ഏല്പിക്കുന്നതിനെക്കുറിച്ച് അനേകം ഉപദേശങ്ങൾ ഇന്നു സഭയിലുണ്ട്. തങ്ങളെത്തന്നെ മരണത്തിന് ഏൽപ്പിക്കാനുള്ള ശ്രമത്തിൽ ആ ഉദ്യമങ്ങളെല്ലാം ജഡത്തിന്റെ പ്രവർത്തികളിൽ കലാശിക്കുകയാണ് പതിവ്. സ്വയത്തിന്റെ മരണം എന്നത് നിങ്ങൾക്കു നിവർത്തിക്കാവുന്ന ഒരു കാര്യമേയല്ല. ആത്മാവിനാലാണ് സ്വയത്തിന്റെ മരണം സാദ്ധ്യമാവുക.

ക്രിസ്തു ***ജീവിപ്പിക്കുന്ന ആത്മാവായി***ത്തീർന്നുവെന്ന് 1 കൊരി.15:45ൽ പറയുന്നു. നിങ്ങൾക്കു വേണ്ടതെല്ലാം ഈ ജീവിപ്പിക്കുന്ന ആത്മാവിലുണ്ട്. ദൈവത്തിന്റെ ജീവനും, ഉൽകൃഷ്ടവും ഉന്നതവുമായ യേശുവിന്റെ മനുഷ്യത്ത്വവും, അവിടുത്തെ മരണവും, ഉത്ഥാനവും, സ്വർഗ്ഗാരോഹണവും സിംഹാസനാരോഹണവും എല്ലാം ഈ ജീവിപ്പിക്കുന്ന ആത്മാവിലുണ്ട്. എപ്പോഴെല്ലാം നിങ്ങൾ ഈ ആത്മാവിനെ സ്പർശിക്കുന്നുവോ, അപ്പോഴെല്ലാം ഈ വസ്തുകളെല്ലാം നിങ്ങളിലേക്കുപകരപ്പെട്ടുകൊണ്ടിരിക്കുന്നു. നിങ്ങളുടെ സ്വയജീവിതം നിങ്ങളിൽ ഉയർന്നു വരുമ്പോൾ നിങ്ങളിലുള്ള ക്രിസ്തുവിന്റെ ആത്മാവിലേക്കു നിങ്ങൾ തിരിയുന്നുവെങ്കിൽ നിങ്ങളുടെ ജഡത്തിന്റെ പ്രവണതകൾ ഹനിക്കപ്പെടുന്നത് നിങ്ങൾക്ക് അനുഭവിക്കുവാൻ കഴിയും.

നീതിക്കുവേണ്ടിയുള്ള വിശപ്പും ദാഹവുമാണ് സ്വയം എന്ന പ്രശ്ന ത്തിനു പരിഹാരം. നീതിക്കുവേണ്ടി വിശന്നു ദാഹിക്കുവാനും അതേ സമയം തന്നെ സ്വാർത്ഥയിൽ കഴിയുവാനും നിങ്ങൾക്ക് സാദ്ധ്യമല്ല. നിങ്ങ ളുടെ പൈദാഹം നീതിക്കുവേണ്ടിയാണെങ്കിൽ നിങ്ങൾക്ക് ഇഷ്ടമുള്ളേട ത്തേക്കു പോകുവാനോ, ഇഷ്ടമുള്ളതു പറയുവാനോ ഇഷ്ടമുള്ളതു ചെയ്യുവാനോ നിങ്ങൾക്കു സാദ്ധ്യമല്ല. അതിനു കാരണം, ദൈവാത്മാവ് എപ്പോഴും നിങ്ങളെ അവിടുത്തെ പക്കലേക്ക് ആകർഷിച്ചുകൊണ്ടിരിക്കും എന്നതുതന്നെ.

## ദൈവത്തെ അനുസരിക്കാനുള്ള അദമ്യമായ വാഞ്ഛ

ദൈവത്തിനായുള്ള വിശപ്പും ദാഹവും നിങ്ങൾക്കുണ്ടെങ്കിൽ അവിടത്തെ അനുസരിക്കാനുള്ള അടങ്ങാത്ത ആഗ്രഹം നിങ്ങളിലുണ്ടാ വും. നിങ്ങൾ എപ്പോഴും അനുസരിച്ചെന്നുവരില്ല; നിങ്ങളുടെ സ്വഭാവ ത്തിൽ അപാകതകളുണ്ടാവാം; നിങ്ങളുടെ ഇച്ഛ തന്നെ നിങ്ങൾക്ക് ഒരു പ്രശ്നമായിരിക്കാം. എന്നാലും നിങ്ങളുടെ ആന്തരിക അവസ്ഥയെക്കുറി ച്ചാണ് ഞാൻ സംസാരിക്കുന്നത്. യേശു നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും കർത്താവായിരിക്കണമെന്ന് നിങ്ങൾ അത്യധികമായി ആഗ്ര ഹിക്കുന്നു. അതാണു നിങ്ങളുടെ ആഗ്രഹമെങ്കിൽ, അവിടുത്തോട് അനു രൂപപ്പെടാനുള്ള വിശപ്പും ദാഹവും നിങ്ങൾക്കുണ്ടെങ്കിൽ ***നിങ്ങൾക്കു തൃപ്തി വന്നിരിക്കും.*** അതങ്ങനെ തന്നെയാണെന്ന് എന്റെ അനുഭവത്തിൽ നിന്നും ഞാൻ പറയട്ടെ. പലകാര്യങ്ങളാൽ കെട്ടി വരിഞ്ഞിരുന്നതുകൊണ്ട് ദൈവം എങ്ങോ അകലെയാണെന്നു വിചാരിച്ച് ജീവിച്ച അനേക സമയ ങ്ങൾ എന്റെ ക്രിസ്തീയ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാലും ഞാൻ ദൈവത്തെ അന്വേഷിക്കുന്നതിൽ നിന്നും ഒരിക്കലും പിന്തിരിഞ്ഞിരുന്നി ല്ല. ഞാൻ കാലിഫോർണിയായിലെ ലങ്കാസ്റ്ററിൽ താമസിച്ചിരുന്ന കാലത്ത് ദൂരെ മരുഭൂമിയിലേക്ക് വണ്ടി ഓടിച്ചുപോയശേഷം ദൈവത്തിന്റെ മുഖം അന്വേഷിച്ചിരുന്നത് ഞാനോർക്കുന്നു. ഞാൻ പറയുമായിരുന്നു: "ദൈവ മേ, അങ്ങയുടെ സാന്നിദ്ധ്യത്തിന്റെ യാഥാർത്ഥ്യം എന്റെ ഉള്ളിൽ സജീ വമാകണം. മറ്റൊന്നും കൊണ്ട് ഈ ജീവിതത്തിനർത്ഥമില്ല. അങ്ങയുടെ രാജ്യത്തിന്റെ യാഥാർത്ഥ്യം എന്റെ ഉള്ളിൽ ഉണ്ടായേ മതിയാവൂ. എന്റെ ജീവിതത്തിന്റെ സകലമേഖലകളിലും അങ്ങ് കർത്താവായിത്തിരുന്നില്ലാ യെങ്കിൽ ഈ ജീവിതം കൊണ്ടെനിക്കൊരർത്ഥവുമില്ല". അബ്രാഹത്തി ന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവത്തെ ഞാൻ കണ്ടു മുട്ടി. ഞാനവിടുത്തെ മഹത്വത്തെ സ്പർശിച്ചു. അപ്രകാരം സംഭവിച്ചുക ഴിഞ്ഞാൽ പിന്നെ അവിടുത്തെ സ്വരൂപത്തോടനുരൂപമാകുന്നതൊഴിച്ച് മറ്റൊന്നുകൊണ്ടും നിങ്ങൾ തൃപ്തരാവുകയില്ല. നീതിക്കുവേണ്ടി നിങ്ങൾ എത്രമാത്രം വിശപ്പും ദാഹവം സഹിക്കുന്നുവോ അത്രമാത്രം രൂപാന്തരം നിങ്ങളിൽ വന്നുകൊണ്ടിരിക്കും. ദിവസം പ്രതി നിങ്ങൾ ദൈവത്തിന്റെ



പക്വതയുള്ള മകനായിക്കൊണ്ടിരിക്കും.

## *നീതിക്കായുള്ള വിശപ്പ്*

നീതീകരണം എന്ന അടിസ്ഥാന ഉപദേശം കൊണ്ടർത്ഥമാക്കുന്നത് ദൈവമുമ്പാകെ നീതീകരിക്കപ്പെട്ടവരായി നിൽക്കുന്നു എന്നാണ്. യേശു വിന്റെ "ജീവിപ്പിക്കുന്ന ആത്മാവിനെ" സ്വീകരിച്ച ഏതൊരുവനും അന്ധ കാരത്തിന്റെ ആധിപത്യത്തിൽ നിന്നും പുത്രന്റെ രാജ്യത്തിലേക്കു പ്രവേ ശിപ്പിക്കപ്പെട്ടിരിക്കുകയാണ്. വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ തൃപ്തരാകും. എനിക്ക് ഏകദേശം 11 വയസ്സുള്ളപ്പോൾ മുതൽ ദൈവ ത്തിനായുള്ള ആ വിശപ്പ് ഞാൻ അനുഭവിച്ചുപോന്നു. ദൈവത്തെ വാസ്ത വമായും അറിയാൻ ഞാൻ ആഗ്രഹിച്ചു. ഞാനൊരു സഭയിലാണ് വളർന്നു വന്നത്. എന്നാൽ ഞാൻ ആ സഭ കൊണ്ടു തൃപ്തനായിരുന്നില്ല. എന്റെ ഉള്ളിൽ ദൈവത്തിന്റെ യാഥാർത്ഥ്യം അനുഭവിക്കുവാൻ ഞാൻ അതി യായി വാഞ്ഛിച്ചു. എന്റെ അന്വേഷണവും ആഗ്രഹവും തുടർന്നുപോ ന്നു. എനിക്ക് 29 വയസ്സുള്ളപ്പോഴാണ് ഞാൻ വാസ്തവത്തിൽ മഹത്വവാ നായ ദൈവത്തെ കണ്ടുമുട്ടിയത്. അനേകനാളുകൾ എനിക്ക് അന്വേഷി ച്ചുകൊണ്ടേയിരിക്കേണ്ടി വന്നു. അതൊന്നും വ്യർത്ഥമായിപ്പോയില്ല. ദൈവത്തെ ഞാൻ ആദ്യം യഥാർത്ഥമായും അനുഭവിച്ചത് എനിക്കൊരി ക്കലും മറക്കാനാവില്ല. അനേകനാളുകൾ ഞാൻ അവന്റെ മുമ്പാകെ കരഞ്ഞു കൊണ്ടേയിരുന്നു. ക്രിസ്തുവിനെ അനുഭവിക്കുന്ന കാര്യത്തിൽ അനേകരും ഒരു "ഫാസ്റ്റ് ഫുഡ്" മനോഭാവത്തിലാണ്. ***ഇപ്പോൾ*** അവർക്കു ദൈവത്തെപ്പോലെയാകണം, ദൈവത്തിനായി കാത്തിരിപ്പാനോ ദൈവത്തെ അന്വേഷിപ്പാൻ സമയം ചെലവിടാനോ അവർ തയ്യാറല്ല. അവ നെപ്പോലെ ആകാൻ ആഗ്രഹിക്കുന്നുവെങ്കിലും അവരുടെ പ്രാണന്റെ രൂപാന്തരത്തിനായി കാത്തിരിപ്പാൻ അവർക്കു മനസ്സില്ല. എല്ലാം അവർക്ക് ***ഇപ്പോൾ*** തന്നെ വേണം, ***നിങ്ങൾ ക്ഷമ കൊണ്ടു നിങ്ങളുടെ പ്രാണനെ നേടും*** (ലൂക്കോ. 21:19) നാം സ്ഥിരതയുള്ളവരും ദൃഢചിന്തരും ആയിരി ക്കണം. യേശു പറഞ്ഞു: ***പൂർണ്ണ ഹൃദയത്തോടെ നിങ്ങൾ എന്നെ അന്വേ ഷിക്കുന്നുവെങ്കിൽ നിങ്ങൾ എന്നെ കണ്ടെത്തും*** (യിരെ. 29:13) "ഞായ റാഴ്ച -പ്രഭാത-മതത്തിൽ" (Sunday-Morning-Religion)യേശുവിനെ നിങ്ങൾ കണ്ടെത്തുകയില്ല. എല്ലാവരുടെയും മുമ്പിൽ നിന്ന് എന്തെങ്കിലും 'സാക്ഷ്യം' പറഞ്ഞതുകൊണ്ടും നിങ്ങളവിടുത്തെ കണ്ടെത്തുകയില്ല. അവി ടുത്തേക്കായി പൂർണ്ണഹൃദയത്തോടെ വിശക്കുകയും ദാഹിക്കുകയും ചെയ്യാതെ അവിടുത്തെ കണ്ടെത്തുവാൻ നിങ്ങൾക്കു കഴിയുകയില്ല. എബ്രായർ 11ന്റെ 6-ൽ പറയുന്നു: ***ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടു ക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.*** തന്റെ സ്വഭാവവും ഗുണങ്ങളും കൊണ്ട് നിങ്ങളെ നിറച്ചുകൊണ്ട് അവിടുന്നു പ്രതിഫലം തരുന്നു. അങ്ങനെ

നിങ്ങൾ അവിടുത്തോട് ഏകീഭവിക്കുന്നു!

ദൈവമുമ്പാകെ നേരാംവണ്ണം നിൽക്കാൻ കഴിയുന്ന അവസ്ഥയെയാണ് നീതികരണമെന്നതുകൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ അത് ഒരു ഉപദേശത്തിനുമപ്പുറത്തുള്ള കാര്യമാണ്. നീതിക്കായി നിങ്ങൾ വാസ്തവമായും വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന വ്യക്തിയാണെങ്കിൽ നിങ്ങളെ തൃപ്തിപ്പെടുത്തുവാൻ ഒരു ഉപദേശത്തിനും കഴിയുകയില്ല. ദൈവമുമ്പാകെ നിങ്ങൾ നില്ക്കുന്നത് യേശുവിന്റെ അതേ നീതിയിലാണെന്ന് നിങ്ങളോടു പറയുവാനും ബോദ്ധ്യപ്പെടുത്തുവാനും ദൈവവചനത്തിൽ നിന്നും തെളിയിച്ചു തരുവാനും കഴിഞ്ഞേക്കാം. യേശുവാണ് നിങ്ങളുടെ നീതിയെന്ന് ബുദ്ധിയിൽ നിങ്ങൾ ഗ്രഹിച്ചേക്കാം. ഇനിമേൽ നിങ്ങളുടെ ജീവിതത്തിൽ ശിക്ഷാവിധിക്കുസ്ഥാനമില്ലെന്നും നിങ്ങൾ ഗ്രഹിച്ചിരിക്കാം. എന്നാലും നിങ്ങളുടെ ***അവസ്ഥ(position)യെ*** വെളിപ്പെടുത്തുക മാത്രമാണ് നീതിയുടെ ഉപദേശം ചെയ്യുന്നത്. നിങ്ങളുടെ ***മനോഭാവ*** (disposition) ത്തിൽ നീതി ഒരു യഥാർത്ഥ അനുഭവമായിത്തീരുവാനുള്ള ആഗ്രഹം നിങ്ങളിൽ ഉണർത്തുവാൻ അതുപകരിക്കും. ദൈവം സംസാരിക്കുമ്പോൾ നിങ്ങൾ "ആമ്മേൻ" എന്നു പറയുന്നു. അവിടുന്നു "പോവുക" എന്നു കല്പിക്കുമ്പോൾ നിങ്ങൾ പോകുന്നു. എങ്ങനെ നിങ്ങൾ അവിടെയെത്തിച്ചേരും എന്നതിനെപ്പറ്റി നിങ്ങൾ ചിന്തിക്കേണ്ടതില്ല. അബ്രാഹാമിനെക്കുറിച്ചും ദാവീദിനെക്കുറിച്ചും വചനത്തിൽ വായിച്ച ശേഷം നാം പറയുന്നു: "എനിക്കും എബ്രായർ 11–ലെ വിശ്വാസ വീരന്മാരെപ്പോലെയാകണം" അവരെപ്പോലെയാകണമെങ്കിൽ അവർ ജീവിച്ചതുപോലെ ജീവിക്കണം. ആ മനുഷ്യർ ജീവിച്ചപ്രകാരം ജീവിക്കുന്ന ക്രിസ്ത്യാനികൾ ഇന്നെവിടെയുണ്ട്?

## *മേഘം മുന്നോട്ടു നീങ്ങുന്നു*

സഭയിൽ ഇന്ന് മേഘം ഉയർന്ന് മുന്നോട്ടു നീങ്ങുകയാണ്. അതോടൊപ്പം നാം നീങ്ങേണ്ടതുണ്ട്. നാം എല്ലാവരും ആ മേഘത്തിൻ കീഴിൽ സ്നാനമേറ്റവരാണ്. മരുഭൂമിയിൽ ഇസ്രായേൽ ജനം ആ മേഘത്തോടു കൂടി നീങ്ങേണ്ടിയിരുന്നു. മറ്റൊരുവഴിയും അവർക്കില്ലായിരുന്നു. ദൈവത്തെയാണ് നാം ഇന്നാഗ്രഹിക്കുന്നതെങ്കിൽ നമുക്കും മറ്റുവഴികളൊന്നുമില്ല. നാം ആ മേഘത്തോടു കൂടെ നീങ്ങിയേ മതിയാവൂ. തന്റെ ദാസന്മാരെ ദൈവം ഇന്നു സഭയിൽ നിയമിച്ചാക്കുകയാണ്. തന്നെക്കുറിച്ചുള്ള അറിവും പരിജ്ഞാനവും പകർന്നു തരുവാൻ തന്റെ ഹൃദയപ്രകാരമുള്ള ഇടയന്മാരെ അവിടുന്ന് എഴുന്നേൽപ്പിച്ചുകൊണ്ടിരിക്കുന്നു. അവരാകട്ടെ ദൈവത്തിന്റെ അഭിഷേകത്തിലും അധികാരത്തിൻ കീഴിലും ദൈവവചനത്തിലും മുമ്പോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നു. നാം അവരോടൊപ്പം നീങ്ങണം. ഞാൻ ക്രിസ്തുവിനെ അനുഗമിക്കുന്നതുപോലെ എന്നെ അനുഗമിപ്പിൻ എന്നു പറയുവാൻ ചങ്കൂറ്റമുള്ള ഇടയന്മാരെയാണ് നമുക്കിന്നാ



വശ്യം. നീതിക്കായി നിങ്ങൾ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നുവെങ്കിൽ ഒരു നാൾ നിങ്ങൾക്കും അങ്ങനെ പറയുവാനാകും. ഒരു ഉപദേശം നിങ്ങൾക്ക് തൃപ്തിവരുത്തുകയില്ല. ദൈവത്തിന്റെ നീതിയുടെ ഒരനുഭവം നിങ്ങൾക്കുണ്ടാകണം. ദൈവത്തിനു പ്രസാദകരമല്ലാത്ത പല ശീലങ്ങളും മേഖലകളും നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായേക്കാമെങ്കിലും പൂർണ്ണഹൃദയത്തോടെ നിങ്ങൾ അവിടുത്തെ അന്വേഷിക്കുന്നു എന്നു വരികിൽ, എല്ലാ ബന്ധനാവസ്ഥകളിൽ നിന്നും നിങ്ങൾക്ക് പൂർണ്ണമായ ഒരു വിടുതൽ ലഭ്യമാണ്.

നീതിക്കായുള്ള ഒരു വിശപ്പും ദാഹവും നിങ്ങൾക്കുണ്ടെങ്കിൽ പാപത്തിൽ നിന്നും വേറിട്ടുനില്ക്കാനുള്ള അത്യധികമായ ആഗ്രഹവും നിങ്ങൾക്കുണ്ടായിരിക്കും. നിങ്ങൾ പാപത്തിൽ കഴിയുകയും അത് നിങ്ങളെ യാതൊരുവിധേനയും അസ്വസ്ഥപ്പെടുത്തുകയും ചെയ്യുന്നില്ലെങ്കിൽ എനിക്കു നിങ്ങളോടു സഹതാപമേയുള്ളൂ. വിശുദ്ധിയെക്കുറിച്ചും നീതിയെക്കുറിച്ചും നിങ്ങൾക്കു കേൾക്കുവാൻ ആഗ്രഹമില്ലെങ്കിൽ, നിങ്ങളുടെയുള്ളിൽ ദൈവത്തിന്റെ സ്വഭാവം ഉളവായി വരുന്നതിനെക്കുറിച്ച് കേൾക്കുവാൻ നിങ്ങൾക്കിഷ്ടമില്ലെങ്കിൽ, ദൈവം എന്ന യഥാർത്ഥ്യം നിങ്ങളുടെ ഉള്ളിൽ വാസ്തവമായ ഒരനുഭവമായിത്തീരുന്നതുവരെ നിങ്ങൾ അവിടുത്തെ അന്വേഷിച്ചേമതിയാവൂ. നിങ്ങൾക്കിനിയും പ്രത്യാശക്കുവകയുണ്ട്. നിങ്ങളുടെ ഉള്ളിൽ ഒരു ചലനമുണ്ടാവുന്നതു വരെ ദൈവത്തെ നിങ്ങൾ അന്വേഷിക്കേണ്ടതുണ്ട്. ദൈവത്തിന്റെ നീതിക്കായി കാംക്ഷിക്കുന്ന ഏവനും ആഗ്രഹിക്കുന്നത് മത്തായി 5 മുതൽ 7 വരെ അദ്ധ്യായങ്ങളിൽ വരച്ചുകാണിച്ചിരിക്കുന്ന സ്വഭാവത്തോട് അനുരൂപപ്പെടുക എന്നതാണ്.

നാം ആയിരിക്കുന്ന അവസ്ഥയിൽ ദൈവം നമ്മെ സ്വീകരിക്കുന്നു. അവിടുത്തേക്കു നൽകുവാൻ നമ്മുടെ കയ്യിലൊന്നുമില്ല. ആ ഒന്നുമില്ലായ്മയെ അവിടുന്ന് സ്വീകരിച്ചശേഷം അവിടുത്തെ പുത്രന്റെ സാദൃശ്യത്തോടു അവിടുന്നു നമ്മെ അനുരൂപരാക്കുന്നു. യേശുവിന് ഭൂമിയിൽ വരുവാനും സഭയെ ശുശ്രൂഷിച്ചും ബലപ്പെടുത്തിയും കൊണ്ട് അതിനെ പണിയുവാനും ഈ ഭൂമിയിൽ ഒരു സന്ദർഭം കൂടി ലഭ്യമാകുന്നു. നിങ്ങളിൽത്തന്നെ നിങ്ങൾ എന്തൊക്കെയോ ആണെന്നു ഭാവിച്ചാൽ നിങ്ങൾ ഒന്നുമേയല്ല. ദൈവത്തിന്റെ ജനത്തെ കുറച്ചുകൂടി മെച്ചമായി നടത്താൻ നിങ്ങളെക്കൊണ്ടാവുമെന്ന് നിങ്ങൾ ധരിച്ചിരിക്കുന്നുവെങ്കിൽ എനിക്കു നിങ്ങളോടു സഹതാപം തോന്നുന്നു. ബലഹീനന്മാരെയും തങ്ങളാൽത്തന്നെ ഒന്നിനും കഴിവില്ലാത്തവരുമാണ് തങ്ങൾ എന്ന് ബോദ്ധ്യമുള്ളവരെയുമാണ് ദൈവം കൈക്കൊള്ളുകയും തന്റെ ശക്തിയും കഴിവുകളും കൊണ്ട് നിറയ്ക്കുകയും ചെയ്യുന്നത്.

***തന്നെക്കൊണ്ടു തന്നെ നിങ്ങളെ നിറയ്ക്കുവാൻ ദൈവം ആഗ്ര***

*ഹിക്കുന്നു*. ദൈവിക ജീവൻ നിങ്ങളിൽ വെളിപ്പെട്ടു വരുക എന്നതുതന്നെയാണ് നിങ്ങളുടെ ദാഹവും ആഗ്രഹവുമെങ്കിൽ യേശുവിന്റെ ജീവിതം നിങ്ങൾ പഠിക്കണം. മനുഷ്യനായ യേശുവിനെ ഒന്നു നോക്കൂ. അവൻ ദൈവത്തിന്റെ കൂടാരമാണ്. ദൈവത്വത്തിന്റെ സമ്പൂർണ്ണത അവനിലാണ്. എല്ലാം അവനാലും അവനിലൂടെയും അവനു വേണ്ടിയും നിർമ്മിക്കപ്പെട്ടിരിക്കുന്നു. അവന്റെ സന്തോഷത്തിനായാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്താണവന്റെ സന്തോഷം? ***അവനാൽത്തന്നെ നിങ്ങളെ നിറയ്ക്കുക***. ഇതാണവിടുത്തെ ഉദ്ദേശം. നീതിക്കും വിശുദ്ധിക്കും വേണ്ടിയുള്ള ദാഹത്താൽ നിങ്ങളെ നിറയ്ക്കാൻ അവിടുന്നാഗ്രഹിക്കുന്നു. അവിടുത്തോടുള്ള ശരിയായ ബന്ധത്തിനുള്ള ആഗ്രഹത്താൽ നിങ്ങൾ നിറയപ്പെടാൻ അവിടുന്നാഗ്രഹിക്കുന്നു. നമ്മുടെ ശ്രമം കൊണ്ട് അനുകരിക്കാൻ പറ്റുന്ന ഒരു വ്യക്തിയല്ല യേശു. ദൈവത്വത്താൽത്തന്നെ നമ്മെ നിറയ്ക്കുവാൻ അവിടുന്നാഗ്രഹിക്കുന്നു. അങ്ങനെ അവിടുന്ന് എന്തായിരിക്കുന്നുവോ അതു തന്നെ നാമും ആയിത്തീരുന്നു. തന്റെ "ജീവിപ്പിക്കുന്ന ആത്മാവിനാൽ" അവൻ നിങ്ങളിൽ പ്രവേശിക്കുമ്പോൾ നിങ്ങൾ അവനെപ്പോലെയാകുന്നു. തങ്ങളുടെ തന്നെ ശ്രമത്താൽ അവനെപ്പോലെയാകാൻ കഴിയുമെന്ന യാതൊരു വ്യാമോഹവുമില്ലാത്ത ഒരു ജനത്തെയാണ് ദൈവം ആഗ്രഹിക്കുന്നത്. അങ്ങനെയുള്ളവർ ദൈവം അവരിൽ ചെയ്യാവാനാഗ്രഹിക്കുന്ന പ്രവർത്തി അവിടുന്നു ചെയ്യാൻ തുടങ്ങുന്നതുവരെ അവിടുത്തെ അന്വേഷിക്കുകയും ചെയ്യുന്നു. ***അവനാൽത്തന്നെ നിങ്ങളെ പൂർണ്ണമായും നിറയ്ക്കുകയെന്നതാണ് അവിടുത്തെ ആഗ്രഹം.*** അനേകർ തികച്ചും ആത്മാർത്ഥമായി ദൈവഹിതം അറിയേണ്ടതിനു വേണ്ടി പ്രാർത്ഥിക്കാറുണ്ട്. ആഫ്രിക്കയിലേക്കോ മറ്റേതെങ്കിലും ദൂരയിടങ്ങളിലേക്കോ അവരെ ദൈവം അയക്കുവാനാഗ്രഹിക്കുന്നുവോ എന്നറിയാനായിരിക്കും അവർ പ്രാർത്ഥിക്കുന്നത്. എന്നാൽ നിങ്ങൾ സമയമെടുത്ത് ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുന്നുവെന്നുവരികിൽ അവിടുന്നു നിങ്ങളെ സ്വന്ത ആത്മാവിനാൽ നിറയ്ക്കുന്നു. നിങ്ങളുടെ ജീവിതത്തെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഹിതം എന്താണെന്ന് നിങ്ങൾ അപ്പോൾ ഗ്രഹിക്കും.

നീതിക്കായി വിശക്കുക എന്നു വച്ചാൽ നിങ്ങളുടെ സർവ്വവും നിങ്ങൾ അന്വേഷിക്കുന്ന കാര്യത്തിലേക്കു വയ്ക്കുക എന്നാണ്. തങ്ങളുടെ സ്വാഭാവികതലത്തിൽ മനുഷ്യരെല്ലാം ചെയ്യുന്നത് ഇതുതന്നെയാണ്. തങ്ങളുടെ സമയം മുഴുവനും, ധനം മുഴുവനും, പഠനം മുഴുവനും മനുഷ്യർ ചെലവിടുന്നത് അവർ എന്താകുവാൻ ആഗ്രഹിക്കുന്നുവോ അതാകുവാനായിട്ടാണ്. ദൈവത്തിനായിട്ട് നാം വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നുവെങ്കിൽ രാജ്യം ഭൂമിയിൽ വെളിപ്പെട്ടുവരുന്നതിനെ നിങ്ങൾ മറ്റെന്തിനെക്കാളും കൂടുതലായി വിലമതിക്കും.

***മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതു***



***പോലെ ദൈവമേ, എന്റെ ആത്മാവ് നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു. എന്റെ ആത്മാവ് ദൈവത്തിനായി, ജീവനുള്ള ദൈവത്തിനായി തന്നെ ദാഹിക്കുന്നു*** (സങ്കീ 42:12)

ദൈവത്തെ അന്വേഷിക്കുന്നതിലേക്ക് നമ്മുടെ പ്രാണനെ പരിചയിപ്പിക്കേണ്ടതുണ്ട്. നമ്മിലുള്ള ദൈവത്തിന്റെ ജീവനെ നമ്മുടെ പ്രാണനിലേക്ക് അനുസ്യൂതം ഒഴുക്കുന്നതെങ്ങനെയെന്നു നാം അറിയണം. അപ്പോഴാണ് ദൈവത്തിനു വേണ്ടിയുള്ള ദാഹം പ്രാണനിൽ ഉളവായിവരുന്നത്.

***സൈന്യങ്ങളുടെ യഹോവേ,***
***തിരുനിവാസം എത്ര മനോഹരം!***
***എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ***
***വാഞ്ഛിച്ചു മോഹിച്ചു പോകുന്നു;***
***എന്റെ ഹൃദയവും എന്റെ മാംസവും***
***ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു***

(സങ്കീ. 84:1-2)

നമ്മുടെ ഹൃദയവും നമ്മുടെ മാംസവും പാപത്തിന്റെ ഭോഗത്തിനും ജഡത്തിന്റെ മോഹങ്ങൾക്കുമായല്ല, ദൈവത്തിനായിട്ടാണ് വെമ്പൽ കൊള്ളുന്നത്. ദൈവത്തിനായി വിശക്കുകയും ദാഹിക്കുകയും ചെയ്യുമ്പോൾ ഇതുതന്നെയായിരിക്കും നമ്മുടെ അനുഭവം.

യഥാർത്ഥത്തിലുള്ള ആത്മീക അനുഗ്രഹം എന്തെന്ന് മനസിലാകണമെങ്കിൽ ദൈവത്തിനും അവിടുത്തെ നീതിക്കുമായുള്ള വിശപ്പുദാഹവും ഒരുവന് ഉണ്ടായേ തീരൂ. ഒരു പക്ഷേ നല്ല ആരോഗ്യവും, സമ്പൽസമൃദ്ധിയും, ഒരളവിലുള്ള സമാധാനവും നിങ്ങൾ പ്രാപിച്ചേക്കാം.എന്നാൽ നിങ്ങൾ പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുന്ന ഒരുവനല്ല എങ്കിൽ വാസ്തവത്തിലുള്ള ആത്മീയ അനുഗ്രഹം എന്നതിനെക്കുറിച്ച് നിങ്ങൾ അജ്ഞനായിരിക്കും.

## അളവില്ലാത്ത കൃപ

നമ്മുടെ സ്വഭാവികജഡിക പ്രകൃതം കൊണ്ട് ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്ന അവസ്ഥയിൽ എത്തിച്ചേരുവാൻ സാദ്ധ്യമല്ലായെന്ന് നമുക്കറിയാം. എന്നാൽ നിങ്ങൾ ആ അവസ്ഥയിൽ എത്തുന്നില്ലയെങ്കിൽ അതു ദൈവത്തിന്റെ പോരായ്മയല്ല. മനുഷ്യർ പറയാറുണ്ട്. "ഞാൻ വിശുദ്ധിയിൽ ജീവിക്കാനാഗ്രഹിക്കുന്നു. ദൈവം അങ്ങനെ അനുവദിക്കുന്നില്ലെങ്കിൽ അതെന്റെ കുറ്റമല്ല". റോമൻ 5-ന്റെ 17-ൽ പൗലോസ് പറയുന്നു: ***ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവൻ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും.***

നിങ്ങൾക്ക് ഈ സമൃദ്ധമായ കൃപ ***ലഭിച്ചിട്ടുണ്ടോ?*** ഇവിടെ പറഞ്ഞിരിക്കുന്നത് കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ***ലഭിക്കുന്നവർ*** എന്നാണ്; ***നല്കപ്പെട്ടവർ*** എന്നല്ല. ദൈവം മുഖപക്ഷം നോക്കുന്നവനല്ല. ചിലർക്കു നല്കുകയും ചിലർക്കു നല്കാതിരിക്കുകയും ചെയ്യുന്ന ഒരുവനല്ല ദൈവം. ദൈവം നല്കുന്നതിനെ നാം സ്വീകരിക്കേണ്ടതുണ്ട്. ഇതാണ് കൃപയുടെ സുവിശേഷം. ആത്മാവിനാൽ ജനിക്കുന്നതിനുമുമ്പ് നിങ്ങൾ പാപത്തിന്റെയും മരണത്തിന്റെയും ബന്ധനാവസ്ഥയിലാണ്. നീതിയും വിശുദ്ധിയും നിങ്ങൾക്കന്യമാണ്. അതിനൊരു മാറ്റം വരുത്തുവാൻ നിങ്ങൾക്കു കഴിയുന്നതുമില്ല. ദൈവത്തിന്റെ മുമ്പാകെ വരണമെങ്കിൽ നിങ്ങൾ വിശുദ്ധരായിരിക്കണമെന്നു ദൈവം പറയുന്നു. ഒരുവിധ പാപത്തിനും അനീതിക്കും അവിടുത്തെ മുമ്പാകെ നില്പാൻ സാദ്ധ്യമല്ല. അവിടുന്നു വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിക്കണമെന്ന് അവിടുന്നു നിഷ്കർഷിക്കുന്നു. ഇവിടെയാണ് കൃപ കടന്നുവരുന്നത്. ആരെല്ലാം ഈ കൃപ സ്വീകരിക്കുന്നുവോ, ആരെല്ലാം ദൈവവചനം തങ്ങൾക്കായി സ്വീകരിച്ചശേഷം ആ വചനത്തോടു വിശ്വാസം ചേർക്കുന്നുവോ അവരെല്ലാവരും ജീവനിൽ വാഴുവാനാരംഭിക്കുന്നു. ഒരുവന്റെ ലംഘനത്താൽ മരണം വാണു എങ്കിൽ ***പാപത്തിന്റെയും മരണത്തിന്റെയും ദാനം എത്രയധികം ശക്തിയേറിയതാണ്. നിയമത്തെക്കാൾ കൃപയുടെ ദാനം എത്രയധികം ശക്തിയേറിയതാണ്.*** ദൈവം തന്റെ കൃപ മുഴുവനും നമുക്കായി ഒഴിച്ചു തന്നിരിക്കുന്നു. ദൈവത്തിന്റെ വചനത്തിൽ ഒരു കാര്യം വ്യക്തമാണ്: ദൈവത്തെ മുഴുവനായി കൈക്കൊള്ളുവാൻ നിങ്ങൾ ചെയ്യേണ്ട ഏകകാര്യം നിങ്ങളെത്തന്നെ മുഴുവനായി തുറന്നു കൊടുക്കുക എന്നതാണ്. ഒരു ക്രിസ്ത്യാനി ആകുവാനുള്ള എല്ലാ ***ശ്രമങ്ങളിൽ*** നിന്നും കൃപ നമ്മെ മോചിപ്പിക്കുന്നു. ***നീതിമാനാകുവാൻ*** നിങ്ങൾ ഇപ്പോഴും ***ശ്രമിച്ചുകൊണ്ടിരിക്കുന്നെങ്കിൽ*** സുവിശേഷത്തിന്റെ ലാളിത്യം നിങ്ങൾക്കന്യപ്പെട്ടിരിക്കുന്നു. നിങ്ങൾ വാസ്തവത്തിൽ ഒരു ക്രിസ്ത്യാനിയാണെങ്കിൽ, യേശു നിങ്ങളുടെ ഉള്ളിൽ ജീവിക്കുന്നുവെങ്കിൽ, അവിടുന്നു തന്റെ ജീവൻ നിങ്ങളിൽ ജീവിച്ചുകൊള്ളും. ഒന്നുകിൽ നിങ്ങൾ ദൈവത്തിൽ നിന്നും ജനിച്ചിട്ടുണ്ട്, അല്ലെങ്കിൽ ജനിച്ചിട്ടില്ല; ഒന്നുകിൽ നിങ്ങൾ ഇപ്പോഴും നഷ്ടപ്പെട്ടവരാണ്, അല്ലെങ്കിൽ കണ്ടെത്തപ്പെട്ടവരാണ്; ഒന്നുകിൽ നിങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്, അല്ലെങ്കിൽ കൃപയുടെയും നീതിയെന്ന ദാനത്തിന്റെയും സമൃദ്ധി നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

## എങ്ങനെ ഈ കൃപ പ്രാപിക്കും

എന്റെ ജീവിതകാലം മുഴുവൻ ഒരു നീതിമാനായി ജീവിക്കാൻ ഞാൻ ശ്രമിച്ചു. എങ്കിലും ഞാൻ വിജയിച്ചില്ല. ഇനി ഞാൻ എന്തുചെയ്യും? നിങ്ങളുടെ ചോദ്യവും ഇതു തന്നെയായിരിക്കാം. ഇത് അത്രമാത്രം ലളി



തമായ ഒരു കാര്യമായതുകൊണ്ടുതന്നെ അനേകരും ഇതു കാണാതെ പോകുന്നു. നിങ്ങൾ ചെയ്യേണ്ടിയിരിക്കുന്നത് ഇതു ***സ്വീകരിക്കുക*** മാത്രമാണ്. നിങ്ങൾ ഇപ്പോൾ എന്തായിരിക്കുന്നു എന്നത് നിങ്ങൾ ജീവിതകാലം മുഴുവൻ എന്തുസ്വീകരിച്ചു എന്നതിന്റെ ഫലമാണ്. ***ഒരുവൻ ഹൃദയത്തിൽ എന്തു സ്വീകരിക്കുന്നുവോ അപ്രകാരം തന്നെ അവൻ ആയിത്തീരുന്നു.*** തന്റെ സ്വന്തശക്തിയാലോ, തന്റെ സ്വാഭാവിക പ്രകൃതത്താലോ ദൈവത്തിന്റെ ജീവൻ തന്നിൽ ഉല്പാദിപ്പിക്കുവാൻ ഒരുവനു കഴിയുകയില്ല. എന്നാൽ അതു കൈനീട്ടി വാങ്ങുവാൻ അവനു കഴിയും. നിങ്ങൾ ദൈവത്തിന്റെ ജീവനല്ല വെളിപ്പെടുത്തുന്നതെങ്കിൽ നിങ്ങൾ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ശരിയായതല്ല. ദൈവീകകാര്യങ്ങളാണ് നിങ്ങൾ ഇപ്പോൾ നിങ്ങളുടെ ഉള്ളിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെങ്കിൽ ആത്മാവിന്റെ ഫലങ്ങൾ, അതായത് സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, വിനയം, നന്മ, വിശ്വാസം, സൗമ്യത, ആത്മനിയന്ത്രണം എന്നിവ നിങ്ങളിൽ ഉളവായിവരും. ഇപ്രകാരം നിങ്ങൾ ജീവിക്കുന്നുവെങ്കിൽ പുറമേ നിന്നുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് നിങ്ങൾ ജീവിക്കേണ്ടതില്ല. ദൈവത്തിനായി നിങ്ങൾ വിശക്കുകയും ദാഹിക്കുകയും ചെയ്യുമ്പോൾ ഈ വക ഫലങ്ങൾ ***നിങ്ങളിൽ വളർന്നുകൊണ്ടേയിരിക്കും.***

## യേശുവിനെ ഭക്ഷിക്കാൻ പഠിക്കണം

നിങ്ങളുടെ ആത്മീയ ജീവിതത്തിലെ ഏറ്റവും പ്രയോജനകരമായ കാര്യം യേശുവിനെ ഭക്ഷിക്കുവാൻ പഠിക്കുക എന്നതാണ്. യോഹന്നാൻ 6-ൽ യേശു പറയുന്നു. ***സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാൻ ആകുന്നു...... തിന്നുന്നവൻ മരിക്കാതിരിക്കേണ്ടതിന് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങുന്ന അപ്പം...... ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിൻമൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും.*** നിമിഷംതോറും യേശുവിനെ ഭക്ഷിക്കുന്നതെങ്ങനെയെന്നു നാം പഠിച്ചാൽ അവിടുത്തെ ജീവൻ നമ്മിൽ വളരുകയും ആ ജീവൻ മൂലം നാം ജീവിക്കാൻ തുടങ്ങുകയും ചെയ്യും.

നിങ്ങളിലേക്ക് നിങ്ങൾ സ്വീകരിക്കുന്ന അതേ കാര്യങ്ങളാണ് നിങ്ങൾ വെളിപ്പെടുത്തുന്നത്. നിങ്ങൾ ചിലരുടെ സമീപത്തായിരിക്കുമ്പോൾ അവർ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത് കായികമത്സരങ്ങളാണ്. രാവും പകലും അവർ സ്വീകരിക്കുന്ന കാര്യം കായിക മത്സരങ്ങളാണ്. അവർ തിന്നുന്നതും കുടിക്കുന്നതും ചിന്തിക്കുന്നതും ശ്വസിക്കുന്നതും കായികമത്സരങ്ങളാണ്. ഒരു മനുഷ്യനെ അല്പസമയം ശ്രവിച്ചാലറിയാം അവന്റെ ഹൃദയം എവിടെയാണിരിക്കുന്നതെന്ന്. യേശു പറഞ്ഞു: ***ഒരുവന്റെ ഹൃദയത്തിന്റെ നിറവിൽ നിന്നാണ് അവന്റെ അധരം സംസാരിക്കുന്നത്.*** നിങ്ങൾ അകത്തേക്കു സ്വീകരിക്കുന്ന കാര്യങ്ങളാണ് നിങ്ങ

ളുടെ അധരങ്ങളിൽ നിന്നും പുറപ്പെട്ടുവരുന്നത്. സഭയിലെ വിശുദ്ധന്മാരുടെ സമീപം നിങ്ങൾ ആയിരിക്കുമ്പോൾ മറ്റു സംസാരങ്ങൾക്കവിടെ സ്ഥാനമില്ല. അവരുടെ വാക്കുകളിൽക്കൂടി കർത്താവു തന്നെ വെളിപ്പെട്ടുവരുന്നു. ഒരുവന്റെ സംസാരവിഷയം കർത്താവാണെങ്കിൽ അവർ ഭക്ഷിക്കുന്ന ആത്മീയ ഭക്ഷണം കർത്താവു തന്നെയാണ്. നാം ഒന്നിച്ചു ചേരുമ്പോൾ, നാം കൂടിവരുന്നിടത്ത് കുറച്ചുപേരെ ഉള്ളെങ്കിൽ പോലും കർത്താവിന്റെ സാന്നിധ്യം അവിടം മനോഹരമാക്കുന്നു.

നിങ്ങൾ സമൃദ്ധമായ കൃപയും നീതിയെന്ന ദാനവും പ്രാപിപ്പാൻ ആഗ്രഹിക്കുന്നുവങ്കിൽ നിങ്ങൾ ചെയ്യേണ്ടതിതാണ്: ദൈവത്തിന്റെ ജീവൻ നിങ്ങളിൽ പ്രവഹിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന എന്തിനെയും നിങ്ങൾ ഉപേക്ഷിക്കണം. ഇത് നിശ്ചയമായും അത്ര എളുപ്പമുള്ള വചനമല്ല. ഒരു ക്രിസ്ത്യാനിയാവുകയെന്നത് അത്ര എളുപ്പമുള്ള കാര്യമാണെന്ന് യേശു തന്റെ ശിഷ്യന്മാരെ ഒരിക്കലും പഠിപ്പിച്ചില്ല. നിങ്ങളുടെ വഴികളെയും നിങ്ങളുടെ മോഹങ്ങളേയും നിങ്ങൾ മുറുകെപ്പിടിക്കുന്നിടത്തോളം കാലം ക്രിസ്തീയ ജീവിതം നിങ്ങൾക്ക് വളരെ പ്രയാസമുള്ളതായിരിക്കും. സദൃശ്യവാക്യങ്ങൾ പറയുന്നത് ലംഘനക്കാരന്റെ വഴിയാണ് കടുപ്പമേറിയതെന്നാണ്. ഒരു ക്രിസ്ത്യാനിയായിരിക്കുകയെന്നത് അത്യധികം വിഷമകരമായ ഒരു കാര്യമാണെന്ന് ഞാൻ മുമ്പ് പലതവണ പറഞ്ഞിട്ടുണ്ട്. തന്റെ വഴികളെ മുറുകെപ്പിടിക്കുന്ന ഒരു ലംഘനക്കാരനെയാണ് ഞാൻ അതുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. നിങ്ങൾ വാസ്തവമായും നീതിക്കായി വിശക്കുന്നുവെങ്കിൽ നീതിക്കുവിരോധമായി നില്ക്കുന്ന എന്തിനെയും നിങ്ങൾ തള്ളിക്കളയും. ആത്മീക വിശപ്പിനെ കെടുത്തുന്ന എല്ലാറ്റിനെയും നിങ്ങൾ തള്ളിക്കളയേണ്ടതുണ്ട്. അനേക ക്രിസ്ത്യാനികളും നീതിക്കായി ദാഹിക്കാത്തതിനു കാരണം അവർ തന്നെയും തങ്ങൾ ഇത്രനാൾ സ്വീകരിച്ചുപോന്ന കാര്യങ്ങളുടെ ഉൽപ്പന്നം ആകുന്നതുകൊണ്ടാണ്. അനേക ക്രിസ്ത്യാനികൾക്കും ആത്മീകമായിട്ടുള്ള വിശപ്പുണ്ടാകുവാനുള്ള ശുഷ്ക്കാന്തി ഇല്ല. ആത്മീകഭക്ഷണം ഉൾക്കൊള്ളുവാൻ നാം നമ്മെത്തന്നെ ശിക്ഷണം ചെയ്യണം. നിങ്ങളുടെ തൃപ്തികരമല്ലാത്ത അവസ്ഥയിൽ തുടർന്നു പോകുവാൻ നിങ്ങളെ അനുവദിക്കുന്ന ഒരു സുവിശേഷം എന്നല്ല കൃപയുടെ സുവിശേഷം എന്നതുകൊണ്ടർത്ഥമാക്കുന്നത്. നിങ്ങൾ കൃപ അനുഭവിക്കുമ്പോൾ നീതിക്കുവേണ്ടിയുള്ള ഒരു വിശപ്പുളവാക്കാൻ അത് ഇടയാക്കും. അങ്ങനെ നിങ്ങളുടെ ബന്ധനാവസ്ഥയിൽ നിന്നും നിങ്ങൾക്കു പുറത്തുവരുവാനാകും.

## ആത്മീക വിശപ്പ് വളർത്തിയെടുക്കുക

നമ്മുടെ ആത്മീയ വിശപ്പ് നാം വളർത്തിയെടുക്കേണ്ടതുണ്ട്. ചിലപ്പോൾ നാം വിട്ടുകളയേണ്ടുന്ന കാര്യങ്ങൾ നമ്മുടെ പാപങ്ങൾ തന്നെയാവണം എന്നു നിർബന്ധം ഇല്ല. ദൈവത്തെ അന്വേഷിക്കുന്നതിൽ നിന്നും



നമ്മെ വിഘ്നപ്പെടുത്തുന്ന ഏതൊരു കാര്യവും വിട്ടുകളയേണ്ടതു തന്നെയാണ്. ദൈവത്തിന്റെ വചനത്തിലും അവിടുത്തെ സാന്നിദ്ധ്യത്തിലും സമയം ചെലവിടേണ്ടതുണ്ട്. ദൈവവചനം വായിക്കുന്നതിനും പഠിക്കുന്നതിനും സമയം കിട്ടുന്നില്ലെങ്കിലും പത്രവായനയ്ക്കും മറ്റുകാര്യങ്ങൾ വായിക്കുന്നതും അവർ സമയം ചെലവിടുന്നു. ദൈവകാര്യങ്ങൾക്കായുള്ള വിശപ്പ് എന്തുകൊണ്ട് തങ്ങൾക്കില്ല എന്ന് അവർക്കു മനസ്സിലാവുന്നില്ല. ഇത് നമ്മുടെ തീരുമാനമാണ്. ഒന്നുകിൽ നമുക്ക് ആത്മീകമായ വിശപ്പ് പ്രാപിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യാം, അല്ലെങ്കിൽ പ്രാകൃത, ജഡികകാര്യങ്ങൾക്കായുള്ള വിശപ്പ് പ്രാപിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യാം. എല്ലാക്കാര്യങ്ങളിലും തന്നിലേക്കുവളർന്നു വരുവാനാവശ്യമായ എല്ലാം ദൈവം നമുക്കു പ്രദാനം ചെയ്തിട്ടുണ്ട്. നമ്മുടെ പ്രാകൃത സ്വാർത്ഥ ജീവൻ (natural selfish life) നിലത്തുവീണു ചാകണം. ഓരോ ദിവസവും നാം ആത്മീകപോഷണം ലഭിക്കുവാൻ യത്നിക്കേണ്ടതുണ്ട്. ആത്മീകമായി വളരെയധികം വിശപ്പുള്ളവരെ ഞാൻ കണ്ടിട്ടുണ്ട്. ക്രിസ്തീയസന്ദേശങ്ങളുടെ ടേപ്പുകൾ കേൾക്കുന്നതിനും ആത്മീയ പുസ്തകങ്ങൾ വായിക്കുന്നതിനും അവസരം ലഭിക്കുമ്പോഴൊക്കെ സഭയിൽ (ഒരു നല്ല സഭ കണ്ടെത്താനായാൽ അവിടെ) പോകുന്നതിനും അവർ വ്യഗ്രതയുള്ളവരാണ്. സത്യം ഗ്രഹിക്കുന്നതിനുവേണ്ടി ഒരേടേപ്പുതന്നെ പല ആവർത്തി അവർ കേട്ടെന്നു വരാം. നീതിക്കുവേണ്ടി വിശക്കുക എന്നു പറഞ്ഞാൽ അതാണ്.

നീതിക്കായി നിങ്ങൾ വിശപ്പുള്ളവരെങ്കിൽ അഭിഷേകം ഉള്ളിടത്ത് ആയിരിപ്പാൻ നിങ്ങൾ ആഗ്രഹിക്കും. നിങ്ങൾ വെളിച്ചത്തിൽ നിന്നും ഓടി ഒളിക്കുകയില്ല, വെളിച്ചത്തിലേക്ക് ഓടിയണയും. ഞായറാഴ്ച ഭക്തികൊണ്ട് ഒന്നുമാവുകയില്ല! വിശുദ്ധന്മാർ കൂടിവരുമ്പോഴൊക്കെ അവരുടെ കൂടെയായിരിപ്പാൻ നിങ്ങൾ ആഗ്രഹിക്കും. ജനം കൂടിവരുമ്പോൾ ദൈവത്തിന്റെ സാന്നിദ്ധ്യവും അഭിഷേകവും അവരുടെ കൂടിവരവുകളിൽ ഉണ്ടെങ്കിൽ അവിടെ നിങ്ങൾ ആയിരിക്കേണ്ടതുണ്ട്. ദൈവത്തിന്റെ അഭിഷേകവും സാന്നിദ്ധ്യവുമുള്ള ഒരു സഭ നിങ്ങൾക്കു കണ്ടെത്താനായില്ലെങ്കിൽ ദൈവസാന്നിധ്യത്തിൽ കൂട്ടായ്മ അനുഭവിക്കുവാനായി ഏതാനും വിശുദ്ധരോടു കൂടി നിങ്ങളുടെ ഭവനങ്ങളിൽത്തന്നെ കൂടി വരേണ്ടതുണ്ട്.

യേശുവിനെ ഭക്ഷിക്കുന്നതിനെപ്പറ്റി ധ്യാനിച്ചവേളയിൽ ഈ എഴുത്തുകാരനു ലഭിച്ച സന്ദേശമാണ് താഴെക്കൊടുത്തിരിക്കുന്നത്.

*ഇതാ ഞാൻ നിന്റെ ബോധമണ്ഡല(consciousness)ത്തിന്റെ വാതിൽക്കൽ നിന്നുമുട്ടുന്നു. നീയെനിക്കു തുറന്നു തന്നാൽ ഞാൻ അകത്തു വരികയും ഞാൻ നിന്നോടൊപ്പവും നീ എന്നോടൊപ്പവും ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യും. എന്റെ തോട്ടത്തിൽ കടന്നുവന്ന് നിന്നോടൊപ്പമുള്ള മധുരമായ കൂട്ടായ്മയ്ക്ക് ഞാൻ കൊതിക്കുന്നു. നിന്റെ ഉള്ളിലുള്ള എന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് നീ എപ്പോഴും ബോധവാനല്ലായിരിക്കാം. പക്ഷേ ഞാൻ നിന്നോട് ഒന്നുപറയട്ടെ- നിന്റെ ഉള്ളിൽ*

*ഞാനുണ്ട്. എന്റെ പ്രകാശത്തിലേക്കും വെളിപാടിലേക്കും നിന്റെ ഉള്ളിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്ന എന്റെ ആത്മാവിലേക്കും ഞാൻ നിന്നെ ഇനിയും അധികമായി കൊണ്ടുവരും. എന്നെ നീ അധികമളവിൽ അന്വേഷിക്കുംതോറും എന്റെ സാന്നിദ്ധ്യത്തിലുള്ള സന്തോഷത്തിന്റെ പൂർണ്ണത നീ അധികമളവിൽ അനുഭവിക്കും. എന്നെ നീ ഭക്ഷിക്കുവാൻ പഠിക്കുന്ന തനുസരിച്ച് ഏതു സമയത്തും എന്റെ സാന്നിദ്ധ്യത്തിൽ വരുവാൻ നിനക്കു കഴിയും. ഈ ലോകത്തിന്റെ സകല ചിന്താകുലങ്ങളിൽ നിന്നും മനസ്സു തിരിക്കുവാൻ നിനക്കു കഴിയും. ശിശുസഹജമായ വിശ്വാസത്തോടെ എന്നെ "യേശുവേ" എന്നു വിളിക്കുമ്പോൾ ആ നാമം നിനിക്കൊരു അഭിഷേകതൈലമാകുന്നത് നീ കണ്ടറിയും. യേശു എന്ന നാമം നിന്റെ നാവിലുദിക്കുമ്പോൾത്തന്നെ പരിശുദ്ധാത്മാവിന്റെ അഭിഷേകതൈലം നിന്റെയുള്ളിൽ ഒഴുകിവരുന്നത് നിനക്കനുഭവിക്കാനാകും. ഇപ്രകാരം നീ ഒന്നു പറയുക: "ഓ യേശുവേ, എനിക്കു നിന്നെ വേണം! ഓ യേശുവേ, എനിക്കു നിന്റെ സ്പർശനം വേണം. നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ എനിക്ക് അനുഭവിക്കണം." ഈ ഒരൊറ്റകാര്യം മറ്റ് പല ആഴമേറിയ പഠനങ്ങൾ നൽകുന്നതിനേക്കാളധികമായ വെളിപാടിന്റെ അറിവും ആത്മീക അനുഭവവും നിനക്കു നല്കും. ഒരു വിശക്കുന്ന ഹൃദയത്തിന്റെ നിലവിളിക്കു ഞാൻ നിശ്ചയമായും ഉത്തരമരുളും. ഞാൻ നിന്റെ പുറമേയുള്ള അവസ്ഥകളെ നോക്കുന്നില്ല; ഞാൻ നിന്റെ കുറവുകളുടെ അപ്പുറത്തേക്കുനോക്കുന്നു; ഞാൻ നിന്റെ ആഴങ്ങളിലേക്കു തന്നെ നോക്കുന്നു. അവിടെ ഞാനെന്റെ വിത്തു കാണുന്നു. ഞാൻ ആ ജീവനോടു സംസാരിക്കുകയും വിത്തിനു വേണ്ട നനയും പോഷണവും നല്കുകയും ചെയ്യും. മഹത്വമേറിയതും ഉജ്ജ്വലമായതുമായ ജീവനെ നിന്റെ ഉള്ളിൽ ഞാൻ ഉളവാക്കുകയും ചെയ്യും. ഞാൻ തന്നെയാകുന്നു ആജീവൻ. അക്ഷയവും അവിനാശകവുമായ ജീവൻ. നിന്റെയുള്ളിൽ ഞാൻ ഉളവാക്കുന്ന ജീവൻ തോൽവിയെന്തെന്നറിയാത്തതാണ്. എന്റെ കാൽചുവട്ടിൽ തന്നെ നിന്നെ അർപ്പിച്ചാൽ അത്യതിശയകരമായ വിധത്തിൽ എന്നെയറിയുവാൻ നിനക്കിടയാകും. നിന്റെ ഉള്ളിൽ ഞാനുളവാക്കുന്നതിനെ മാത്രമേ നിനക്കെനിക്കു തരുവാനാകൂ. എന്റെ സ്നേഹം നിന്റെയുള്ളിൽ ഒഴുകി വരുമ്പോൾ മാത്രമേ നിനക്ക് എന്നെ സ്നേഹിക്കാനാവൂ. നീ എന്തുതന്നെയായിരിക്കട്ടെ. ഞാൻ ഞാനാകുന്നു എന്നു നീ അറിയും. ഒരു ദിവസത്തിന്റെ ഓരോ നിമിഷത്തിലും നിനക്കു വേണ്ടതെല്ലാമായി നിന്റെ ഉള്ളിൽ ഞാനുണ്ട്. നിന്റെ സ്വാഭാവിക ശക്തിയെ നീ മറന്നേക്കുക. എന്നിലേക്ക് തിരിഞ്ഞ് പൂർണ്ണഹൃദയത്തോടെ എന്നോടു നിലവിളിക്കാൻ പഠിക്കുക. ഞാനാണ് നിന്റെ വിമോചകൻ എന്ന് അന്ന് നീ അറിയും. നിന്റെ വിമോചനം വരുന്നത് പുറമേ നിന്നല്ല. അകമേ നിന്നാണ്. ഞാൻ നിന്റെ ഉള്ളിൽ എഴുന്നേറ്റ് നിന്റെ തന്നെ ജീവനായിത്തീരും.*

നീതിക്കുവേണ്ടി വിശപ്പും ദാഹവും അനുഭവക്കുന്നവർ
ഭാഗ്യമാന്മാർ
അവർ തൃപ്തരാക്കപ്പെടും



### അദ്ധ്യായം 5

# കരുണയുള്ളവർ ഭാഗ്യവാന്മാർ

**കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും (മത്താ.5:7)**

യേശുവിന്റെ മലയിലെ പ്രസംഗത്തിലെ പഠിപ്പിക്കലുകളെല്ലാം വളരെ ചിട്ടയായി ക്രമീകരിച്ചിരിക്കുന്നവയാണ്. ആ പഠിപ്പിക്കലുകൾക്ക് അതിന്റേതായ ഒരു ക്രമമുണ്ട്. ആത്മാവിൽ നിങ്ങൾ ദരിദ്രർ ആണെങ്കിൽ മാത്രമേ നിങ്ങൾക്ക് കരുണയുള്ള ഒരുവനായിരിപ്പാൻ സാധിക്കൂ. എല്ലാ ദിവസവും നാം നമ്മെത്തന്നെ ശൂന്യവൽക്കരിച്ച് ദൈവത്തിൽ നിന്നും പുതുപുത്തനായ കാര്യങ്ങൾ അന്വേഷിക്കണം. ദൈവിക സ്വഭാവത്തിന്റെ അഭാവം ഏതേതു മേഖലകളിലാണെന്ന് നാം ഗ്രഹിച്ചിരിക്കണം. ദൈവത്തിന്റെ ജീവൻ നാം അനുഭവിക്കുന്തോറും ദൈവത്തിനായുള്ള വിശപ്പ് നമ്മിൽ വർദ്ധിക്കുന്നു. വിലപിക്കുന്നവർ ഭാഗ്യവാന്മാരാണ്, കാരണം അവർ ആശ്വസിപ്പിക്കപ്പെടും. ദൈവീക ജീവന്റെ തുടിപ്പ് എന്റെ ഹൃദയത്തിൽ അനുഭവിച്ചു തുടങ്ങിയപ്പോൾ എന്റെ അരിഷ്ടതാവസ്ഥയെ ഓർത്തു ഞാൻ വിലപിക്കാനാരംഭിച്ചു. യേശു നിങ്ങളുടെ ദാഹിക്കുന്ന ഹൃദയത്തിനു തൃപ്തി വരുത്തുന്നു. നിങ്ങളുടെ ഉള്ളിലുള്ള ദൈവം സകലത്തിനും മതിയായവനാണ് എന്ന തിരിച്ചറിവ് നിങ്ങളെ ഒരു സൗമ്യനായ വ്യക്തിയാക്കുകയും ചെയ്യുന്നു. ദൈവത്തിനും അവിടുത്തെ നീതിക്കുമായി നിങ്ങൾ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. അങ്ങനെ മാത്രമേ നിങ്ങൾക്ക് ഒരു കരുണയുള്ള മനുഷ്യനാവാൻ സാധിക്കൂ.

എപ്പോഴും നാം നമ്മെത്തന്നെ ശോധന ചെയ്യുന്നത് യേശുവിന്റെ വെളിച്ചത്തിലായിരിക്കണം. ആരെങ്കിലും ഒരു കരുണയുള്ള മനുഷ്യനാവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ദൈവത്തിങ്കൽ നിന്ന് നിങ്ങൾ പ്രാപിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും അവിടുത്തെ കൃപയുടെ പ്രവർത്തിയാണെന്ന് നിങ്ങൾ ഗ്രഹിച്ചേ മതിയാകൂ. ദൈവത്തിൽ നിങ്ങൾ അനുഭവിച്ചിരിക്കുന്ന എല്ലാം രണ്ടു കാര്യങ്ങളുടെ ഫലമാണ്: ദൈവം അവിടുത്തെ കൃപ നിങ്ങൾക്കു **തരുന്നതും** നിങ്ങൾ ആ കൃപ **സ്വീകരിക്കുന്നതും**.

***അവർ തങ്ങളാൽത്തന്നെ തങ്ങളെ അളക്കുകയും തങ്ങളോടു തന്നെ തങ്ങളെ ഉപമിക്കുകയും ചെയ്യുന്നതുകൊണ്ടു തീരിച്ചറിവുള്ളവരല്ല*** (2 കൊരി 10:12) മറ്റുള്ളവരെ നോക്കിയിട്ട് നിങ്ങൾ നിങ്ങളെ അവരോടു താരതമ്യപ്പെടുത്തരുത്. അങ്ങനെ നാം ചെയ്താൽ, അവരുടെ **തെറ്റുകളെ** ആയിരിക്കും നാം കാണുക. അതിനുശേഷം അവരുടെ ബലവത്തായ സംഗതികളോടല്ല, അവരുടെ കുറവുകളോട് ആയിട്ടായിരിക്കും നാം നമ്മെ താരതമ്യം ചെയ്യുക. കരുണയുള്ള ഒരുവൻ ഒരിക്കലും മറ്റുള്ളവരോടു തന്നെത്തന്നെ താരതമ്യം ചെയ്യുകയില്ല. അവൻ തന്നെ താരത്മ്യം ചെയ്യു

ന്നത് യേശുവിനോടായിരിക്കും. മറ്റുള്ള ഏതു വ്യക്തിയുമായിട്ടു നാം നമ്മെ താരതമ്യം ചെയ്താലും ഒരിക്കലും നമുക്ക് ദൈവത്തിന്റെ മുമ്പാകെ നീതികരിക്കപ്പെടാൻ സാദ്ധ്യമല്ല. കരുണയുള്ള ഒരുവന്റെ ഹൃദയത്തിലെ പ്രാർത്ഥന ഇതു മാത്രമായിരിക്കും: *ദൈവമേ എന്നോടു കരുണയായിരിക്കണമേ.*

## അടിസ്ഥാനം നിങ്ങൾ തന്നെ

രാജ്യത്തിന്റെ സുവിശേഷം അടിസ്ഥാനപ്പെട്ടിരിക്കുന്നത് **എന്തു നിങ്ങൾ ചെയ്യുന്നു** എന്നതിലല്ല, മറിച്ച് **നിങ്ങൾ ആരാകുന്നു** എന്നതിലാണ്. ദൈവം നമ്മിൽ കിനിഞ്ഞിറങ്ങുകയും ദൈവത്താൽ തന്നെ നാം പൂരിതരാവുകയും ചെയ്യുമ്പോഴേ ദൈവത്തിന്റെ അഭിഷേകത്തിലും അധികാരത്തിലും നടക്കുന്നതെങ്ങനെയെന്ന് നാം അറിയുക. അപ്പോൾ മാത്രമേ നാം യേശുവിന്റെ പ്രവർത്തിചെയ്യൂ. അനുദിനം നാം ദൈവിക സാന്നിദ്ധ്യത്താൽ കുതിർന്നു വരുന്നതിനായി അവിടെത്തന്നെ സമയം ചിലവിടേണ്ടതുണ്ട്. ബാഹ്യമായ മതത്തിന്റെ ചടങ്ങുകളിൽ ശ്രദ്ധകേന്ദ്രീകരിക്കരുത്. നിങ്ങൾ **എന്തുചെയ്യുന്നു** എന്നതിനാണിവിടെ പ്രസക്തി. ദൈവരാജ്യത്തിന്റെ യാഥാർത്ഥ്യത്തിൽ നടക്കുന്ന ഒരു വ്യക്തി പ്രാഥമികമായും രണ്ടുകാര്യങ്ങൾ ചെയ്യുന്നു: അവരുടെയുള്ളിൽ എങ്ങനെ ദൈവത്തെ സ്പർശിക്കാം എന്നവർ പഠിക്കുന്നു. എന്നിട്ട് ദൈവത്താൽ അവർ നിറയപ്പെടുന്നു. ദൈവത്താൽ നിറയപ്പെടുമ്പോൾ നിങ്ങൾ ഈ ഭൂമിയിൽ അവിടുത്തെ സാന്നിദ്ധ്യത്തിന്റെ വാഹകരായിത്തീരുന്നു. അനേകനാളുകൾ അനുസരണമുള്ളവനും വിശുദ്ധിയുള്ളവനുമായിത്തീരുവാൻ പരിശ്രമിക്കുകയും പരാജയപ്പെടുകയും ചെയ്തശേഷം അനുസരണമെന്നും വിശുദ്ധിയെന്നും കേൾക്കുന്നതുതന്നെ എനിക്കരോചകമായിരുന്നു. എന്നാൽ ഇന്നു ഞാൻ ഒരു വിശുദ്ധനാണെന്ന് എനിക്കറിയാം. എവിടെ ദൈവം ഉണ്ടോ അവിടെ വിശുദ്ധിയുണ്ട്. ദൈവം നിങ്ങളിലുണ്ട് എന്നു വരികിൽ നിങ്ങൾ വിശുദ്ധരാണ്. ഇതിലേക്ക് നിങ്ങളുടെ കണ്ണുകൾ ഒന്നു തുറന്നാൽ മാത്രം മതി. നിങ്ങൾ ചെയ്യേണ്ട ഏകകാര്യം നിങ്ങളുടെ ഉള്ളിൽ വസിക്കുന്ന ദൈവത്തിന്റെ സജിവസാന്നിദ്ധ്യവും അഭിഷേകവും വെറുതെ ആസ്വദിക്കുക എന്നുള്ളതാണ്.

***നിങ്ങൾക്ക് ദൈവത്തിനുവേണ്ടി എന്തുചെയ്യാൻ സാധിക്കും*** എന്നല്ല ***നിങ്ങൾ ആരാകുന്നു*** എന്നതാണ് സുവിശേഷത്തിന്റെ സന്ദേശം. ക്രിസ്തുവിൽ നിങ്ങൾ ആരാകുന്നു എന്നു വെളിപ്പെടുത്തേണ്ടതിനാണ് വേദപുസ്തകം എഴുതപ്പെട്ടിരിക്കുന്നത്. മതങ്ങളുടെ പഠിപ്പിക്കലുകളാൽ മനസു കുരുടാക്കപ്പെട്ടിരിക്കുന്ന അവസ്ഥയിൽ ഒരു വ്യക്തിക്ക് യേശു തന്നിൽ വസിക്കുന്നു എന്നു ലളിതമായ സത്യം ഉൾക്കൊള്ളുവാൻ കഴിയുകയില്ല. നമ്മുടെ ഉള്ളിൽ യേശുവിന്റെ ജീവൻ സജീവമാകുന്നതു നമ്മുടെ സ്വന്തം അനുഭവമാകുന്നതുവരെ നാം നിരന്തരമായി ദൈവത്തെ



അന്വേഷിച്ചുകൊണ്ടേയിരിക്കണം. ദൈവസന്നിധിയിൽ നിങ്ങൾ പ്രവേശിക്കുമ്പോഴൊക്കെ എന്തോ ഒന്ന് നിങ്ങളുടെ ഉള്ളിൽ ചലിക്കുന്നത് നിങ്ങൾക്കനുഭവപ്പെടുന്നു. അപ്പോഴാണ് നിങ്ങൾ ചെയ്യുന്ന ഒരു കാര്യത്താലുമല്ല, ദൈവിക സാന്നിദ്ധ്യം വഴിയാണ് നിങ്ങൾ ആരെങ്കിലുമായിത്തീരുന്നത് എന്നു നിങ്ങൾ തിരിച്ചറിയുന്നത്. നിങ്ങൾ ആരാണെന്ന് ഒരിക്കൽ നിങ്ങൾ തിരിച്ചറിഞ്ഞു കഴിഞ്ഞാൽ പിന്നീട് നിങ്ങൾ ചെയ്യുന്നതൊക്കെയും ***ദൈവത്തിന്റെ ജീവന്റെ കവിഞ്ഞൊഴുക്കാണ്.*** അപ്പോൾ ദൈവത്തിനായി നിങ്ങൾ ചെയ്യുന്ന ഒരു കാര്യത്തിലും മനുഷ്യപ്രകൃതത്തിന്റെ നാറ്റം ഉണ്ടായിരിക്കുകയില്ല. നിങ്ങളുടെ പ്രവർത്തികൾ നിർമ്മലമായ ദൈവീക ജീവന്റെ കവിഞ്ഞൊഴുക്കായിത്തീരും. ***ഒരു ക്രിസ്ത്യാനിയുടെ പ്രവർത്തി ചെയ്യുന്നതിനു മുൻപേ നിങ്ങൾ ഒരു ക്രിസ്ത്യാനിയായേ മതിയാവൂ.*** ഒരു ക്രിസ്ത്യാനിയാവുക എന്നു പറഞ്ഞാൽ ക്രിസ്തുവിനെപ്പോലെയാവുക എന്നാണർത്ഥം. ക്രിസ്ത്യാനികളാകാൻ ശ്രമിക്കുന്നവരെക്കൊണ്ട് ഇന്നത്തെ സഭകൾ നിറഞ്ഞിരിക്കുന്നു. എന്റെ ഉള്ളിൽ വസിക്കുന്ന ദൈവത്തെക്കുറിച്ചുള്ള വെളിപാട് എനിക്ക് ഇല്ലായ്ക നിമിത്തം ദൈവം എന്റെ ഉള്ളിൽ ഇരിക്കെതന്നെ ഒരു നല്ല ക്രിസ്ത്യാനിയാകാനുള്ള പരിശ്രമത്തിലായിരുന്നു ഞാൻ. യേശു എന്റെ ഉള്ളിൽ ജീവിക്കുന്നു എന്ന ഉപദേശം എനിക്കറിയാമായിരുന്നു. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ അവിടുന്ന് എന്റെ ഉള്ളിൽ വരുന്നു എന്ന് എന്നെ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ തന്റെ ജീവനാൽ എനിക്കു പകരമായി യേശു എന്നിൽ ജീവിക്കുന്നു എന്ന് എനിക്കു വെളിപ്പെട്ടിരുന്നില്ല. എന്റെ പാപങ്ങളിൽ നിന്നും എന്നെ രക്ഷിപ്പാൻ മാത്രമല്ല, എന്റെ ഉള്ളിൽ എനിക്കുപകരമായി തന്റെ ജീവനാൽ ജീവിക്കേണ്ടതിന് ഒരു ജീവിപ്പിക്കുന്ന ആത്മാവ് ആകുന്നതിനും വേണ്ടിയാണ് യേശു മരിച്ചത്. നിലവിൽ തങ്ങൾ എന്തായിരിക്കുന്നുവെന്നു തിരിച്ചറിയാതെ അതായിത്തീരുവാൻ പരിശ്രമിക്കുന്ന അനേകർ സഭകളിലുണ്ട്. അവരുടെ ഉള്ളിൽ ദൈവത്തിന്റെ ജീവൻ ഉണ്ടെങ്കിലും അതവർ അനുഭവിക്കുന്നില്ല.

## *യേശു ഏകക്രിസ്ത്യാനി*

പുതിയ നിയമസംഹിതകളുമായി ഒരു പുതിയ മതത്തെയോ, നാം ആഞ്ഞു പരിശ്രമിച്ച് എത്തിപ്പിടിക്കേണ്ട ഒരുൽകൃഷ്ട നിലവാരത്തെയോ അല്ല മത്തായി 5-7 അദ്ധ്യായങ്ങളിൽ യേശു വരച്ചു കാണിക്കുന്നത്. യേശു പറയുന്നതിനാണ്: *നീയൊരു ക്രിസ്ത്യാനിയെങ്കിൽ, ഞാൻ നിന്നിൽ ജീവിക്കുന്നു എങ്കിൽ നീ ഇപ്രകാരമായിരിക്കും: എന്റെ സാന്നിദ്ധ്യത്തിലേക്കു നീ എപ്പോഴെല്ലാം കടന്നു വരുന്നുവോ അപ്പോഴൊക്കെയും നിന്നിലുള്ള എല്ലാ അന്ധകാര അവസ്ഥയെയും, മറുതലിപ്പിനെയും എനിക്കു പ്രസാദകരമല്ലാത്ത സകലതിനെയും ഞാൻ വെളിച്ചത്തുകൊണ്ടുവരും. ആ സമയം നീ എന്റെ കാൽക്കൽ വീണ് എന്റെ ക്ഷമയനുഭവിക്കും.* അനേകരും ദൈവത്തിന്റെ ക്ഷമയെങ്ങനെ സ്വീകരിക്കാമെന്നറിവില്ലാത്തവരാണ്

***നല്ലവരാകാൻ*** പരിശ്രമിച്ച് പരാജയപ്പെട്ട് തങ്ങളെക്കുറിച്ചുതന്നെ യാതൊരു മതിപ്പുമില്ലാതെ കഴിയുന്നു. ***നല്ലതാവാൻ ശ്രമിക്കുന്നതുവഴി*** നിങ്ങളെക്കുറിച്ച് നിങ്ങൾക്കൊരുനാളും ഒരു മതിപ്പുളവാകുകയില്ല. സ്വയം നിലത്തു വീണ് ചത്തശേഷം ***യേശു നമ്മിൽ ആവിർഭവിക്കേണം***. നിങ്ങളുടെ ഉള്ളിൽ നിന്നും യേശു നിങ്ങളെ ഉദ്ദീപിപ്പിക്കുമ്പോൾ, നിങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ മതിപ്പ് എത്ര കുറഞ്ഞിരുന്നാലും, അവിടുത്തെ പാദത്തിൽ നിങ്ങൾ വീഴുകയും പാപക്ഷമ പ്രാപിക്കുകയും ചെയ്യുന്നു. നിങ്ങൾ പാപാവസ്ഥയിലും അടിമത്തത്തിലുമാണെങ്കിലും ദൈവത്തിന്റെ സന്നിധിയിൽ നിന്നും നിങ്ങൾ ഓടിയകലുന്നില്ല. യേശുവിന്റെ സ്വഭാവം നിങ്ങളിൽ വെളിപ്പെട്ടുവരുന്നില്ലെങ്കിൽ അവിടുത്തെ പക്കൽ നിന്നും ഓടി അകലുകയല്ല. ***അവിടുത്തെ പക്കലേക്ക് ഓടി അണയുകയാണ് വേണ്ടത്***. നിങ്ങളുടെ മതഭക്തിയും ചടങ്ങുകളും ഒന്നു മറന്നു കളഞ്ഞിട്ട് യേശുവിനെ അന്വേഷിക്കുക. അവിടുന്ന് നിങ്ങളുടെ ഉള്ളിൽ നിന്നും നിങ്ങളെ ഉദ്ദീപിപ്പിക്കുകയും നിങ്ങൾ എന്താകുവാൻ ആഗ്രഹിക്കുന്നുവോ അത് ആയിത്തീരുകയും ചെയ്യുന്നു. ***യേശു മാത്രമാണ് വാസ്തവത്തിൽ ഒരേയൊരു ക്രിസ്ത്യാനി.*** മാനുഷിക പ്രയത്നമൊന്നും ഒരുവനെ ക്രിസ്ത്യാനിയാക്കുന്നില്ല. യേശുവിനു മാത്രമേ ക്രിസ്തീയ ജീവിതം ജീവിക്കാനാവൂ. അവിടുന്ന് നിങ്ങളുടെ ഉള്ളിൽ ആവിർഭവിച്ചില്ലായെങ്കിൽ ഒരുനാളും ഒരു ക്രിസ്തീയ ജീവിതം ജീവിപ്പാൻ നിങ്ങൾക്കാവുകയില്ല. ഒരു ക്രിസ്ത്യാനിയാകാനുള്ള നിങ്ങളുടെ എല്ലാ ഉദ്യമങ്ങളും മറന്നു കളഞ്ഞേക്കുക. പൗലോസ് ഗലാത്യരോട് ഇപ്രകാരം പറഞ്ഞു: ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം.... ഞാൻ.... പ്രസവവേദനപ്പെടുന്നു (ഗലാ.4:19) അനേക ക്രിസ്ത്യാനികളും ദൈവത്തിനു വേണ്ടി അദ്ധ്വാനിക്കുന്നവരാണ്. അവർക്കു വേണ്ട ഏകകാര്യം ക്രിസ്തു അവരിൽ ഉരുവാകുക എന്നതു മാത്രമാണ്.

## *ഉപദേശം തൃപ്തി തരുകയില്ല*

യേശുവിനെപ്പോലെ നാം പ്രവർത്തിക്കാൻ ശ്രമിക്കണം എന്ന് യേശു ഒരിക്കലും പഠിപ്പിച്ചില്ല. നാം സ്വാഭാവിക ബുദ്ധികൊണ്ട് വേദപുസ്തകം വായിച്ചശേഷം പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെയൊക്കെ ചെയ്യുവാൻ നാം ശ്രമിക്കുന്നു. യേശു ആഗ്രഹിക്കുന്നതാട്ടെ തന്നെത്തന്നെ നിങ്ങളുടെ ഉള്ളിൽ വെളിപ്പെടുത്തുവാനായിട്ടാണ്. നിങ്ങളുടെ പുതിയ സ്വഭാവം വെളിപ്പെടുത്തുവാൻ അവിടുന്നാഗ്രഹിക്കുന്നു. അവിടുത്തെ വിത്ത് നിങ്ങളുടെ ഉള്ളിലുണ്ട്. നിങ്ങൾ അവിടുത്തെ അന്വേഷിക്കുകയും നിങ്ങളുടെ ജീവൻ ത്യജിച്ചു കളയാൻ തയ്യാറാവുകയും ചെയ്താൽ അവിടുന്ന് നിങ്ങളുടെയുള്ളിൽ സജീവമാവുകയും നിങ്ങൾക്കുപകരമായി ജീവിക്കുകയും ചെയ്യും. ലോകത്തിലെ ഏറ്റവും വലിയ ഉപദേശം കൊണ്ടുപോലും നിങ്ങൾ തൃപ്തരാവുകയില്ല. യേശു നിങ്ങളുടെ ഉള്ളിൽ വസിക്കുന്നുവെന്ന ഉപദേശം അനേകം വർഷങ്ങളായി



നിങ്ങൾ പഠിച്ചിട്ടുണ്ടെങ്കിലും അത് ഒരിക്കലും നിങ്ങളുടെ അനുഭവമാകണമെന്നില്ല. യേശു നിങ്ങളുടെയുള്ളിൽ വളരുന്നതുവരെ നിങ്ങൾ അവിടുത്തെ അന്വേഷിക്കുകയും കാത്തിരിക്കുകയും ചെയ്യേണ്ടതുണ്ട്. ***ഒരു നിശ്ചിത സ്വഭാവം കൈമുതലായുണ്ടാവുക എന്നതും ഒരു നിശ്ചിതതരത്തിലുള്ള വ്യക്തി ആയിരിക്കുക എന്നതുമാണ് ഒരു ക്രിസ്ത്യാനി എന്നതുകൊണ്ടർത്ഥമാക്കുന്നത്.*** ക്രിസ്ത്യാനികൾ ഒരു കാര്യം മനസ്സിലാക്കണം. അവർ എന്തായിരിക്കുന്നുവോ ആ അവസ്ഥയിലേക്ക് എത്തിച്ചേരുവാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.അത് വെറും പാഴ്വേലയാണ്. യേശു അവരിൽ വളരുവോളം അവർ അവനിൽ സ്വസ്ഥരായിരിക്കണം.

## അവിടുന്ന് എല്ലാം നമുക്കു നൽകിയിരിക്കുന്നു.

***തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ.*** (2 പത്രോ.1:3)

ഇവിടെ ജീവൻ എന്ന് തർജ്ജിമ ചെയ്തിരിക്കുന്നത് ഗ്രീക്കിലെ zoe എന്ന വാക്കാണ്. അതിന്റെ അർത്ഥം ***ദൈവത്തിന്റെ ജീവന്റെ പ്രകാശനം*** എന്നാണ്. നിങ്ങൾ യേശുവിനെ സ്വീകരിച്ച വ്യക്തിയാണെങ്കിൽ ***ആ ജീവനും അതിന്റെ പ്രകാശനത്തിനും*** വേണ്ടതെല്ലാം ദൈവം നിങ്ങൾക്കു നല്കിയിട്ടുണ്ട്. നിങ്ങൾ പോകുന്നിടത്തൊക്കെയും ദൈവത്തിന്റെ സാന്നിദ്ധ്യം ***കൂടെ കൊണ്ടു ചെല്ലുന്നതായും*** അവിടുത്തെ ജീവൻ ***വെളിപ്പെടുത്തുന്നതായും*** നിങ്ങൾക്ക് അനുഭവപ്പെടും. പഴയനിയമത്തിൽ പുരോഹിതന്മാർ ദൈവത്തിന്റെ പേടകം തങ്ങളുടെ തോളിൽ വഹിച്ചിരുന്നു. ആ പേടകം ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായിരുന്നു. ദൈവത്തിന്റെ അത്ഭുതാവഹകമായ സാന്നിദ്ധ്യം നമ്മുടെ കൂടെ കൊണ്ടുനടക്കുന്ന അനുഭവം നമുക്കുണ്ടാകും. ഒരു പുരോഹിതൻ ചെയ്തു വന്നിരുന്നത് ഇക്കാര്യമാണ്. ദൈവത്തിനു നാം രാജാക്കന്മാരും പുരോഹിതന്മാരുമാണ്- ദൈവത്തിന്റെ സാന്നിദ്ധ്യവും അധികാരവും ഈ ഭൂമിയിൽ കൈവശമായുള്ളവർ. നിങ്ങൾക്ക് ദൈവരാജ്യത്തിൽ ലഭിക്കാവുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ടു പദവി വഹിക്കുന്നവരാണ് പുരോഹിതന്മാരും രാജാക്കന്മാരും. ദൈവജനം മിക്കപേരും വിചാരിച്ചിരിക്കുന്നത് ദൈവരാജ്യത്തിൽ അപ്പോസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിങ്ങനെ അഞ്ചു ഉദ്യോഗസ്ഥരേ ഉള്ളെന്നാണ്. എല്ലാവരും ഈ പറഞ്ഞവയിൽ ഏതെങ്കിലും ഒരു പദവിയിലേക്കു വിളിക്കപ്പെട്ടിട്ടില്ല. എന്നാൽ പുരോഹിതന്മാരും രാജാക്കന്മാരുമായുള്ള വിളി ***എല്ലാവർക്കും ഉള്ളതാണ്***. പൗരോഹിത്യവും രാജത്വവുമാണ് നിങ്ങൾക്കു ലഭിക്കാവുന്ന പരമോന്നത വിളികൾ. അപ്പോസ്തോലന്മാരും പ്രവാചകന്മാരും സുവിശേഷകരും ഇടയന്മാരും ഉപദേഷ്ടാക്കന്മാരും നിങ്ങളെ പണിയുകയും ഒരുക്കുകയും പുരോഹിതന്മാരും രാജാക്കന്മാരും

എന്നുള്ള നിങ്ങളുടെ പദവിയെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യു ന്നതിനായി നിയമിക്കപ്പെട്ടിരിക്കുന്നവരാണ്. (വെളി.1:5-6)

ദൈവരാജ്യത്തിൽ നിങ്ങൾ എന്തെങ്കിലുമാകണമെന്നുണ്ടെങ്കിൽ അവിടുത്തെ സാന്നിദ്ധ്യം കൊണ്ട് നിങ്ങളെ നിറയ്ക്കുവാൻ ദൈവത്തെ അനുവദിക്കുക. അങ്ങനെ നിങ്ങൾ ദൈവസാന്നിദ്ധ്യത്തെ ഈ ഭൂമിയിൽ കൊണ്ടുനടക്കുന്നവരാകും. നമുക്കെല്ലാവർക്കും നേതാക്കന്മാരാവാൻ കഴി ഞ്ഞില്ലെങ്കിലും ***ദൈവസാന്നിദ്ധ്യത്തിന്റെ വാഹകരാകാൻ*** കഴിയും.

## ദൈവത്തിന്റെ അധികാരം

ദൈവത്തിന്റെ സാന്നിദ്ധ്യത്തിലും അഭിഷേകത്തിലും ജീവിക്കുക എന്നതാണ് നിങ്ങൾക്കനുഭവിക്കാവുന്ന ഏറ്റവും ആവശേകരമായ ജീവിതം. നിങ്ങളിലുള്ള ദൈവികസാന്നിദ്ധ്യമാണ് നിങ്ങളെ ദൈവത്തിന്റെ അധികാരത്തിലേക്കു കൊണ്ടുവരുന്നത്. മറ്റുള്ളവരുടെ മേൽപ്രയോഗിക്കുന്നതിനുള്ള ഒരധികാരമല്ലത്. മറ്റുള്ളവരുടെ മേൽ അധി കാരം ചുമത്തുന്ന ഒരുവന് ആത്മീകാധികാരം കൈകാര്യം ചെയ്യുവാൻ സാധിക്കുകയില്ല. നിങ്ങളുടെ ഉള്ളിൽ ദൈവം പ്രവർത്തിച്ചു തുടങ്ങുമ്പോൾ അവിടുത്തെ അധികാരം പ്രാഥമികമായും എല്ലാക്കാര്യങ്ങളിലും ദൈവ ത്തിനു കീഴ്പ്പെടുന്ന അവസ്ഥയിലേക്കു നിങ്ങളെ കൊണ്ടുവരുന്നു. നമ്മുടെ ജഡിക പ്രകൃതം ആദ്യമേ കീഴടക്കപ്പെടണം. ആദ്യം നമ്മുടെ കണ്ണിലെ തടി എടുത്തു കളയണം. ആദ്യം നമ്മുടെ ജീവിതത്തിലെ പാപത്തെ കൈകാര്യം ചെയ്യണം. അപ്പോഴാണ് നമ്മെക്കാണുന്ന മനുഷ്യർ പറയുന്നത്: *അല്ല! ഈ മനുഷനെന്താണൊരു പ്രത്യേകത! നമ്മുടെ വീട്ടി ലേക്കയാൾ വന്നപ്പോൾ എന്തൊരു മനോഹര സാന്നിദ്ധ്യവും സമാധാന വുമാണ് അദ്ദേഹം കൊണ്ടുവന്നത്!*

## നിങ്ങൾ വിശുദ്ധജനമാണ്

***നിങ്ങളോ .... തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോ ഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു*** (1 പത്രോ.2.9) നാമെന്തായിത്തീരാൻ ശ്രമിക്കണം എന്നല്ല, നാമാരാണെന്നാണ് പത്രോസ് ഇവിടെ പറയുന്നത്. ***നിങ്ങളൊരു വിശുദ്ധവംശമാണ്.*** ഓ! ഈ ഒരു വെളി പാടു ലഭിക്കാൻ എപ്രകാരം നാം ദൈവതിരുമുഖം അന്വേഷിക്കേണ്ടിരി ക്കുന്നു! ഞാനൊരു വിശുദ്ധവ്യക്തിയാണ്. ഞാനൊരു ശുദ്ധീകരിക്കപ്പെട്ട വ്യക്തിയാണ്, ദൈവത്തിനായി വേർതിരിക്കപ്പെട്ടവനാണ്. യേശുവിനെ ക്കുറിച്ച് പറഞ്ഞിരിക്കന്നത്, അവൻ ***പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതായിത്തീർന്നവൻ എന്നാണ്*** (എബ്രാ. 7:26) ഇതേ യേശുവാണ് നമ്മിൽ ജീവിക്കുന്നത്. പരി ശുദ്ധനും നീതിമാനുമായ ദൈവം നമ്മുടെ ഉള്ളിലുണ്ട്. യേശു നമ്മിലുണ്ട് എന്ന തിരിച്ചറിവ് അവിടുത്തെപ്പോലാകാനുള്ള നമ്മുടെ എല്ലാ ഉദ്യമ



ങ്ങൾക്കുമൊരന്ത്യം വരുത്തുന്നു. അവിടുന്നു നിങ്ങളുടെ ഉള്ളിലുണ്ടെ ന്നുള്ള തിരിച്ചറിവ് ഒരു വിശുദ്ധവ്യക്തിയായിത്തീരാതിരിക്കുക എന്നത്, നിങ്ങളെ സംബന്ധിച്ച് അസാദ്ധ്യമായ ഒരു കാര്യമാക്കിത്തീർക്കുന്നു. ഞാനൊരു വിശുദ്ധ വ്യക്തിയാണ്, കാരണം എന്റെ ഉള്ളിൽ എനിക്ക് പുതിയ ഒരു പ്രകൃതം വന്നിരിക്കുന്നു. എന്റെ ശ്രമഫലം കൊണ്ട് ഒരു വിശുദ്ധനായിത്തീരാൻ അനേകവർഷങ്ങൾ ഞാനദ്ധ്വാനിച്ചുകൊണ്ടിരുന്നു. അപ്പസ്തോലനായ പൗലോസ് യഹൂദരെപ്പറ്റി പറഞ്ഞത് എന്നെ സംബ ന്ധിച്ചിടത്തോളം വളരെ സത്യമായിരുന്നു. അവരുടെ സ്വന്ത നീതി സ്ഥാപി ക്കാൻ ശ്രമിക്കുകവഴി ദൈവത്തിന്റെ നീതിയെ അവർ ത്യജിച്ചു കളഞ്ഞു. ദൈവം നിങ്ങളിലുണ്ട് എന്ന വെളിപ്പാടാണ് നിങ്ങളെന്തായിത്തീരാൻ ശ്രമി ക്കുന്നുവോ ആ അവസ്ഥയിൽ ആകുവാൻ നിങ്ങൾക്ക് ഇടയാകുന്നത്. ദൈവത്തെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കും വരെ നിങ്ങൾക്ക് ഈ വെളിപാട് ലഭ്യമല്ലാതെയിരിക്കുന്നു. ദൈവത്തെ അന്വേഷിക്കുന്ന ക്രിസ്ത്യാനികൾ ഇക്കാലത്ത് തുലോം വിരളമാണ്. മിക്കപേരും സഭയിൽ പോകുന്നുണ്ട്, കമ്മിറ്റികളിൽ പങ്കെടുക്കുന്നുണ്ട്, സണ്ടേ സ്കൂളിൽ പഠി പ്പിക്കുന്നുണ്ട്. അങ്ങനെ അനേകം പരിപാടികളിൽ വ്യാപൃതരാണ്. എന്നാൽ സ്വസ്ഥമായിരുന്ന് ദൈവത്തെ അന്വേഷിപ്പാൻ അവർ വൈമുഖ്യം കാണിക്കുന്നു. യേശുവിന് താൻ നീതിമാനാകാൻ ശ്രമിക്കേണ്ടിയിരുന്നി ല്ല. അവിടുന്നു പറഞ്ഞു: ***ലോകത്തിന്റെ പ്രഭു വരുന്നു; അവന് എന്നോട് ഒരു കാര്യവുമില്ല*** (യോഹ. 14:30) *പിശാച് വന്നോട്ടെ. അവന് എന്നിൽ ഒരു ഇടവും ലഭിക്കുകയില്ല* എന്നു പറയാൻ ആവും വരെ നമുക്കു ദൈവ ത്തിൽ വളരാം.

***പിശാചിനിടം കൊടുക്കരുത്*** (എഫേസ്യർ 4:27) എന്ന് ദൈവവ ചനം പറയുന്നു. ദൈവത്തിനായുള്ള നിങ്ങളുടെ വിശപ്പും ദാഹവും മുഖാ ന്തരമാണിതു സംഭവിക്കുന്നത്. പിശാചു വരുമ്പോൾ അവനിടം കൊടു ക്കാതെ നില്പാനുള്ള സ്വാഭാവിക ശക്തി നിങ്ങൾക്കില്ല. നിങ്ങൾക്കു വേണ്ടത് ദൈവത്തിന്റെ ശക്തിയാണ്. ദൈവത്തിന്റെ പരിശുദ്ധ പ്രകൃതവും സ്വഭാവവും വഹിച്ചു നടക്കുന്ന ദേവാലയമാണ് നിങ്ങൾ എന്നുള്ള വെളി പാട് നിങ്ങൾക്കു വേണം. ഇതു തിരിച്ചറിയുന്ന ഒരു വ്യക്തിയുടെ മേൽ പിശാചിന് എങ്ങനെ സ്വാധീനം ചെലുത്താനാകും? യേഹന്നാൻ 1:12 ൽ പറയുന്നു:

**അവനെ കൈക്കൊണ്ട ഏവർക്കും ദൈവത്തിന്റെ മക്കളാകുവാ നുള്ള അധികാരം** (കഴിവ്, ശക്തി, അവകാശം ) **ലഭിച്ചു;** നിങ്ങൾ ആത്മാ വിനാൽ ജനിച്ചവരെങ്കിൽ നിങ്ങളുടെ ഹൃദയത്തിന്റെ തേങ്ങൽ യേശുവി നെപ്പോലെ ആവുക എന്നതായിരിക്കും. **മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ** എന്ന വെളിപാടിലേക്ക് ദൈവത്തിന്റെ വചനം നിങ്ങളെ നടത്തും അതുകൊണ്ടാണ് അപ്പസ്തോലനായ പൗലോസ് എഫേ സ്യർ 1:17-27ൽ ഇപ്രകാരം പ്രാർത്ഥിച്ചത്: ***നമ്മുടെ കർത്താവായ യേശു***

*ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ തരേണ്ടതിനും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൽ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കു വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു.*

**യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർപ്പിച്ച അതേ ശക്തി നിങ്ങളിൽ വസിക്കുന്നു.**

നാം വാസ്തവമായും ഈ വചനം വിശ്വസിക്കുന്നുണ്ടോ? സഭയിലെ ഇന്നത്തെ ഒരു വലിയ പ്രശ്നം ഇതാണ് – വിശ്വസിക്കാത്ത വിശ്വാസികളെക്കൊണ്ട് സഭ നിറഞ്ഞിരിക്കുന്നു. ഉയിർപ്പിക്കപ്പെട്ട യേശുവിന്റെ ശക്തി നിങ്ങളിൽ വസിക്കുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? വർഷങ്ങളായി വേദപുസ്തകം വായിക്കുന്ന അനേകരെ സംബന്ധിച്ചും ഈ സത്യം അന്യമാണ്. യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ച അതേ ശക്തി ഒരു വിശ്വാസിയിൽ വസിക്കുന്നു എന്ന കാര്യം അവർ അനുഭവിക്കുന്നില്ല, അറിയുന്നുമില്ല.

***ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു*** (ഗലാത്യർ 2:20)

ഓ! ദൈവത്താൽ നിറയപ്പെടുക വഴി അവിടുന്നു തന്റെ ജീവൻ നമ്മിലൂടെ ജീവിക്കുന്നു എന്നത് എത്ര അതിശയകരമായ കാര്യമാണ്. ദൈവം ഉള്ളിൽ വസിക്കുന്ന ഒരു വ്യക്തിയാണ് ക്രിസ്ത്യാനി. ആത്മാവിൽ നിറഞ്ഞ ഒരു വ്യക്തി നിയന്ത്രിക്കപ്പെടുന്നതും നടത്തപ്പെടുന്നതും പരിശുദ്ധാത്മാവിനാലാണ്. ആത്മനിറവിനെക്കുറിച്ചുള്ള ഒരു ഉപദേശം നിങ്ങളെ മതി വരുത്തകയില്ല. എന്റെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭകാലത്ത് എനിക്കു കിട്ടിയ ഉപദേശം ആത്മാവിൽ നിറയുവാൻ ഞാൻ ചെയ്യേണ്ടിയിരുന്നതിന് അന്യഭാഷയിൽ സംസാരിച്ചാൽ മതിയെന്നായിരുന്നു. അന്യഭാഷയിൽ സംസാരിക്കുക എന്നത് അതിമഹത്തായ കാര്യം തന്നെ. എന്നാൽ അതൊരു തുടക്കം മാത്രമാണ്. ആത്മാവിനാൽ നിറയപ്പെടാതെയും നടത്തപ്പെടാതെയുമിരിക്കുന്ന അനേകം വിശ്വാസികളെ എനിക്കറിയാം. എന്നാൽ അവർ അന്യഭാഷ സംസാരിക്കുന്നുണ്ടുതാനും. വീണ്ടും ഞാൻ പറയട്ടെ, നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നെങ്കിൽ നിങ്ങൾക്ക് ഒരു **പരിശുദ്ധ** ആത്മാവാണുള്ളത്. പരിശുദ്ധാത്മാവ് ഒരിക്കലും കയ്പ് നിറഞ്ഞതോ, നീരസം നിറഞ്ഞതോ, ആശങ്ക നിറഞ്ഞതോ ആയിരിക്കുകയില്ല. പരിശുദ്ധാത്മാവ് വളരെ ക്ഷമയുള്ളതും



സൗമ്യതയുള്ളതും വിശുദ്ധിയുള്ളതുമായ ഒരു വ്യക്തിയാണ്. അവിടുത്തെ മുമ്പാകെ നിങ്ങൾ സമയം ചെലവിട്ടാൽ അവിടുത്തെ സ്വഭാവഗുണങ്ങൾ തന്നെ നിങ്ങളിൽ ഉളവായിവരും.

അപ്പോസ്തോലനായ പൗലോസ് പറയുന്നു: **ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞു പോയി. ഇതാ അത് പുതിയതായിത്തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നെ കാരണ ഭൂതൻ.** (2 കൊരിന്ത്യർ 5:17) പഴയസൃഷ്ടി നമ്മെ ഒരുവിധത്തിലും ബാധിക്കാതിരിക്കും വരെ തുടർമാനമായി നാം ദൈവത്തെ അന്വേഷിച്ചുകൊണ്ടേയിരിക്കണം. പാപവും, സ്വയവും, പിശാചുമടങ്ങുന്ന പഴയസൃഷ്ടിക്ക് കുരിശിൽ വച്ച് അന്ത്യം കുറിച്ചതാണ്. സ്വയജീവിതം വളരെ വഞ്ചനാത്മകമാണ്. ശരിക്കും പറഞ്ഞാൽ സ്വയജീവിതം എന്നൊരു ജീവിതമില്ല. നിങ്ങൾ ഭരിക്കപ്പെടുന്നതും ജീവൻ പ്രാപിക്കുന്നതും ഒന്നുകിൽ പിശാചിൽ നിന്നാണ് അല്ലെങ്കിൽ ദൈവത്തിൽ നിന്നാണ്. ആദ്യത്തേത് നന്മതിന്മകളുടെ അറിവിന്റെ വൃക്ഷം പ്രതിനിധീകരിക്കുന്ന ഒരു ജീവിതമാണ്. ഇപ്രകാരമുള്ള ഒരു ജീവിതത്തിൽ നിങ്ങളെ ഭരിക്കുന്നത് നന്മയുടെയും തിന്മയുടെയും അറിവാണ്. എന്നാൽ രണ്ടാമത്തേത് ദൈവത്തിൽ നിന്നുള്ള ജീവിതമാണ്. ജീവന്റെ വൃക്ഷം ഈ ജീവിതത്തെ പ്രതിനിധാനം ചെയ്യുന്നു. നിങ്ങൾ വീണ്ടും ജനിക്കുമ്പോൾ നിങ്ങൾക്ക് ഒരു പുതിയ ജീവ ഉറവ ലഭ്യമാകുന്നു. അതോടൊപ്പം നിങ്ങൾക്ക് ഒരു പുതിയ പ്രകൃതവും ലഭിക്കുന്നു. ഇക്കാരണത്താൽ പാപത്തെ സേവിക്കുമ്പോൾ ഒരിക്കലും സന്തോഷമുണ്ടാവുകയില്ല; നിങ്ങൾക്ക് ഒരു പുതിയ പ്രകൃതമാണുള്ളത്. അതുകൊണ്ടാണ് ദൈവത്തിന്റെ ജീവൻ നമ്മെ നിറച്ച് നമ്മുടെ പ്രാണൻ അവിടുത്തെ ജീവൻ വെളിച്ചത്തു കൊണ്ടുവരുവോളവും അവിടുത്തെ അന്വേഷിച്ചുകൊണ്ടേയിരിക്കേണ്ടത്.

നാം ജീവിക്കുന്ന ഈ ജീവൻ നമ്മുടെ ഉള്ളിൽ ഉള്ള ജീവൻ എന്താണോ അതിന്റെ ഒരു പ്രദർശനം മാത്രമാണ്. നിങ്ങൾ പ്രദർശിപ്പിക്കുന്ന ജീവൻ ചിലപ്പോൾ നല്ലതും ചിലപ്പോൾ ചീത്തയുമാണെങ്കിൽ നിങ്ങൾ ഇപ്പോഴും ജീവിക്കുന്നത് ഒരളവിലെങ്കിലും നന്മ തിന്മയുടെ അറിവിന്റെ വൃക്ഷത്തിൽ നിന്നാണ്. നിങ്ങൾ ഇന്ന് സ്നേഹത്താൽ നിറഞ്ഞിരിക്കുന്നു; നാളെ നിങ്ങൾ കോപവും ഈർഷ്യവും, കയ്പും, ആശങ്കയും വിദ്വേഷവും നിറഞ്ഞിരിക്കുന്നു. ഇതാണോ നിങ്ങളുടെ അവസ്ഥ? ഏതു ജീവനാണ് നിങ്ങൾ വെളിച്ചത്തു കൊണ്ടുവരുന്നതെന്നറിഞ്ഞുകൊള്ളുക. ചിലർ പറയുന്നതിനോടൊക്കെ യോജിപ്പു പ്രകടിപ്പിക്കുന്നിടത്തോളം കാലം അവർക്കു നമ്മോടു വലിയ സ്നേഹമാണ്. എന്നാൽ നാം ഏതെങ്കിലും വിധത്തിൽ വിയോജിപ്പു പ്രകടിപ്പിച്ചാൽ ആ സ്നേഹം ഈർഷ്യയായും പിണക്കമായും മാറും. കർത്താവേ എന്നോടങ്ങനെ ചെയ്യുവാൻ അവർക്കെങ്ങനെ കഴിയും? – ഇതായിരിക്കും അവരുടെ വിചാരം. എന്നാൽ യേശു കുരിശിൽകിടന്നുകൊണ്ട് എപ്രകാരമാണ് പ്രതികരിച്ചത്? അവി

ടുന്നു പറഞ്ഞു: ***പിതാവേ, ഇവരോടു ക്ഷമിക്കണമേ.*** (ലൂക്കോസ് 22:34) നിങ്ങളുടെ ഉള്ളിലെന്തുണ്ടോ അതായിരിക്കും നിങ്ങൾ പ്രദർശിപ്പിക്കുക. യേശു പറഞ്ഞു: ***ഹൃദയത്തിന്റെ നിറവിൽ നിന്നും അധരം സംസാരിക്കുന്നു.*** കുരിശിൽ വച്ച് യേശു കരുണ വെളിവാക്കി. വേദനയും ദുരിതവും ഇല്ലായ്മ ചെയ്യുവാനുള്ള ആർദ്രതയെയാണ് കരുണ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. കരുണയ്ക്ക് ഒരു വ്യവസ്ഥകളുമില്ല. '*നിങ്ങൾ എന്നോടു നന്നായി പെരുമാറിയാൽ........*' ഈ മാതിരി വ്യവസ്ഥകളൊന്നും കരുണ ആവശ്യപ്പെടുന്നില്ല. വാസ്തവത്തിലുള്ള കരുണ ആർദ്രത നിറഞ്ഞതാണ്. മറ്റുള്ളവരുടെ (നമ്മെ ദ്രോഹിക്കുന്നവരുടെപോലും) ദുഖവും വേദനയും നീക്കുവാനുള്ള വ്യഗ്രത നിറഞ്ഞതുമാണ് യഥാർത്ഥ കരുണ.

## കരുണയും സത്യവും

ദൈവം കരുണയുള്ളവനാണ്; ഒപ്പം നീതിയും സത്യവും നിറഞ്ഞവനും. സത്യവും നീതിയും വെടിഞ്ഞു കൊണ്ട് അവിടുത്തേക്കു കരുണ കാണിക്കാൻ സാദ്ധ്യമല്ല; അവിടുത്തെ നീതിസ്വഭാവം ത്യജിക്കാൻ അവിടുത്തേക്കാവില്ല. തങ്ങളുടെ ജീവിതത്തിൽ ചില പാപങ്ങളും ബന്ധിതാവസ്ഥകളും സാരമില്ല എന്നു വിചാരിക്കുന്ന ചില ക്രിസ്ത്യാനികളുണ്ട്. ദൈവം കാരുണ്യവാനായതുകൊണ്ടും തങ്ങൾ ബലഹീനരായ മനുഷ്യരായതുകൊണ്ടും ഈ വക കാര്യങ്ങൾക്കു നേരെ ദൈവം കണ്ണടച്ചു കളയുമെന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നു. നിങ്ങൾ യേശുവിനെ വിളിച്ചപേക്ഷിക്കുമ്പോൾ അവിടുന്നു നിങ്ങളിലേക്കു വരുന്നു. നിങ്ങൾക്കു മറികടക്കാനാവില്ലാത്ത ഒരു ഉടമ്പടി ബന്ധത്തിലേക്കു നിങ്ങൾ പ്രവേശിക്കുന്നു. പൗലോസപ്പസ്തോലൻ പറയുന്നത്, വീണ്ടെടുപ്പിന്റെ നാളിലേക്കായി നിങ്ങൾ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ടിരിക്കുന്നു എന്നാണ്. നിങ്ങളുടെ ഉള്ളിൽ ദൈവത്തിന്റെ വിത്ത് ചലനാത്മകമാവുമ്പോൾ ആ വിത്ത് പൂർണ്ണവളർച്ചയിലെത്തിക്കാനുള്ള ഉത്തരവാദിത്വം ദൈവം ഏറ്റെടുക്കുന്നു. ആദ്യമേ തന്നെ നിങ്ങളുടെ ഇച്ഛയെ പൂർണ്ണമായും ദൈവത്തിനു വിധേയപ്പെടുത്തന്നെതെങ്ങനെയെന്ന് നിങ്ങൾ ഗ്രഹിച്ചില്ലെങ്കിൽ ഏറെ കഷ്ടത്തിലൂടെ നിങ്ങൾക്കു കടന്നുപോകേണ്ടതായി വരും. ദൈവം ആരംഭിച്ച പ്രവർത്തിയെ അതിന്റെ പരിപൂർത്തിയിലെത്തിക്കുന്നതിൽ നിന്നും അവിടുന്നു പിൻമാറുകയില്ല! അവിടുന്നാണ് നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനും അതാണവിടുത്തെ കരുണ; ഒരിക്കലും സത്യത്തെ ത്യജിച്ചു കൊണ്ടല്ല അവിടുന്നതു നിവർത്തിക്കുന്നത്.

തിരുത്തലിന്റെ വടി അവിടുന്നുപയോഗിക്കുന്നത് അവിടുത്തെ കരുണയാണ്. ഒരിക്കൽ നിങ്ങൾ ദൈവത്തിന്റെതായിത്തീർന്നാൽ ഒരുനാളും അവിടുന്നു നിങ്ങളെ ഉപേക്ഷിച്ചു കളയുകയില്ല. സ്വർഗ്ഗത്തിന്റെ വേട്ടപ്പട്ടിയെന്ന് പരിശുദ്ധാത്മാവിനെ സ്നേഹപൂർവ്വം പരാമർശിക്കാറുണ്ട്. നിങ്ങളവിടുത്തേക്കു വിധേയപ്പെടുന്നതുവരെ അവിടുന്നു നിങ്ങളെ പിന്തുടർന്നു



കൊണ്ടേയിരിക്കും. ബലം പ്രയോഗിച്ചല്ല, മറിച്ച് അവിടുത്തെ സ്നേഹത്താൽ അവിടുന്നു നിങ്ങളെ തന്നിലേക്ക് ആവർത്തിച്ച് ആകർഷിച്ചുകൊണ്ടിരിക്കും.

## സ്നേഹത്തിൽ പ്രതികരിക്കാൻ പഠിക്കുക

നിങ്ങൾ കരുണയുള്ള ഒരു വ്യക്തിയാണെങ്കിൽ ആരെങ്കിലും അന്യായമായി നിങ്ങളെ മുതലെടുത്തെന്നുവന്നാൽ പോലും സ്നേഹത്തിൽതന്നെ നിങ്ങൾ പ്രതികരിക്കും. ആരെങ്കിലും നിങ്ങൾക്കു ദോഷകരമായതു ചെയ്താൽ കയ്പോടെയും കോപത്തോടെയും "സർപ്പത്തിന്റെ ജീവനാണ്" നിങ്ങൾ വെളിപ്പെടുത്തുന്നതെങ്കിൽ ദൈവത്തിന്റെ കരുണയെക്കുറിച്ച് നിങ്ങൾക്കൊന്നുമറിഞ്ഞുകൂടാ. ദൈവത്തിനു മാത്രമേ വിധിക്കുവാനുള്ള അധികാരമുള്ളു. ദൈവത്തിന്റെ വിധി എപ്പോഴും ശുദ്ധീകരണത്തിനായിട്ടാണ്. ഒരിക്കലും ശിക്ഷാവിധിക്കായിട്ടല്ല. ദൈവീക ന്യായവിധി, ദൈവത്തിന്റെ അഗ്നി, ക്ലേശങ്ങൾ എല്ലാം നിങ്ങളുടെ ഉള്ളിൽ ഉള്ള വിത്തിന്റെ ശുദ്ധീകരണത്തിനായിട്ടാണ്. ആരെങ്കിലും നിങ്ങൾക്കെതിരെ തിന്മചെയ്താൽ ആ വ്യക്തി നിങ്ങളുടെ അധികാരത്തിൻകീഴിലാണ്. യേശു തന്റെ ശിഷ്യന്മാരോട് **ആരുടെ പാപങ്ങൾ നിങ്ങൾ മോചിപ്പിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു, ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു** (യോഹ 20.23). ആയതിനാൽ ഒരു വ്യക്തി നിങ്ങൾക്കെതിരെ തെറ്റു ചെയ്താൽ എപ്രകാരം നിങ്ങൾ പ്രതികരിക്കുന്നു എന്നത് എപ്രകാരമുള്ള സ്വഭാവമാണ് നിങ്ങളിൽ രൂപം കൊണ്ടിരിക്കുന്നത് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾക്ക് ദൈവത്തിന്റെ സ്വഭാവമുണ്ടെങ്കിൽ നിങ്ങൾ കരുണയുള്ളവനായിരിക്കും. നിങ്ങൾ പറയും **പിതാവേ, അവർ ചെയ്യുന്നതെന്തെന്ന് അറിയായ്കയാൽ അവരോടു ക്ഷമിക്കേണമേ**. ആരെങ്കിലും ദൈവത്തിന്റെ അഭിഷിക്തനെ ഉപദ്രവിക്കുന്നുവെങ്കിൽ അവർ അറിയാതെയാണ് അങ്ങനെ ചെയ്യുന്നത്. അറിഞ്ഞിരുന്നുവെങ്കിൽ അവർ അപ്രകാരം ചെയ്യുമായിരുന്നില്ല. ദൈവത്തിന്റെ വിശുദ്ധിയുടെയും ദൈവീകപ്രകാശത്തിന്റെയും മുമ്പാകെ നിങ്ങളെതന്നെ കാണുന്നുവെങ്കിൽ നിങ്ങൾക്ക് ഒരു കാര്യം വ്യക്തമാകും. ഒരുവന്റെയുള്ളിലുള്ള ദൈവത്തിന്റെ ജീവന്റെയും ശക്തിയുടെയും ഒരു വെളിപാട് ഒരുവനു ലഭിച്ചില്ല എങ്കിൽ ആർക്കും ദൈവത്തിന്റെ സ്വഭാവം ഉളവായി വരികയില്ല. നിങ്ങളെ ഉപദ്രവിക്കുന്ന ക്രിസ്ത്യാനികൾ പോലും അവർ ചെയ്യുന്നതെന്താണെന്നറിയുന്നില്ല. ദൈവത്തിന്റെ ക്ഷമയെക്കുറിച്ച് അവർക്കു ഗ്രാഹ്യമില്ല. ദൈവത്തിന്റെ ക്ഷമയെക്കുറിച്ച് നിങ്ങൾക്കൊരു ഗ്രാഹ്യമുണ്ടെങ്കിൽ ഒന്നിനും നിങ്ങളെ ശിക്ഷാവിധിയിൻ കീഴിൽ നിറുത്താൻ കഴിയുകയില്ല. നിങ്ങൾ ആരെയും കുറ്റം വിധിക്കുകയോ ആരോടും പ്രതികാരം ചെയ്യുകയോ ഇല്ല. ഒരു ദൈവപൈതലെന്ന നിലയിൽ ക്ഷമിക്കപ്പെടാൻ കഴിയാത്ത ഒരവസ്ഥയിലേക്ക് ഒരിക്കലും എത്തുകയുമില്ല.

ദൈവത്തിന്റെ ക്ഷമ പരിധിയില്ലാത്തതാണ്. നിങ്ങളതു തിരിച്ചറിയുമ്പോൾ എല്ലാഅവസ്ഥയിൽനിന്നും നിങ്ങൾ പുറത്തുവരും. ഏതു സമയം നിങ്ങൾ ദൈവത്തിൽനിന്നും അകന്നുപോയാലും ഏതു നിമിഷം നിങ്ങൾ പരാജയപ്പെട്ടാലും ക്ഷമ ലഭിക്കേണ്ടതിന് നിങ്ങളുടെ പിതാവിന്റെ കരങ്ങളിലേക്ക് നിങ്ങൾക്കോടിച്ചെല്ലാനാവും. ദൈവത്തിന്റെ ക്ഷമ നിങ്ങൾ അനുഭവിച്ചാൽ, മറ്റുള്ളവരോടു ക്ഷമിക്കാൻ നിങ്ങൾക്കു സാധിക്കും.

## എത്ര പ്രാവശ്യം ഞാൻ ക്ഷമിക്കണം?

മത്തായി 18.21 ൽ പത്രോസ് യേശുവിനോടു ചോദിച്ചു: **കർത്താവേ സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമിക്കണം?** ഒരേ വ്യക്തിതന്നെ പലവട്ടം നമുക്കെതിരായി തെറ്റുചെയ്താൽ എത്ര തവണ നാം ക്ഷമിക്കണം? വചനം പറയുന്നതെനിക്കറിയാം. എനിക്കറിയേണ്ടത് **എത്ര തവണ** ഞാൻ ക്ഷമിക്കണം എന്നാണ്. പതിനായിരം താലന്തു കടമുണ്ടായിരുന്ന ഒരു വ്യക്തിയെപ്പറ്റിയുള്ള ഉപമ കർത്താവ് അതിനുശേഷം പറഞ്ഞു. ഇതു നമ്മുടെ ചിത്രമാണ്. ദൈവത്തോടുള്ള കടം കൊടുത്തു വീട്ടാൻ നമുക്കൊരിക്കലും കഴിയുകയില്ല. ദൈവത്താൽ നിറഞ്ഞ ഒരു മനുഷ്യന്റെ മകുടോത്തമമായ ഒരു ജീവിതം ജീവിച്ചശേഷം അവിടുന്ന് കുരിശിൽ കയറി നമ്മുടെ എല്ലാ പാപത്തിന്റെയും കടം കൊടുത്തുവീട്ടി. യേശുവിന്റെ രക്തത്തിനു ശുദ്ധി വരുത്തുവാൻ പറ്റാത്തവിധത്തിലുള്ള ഒരു പാപംപോലും നിങ്ങളുടെ ജീവിതത്തിലില്ല. ദൈവമുമ്പാകെ നിങ്ങൾക്ക് വിശുദ്ധരായി, മാലിന്യവും കളങ്കവുമില്ലാത്തവരായി നിൽക്കാൻ സാധിക്കും. കൊടുത്തുവീട്ടാൻ ആവാത്തവിധത്തിൽ ഭയങ്കരമായിരുന്ന നിങ്ങളുടെ **എല്ലാ** പാപത്തിന്റെ കടങ്ങളും ദൈവം ഇളച്ചുതന്നു. അതാണ് കരുണ, അതാണ് ദൈവത്തിന്റെ സ്വഭാവം. അതുകൊണ്ടാണ് തന്നെ കുരിശിൽ തറച്ചുകൊന്ന മനുഷ്യരോട് അവിടുത്തേക്കു ക്ഷമിക്കുവാനായത്. അവിടുത്തെ ഉള്ളിലുള്ളതിനെ (സ്നേഹം, കരുണ, ആർദ്രത എന്നിവയെ) ദൈവം വെളിപ്പെടുത്തുന്നു.

നമ്മോടു വിരോധമായി ആരെങ്കിലും പെരുമാറിയാൽ എപ്രകാരമാണ് നാം പ്രതികരിക്കുന്നത്? ഈ ഉപമ അതിനെക്കുറിച്ചുതന്നെയാണ്. നിങ്ങളോടു തെറ്റു ചെയ്തവരോടു നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ മത്തായി 18.32–35 നിങ്ങൾക്കു ബാധകമാണ്. **യജമാനൻ അവനെ വിളിച്ചു ദുഷ്ടദാസനെ, നീ എന്നോട് അപേക്ഷിക്കയാൽ ഞാൻ ആ കടം ഒക്കെയും ഇളച്ചുതന്നുവല്ലോ. എനിക്കു നിന്നോടു കരുണ തോന്നിയതുപോലെ നിനക്കും കൂട്ടുദാസനോടു കരുണ തോന്നേണ്ടതല്ലയോ എന്നു പറഞ്ഞു. അങ്ങനെ യജമാനൻ കോപിച്ചു, അവൻ കടമൊക്കെയും തീർക്കുവോളം അവനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏൽപ്പിച്ചു. നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവു അങ്ങനെതന്നെ നിങ്ങളോടു ചെയ്യും.**



യേശു ക്ഷമിക്കുന്നതുപോലെ ക്ഷമിക്കുക എന്നതാണ് ക്രിസ്ത്യാനിയുടെ സ്വഭാവം. തങ്ങളുടെ ജഡിക പ്രകൃതം വെളിപ്പെടുത്തുന്ന ഏവനും ദൈവമുമ്പാകെ കുറ്റം വിധിക്കപ്പെട്ടവനാണെന്ന് തിരിച്ചറിയുന്നു. നാം ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോൾ നാം ചെയ്തതൊക്കെയും ചെയ്തുപോയേക്കാവുന്നതൊക്കെയും ക്ഷമിച്ചുതരുന്നു. എന്നിട്ട് നമ്മുടെ സഹജീവികളോടും അപ്രകാരം തന്നെ ചെയ്യുവാൻ ആവശ്യപ്പെടുന്നു. നാം ക്ഷമിക്കുന്നില്ലെങ്കിൽ നമ്മെ ദണ്ഡിപ്പിക്കുന്നവരുടെ കൈയ്യിൽ നാം ഏൽപ്പിക്കപ്പെടും എന്ന് യേശു പറഞ്ഞു. ചില സന്ദർഭങ്ങളിൽ നമ്മുടെ അരിഷ്ടത എത്രയും അധികമളവിൽ നമുക്കു വെളിവായി വരുന്നു. നിങ്ങൾ ഒരാളെ വിധിക്കുകയോ കുറ്റം ചുമത്തുകയോ ചെയ്താൽ നിങ്ങളും അങ്ങനെതന്നെയോ അതിലും ഹീനമായതോ ചെയ്യുന്ന അവസ്ഥയിൽ നിങ്ങളെതന്നെ കാണുവാൻ ഇടയായേക്കാം. അതുകൊണ്ടാണ് യേശു നമുക്കു മുന്നറിയിപ്പു തരുന്നത്. വിധിക്കപ്പെടാതിരിക്കേണ്ടതിന് നിങ്ങളും വിധിക്കരുത്. (മത്തായി 7.1). നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്ക് ക്ഷമിക്കുവാൻ പറ്റാത്ത അവസ്ഥകളുണ്ടെങ്കിൽ, അമർഷവും നീരസവുമുണ്ടെങ്കിൽ നിങ്ങൾ അവിടുത്തെ അന്വേഷിക്കേണ്ട ആവശ്യമുണ്ട്. അവിടുത്തെ സ്വഭാവം അതെല്ലാം കഴുകി പുറത്തുകളയും. നിങ്ങൾ യഥാർത്ഥത്തിൽ ദൈവത്തിന്റെ ക്ഷമ അനുഭവിക്കുമ്പോൾ നിങ്ങളിൽ അഹങ്കരിക്കുവാൻ ഒരുവകയും കാണുകയില്ല. മറ്റുള്ളവരോടു യാതൊരു പ്രതികാര മനോഭാവവും നിങ്ങളിലുണ്ടാവുകയില്ല. നമ്മുടേതായ വഴികളോടുള്ള പ്രതിപത്തി നമ്മെ വിട്ടുപോകും. ദൈവാത്മാവിനു നിങ്ങൾ വിധേയപ്പെട്ടവരെങ്കിൽ ദൈവരാജ്യത്തിൽ നിങ്ങളുടെ സ്വന്ത ഇഷ്ടങ്ങളെ നിങ്ങൾക്കു താലോലിക്കേണ്ടിവരില്ല.

ഈ സന്ദേശങ്ങളിലൂടെ ദൈവം നമുക്കൊരു സത്യം വെളിവാക്കുകയാണ്: “യേശു എന്റെ ഉള്ളിലുണ്ട്” എന്നു പറഞ്ഞുകൊണ്ട് ചിലർ ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നു. മറ്റു ചിലർക്കാകട്ടെ വിശുദ്ധിയുടേയും നീതിയുടേയും അനുഭവമില്ലാതെ തന്നെ അതിന്റെയൊക്കെ ഉപദേശങ്ങളുണ്ട്. ദൈവീക കാര്യങ്ങൾ നമ്മുടെ സ്വന്തമാകുന്നതുവരെ ദൈവത്തിന്റെ മുഖം നാം അന്വേഷിക്കേണ്ടതുണ്ട്. നമ്മുടെ സകലഅറിവും ദൈവം എടുത്തശേഷം അവിടുന്നുതന്നെ തന്റെ ജ്ഞാനത്തെ നമ്മിൽ വളർത്തിയെടുക്കുന്ന സമയമാണിത്. അങ്ങനെയാണ് ദൈവം തന്റെ സഭയെ – തന്റെ ഏകോപിത ആവിഷ്കാരം (corporate expression) ആയ, കറയും ചുളിവുമില്ലാത്ത മഹത്വപൂർണ്ണമായ സഭയെ ഈ ഭൂമിയിൽ പടുത്തുയർത്തുന്നത്.

അദ്ധ്യായം 6

# ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ

*ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും. (മത്തായി 5.8)*

**ദൈവത്തെ എനിക്കൊന്നു കാണാനൊത്തെങ്കിൽ!** നിങ്ങളിൽ പലരും ഇപ്രകാരം ചിന്തിച്ചിട്ടുണ്ടാവണം. ദൈവത്തെകാണുക എന്നത് ഒരു ശുദ്ധഹൃദയത്തോടുള്ള ദൈവത്തിന്റെ വാഗ്ദത്തമാണ്. ബുദ്ധിയുടേയോ വികാരങ്ങളുടേയോ ഒരു കാര്യമല്ല, ഹൃദയത്തിന്റെ കാര്യമായതുകൊണ്ടു ദൈവത്തിനു നന്ദി. ചില സന്ദർഭങ്ങളിൽ ചിലകാര്യങ്ങൾ ചെയ്യുവാൻ ഞാനിഷ്ടപ്പെടുന്നില്ല, എങ്കിലും എന്റെ ഹൃദയം നേരായ കാര്യത്തിലേക്കെന്നെ നടത്തുന്നു. യേശുവിന്റെ സുവിശേഷം ഹൃദയത്തോടുള്ള സുവിശേഷമാണ്. അതു നമ്മുടെ തോന്നലുകളെ അടിസ്ഥാനപ്പെടുത്തിയുള്ളവയല്ലാത്തതുകൊണ്ടും ദൈവത്തിനു നന്ദി. നമ്മുടെ ഹൃദയം വാസ്തവത്തിൽ ദൈവത്തെ അന്വേഷിക്കുന്നുവെങ്കിൽ നമ്മുടെ തോന്നലുകളെ നമ്മുടെ നിയന്ത്രണത്തിൽ കീഴിൽ കൊണ്ടുവരാൻ നമുക്കു കഴിയും. സഭയുടെ ഒരു കൂടിവരവു നടക്കുമ്പോൾ എനിക്കു ചിലപ്പോൾ അതിൽ സംബന്ധിക്കാൻ തോന്നുകയില്ലായിരിക്കാം. എന്നാൽ ഞാനെഴുന്നേറ്റുനിന്ന് എന്റെ കാലിനോടു പറയുന്നു: *വിശുദ്ധന്മാരുടെ കൂടിവരവു നടക്കുന്ന ഇടത്തേക്ക് എന്നെ കൊണ്ടുപോകൂ.* ദൈവത്തെ ആരാധിക്കാൻ എനിക്ക് ഒരു ദിവസം തോന്നുന്നില്ല എന്നിരിക്കട്ടെ. എന്നാൽ ഞാനെന്റെ ഹൃദയത്തിന്റെ വാഞ്ഛകൊണ്ട് എന്റെ ശബ്ദം ഉയർത്തി പാടുവാനും സ്തുതിക്കാനും തുടങ്ങുന്നു. ഞാൻ അങ്ങനെ ദൈവത്തെ ആസ്വദിക്കാനിടയാവുന്നു.

## നമ്മുടെ ഹൃദയം, അതെന്താണ്?

ചിലർ പറയാറുണ്ട് ഹൃദയവും ആത്മാവും വേദപുസ്തകത്തിന്റെ കാഴ്ചപ്പാടിൽ ഒന്നാണെന്ന്. **ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ. മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു.** (സങ്കീർത്തനം 34.18) സ്ട്രോംങ്ങ്സ് കൊൺകോർഡൻസ് (Strong's Concordance) നോക്കിയാൽ ഈ രണ്ടു വാക്കുകൾക്കും ഒരേ അർത്ഥമല്ല എന്നു കാണാനാവും.

**ദൈവമേ നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കണമേ** (സങ്കീ 51.10)

**സന്തോഷമുള്ള ഹൃദയം മുഖപ്രസാദമുണ്ടാക്കുന്നു. ഹൃദയത്തിലെ വ്യസനം കൊണ്ടോ ധൈര്യം ക്ഷയിക്കുന്നു.** (സദൃശ്യവാക്യങ്ങൾ 15.13)



**ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും. പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും. കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടത്തുമാറാക്കും. നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ച് അനുഷ്ഠിക്കും.** (യെഹെസ്കേൽ 36.26)

ഹൃദയവും ആത്മാവും ഒരേ അർത്ഥത്തിലല്ല ഈ വാക്യങ്ങളിൽ കാണുന്നത്.

ആത്മാവുകൊണ്ടാണ് നാം ദൈവത്തെ സ്പർശിക്കുന്നത്. ദൈവവുമായി ബന്ധപ്പെടുകയെന്നത് ആത്മാവിൽ നാം ചെയ്യുന്ന ഒരു കാര്യമാണ്. ജീവജലത്തിന്റെ ഉറവുകൾ, ക്രിസ്തു, ജീവൻ, ദൈവത്തിന്റെ ശക്തി, ദൈവത്തിന്റെ സ്വഭാവം എന്നിവയെല്ലാം ആത്മാവിലുള്ള കാര്യങ്ങളാണ്. ദൈവത്തെ സ്പർശിക്കുന്നതും ദൈവത്തെ സ്വീകരിക്കുന്നതും, അവിടുത്തോടുള്ള സകലസംസർഗ്ഗവും, ദൈവത്തെ ആരാധിക്കുന്നതുമെല്ലാം ആത്മാവിന്റെ പ്രവർത്തികളാണ്. ദൈവത്തെ ആരാധിക്കുന്നത് ആത്മാവിലാണ്, ബുദ്ധികൊണ്ടും യുക്തികൊണ്ടുമല്ല. ദൈവത്തോടു സമ്പർക്കം പുലർത്തണമെങ്കിൽ ആത്മാവിൽ അവിടുത്തെ ആരാധിക്കാൻ അഭ്യസിച്ചേ മതിയാവൂ. യോഹന്നാൻ 4.24 ൽ യേശു പറയുന്നു **ദൈവം ആത്മാവാകുന്നു, അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം.** നാം യേശുവിനെ സ്വീകരിക്കുമ്പോൾ നമ്മുടെ ആത്മാവ് ദൈവാത്മാവിനാൽ ഉദ്ദീപിപിക്കപ്പെടുന്നു. ദൈവീക ജീവനാൽ നമ്മുടെ ആത്മാവ് ചൈതന്യം പ്രാപിക്കുന്നു. **കർത്താവിനോടു പറ്റിച്ചേർന്നവനോ അവനുമായി ഏകാത്മാവ് ആകുന്നു** (1 കൊരി 6.17) നിങ്ങളുടെ സ്വാഭാവിക മനസ്സുകൊണ്ടല്ല, നിങ്ങളുടെ ആത്മാവുകൊണ്ടാണ് നിങ്ങൾ ദൈവവുമായി ഏകീഭവിക്കുന്നത്. അതുകൊണ്ടാണ് പൗലോസപ്പസ്തോലൻ പറയുന്നത് **ഈ ലോകത്തിന് അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നതു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.** (റോമ 12.2) ദൈവാത്മാവിനെ നമ്മുടെ ആത്മാവിലേക്ക് ഒഴുകിവരുവാൻ അനുവദിക്കേണ്ടതിനും നമ്മുടെ സ്വാഭാവിക മനസ്സിനെ ആത്മീക മനസ്സായിട്ടു പുതുക്കി രൂപാന്തരം വരുത്തേണ്ടതിനും നാം ദൈവത്തിന്റെ സാന്നിദ്ധ്യത്തിലും അവിടുത്തെ വചനത്തിൻ മുമ്പാകെയും സമയം ചെലവഴിച്ചേ മതിയാകൂ.

## ആത്മാവിൽ ദൈവത്തെ സ്പർശിക്കുക

വിദ്യുച്ഛക്തിയുടെ ഉദാഹരണംകൊണ്ട് ഈ സംഗതി കൂടുതൽ വെളിവാക്കാം. വിദ്യുച്ഛക്തി ദൈവത്തെ പ്രതിനിധാനം ചെയ്യുന്നുവെന്നിരിക്കട്ടെ. പവ്വർഹൗസിൽ ആവശ്യത്തിന് വിദ്യുച്ഛക്തിയുണ്ട്. പവർലൈൻ വഴി വൈദ്യുതപ്രവാഹം നിങ്ങളുടെ വീട്ടിൽ എത്തുന്നു. നിങ്ങളുടെ വീട്ടിലെ പ്ലഗ് പോയിന്റുവരെ വിദ്യുച്ഛക്തി എത്തിയാലും നിങ്ങൾക്കതു

പ്രയോജനപ്പെടണമെങ്കിൽ അതു കുത്തി എടുക്കേണ്ടതുണ്ട്. ഒരു ലൈറ്റു കത്തണമെങ്കിൽ വൈദ്യുതി കുത്തിയെടുത്തേ തീരു. ദൈവീക ജീവന്റെ ഉറവിടം പിതാവായ ദൈവമാണ്. പുത്രനായ ദൈവം ഈ ജീവന്റെ മാദ്ധ്യമമാണ്. പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിലെ വൈദ്യുതി സോക്കറ്റാണ്. ഈ പ്ലഗിലൂടെയാണ് നാം ദൈവീക ജീവനുമായി സമ്പർക്കം പുലർത്തുന്നത്. ദൈവീകസത്തയുടേയും ശക്തിയുടേയും പ്രവാഹം നമുക്കു ലഭ്യമാകുന്നത് നമ്മുടെ ആത്മാവിലാണ്. നിങ്ങൾ ഒരു വൈദ്യുതകമ്പിയിൽ സ്പർശിച്ചാൽ എപ്രകാരം നിങ്ങളിലേക്ക് വൈദ്യുതി പ്രവഹിക്കുന്നുവോ അപ്രകാരം തന്നെയാണ് ദൈവത്തെ നാം ആത്മാവിൽ സ്പർശിക്കുമ്പോൾ ദൈവീക ചൈതന്യം നമ്മിലേക്കു പ്രവഹിക്കുന്നത്. ചെറിയ ഒരു സ്പർശനത്താൽ വൈദ്യുതി നമ്മിലേക്കു പ്രവഹിക്കുന്നു. ആയിരക്കണക്കിനാളുകൾ തങ്ങളെ ദൈവം സ്പർശിച്ചു എന്നു സാക്ഷ്യപ്പെടുത്താറുണ്ട്. ദൈവം ആദ്യം എന്നെ സ്പർശിച്ച ദിവസം ഇന്നും ഞാൻ വ്യക്തമായിട്ടോർക്കുന്നു. ദൈവീക വൈദ്യുതി ആദ്യമായി എന്നിലേക്കു പ്രവഹിച്ചു കഴിഞ്ഞപ്പോൾ എനിക്കെന്താണു സംഭവിക്കുന്നതെന്ന് കുറച്ചുനേരത്തേക്ക് എനിക്കു മനസിലാക്കുവാൻ കഴിഞ്ഞില്ല. ഞാൻ ദൈവജനത്തിന്റെ സഭയിലേക്കു കടന്നു വരുമ്പോൾ എന്തിനാണ് കരയുന്നതെന്നെനിക്കു മനസ്സിലായില്ല. ദൈവീക കാര്യങ്ങളെ എന്റെ സ്വാഭാവിക മനസ്സുകൊണ്ട് അറിയാൻ എനിക്കു കഴിഞ്ഞില്ല.

ദൈവത്തെ സ്പർശിക്കുക എന്നത് ആത്മാവിനെ സംബന്ധിച്ച കാര്യമാണെന്ന് നിങ്ങൾ ഗ്രഹിക്കുമ്പോൾ മറ്റൊരു കാര്യം കൂടി നിങ്ങൾക്കു വ്യക്തമാകും. മനസ്സടിഞ്ഞിരിക്കുമ്പോഴും എന്തെങ്കിലും പിഴവ് നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുമ്പോഴും നിങ്ങൾക്കു ദൈവത്തെ സ്പർശിക്കാൻ സാദ്ധ്യമല്ല എന്നു പറഞ്ഞുകൊണ്ട് ആത്മാവിന്റെ കാര്യങ്ങളെ ഗ്രഹിക്കാൻ കഴിവില്ലാത്ത നിങ്ങളുടെ സ്വാഭാവിക മനസ്സ് നിങ്ങളെ കബളിപ്പിക്കാൻ ശ്രമിക്കും. ഒരു കാര്യം എപ്പോഴും ഓർമ്മിക്കുക. ദൈവത്തെ സ്പർശിക്കുക എന്നത് നിങ്ങളുടെ മനഃശക്തികൊണ്ട് സാധിക്കുന്ന കാര്യമല്ല. നിങ്ങളുടെ ആത്മാവിലാണ് നിങ്ങൾ ദൈവത്തെ സ്പർശിക്കുക. നിങ്ങളുടെ ജീവിതം എത്ര മോശപ്പെട്ടതാണെങ്കിലും ഒരു വൈദ്യുത പ്ലഗിനകത്ത് നിങ്ങളുടെ വിരൽ കടത്തിയാൽ നിങ്ങൾക്കു ഷോക്കടിക്കുക തന്നെ ചെയ്യും. ദൈവത്തിന്റെ പ്രമാണവും ഏതാണ്ടിതുപോലെയാണ്. എത്ര തവണ നിങ്ങൾ ദൈവത്തിൽ നിന്നകന്നാലും എത്ര മോശമാണ് നിങ്ങളുടെ ജീവിതമെങ്കിലും നിങ്ങൾ ദൈവത്തിലേക്കു തിരിയുകയും നിങ്ങളുടെ ആത്മാവിൽ അവിടുത്തെ സ്പർശിക്കുകയും ചെയ്താൽ നിശ്ചയമായും ദൈവീക വിദ്യുച്ഛക്തി നിങ്ങളിൽ പ്രവഹിക്കും. ദൈവത്തെ നിങ്ങൾക്കു പ്രാപ്യമാക്കുന്നതിനുവേണ്ടിയാണ് നിങ്ങളുടെ യാതൊരവസ്ഥയെയും പരിഗണിക്കാതെ നിങ്ങൾക്കുവേണ്ടി അവിടുന്നു കുരിശിൽ കയറിയത്. സ്വന്തകഴിവുകൊണ്ട് നമുക്കു നീതീകരിക്കപ്പെടുവാനും



ക്രിസ്തീയ ജീവിതം നയിക്കുവാനും കഴിയുമായിരുന്നുവെങ്കിൽ യേശുക്രിസ്തുവിന്റെ കുരിശ് അനാവശ്യമാകുമായിരുന്നു. യേശുവിന്റെ രക്തം മുഖാന്തരമായും ദൈവത്തിന്റെ കറയില്ലാത്ത കുഞ്ഞാടായ അവിടുത്തെ ജീവിതം ഹോമയാഗമായതുകൊണ്ടും നമുക്കു ദൈവസന്നിധിയിൽ പ്രവേശനമുണ്ട്. നമുക്ക് നമ്മുടെ ബാഹ്യമായ അവസ്ഥ പരിഗണിക്കാതെ നമ്മുടെ വിരൽ പ്ലഗിനകത്തിട്ട് ദൈവീക വിദ്യുച്ഛക്തി ഒഴുകുന്നത് അനുഭവിക്കാം. നിങ്ങൾക്കിതു ഗ്രഹിക്കാനാവുമെങ്കിൽ എപ്പോഴും ദൈവത്തിനടുത്തേക്കു കടന്നുചെല്ലാം. നിങ്ങളുടെ അവസ്ഥ കാര്യമാക്കേണ്ടതില്ല. അനേകരും ദൈവത്തിനടുത്തേക്കുവരാൻ വേണ്ടി ഞങ്ങളുടെ ബാഹ്യ അവസ്ഥകളെ ക്രമീകരിച്ചുകൊണ്ടിരിക്കും. നിങ്ങൾ ദൈവത്തെ അന്വേഷിക്കുകയും അവിടുത്തെ വിദ്യുൽപ്രവാഹം നിങ്ങളനുഭവിക്കുകയും ചെയ്യുമ്പോൾ അത് നിങ്ങളുടെ പുറമെയുള്ള അവസ്ഥയെ ക്രമീകരിച്ചു കൊള്ളും. ഇതു നിങ്ങൾക്കു സ്വന്തമായി ചെയ്യാവുന്ന ഒരു കാര്യമല്ല. നിങ്ങൾ ശക്തിയുടെ സ്രോതസ്സിലേക്കു കടന്നുചെല്ലുന്ന ഒരു കാര്യമാണിത്. യേശുവിന്റെ രക്തത്തിന്റെ ക്ഷമിക്കാനുള്ള ശകതി നിങ്ങളൊന്നു ഗ്രഹിച്ചാൽ ആത്മാവിൽ നിങ്ങൾക്കു കടന്നുചെല്ലുവാനും ദൈവീകമായ ആ വൈദ്യുതി സ്പർശിക്കുവാനും കഴിയും. അത് നിങ്ങളെ ശുദ്ധീകരിക്കുകയും നിങ്ങളുടെ നടപ്പ് ക്രമപ്പെടുത്തുകയും ചെയ്യും. നാം ദൈവത്തിൽനിന്നും വേർപെട്ടവരായി പിന്നീട് തുടരുന്നില്ല. ദൈവത്തിന്റെ സ്വഭാവവും ശക്തിയും നമ്മുടെ ആത്മാവോടു ചേർക്കപ്പെടുന്നു.

## ഹൃദയത്തിൽ ശുദ്ധിയുള്ളവർ ദൈവത്തെ കാണും

ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും. ഇന്ന് ദൈവത്തെ നമുക്കു കാണുവാൻ കഴിയും. എന്നാൽ മനുഷ്യന്റെ ഹൃദയത്തിലെ അന്ധത നിമിത്തം അവനു ദൈവത്തെ കാണുവാൻ കഴിയുന്നില്ല. നിങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിക്കും വരെ ദൈവത്തെ നിങ്ങൾ അന്വേഷിക്കുന്നുവെങ്കിൽ നിങ്ങൾ അവിടുത്തെ കാണും. നിങ്ങളുടെ ഹൃദയം ശുദ്ധവും ആത്മാവിനാൽ നിങ്ങൾ വിശുദ്ധീകരിക്കപ്പെട്ടവരും ആണെങ്കിൽ നിങ്ങൾക്ക് നിശ്ചയമായും ദൈവത്തെ കാണുവാൻ കഴിയും. മിക്കപേരും ചിന്തിക്കുന്നത് വിശുദ്ധീകരണം എന്നത് ഒരു നിമിഷം കൊണ്ടു സംഭവിക്കുന്ന കാര്യമാണെന്നാണ്. എന്നാൽ ഒരർത്ഥത്തിൽ അതങ്ങനെയാണെങ്കിൽതന്നെയും അതു തുടർമാനമായ ഒരു പ്രക്രിയകൂടെയാണ്. യേശു നിങ്ങളിൽ വരുമ്പോൾ നിങ്ങൾ വിശുദ്ധീകരിക്കപ്പെട്ടവരാണ്, ദൈവത്തിനായി വേർതിരിക്കപ്പെട്ടവരാണ്. എന്നാൽ അവിടുത്തെ സ്വഭാവം നിങ്ങളിൽ ഉരുവായി വന്നുകൊണ്ടിരിക്കുന്നു. അവിടുത്തെ രൂപത്തിലേക്കും സാദൃശ്യത്തിലേക്കും നാം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു.

മനുഷ്യവർഗ്ഗത്തിലാണ് നമുക്കിന്നു ദൈവത്തെ കാണാൻ സാധിക്കുന്നത്. ദൈവത്തെ യഥാർത്ഥത്തിൽ അറിയണമെങ്കിൽ നിങ്ങളുടെ

ഉള്ളിൽ അവിടുത്തെ അറിയണം. പൗലോസപ്പോസ്തോലനോടൊപ്പം *ഇനി ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു* എന്നു പറയാൻ തക്കവണ്ണം ദൈവീക ജീവനിൽ നാം വളരണം. ദൈവത്തിന്റെ നിർമ്മലമായ ആത്മാവ് ഒരു വ്യക്തിയിൽ നിന്നും പ്രവഹിക്കുന്നത് മറ്റുള്ളവർ കാണുമ്പോൾ അവർ അവനിലേക്ക് ആകർഷിക്കപ്പെടുന്നു. ദൈവം ഒരിക്കലും കുറ്റം വിധിക്കുന്നില്ല, കാൽവരിയിലെ യാഗം നിമിത്തമായി അവിടുന്നു നമ്മെ നിരപ്പിക്കുകയും നമ്മോടു ക്ഷമിക്കുകയും ചെയ്യും. ദൈവം സ്നേഹമായിരിക്കുന്നതുകൊണ്ട് നിങ്ങൾ മറ്റുള്ളവരെ യഥാർത്ഥത്തിൽ സ്നേഹിക്കുമ്പോൾ നിങ്ങളുടെ ഉള്ളിൽ വസിക്കുന്ന ദൈവത്തെക്കുറിച്ച് അവർക്ക് ബോധം വരുന്നു. സാമാന്യജനം ദൈവവത്തെ ത്യജിച്ചുകളയുന്നില്ല. ദൈവത്തെക്കുറിച്ച് തെറ്റായ ഒരു ധാരണ നൽകുന്ന ഒരു മത വ്യവസ്ഥയിൽനിന്നും അവർ തിരിഞ്ഞിരിക്കുന്നു എന്നേയുള്ളു. ഇന്നത്തെ ക്രിസ്തീയ വ്യവസ്ഥിതി സാമാന്യജനങ്ങൾക്ക് ആശയക്കുഴപ്പം ഉളവാക്കുക മാത്രമല്ല അവരെ വ്യവസ്ഥ കൂടാതെ സ്നേഹിക്കുന്ന ദൈവത്തിനടുത്തേക്ക് അവരെ ആകർഷിക്കുവാൻ പര്യാപ്തവുമല്ല. ക്രിസ്ത്യാനികൾ എന്നനിലയിൽ നമ്മുടെ പ്രവർത്തികൾ വഴിയായി ദൈവത്തെക്കുറിച്ച് എന്തു മതിപ്പാണ് മറ്റുള്ളവർക്ക് നാം നൽകുന്നതെന്ന് നമ്മോടുതന്നെ ഒന്നു ചോദിക്കേണ്ടിയിരിക്കുന്നു. അനേക കാര്യങ്ങൾ നാം പറഞ്ഞെന്നിരിക്കാം എന്നാൽ നമ്മുടെ പ്രവർത്തികളാണ് ജനത്തെ സ്വാധീനിക്കുന്നത്.

## മനോഭാവവും ഉദ്ദേശവും

**മനുഷ്യർ കാണേണ്ടതിനു നിങ്ങളുടെ നീതി അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ. അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല. ആകയാൽ ഭിക്ഷകൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിപ്പാൻ പള്ളികളിലും വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതുപോലെ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത്. അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന് വലങ്കൈ ചെയ്യുന്നത് എന്ത് എന്ന് ഇടങ്കൈ അറിയരുത്. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും.** (മത്താ 6.1-4)

മത്തായി 6 മനുഷ്യന്റെ മനോഭാവങ്ങളേയും ഹൃദയത്തിന്റെ ഉദ്ദേശങ്ങളേയും വെളിവാക്കുന്ന ഉൽകൃഷ്ടമായ ഒരദ്ധ്യായമാണ്. മനുഷ്യരാൽ കാണപ്പെടേണ്ടതിനും ദശാംശം കൊടുക്കുന്നവനാണെന്ന് അറിയപ്പെടേണ്ടതിനുമാണോ നാം പണം ദാനം ചെയ്യുന്നത്. അങ്ങനെയെങ്കിൽ നമുക്കു ലഭിക്കേണ്ട എല്ലാ പ്രതിഫലവും നമുക്കു ലഭിച്ചുകഴിഞ്ഞു. ഞാനാദ്യം ഈ വാക്യത്തിന്റെ അർത്ഥം മനസ്സിലാക്കിയപ്പോൾ എന്റെ ഹൃദയത്തിന്റെ ഉദ്ദേശത്തെപ്പറ്റി എനിക്കുറപ്പില്ലായിരുന്നു. എന്തുമാത്രം പണം ഞാൻ നൽകിയിട്ടുണ്ട് എന്ന് സഭയിൽ ചിലർക്കൊക്കെ അറിയാ



മായിരുന്നു. വർഷങ്ങളായി നിർലോഭമായി ദാനം ചെയ്യുന്ന പതിവ് ഞങ്ങൾക്കുണ്ടായിരുന്നു. എനിക്കെന്റെ ഹൃദയത്തെ വാസ്തവത്തിൽ പരിശോധിക്കേണ്ടിവന്നു. എത്രമാത്രം പണം ഞാൻ നൽകുന്നുണ്ട് എന്ന് ഒരു ചെറിയ അളവിലെങ്കിലും മറ്റുള്ളവർ അറിയണം എന്ന് ഞാൻ ആഗ്രഹിച്ചാണോ ഞാൻ ദാനധർമ്മം ചെയ്യുന്നത് എന്ന് ഞാൻ എന്നോടു തന്നെ ചോദിച്ചു. എന്റെ ദാനധർമ്മത്തിൽ ഞാൻ ഒട്ടും അഹങ്കരിക്കുന്നില്ല എന്നു തീർത്തുപറയുവാൻ അപ്പോൾ എനിക്കു കഴിഞ്ഞില്ല. ചില സന്ദർഭങ്ങളിലെങ്കിലും സഭയിലുള്ള ഒരു സഹോദരനോ സഹോദരിയോ സാമ്പത്തിക വിഷമത്തിലായിരിക്കുന്ന അവസരങ്ങളിൽ ഞാനവർക്കു പണം നൽകിയിട്ട് ദൈവം ഈ കാര്യത്തിൽ നിങ്ങളെ സഹായിക്കണം എന്ന് എന്നോടാവശ്യപ്പെട്ടു എന്നവരോടു പറഞ്ഞിട്ടുണ്ട്. ഒരു കാര്യം ഞാൻ സമ്മതിച്ചേ മതിയാവൂ. ഞാനൊരു ദൈവീക മനുഷ്യനാണെന്നും ഞാൻ ദൈവത്തെ കേൾക്കുന്നവനാണെന്നും അങ്ങനെയാണവരെ സഹായിക്കുന്നതെന്നും അവർക്ക് അറിയാനിടയാകുന്നു. നിശ്ചയമായും അഹങ്കാരത്തിനിവിടെ സ്ഥാനമുണ്ട്.

## രഹസ്യത്തിൽ നൽകുന്നത്

മുമ്പു പറഞ്ഞ കാര്യത്തിൽ അഹങ്കാരത്തിനിടമുള്ളതുകൊണ്ട് രഹസ്യത്തിൽ കൊടുക്കുവാൻ ഞാൻ തീരുമാനിച്ചു. അപ്പോൾതന്നെ അതു ചിലവേറിയ ഒരു സംഗതിയാണെന്നെനിക്കറിയാമായിരുന്നു. ആരും അറിയാതെ രഹസ്യത്തിൽ കൊടുക്കുമ്പോൾ എനിക്കൊരു നികുതിയിളവും ലഭ്യമായിരുന്നില്ല. ഉടനടി ഞാൻ രഹസ്യത്തിൽ കൊടുക്കുവാൻ തുടങ്ങി. കൊടുത്തുകൊണ്ടിരുന്ന തുകയിൽ കുറവു വരുത്തിയില്ല പക്ഷെ ആ തുക അടക്കം ചെയ്തിരുന്ന കവറിനു പുറത്ത് ഞാൻ എന്റെ പേര് എഴുതുന്നത് നിർത്തി. ഞാൻ ചെയ്യുന്ന കാര്യം ദൈവം മാത്രമേ അറിയുന്നുള്ളുവെന്ന് എനിക്കു ബോധ്യമായപ്പോൾ എന്റെ സന്തോഷം വലുതായിരുന്നു. അതിനുശേഷം ഏതെങ്കിലുമൊരവസരത്തിൽ ഒരുവൻ ആവശ്യത്തിലിരിക്കുന്നത് ഞാനറിയുകയും അദ്ദേഹത്തെ സഹായിക്കുവാൻ ദൈവം എന്റെ ഹൃദയത്തിൽ ഒരു ഭാരം ഇട്ടുതരികയും ചെയ്താൽ ആ വ്യക്തിയെ നേരിട്ട് സന്ദർശിച്ച് ആ സഹായം നൽകുന്നതിനു പകരം ഞാൻ കൊടുക്കുവാനുദ്ദേശിക്കുന്ന തുക ഒരു കവറിലിട്ട് അദ്ദേഹത്തിന്റെ പേര് അതിനുമുകളിൽ എഴുതി കാഴ്ചപ്പെട്ടിയിൽ നിക്ഷേപിച്ചുപോന്നു. ഇപ്രകാരം ചെയ്തപ്പോൾ എന്റെ സന്തോഷം വർദ്ധിച്ചു. ഞാനുമായി കൂട്ടായ്മ ആചരിച്ചുപോന്ന ഒരു സഹോദരന് പെട്ടെന്ന് ജോലി നഷ്ടമായി. മേൽ പറഞ്ഞ പ്രകാരം ഞാൻ ഈ സഹോദരനെ സഹായിച്ചു. ഒരു ദിവസം അദ്ദേഹം എന്നോടു പറഞ്ഞു 'നമ്മുടെ ആവശ്യം അറിഞ്ഞു സഹായിക്കുന്ന ദൈവം എത്ര മഹത്വവാനാണ്.' തന്റെ ആവശ്യം ദൈവത്തോട് അറിയിച്ചപ്പോൾ ആ പ്രാർത്ഥനയുടെ ഉത്തരമായി ദൈവം പ്രവർത്തിച്ചു എന്ന് അദ്ദേഹം

എന്നോടു പറഞ്ഞു. എത്ര വലിയ സന്തോഷം എനിക്കുണ്ടായെന്ന് എനിക്കു പറഞ്ഞറിയിക്കുവാൻ വയ്യ. ദൈവത്തിനു കിട്ടേണ്ട മഹത്വം ദൈവത്തിനു കിട്ടി. ആരാണ് ആ പണം കൊടുത്തതെന്ന് ആ സഹോദരൻ അറിയാതിരുന്നതുകൊണ്ട് എനിക്ക് അഹങ്കരിക്കുവാൻ ഒരു വകയുമില്ലായിരുന്നു. നിങ്ങളിപ്രകാരം ഒരിക്കലും ചെയ്തിട്ടില്ലെങ്കിൽ ഒന്നു ശ്രമിച്ചുനോക്കൂ. നിങ്ങൾ വലിയ സന്തോഷം ആസ്വദിക്കും.

## സഭായോഗത്തിൽ പ്രാർത്ഥിക്കുന്നത്

**നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപോലെ ആകരുതു. അവർ മനുഷ്യർക്കു വിളങ്ങേണ്ടതിന് പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ട് പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു. അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.** (മത്താ. 6.5)

ആദ്യം ഞാനിതു വായിച്ചപ്പോൾ ഒരു കടുത്ത തീരുമാനം ഞാനെടുത്തു. ഒരിക്കലും ഞാനിനി പരസ്യമായി പ്രാർത്ഥിക്കുകയില്ല. പല സന്ദർഭങ്ങളിലും സഭായോഗത്തിൽ പ്രാർത്ഥിക്കുവാനുള്ള പ്രേരണ എനിക്കുണ്ടായെങ്കിലും മറ്റുള്ളവർ കാണുമെന്നതുകൊണ്ട് പരസ്യമായി പ്രാർത്ഥിക്കുവാൻ എനിക്കു കഴിയുമായിരുന്നില്ല. ഇക്കാര്യത്തിൽ ദൈവം എന്നോടിടപെട്ടു. ഇതുകൊണ്ടർത്ഥമാക്കുന്നത് എന്താണെന്നവിടുന്നെനിക്കു വ്യക്തമാക്കി തന്നു. പരസ്യമായി പ്രാർത്ഥിക്കരുതെന്നവിടുന്നുപറഞ്ഞില്ല. മനുഷ്യർ കാണുന്നതിനുവേണ്ടി പ്രാർത്ഥിക്കരുതെന്നാണവിടുന്നു പറഞ്ഞത്. നിങ്ങളുടെ ഉദ്ദേശവും മനോഭാവവുമാണ് പ്രധാനം. ഒരു സഭാകൂടിവരവിൽ ദൈവാത്മാവ് നിങ്ങളുടെ ഹൃദയത്തെ പ്രാർത്ഥനയ്ക്കായിട്ടുത്തേജിപ്പിക്കുന്നുണ്ടെങ്കിൽ നിങ്ങൾ പ്രാർത്ഥിക്കുന്നത് എത്രയും നല്ലതാണ്. എത്ര നന്നായിട്ടെനിക്കു പ്രാർത്ഥിക്കാൻ കഴിയുന്നുവെന്ന് നിങ്ങൾ കാണേണ്ടതിന് ഞാൻ പ്രാർത്ഥിക്കാറില്ല.

അഭിഷേകത്തിലും ദൈവാത്മാവിന്റെ ഒഴുക്കിലുമാണോ അതോ മറ്റുള്ളവരെ കാണിക്കുന്നതിനായിട്ടാണോ ഞാൻ പ്രാർത്ഥിക്കുന്നതെന്ന കാര്യം ദൈവം എനിക്കു വ്യക്തമാക്കിത്തന്നു. നിങ്ങളുടെ മുറിക്കുള്ളിൽ കടന്നു പ്രാർത്ഥിക്കുക. നിങ്ങൾക്കങ്ങനെ രഹസ്യത്തിലുള്ള പ്രാർത്ഥനയുണ്ടോ? അപ്രകാരം ദൈവത്തെ എല്ലാ ദിവസവും അന്വേഷിക്കുന്ന പതിവ് നിങ്ങൾക്കുണ്ടോ? സഭയിൽ പരസ്യമായി പ്രാർത്ഥിച്ച് ആത്മീകൻ ആകുന്നതും ദിനംതോറും ആരും കാണുകയും കേൾക്കുകയും ഇല്ലാത്ത ഇടത്ത് രഹസ്യത്തിൽ പ്രാർത്ഥിക്കുന്നതും രണ്ടു വ്യത്യസ്ഥ കാര്യങ്ങളാണ്. സ്ഥിരോത്സാഹത്തോടെ നിങ്ങളുടെ രഹസ്യപ്രാർത്ഥനയിൽ ദിനംതോറും സമയം ചെലവിടുന്നുവെങ്കിൽ നിങ്ങൾ പരസ്യമായി പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവർ കാണുന്നുണ്ടോ എന്നു നിങ്ങൾ ചിന്തിക്കേണ്ടതുപോലുമില്ല. നിങ്ങൾക്കറിയാം നിങ്ങൾ പ്രാർത്ഥിക്കുന്നത് മറ്റുള്ളവരെ



കാണിക്കാൻ വേണ്ടിയല്ലെന്ന്. കാരണം, നിങ്ങൾ എന്നും പ്രാർത്ഥിക്കുന്ന വ്യക്തിയാണ്.

## സ്വാർത്ഥമായ അഭിലാഷങ്ങൾ

സ്വാർത്ഥ താൽപ്പര്യങ്ങൾക്കുവേണ്ടി നിങ്ങൾ ദൈവത്തെ അന്വേഷിക്കുന്നവരായിരിക്കാം. സമ്പൽസമൃദ്ധിയുടെ ഒരു സുവിശേഷം ഇന്ന് വളരെയധികം പ്രസംഗിക്കപ്പെടുന്നുണ്ട്. സമൃദ്ധിയെന്നത് തെറ്റായ ഒരു കാര്യമല്ല. നിങ്ങൾ എല്ലാകാര്യത്തിലും യേശുവിനോട് അനുരൂപപ്പെടുന്നുവെങ്കിൽ നിങ്ങൾ സമൃദ്ധിയുള്ളവരാകും എന്ന കാര്യം ഞാൻ ഉറപ്പിച്ചു പറയട്ടെ. ശുദ്ധിയുള്ളവരല്ല എങ്കിൽ സമൃദ്ധിയുടെ സന്ദേശം കേൾക്കുന്ന മാത്രയിൽ നിങ്ങൾ ഭൗതികനേട്ടങ്ങളെക്കുറിച്ചും സമ്പത്തിനെക്കുറിച്ചും മാത്രമേ ചിന്തിക്കുകയുള്ളു. നിങ്ങൾ ദശാംശം കൊടുക്കുന്നതിന്റെയും പണം ദാനധർമ്മം ചെയ്യുന്നതിന്റെയും പിന്നിലുള്ള ഉദ്ദേശമെന്താണ്? ഒരു നൂറുമേനി വിളവു പ്രതീക്ഷിച്ചുകൊണ്ടാണോ അതു ചെയ്യുന്നത്. ആ വിളവു ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്തേക്കാം. എന്റെചോദ്യം നിങ്ങളുടെ ഉദ്ദേശമെന്താണെന്നാണ്. വിശ്വാസത്തിൽ നിങ്ങൾ സമ്പന്നനാവുകയല്ലേ വേണ്ടത്? കഷ്ടങ്ങളിൽ സമ്പന്നരാകാനല്ലേ നിങ്ങൾ ആഗ്രഹിക്കേണ്ടത്. പൗലോസപ്പസ്തോലൻ പറയുന്നു **അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയേണ്ടതിനും ഞാൻ അവൻ നിമിത്തം എല്ലാം ചവറെന്നെണ്ണുന്നു.** (ഫിലി 3.10-11). നിങ്ങൾ സ്നേഹത്തിലും ദൈവീകജ്ഞാനത്തിലും സമ്പന്നരാവുകയല്ലേ വേണ്ടത്? അനേക ആളുകൾ ഭൗതികനേട്ടങ്ങൾക്കുവേണ്ടി യത്നിക്കുമ്പോൾ ഈ വക കാര്യങ്ങൾക്കുവേണ്ടി വിശപ്പും ദാഹവും അനുഭവിക്കുന്നവർ തുലോം വിരളമാണ്. സാമ്പത്തിക അഭിവൃദ്ധിയുണ്ടാകുന്നത് ഒരിക്കലും തെറ്റായ കാര്യമല്ല. എന്നാൽ നിങ്ങളുടെ ഉദ്ദേശവും മനോഭാവവും അത്യന്തം പ്രാധാന്യമേറിയതാണ്.

ഇയ്യോബിനെക്കുറിച്ച് വളരെയധികം പ്രസംഗിച്ചു കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഹൃദയത്തെ ഒന്നു പരിശോധിക്കുക. ദൈവത്തിനായി തേങ്ങുന്ന ഒരു ഹൃദയം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം വിചാരിച്ചത് ദൈവം തന്റെ മേൽ ആ പരുക്കളെ എല്ലാം വെച്ചിരിക്കുകയാണെന്നും ചാരത്തിലിരിക്കുകയല്ലാതെ തനിക്കു മറ്റൊന്നും ചെയ്യാനില്ലെന്നുമായിരുന്നു. ഇത്രമാത്രം കഷ്ടതകളുണ്ടായിട്ടും ഇയ്യോബിനു പറയുവാനുണ്ടായിരുന്നത് **അവനെന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും.**(ഇയ്യോബ് 13.15) എന്നു മാത്രമാണ്. ഇയ്യോബ് ഒരറിവും ഇല്ലാത്ത മനുഷ്യനാണെന്ന് നിങ്ങൾ പറഞ്ഞേക്കാം. എന്നാലും ദൈവത്തിനായുള്ള ഒരു ഹൃദയം അദ്ദേഹത്തിനുണ്ടായിരുന്നു. ഇയ്യോബ് പറഞ്ഞു **എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും.**

(ഇയ്യോബ് 19.25)

നമ്മുടെ ആവശ്യങ്ങൾ നിറവേറ്റപ്പെട്ടിട്ടില്ല എങ്കിലും, നമുക്ക് ഭൗതിക സമ്പത്തുകളുടെ സമൃദ്ധി ഒരിക്കലും ഉണ്ടായിട്ടില്ലെന്നു വരികിലും നമ്മുടെ ഹൃദയം ശുദ്ധിയാകുവോളം ദൈവത്തിൽത്തന്നെ ഉറപ്പിച്ചിരിക്കണം. ആർക്കും തെറ്റായ ഒരു ധാരണ ഉളവാകുവാൻ ഇടയാകരുത്. യേശു പറഞ്ഞത് ആദ്യം അവിടുത്തെ രാജ്യം അന്വേഷിക്കുവാനാണ്. അപ്പോൾ ബാക്കിയെല്ലാം കൂട്ടിച്ചേർത്തുകൊള്ളും. ദൈവത്തിന്റെ രാജ്യം അന്വേഷിക്കുക എന്നതുകൊണ്ടുദ്ദേശിക്കുന്നത് ദൈവാത്മാവിന്റെ ആധിപത്യത്തിനും അധികാരത്തിനും നിങ്ങളെത്തന്നെ മുഴുവനായി ഏൽപ്പിച്ചു കൊടുക്കുക എന്നാണ്. നിങ്ങൾക്ക് ആദ്യം വലിയ അനുഭവങ്ങളോന്നുമില്ലായെങ്കിലും തുടർമാനമായി ദൈവത്തെ നിങ്ങൾ ഇപ്രകാരം അന്വേഷിച്ചുകൊണ്ടിരിക്കുന്നു എന്നു വരുകിൽ കാലാന്തരത്തിൽ നിങ്ങളുടെ ഹൃദയം ശുദ്ധിയുള്ളതായിത്തീരും.

## ദൈവത്തെയും സ്വയത്തെയും ഒരേസമയം സേവിക്കുന്നത് അസാദ്ധ്യമാണ്

ഒരുവന്റെ ക്രിസ്തീയ ജീവിതത്തിൽ അവന്റെ ഹൃദയത്തിന്റെ ഉദ്ദേശങ്ങളേയും മനോഭാവങ്ങളേയും പരിശോധിക്കുന്ന ഒരു സമയം ഉണ്ടാകും. ദൈവത്തെ അന്വേഷിക്കുന്നതിന്റെ കൂടെത്തന്നെ സ്വന്തതാൽപ്പര്യങ്ങളെയും നാം അന്വേഷിക്കുന്നു. വെളിപാടിലെ മഹാവേശ്യയായ ബാബിലോൺ എന്ന മർമ്മം നേരത്തെ നാം വിശകലനം ചെയ്തിട്ടുണ്ട്. ദൈവത്തെയും ഒപ്പം സ്വന്തം താൽപ്പര്യങ്ങളേയും സേവിക്കുക മുഖാന്തരമാണ് ബാബിലോൺ എന്ന മർമ്മം ഉളവായി വരുന്നത്. നിങ്ങൾക്കുവേണ്ടി നിങ്ങൾ എന്തെങ്കിലും മുറുകെ പിടിച്ചിട്ടുണ്ടെങ്കിൽ അതു നിങ്ങൾ കൈവിട്ടേ തീരൂ. ചിലർ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. 'ഞാൻ ദശാംശം കൊടുക്കുന്നുണ്ട്. എന്നാലാവതൊക്കെ ചെയ്യുന്നുണ്ട്. എന്നിട്ടും എന്തുകൊണ്ടായിരിക്കും ഞാൻ അനുഗ്രഹിക്കപ്പെടാത്തത്'. ഒരുവിധത്തിൽ പറഞ്ഞാൽ നിങ്ങളുടെ ആവശ്യങ്ങൾ ദൈവം നിറവേറ്റുന്നില്ല എന്നു പറഞ്ഞ് ദൈവത്തെ നിങ്ങൾ കുറ്റപ്പെടുത്തുകയാണ്. ഇങ്ങനെപോലും മനുഷ്യർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ''ഞാൻ എന്റെ ഭാഗം നിറവേറ്റി ദൈവത്തിന്റെ ഭാഗം ദൈവം നിറവേറ്റുന്നില്ല.'' ഏറ്റവും ശുദ്ധമായ ഒരുദ്ദേശത്തോടെ ദൈവത്തെ നിങ്ങൾ അന്വേഷിക്കുന്നുവെങ്കിൽ തെരുവിലേക്ക് വലിച്ചെറിയപ്പെട്ടാലും നിങ്ങൾക്കെന്തു സംഭവിച്ചാലും ദൈവത്തിന്റെ വിശ്വസ്ഥതയെ ഒരു നാളും നിങ്ങൾ ചോദ്യം ചെയ്യുകയില്ല. നിങ്ങൾ ആദ്യം ചോദിക്കുന്നത് ''ദൈവമേ എനിക്കെവിടെ പിഴവു സംഭവിച്ചു?'' എന്നായിരിക്കും. നിങ്ങളുടെ ഉദ്ദേശം ശുദ്ധമെങ്കിൽ നിങ്ങളുടെ പ്രതികരണം ഇപ്രകാരമായിരിക്കും ''ദൈവമേ അവിടുത്തെ വചനം പറയുന്നു **മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.** (മത്താ 6.33) എന്നാൽ എനിക്കിപ്പോൾ ഇങ്ങനെയാണല്ലോ എന്റെ ഹൃദയത്തിന്റെ ഏതു മേഖലയിലാണ് അങ്ങേക്കു പരിയായി ഞാനെന്തെങ്കിലും അന്വേഷിക്കുന്നത്?'' നിങ്ങൾ ഒരു ക്രിസ്ത്യാനിയായിരിക്കുകയും നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്യുന്നില്ല എങ്കിൽ എന്തുകൊണ്ടാണ് നിങ്ങൾ ദൈവത്തെ ചോദ്യം ചെയ്യുന്നത്? നിങ്ങൾ നിങ്ങളുടെ ഹൃദയത്തെ ശോധന ചെയ്ത് അവിടെ ഒളിഞ്ഞിരിക്കുന്ന അവിശ്വാസത്തെയും മാത്സര്യത്തെയും വെളിച്ചത്തു കൊണ്ടുവരാൻ ദൈവത്തിന്റെ പ്രകാശത്തിനായി പ്രാർത്ഥിക്കുക.



## നമ്മിലേക്കുള്ള ദൈവത്തിന്റെ വാതിൽ

നിങ്ങളുടെ ആത്മാവിൽനിന്നു ദൈവത്തിന് പുറത്തോട്ടൊഴുകുവാനുള്ള വാതിലാണ് നിങ്ങളുടെ ഹൃദയം. ഹൃദയത്തെ നമ്മുടെ കേന്ദ്രമെന്നുവേണമെങ്കിൽ വിളിക്കാം. നിങ്ങളുടെ ശ്രദ്ധയെവിടെയാണോ അവിടെയാണ് നിങ്ങളുടെ ഹൃദയം. സുവിശേഷം നിങ്ങളുടെ ആത്മാവിനുവേണ്ടി മാത്രമുള്ളതല്ല അതു നിങ്ങളുടെ ശ്രദ്ധാകേന്ദ്രമായിരിക്കണം. യേശുവിനെപ്പോലെയാകുന്നതിലായിരിക്കണം നാം നമ്മുടെ ശ്രദ്ധവെയ്ക്കേണ്ടത്.

**സർപ്പസന്തികളെ നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലതു സംസാരിക്കാൻ എങ്ങനെ കഴിയും. ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു ദുഷ്ട മനുഷ്യർ ദുർനിക്ഷേപത്തിൽനിന്നു തീയതു പുറപ്പെടുവിക്കുന്നു.** (മത്താ 12.34,35)

**വായിൽനിന്നു പുറപ്പെടുന്നതോ ഹൃദയത്തിൽനിന്നു വരുന്നു അതു മനുഷ്യനെ അശുദ്ധമാക്കുന്നു.** (മത്തായി 15.18)

ഹൃദയമാണ് നമ്മുടെ മുഴുവൻ സത്തയുടേയും വാതിൽ. നമ്മിലേക്കു വരുന്നതും നമ്മിൽനിന്നു പുറപ്പെടുന്നതെന്തും നമ്മുടെ ഹൃദയത്തിലൂടെയാണ് വരുന്നതും പുറപ്പെടുന്നതും. സുവിശേഷത്തിന്റെ സന്തോഷം തലയിലേക്കു വരുന്ന ഒരു ബുദ്ധിയുടെ അറിവല്ല. രാജ്യത്തിന്റെ സുവിശേഷം ഹൃദയത്തിനുവേണ്ടിയുള്ളതാണ്. നിങ്ങളൊരു മതഭക്തനാണെങ്കിൽ നിങ്ങൾ യേശുവിനെക്കുറിച്ചുള്ള എല്ലാ ചരിത്രസത്യങ്ങളും പറഞ്ഞ് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തി അവരെ യേശുവിലേക്കു വരുവാൻ ആഹ്വാനം ചെയ്തേക്കാം. നിങ്ങൾക്കവരുടെ ബുദ്ധിയെ സ്പർശിക്കാനെ കഴിയൂ. വാസ്തവത്തിൽ നിങ്ങൾ ചെയ്യുന്നത് ഒരു ദ്രോഹമാണ്, സേവനമല്ല. യേശു തങ്ങളുടെ രക്ഷിതാവെന്ന് പറയുന്നവരെക്കൊണ്ട് നമ്മുടെ സഭകളൊക്കെ നിറഞ്ഞിരിക്കുന്നുവെങ്കിലും അവരിൽ മിക്കപേരും കരുതുന്നത് ആ പറച്ചിലൊക്കെ മതിയെന്നാണ്. സുവിശേഷം നാം ബുദ്ധികൊണ്ട് അറിയണം. എന്നാൽ വീണ്ടും ജനനത്തിന്റെ മാനസാന്തര അനുഭവമുണ്ടായില്ലെങ്കിൽ നാം സുവിശേഷം ബുദ്ധികൊണ്ട്

അംഗീകരിച്ചവരാണെങ്കിലും നഷ്ടപ്പെട്ടവർ തന്നെയാണ്. യേശു രക്ഷക നാണെന്നും നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചുവെന്നും മാത്രം വിശ്വ സിച്ചാൽ മതിയാവുകയില്ല. നിങ്ങൾ വീണ്ടും ജനിക്കണം. ദൈവം തന്റെ ജീവനും സ്വഭാവവും നിങ്ങളിൽ വെളിപ്പെടുത്തുന്നതുവരെ ദൈവത്തെ നിങ്ങൾ അന്വേഷിക്കണം. ബുദ്ധിയുടെ തലത്തിൽനിന്നു ഹൃദയത്തിന്റെ തലത്തിലേക്ക് സുവിശേഷം ഇറങ്ങിച്ചെല്ലണം. നമ്മുടെ ഹൃദയത്തിലൂടെ അതുകടന്ന് ആത്മാവിലേക്കൊഴുകിയെത്തണം.

നമ്മുടെ ഹൃദയമാണ് നമ്മുടെ മുഴുവൻ ആളത്തത്തിന്റേയും ക വാടം. നിങ്ങളുടെ ഹൃദയം നിങ്ങൾ എന്തിൽ വച്ചിരിക്കുന്നുവോ, നിങ്ങ ളുടെ ഹൃദയത്തിലേക്ക് എന്തു കടന്നു വരാൻ നിങ്ങൾ അനുവദിക്കു ന്നുവോ അതു തന്നെയായിരിക്കും നിങ്ങൾ കാലാന്തരത്തിൽ ആയിത്തീ രുക. ഈ തത്വം അറിയായ്ക നിമിത്തം അനേകരും ദൈവത്തോടുകൂടെ അധികദൂരം പോകാറില്ല. നിങ്ങളുടെ മനസ്സിന്റെ അവസ്ഥ എന്തുതന്നെ യായാലും, നിങ്ങളുടെ വികാരങ്ങൾ എത്രതന്നെ കുഴഞ്ഞുമറിഞ്ഞു കിട ന്നാലും, ദൈവം നിങ്ങളിൽനിന്നും വളരെ ദൂരത്താണെന്നു നിങ്ങൾക്കു തോന്നിയാലും, നിങ്ങളുടെ ശ്രദ്ധ കർത്താവിലേക്ക് തിരിച്ച് ആത്മാവിൽ അവിടുത്തെ കാര്യങ്ങൾ സ്പർശിക്കാനാവും. എന്റെ ശ്രദ്ധ ഞാൻ ആത്മീക കാര്യങ്ങളിലേക്ക് തിരിക്കുകയും എന്റെ ഹൃദയംകൊണ്ട് കർത്താവിനെ അന്വേഷിക്കുകയും ചെയ്യുന്നപക്ഷം എന്റെ തോന്നലുകൾ എന്തുതന്നെ ആയിരുന്നാലും എനിക്കു ദൈവസാന്നിദ്ധ്യത്തിലേക്കു കടന്നു വരികയും അവിടുത്തെ സ്പർശിക്കുകയും ചെയ്യുവാനാകും. എത്ര തവണ നിങ്ങൾ പരാജയപ്പെട്ടാലും നിങ്ങളുടെ ഹൃദയം ദൈവസന്നിധി യിലേക്കു തിരിച്ചാൽ അവിടുന്നു നിങ്ങൾക്ക് പ്രാപ്യനാണ്. നിങ്ങൾ വീണ്ടും ജനനം പ്രാപിച്ച വ്യക്തിയാണെങ്കിൽ നിങ്ങളുടെ ഉള്ളിൽ മറ്റൊരു ജീവനും പ്രകൃതവുമാണുള്ളത്. അവിടുത്തെ സാദൃശ്യത്തിലേക്ക് അനു രൂപപ്പെടുവാൻ നിങ്ങളുടെ ഹൃദയം വാഞ്ഛിക്കും. അവിടുത്തെ സ്വരൂ പത്തോട് അനുരൂപപ്പെടുവാൻ നിങ്ങൾക്ക് ആഗ്രഹമില്ലെന്നുവരികിൽ, അവിടുത്തോടുള്ള അനുസരണത്തിലേക്ക് വരുവാൻ നിങ്ങൽക്കാഗ്രഹ മില്ല എന്നു വരികിൽ, ദൈവീക കാര്യങ്ങളിൽ നിങ്ങൾക്കു താൽപ്പര്യമില്ല എന്നു വരികിൽ, അതിനർത്ഥം നിങ്ങൾ വീണ്ടും ജനിച്ചിട്ടില്ല എന്നു തന്നെ യാണ്. ദൈവത്തെക്കുറിച്ച് എന്തുമാത്രം നിങ്ങൾക്കറിയാമെന്നുള്ളതിന് വലിയ പ്രസക്തിയില്ല. നിങ്ങൾക്ക് ഹൃദയാന്തർഭാഗത്തുള്ള ഉറപ്പും വാസ്തവത്തിൽ മാനസാന്തരവും ഇല്ലെങ്കിൽ ആത്മാവിൽ പുതു ജീവൻ പ്രാപിക്കും വരെ നിങ്ങൾ ദൈവത്തെ അന്വേഷിക്കണം.

## ശുദ്ധഹൃദയം

ശുദ്ധഹൃദയം എന്നാൽ കലർപ്പില്ലാത്ത ഹൃദയം എന്നർത്ഥം. ശുദ്ധ മായ യാതൊരു വസ്തുവും മറ്റൊന്നു കലർത്തി മായം ചേർക്കപ്പെടാത്ത



താണ്. നിങ്ങൾ ശുദ്ധമായ സ്വർണ്ണം എന്നു പറയുന്നത് കലർപ്പില്ലാത്ത സ്വർണ്ണം എന്ന അർത്ഥത്തിലാണ്. നമ്മിൽ മിക്കപേരുടേയും പ്രശ്നം നമ്മുടെ ഹൃദയം കലർപ്പുള്ളതാണെന്നതു തന്നെയാണ്. ദൈവത്തെ അന്വേഷിക്കുന്നതോടൊപ്പം നാം മറ്റു പലതും അന്വേഷിക്കുന്നു. ദൈവത്തി നായുള്ള ഒരു ശുദ്ധഹൃദയം ഉണ്ടായിരിക്കുക എന്നുവച്ചാൽ ദൈവത്തെ മാത്രം അന്വേഷിക്കുന്ന ഒരു ഹൃദയം ഉണ്ടായിരിക്കുക എന്നാണ്. നിങ്ങ ളുടെ ഉള്ളിലുള്ള ദൈവീക ജീവന്റെ നിലവാരം കുറച്ചുകളയുന്ന എല്ലാ റ്റിൽനിന്നും വിട്ടുനിൽക്കുന്ന ഒരനുഭവമാണ്. ശുദ്ധഹൃദയം എന്നതു കൊണ്ട് ഏകാഗ്രമായ ഉദ്ദേശമുണ്ടായിരിക്കുക എന്നു കൂടി അർത്ഥമാ ക്കുന്നുണ്ട്. ജീവിതത്തിൽ ഒന്നിലധികം ലക്ഷ്യങ്ങൾ ഉള്ള ഒരു വ്യക്തിയു ടെ ഹൃദയം ശുദ്ധമല്ല.

നമ്മിൽ പലരുടേയും ഹൃദയത്തിലെ വ്യഥകൾ അനേക കാര്യങ്ങളെ സംബന്ധിച്ചാണ്. നാം ദൈവത്തെ സ്നേഹിക്കുന്നു. നാം വീണ്ടും ജനനം പ്രാപിച്ചവരാണ്. എന്നാൽ നമ്മുടെ ഹൃദയം ചിതറിയിരിക്കുന്ന ഒരവസ്ഥ യിലാണ്. ദൈവത്തെ അന്വേഷിക്കുന്നുണ്ടെങ്കിലും നമ്മുടെ ഹൃദയം മറ്റു പലകാര്യങ്ങളുംകൂടെ അന്വേഷിക്കുന്നുണ്ട്. യാക്കോബ് പറയുന്നത് **ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു.** (യാക്കോ 1.8) എന്നാണ്. ഇരുമനസ്സുള്ളവൻ എന്നാൽ പല കാര്യ ങ്ങിലും ഹൃദയം വച്ചിട്ടുള്ളവൻ എന്നാണർത്ഥം. **യഹോവേ നിന്റെ വഴി എനിക്കു കാണിച്ചു തരേണമേ. എന്നാൽ ഞാൻ നിന്റെ സത്യത്തിൽ നടക്കും. നിന്റെ നാമത്തെ ഭയപ്പെടുവാൻ എന്റെ ഹൃദയത്തെ ഏകാഗ്രതപ്പെടുത്തേണമേ.** എന്തുകൊണ്ടാണ് എന്റെ ഹൃദയത്തെ ഏകാഗ്രതപ്പെടു ത്തണമെന്ന് സങ്കീർത്തകൻ ഇവിടെ പ്രാർത്ഥിക്കുന്നത്? നമ്മിൽ പലർക്കും ചിതറപ്പെട്ട ഒരു ഹൃദയമുള്ളതുകൊണ്ടുതന്നെയാണ്. നാം ഏകലക്ഷ്യമു ള്ളവരല്ല. ഈ ലോകത്തിന്റെ കാര്യങ്ങളിൽ നമ്മുടെ ഹൃദയം ഉന്നംവെച്ചി ട്ടുണ്ട്. നിശ്ചയമായും നാം പ്രാർത്ഥിക്കണം. **കർത്താവേ എന്റെ ഹൃദയത്തെ ഏകാഗ്രതപ്പെടുത്തേണമേ.** ചിതറപ്പെട്ട ഹൃദയമുള്ള ഒരു വ്യക്തി റോമൻ ലേഖനം 7-ാം അദ്ധ്യായത്തിലെ വ്യക്തിയെപ്പോലെയാണ്. ദൈവ ത്തിന്റെ പ്രമാണങ്ങളിൽ ഉള്ളംകൊണ്ടു രസിക്കുന്ന ഒരുവനെങ്കിലും പാപ ത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിന് തന്നെ ബന്ധിതനാക്കുന്ന മറ്റൊരു പ്രമാണം തന്റെ അവയവങ്ങളിൽ പ്രവർത്തിക്കുന്നതായി അവൻ കാണുന്നു. ഇതാ ഇവിടെ ഒരു മനുഷ്യൻ, വീണ്ടും ജനനം പ്രാപിച്ചവൻ, ദൈവത്തെ അന്വേഷിക്കുന്നവൻ, ആത്മാവിൽ പുതുക്കപ്പെട്ടവൻ, അവൻ നിലവിളിക്കുകയാണ്. അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ (റോമ 7.24) അവനൊരു വിഭജിക്കപ്പെട്ട മനുഷ്യനാണ്. കാരണം അവന്റെ ഹൃദയം പല കാര്യങ്ങളാൽ വിഭജിക്കപ്പെട്ടിരിക്കുന്നു. **(ഹൃദയം) കർത്താവിങ്കലേക്കു തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകും.** (2 കൊരി 3.16)

എത്രയോതവണ ഒരു ദൈവപൈതൽ തന്റെ ആത്മീയ ഉപദേ ഷ്ടാവിന്നടുത്ത് ഉപദേശത്തിനായി ചെല്ലാറുണ്ട്. ദൈവവചനത്തിന്റെ

വെളിച്ചത്തിലും പ്രാർത്ഥനയിലും കൂട്ടായ്മയിലും അവനു പ്രകാശനം ലഭിക്കുന്നു. അവൻ വെളിച്ചത്തിൽ വരുന്നതുകൊണ്ട് അവൻ എന്തു ചെയ്യേണമെന്നുള്ള വ്യക്തമായ ധാരണ അവനു ലഭിക്കുന്നു. തന്റെ ഹൃദയം ദൈവത്തിൽ കേന്ദ്രീകരിക്കപ്പെടാത്തതുകൊണ്ട്, വെളിച്ചം ലഭിച്ചശേഷവും അവനെഴുന്നേറ്റ് വീട്ടിൽ പോയി അവൻ ചെയ്യേണ്ടിയിരുന്നതിന് വിപരീതമായതു തന്നെ ചെയ്യുന്നു.

പലപ്പോഴും നിങ്ങൾ വിശുദ്ധരുടെ കൂട്ടായ്മയിലായിരിക്കുമ്പോൾ വലുതായ ആത്മീയശക്തി അനുഭവിക്കുന്നു. ആരാധനയിലും പ്രാർത്ഥനയിലും സ്തുതിയിലും ഒന്നിച്ചിരിക്കുന്നതുകൊണ്ട് ദാവീദിനെപ്പോലെ ***ഞാൻ പടക്കൂട്ടത്തിനു നേരെ പാഞ്ഞു ചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും*** (സങ്കീ. 18:29) എന്നു പറയുവാൻ നിങ്ങൾക്കു തോന്നും. എന്നാലും, നിങ്ങൾ വീട്ടിലെത്തുമ്പോൾ, ചിലപ്പോൾ ഉടനെതന്നെ, നിങ്ങളുടെ ഭാര്യയുമായി (ഭർത്തവുമായി) വഴക്കുണ്ടാക്കിയെന്നു വരാം. നിങ്ങളുടെ ഹൃദയം ഏകാഗ്രപ്പെടാത്തതുകൊണ്ടാണ് അതു സംഭവിക്കുന്നത്. ഏകാഗ്രമായ ഹൃദയവുമില്ല; ദൈവാത്മാവിൽ കേന്ദ്രീകരിക്കാൻ നിങ്ങളുടെ ഹൃദയം ശീലിപ്പിക്കപ്പെട്ടിട്ടുമില്ല. ദൈവത്തിന് നമ്മെ പൂർണ്ണമായും സ്വന്തമാക്കാൻ കഴിയേണ്ടതിന് നമ്മുടെ മുഴുവൻ ശ്രദ്ധയും അവിടുത്തെ മാത്രം കേന്ദ്രീകരിച്ചിരിക്കണം.

***അവർക്കും അവരുടെ മക്കൾക്കും എന്നേക്കും നന്നായിരിക്കുവാൻ അവർ എന്നെ ഭയപ്പെടേണ്ടതിനും എന്റെ കല്പനകളൊക്കെയും പ്രമാണിക്കേണ്ടതിനും ഇങ്ങനെയുള്ള ഹൃദയം അവർക്ക് എപ്പോഴും ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്ന് (ആവ. 5:29).***

ദൈവത്തിന്റെ പ്രമാണങ്ങളെ അനുസരിക്കണമെന്നു പറയുമ്പോൾ ക്രിസ്ത്യാനികൾ അതിഷ്ടപ്പെടാത്തത് എന്തുകൊണ്ടാണെന്നെനിക്കു മനസ്സിലാവുന്നില്ല. ദൈവത്തിന്റെ പ്രമാണങ്ങളുടെ അനുസരണത്തോടു ഇത്തരം ക്രിസ്ത്യാനികളുടെ മനോഭാവം ഒരൊറ്റക്കാര്യമാണ് വെളിവാക്കുന്നത്: അവരുടെ ഉള്ളിൽ എന്തോ കുഴപ്പം ഉണ്ട്. സ്വാഭാവിക, ജഡിക മനുഷ്യന് ദൈവത്തിന്റെ പ്രമാണങ്ങൾ അനുസരിക്കുവാൻ സാദ്ധ്യമല്ല. ന്യായപ്രമാണത്തിന്റെ എല്ലാ നിബന്ധനകളും പൂർണ്ണമായി അനുസരിക്കുവാൻ ഒരുവനെ പ്രാപ്തനാക്കുന്ന ദൈവിക ജീവനും ദൈവിക പ്രകൃതവും ഒരു ക്രിസ്ത്യാനിയുടെ ഉള്ളിൽ നിക്ഷിപ്തമാണ്. ഇതാണ് സുവിശേഷത്തിന്റെ നല്ല വാർത്ത. ഒരു മനുഷ്യന്റെ പ്രയത്നമോ സ്വയത്തിന്റെ അദ്ധ്വാനമോ നിമിത്തം ഉണ്ടായി വരുന്ന ഒന്നല്ലത്. യേശു നിങ്ങളുടെ ഉള്ളിൽ സജീവമായി വരുവോളം നിങ്ങളുടെ ഹൃദയത്തെ അവിടുത്തെപ്പക്കൽ കേന്ദ്രീകരിക്കുന്ന ഒരു കാര്യമാണത്. എല്ലാറ്റിലും അവിടുത്തെപ്പോലായിത്തീരുവാനുള്ള ഒരു ദാഹം നമ്മിൽ ഉളവാക്കിയെടുക്കണം.

യേശുകർത്താവ് പറഞ്ഞത് **ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ആത്മാവോടും കൂടെ സ്നേഹിക്കുവാനും**



**നിങ്ങളെപ്പോലെ നിങ്ങളുടെ അയൽക്കാരനെ സ്നേഹിക്കുവാനു**മാണ്. കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്ന ഒരു വ്യക്തിക്ക് അവിടുത്തോട് അനുസരണക്കേട് കാണിക്കുവാൻ സാദ്ധ്യമല്ല. തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുന്ന ഒരു വ്യക്തിക്കും വ്യഭിചാരം ചെയ്യുവാനോ, മോഷ്ടിക്കാനോ, തന്റെ അയൽക്കാരനു ദോഷമായി എന്തെങ്കിലും ചെയ്യുവാനോ സാദ്ധ്യമല്ല.

## *എങ്ങനെ ഒരു ശുദ്ധഹൃദയം ലഭിക്കുന്നു.*

ശുദ്ധഹൃദയം ലഭിക്കേണ്ടതിന് ദൈവികമായ ഒരു പാതയുണ്ട്:

⇒ 1. അതു നമ്മുടെ ചിന്താമണ്ഡലത്തിലാരംഭിക്കുന്നു.

⇒ 2. അതു കഴിഞ്ഞ് അതു നമ്മുടെ സംസാരമായിത്തീരുന്നു.

⇒ 3. നാം സംസാരിക്കുന്നത് നാം പ്രാവർത്തികമാക്കുന്നു.

ദൈവം നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കുന്ന പ്രവർത്തിക്ക് ആരംഭം കുറിക്കുന്നത് നമ്മുടെ ചിന്താമണ്ഡലത്തിലാണ്, ***എന്തു നാം ചിന്തിക്കുന്നു*** എന്നതിലാണ്.

***ഒടുവിൽ സഹോദരന്മാരേ, സത്യമായത് ഒക്കെയും ഘനമായത് ഒക്കെയും നിർമ്മലമായത് ഒക്കെയും രമ്യമായത് ഒക്കെയും സത്കീർത്തിയായത് ഒക്കെയും സത്ഗുണമോ പുകഴ്ച്ചയോ അതൊക്കെയും ചിന്തിച്ചുകൊള്ളുവിൻ (ഫിലി.4:8)***

ഈ വാക്യത്തിന് നിങ്ങളുടെ മനസ്സിനെ വിധേയപ്പെടുത്തിയാൽ എന്തു സംഭവിക്കുമെന്ന് ഒന്നു ചിന്തിച്ചു നോക്കൂ. നമ്മുടെ മനസ്സ് ദൈവകാര്യങ്ങളിൽ കേന്ദ്രീകരിക്കുന്നതാണ് ഹൃദയം ശുദ്ധമാക്കേണ്ടതിനുള്ള ആദ്യത്തെപടി. ***ആത്മാവിന്റെ ചിന്തയോ (***ആത്മാവിൽ വച്ചിരിക്കുന്ന മനസ്സ്***) ജീവനും സാമാധനവും*** എന്ന് റോമർ 8-ൽ പൗലോസപ്പസ്തോലൻ പറയുന്നു. ***ജഡത്തിന്റെ ചിന്ത*** (ജഡത്തിൽ വച്ചിരിക്കുന്ന മനസ്സ്) ***മരണമാണ്.*** നോഹിന്റെ നാളുകളിൽ ജലപ്രളയമാണ്ടായത് ഇക്കാരണത്താലാണ്. ***ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലുതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു***വെന്ന് ഉൽപ്പത്തിപ്പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. പ്രളയമുണ്ടാകുവാനും ഏകദേശം മുഴുവൻ മാനവജാതിതന്നെയും ഭൂമുഖത്തു നിന്നും തുടച്ചു നീക്കപ്പെടുവാനും ഇടയായിത്തീർന്നത് ഈ കാരണം കൊണ്ടാണ്. നേര്, സത്യസന്ധത, നീതി, മറ്റുള്ളവരെക്കുറിച്ച് നന്നായതും നേരായതുമായ കാര്യങ്ങൾ, സൽഗുണങ്ങൾ, ദൈവസ്തുതി എന്നീ കാര്യങ്ങളിൽ ഒരുവൻ മനസ്സു വച്ചാൽ നിങ്ങളിലുള്ള ദൈവികജീവൻ ചലനാത്മകമാകുന്നത് അനുഭവിക്കാനിടയാകും.

## *ഹൃദയത്തിന്റെ നിറവിൽ നിന്ന്*

യേശു പറഞ്ഞു: ***ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ***

***വായ് സംസാരിക്കുന്നത്.*** (മത്താ.12:34) തുടർച്ചയായി ദൈവവചനം വായിക്കുകയും ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്ത് വചനത്താൽ നിങ്ങളുടെ ഹൃദയം നിറയുന്നുവെങ്കിൽ അതുതന്നെയായിരിക്കും നിങ്ങളുടെ ഹൃദയത്തിൽ നിന്നും പുറത്തു വരിക. നിങ്ങളുടെ ഹൃദയത്തിലേക്ക് നിങ്ങൾ എന്തു നിക്ഷേപിക്കുന്നുവോ അതനുസരിച്ചായിരിക്കും നിങ്ങൾ സംസാരിക്കുക. ഒരു മനുഷ്യന്റെ സംസാരം അല്പസമയം ശ്രദ്ധിച്ചാലറിയാം ആത്മീയമായി അവൻ എവിടെയാണെന്ന്. നിങ്ങളുടെ ഹൃദയത്തിന്റെ നിറവിൽ നിന്ന്, ഏതുകാര്യത്തിൽ നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നുവോ ആ കാര്യങ്ങൾ തന്നെയായിരിക്കും നിങ്ങൾ സംസാരിക്കുന്നത്. നിങ്ങൾ ആരാണെന്ന് മറ്റുള്ളവർ അറിയരുതെന്നാഗ്രഹിക്കുന്നുവെങ്കിൽ, ഒരു മനുഷ്യനും നിങ്ങളെ വിവേചിക്കരുതെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒറ്റക്കാര്യം ചെയ്താൽ മതി: വായ് തുറക്കാതിരിക്കുക!

ദൈവീക കാര്യങ്ങളിലേക്കു ശ്രദ്ധ വയ്ക്കാൻ നമ്മുടെ മനസ്സിനെ നാം ശീലിപ്പിക്കേണ്ടതുണ്ട്. അങ്ങനെ നമ്മുടെ മനസ്സു പുതുക്കപ്പെടുകയും നമ്മുടെ സംസാരത്തിൽ വ്യതിയാനം വരുകയും ചെയ്യും. ദൈവത്തിന്റെ വചനപ്രകാരവും ദൈവിക പ്രമാണങ്ങൾക്കനുസൃണമായിട്ടും തന്നെ നമ്മൾ സംസാരിച്ചു തുടങ്ങും. അപ്പോൾ നാം സംസാരിക്കുന്ന വാക്കുകൾക്ക് ദൈവത്തിന്റെ സൃഷ്ടിപരമായ ശക്തിയുണ്ടാവുന്നു. നാം ചിന്തിക്കുന്നതും സംസാരിക്കുന്നതുമായ കാര്യങ്ങൾതന്നെ പ്രവർത്തി പഥത്തിൽ കൊണ്ടുവരുവാനും അങ്ങനെ നമുക്കു സാദ്ധ്യമാകുന്നു. എന്തു നിങ്ങൾ ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നുവോ അതുതന്നെയായിരിക്കും നിങ്ങൾ ആയിത്തീരുന്നതും. ചിന്തകളും വാക്കുകളും പ്രവർത്തികളും നിങ്ങളുടെ ഹൃദയത്തെ ഒന്നുകിൽ ശുദ്ധീകരിക്കുന്നു അല്ലെങ്കിൽ ഇരുട്ടിലാഴ്ത്തിക്കളയുന്നു. അരുതാത്ത കാര്യങ്ങളാണ് നിങ്ങളുടെ ചിന്തയിലുള്ളതെന്നു കാണുമ്പോൾ അപ്പോൾത്തന്നെ അവയെ ***നിർത്തുക!*** അരുതാത്ത കാര്യമാണ് നിങ്ങൾ സംസാരിച്ചു വരുന്നതെന്ന് കാണുമ്പോൾ അപ്പോൾത്തന്നെ ***നിർത്തുക!*** ഇതു വളരെ ലളിതമാണ്, എന്നാൽ എളുപ്പമല്ല. നിങ്ങളുടെ ഭാര്യയോട് (ഭർത്താവിനോട്) നിങ്ങൾ ദേഷ്യപ്പെടുകയാണെങ്കിൽ, അരുതാത്ത ഒരു കാര്യവും പറയാതിരിക്കാൻ നിങ്ങളൊന്നു ശ്രമിച്ചു നോക്കൂ. അരുതാത്തതു പറയാതെ നിങ്ങൾ അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നുവെങ്കിൽ, ദൈവീക കാര്യത്തിൽ മനസ്സു വയ്ക്കുന്നു എന്നു വരികിൽ, നിങ്ങൾ ആ മേഖലയിൽ ശുദ്ധിയുള്ളവരായിത്തീരും.

ഒറ്റക്കാര്യത്തിൽ ഹൃദയദൃഷ്ടി വയ്ക്കുക, ഒരു ശുദ്ധഹൃദയം ഉണ്ടാവുക എന്നൊക്കെപ്പറയുന്നത് ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക എന്നത്രേ. ദൈവത്തെ അന്വേഷിക്കുന്ന കാര്യം വരുമ്പോൾ നമ്മുടെ ഹൃദയത്തിന്റെ ഏകാഗ്രത പലപ്പോഴും നഷ്ടപ്പെടുന്നു. ദൈവത്തെ അന്വേഷിക്കുന്നതിനുപരിയായി നമ്മുടെ ദൃഷ്ടി മറ്റു പലതിലേക്കും തിരിയുന്നു. ചിലരെ സംബന്ധിച്ച് അതു ജോലിയായിരിക്കാം, ചിലർക്ക് വിനോദമായിരിക്കാം, അതുമല്ലെങ്കിൽ മറ്റേതെങ്കിലുമൊക്കെ കാര്യമായിരിക്കാം.



കർത്താവിനെ അനുഗമിക്കുവാനായി തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച പലരെയും എനിക്കറിയാം. ദൈവത്തിന്റെ സാന്നിദ്ധ്യം ഒരു വൻനദി പോലെ ഒഴുകി വന്നിരുന്ന തെക്കൻ കാലിഫോർണിയായിലെ ഒരു സഭയിലായിരുന്നു ഞാൻ ആരാധിച്ചിരുന്നത്. ആരും നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുകയോ നിങ്ങളെ തൊടുക പോലും ചെയ്യാതെയോ തന്നെ, ആ സഭയിലേക്കു നിങ്ങൾ കടന്നു ചെല്ലുന്ന ആ ക്ഷണത്തിൽ നിങ്ങൾക്ക് വിടുതലിന്റെ അനുഭവം ഉണ്ടാകുമായിരുന്നു. രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും അനേകർ ആ സഭാ കൂടിവരവിലേക്കു കടന്നുവന്നശേഷം തിരിച്ചുചെന്ന് തങ്ങൾക്കുള്ളതെല്ലാം വിറ്റ് കാലിഫോർണിയായിലേക്ക് താമസം മാറ്റി ദൈവം അവിടെ ചലിച്ചുകൊണ്ടിരുന്നതിന്റെ ഭാഗഭാക്കായിത്തീരുന്നത് എനിക്കു കാണാനിടയായിട്ടുണ്ട്. ഈ ആളുകളെ സംബന്ധിച്ച്, അവരുടെ മുൻഗണനകൾ ശരിയായവ ആയിരുന്നു. അവർ ദൈവത്തിനു വേണ്ടി വിശക്കുന്നവരായിരുന്നു. അപ്രകാരമൊരു ഹൃദയത്തോടെ തന്നെ അന്വേഷിക്കുന്നവർക്ക് ദൈവം തൃപ്തി വരുത്തുന്നു.

അനേക മുറികളുള്ള ഒരു വലിയ ഭവനം പോലെയാണ് നമ്മുടെ ഹൃദയം. ഹൃദയത്തിന്റെ ഓരോ മുറിയും അടിച്ചുവാരി ശുദ്ധീകരിക്കേണ്ടതാണ്. അതൊരു നീണ്ട പ്രക്രിയയാണ്. ഈ സത്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നു എന്നു വരുകിൽ എല്ലാ മേഖലകളെയും ദൈവം ശുദ്ധീകരിക്കും. നിങ്ങളുടെ ജീവിതത്തിൽ കൈയ്പും, ദേഷ്യവും വെറുപ്പും ഉണ്ടെങ്കിൽ ആ മേഖലകളൊക്കെയും ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. ദൈവീക ജീവൻ നമ്മിൽ സജീവമായി, ദൈവം നമ്മിലൂടെ വെളിപ്പെടേണ്ടതിന് ദൈവാത്മാവിനെ നമുക്കനുവദിക്കാം. ഒരു ശുദ്ധ ഹൃദയത്തിനായി ദാഹിക്കുന്നതു വഴിയേ അതു സാദ്ധ്യമാകൂ. എല്ലാ അശുദ്ധിയിൽ നിന്നും നമ്മുടെ ഹൃദയം കഴുകി വെടുപ്പാക്കപ്പെടുമ്പോൾ നമ്മുടെ ഉള്ളിൽ ജനിപ്പിക്കപ്പെട്ട ദൈവത്തിന്റെ പരിശുദ്ധ ആത്മാവല്ലാതെ മറ്റൊന്നും അവിടെ അവശേഷിക്കുകയില്ല. അവിടുന്നു നമ്മുടെ മനസ്സിനെയും വികാരങ്ങളെയും നിറയ്ക്കുകയും നമ്മുടെ ഇച്ഛയെ കീഴ്പ്പെടുത്തുകയും ചെയ്യുന്നു. അതുവഴി എല്ലാറ്റിലും നാം അവിടുത്തോടനുരൂപപ്പെടുകയും അവിടുത്തെ അഭിഷേകത്തിലും സാന്നിദ്ധ്യത്തിലും നമുക്ക് സദാവസിക്കുവാനും ഇടയാകുന്നു. അവിടുത്തെ പെട്ടകം ചുമക്കുന്ന (അവിടുത്തെ സാന്നിദ്ധ്യം കൊണ്ടു നടക്കുന്ന) പുതിയ നിയമത്തിലെ പുരോഹിതന്മാരായി നാം ശുശ്രൂഷിക്കുന്നതങ്ങനെയാണ്.

**അദ്ധ്യായം ഏഴ്**

# ദൈവത്തിന്റെ മഹത്വം വെളിപ്പെടേണ്ടതിനായി മനുഷ്യനെ സൃഷ്ടിച്ചു

മത്തായി 5 മുതൽ 7 വരെ അദ്ധ്യായങ്ങളിൽ യേശു പഠിപ്പിച്ചത് നിങ്ങൾ ഗ്രഹിച്ചുതുടങ്ങുമ്പോൾ ആ ഉപദേശങ്ങളെ നിങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കുകയും എല്ലാറ്റിലും അവിടുത്തോളം വളരുകയും ചെയ്യുന്നു. ക്രിസ്തു നിങ്ങളുടെ പ്രത്യാശയായി നിങ്ങളിൽ ഉണ്ട് എന്നതായിരുന്ന പൗലോസിന്റെ ശുശ്രൂഷകളുടെയെല്ലാം ഊന്നൽ. ***മഹത്വത്തിന്റെ പ്രത്യാശയായ യേശുക്രിസ്തു നിങ്ങളിലുണ്ട്*** എന്നതാണ് സുവിശേഷത്തിന്റെ കാതൽ. നമ്മുടെയുള്ളിൽ ദൈവത്തിന്റെ ജീവൻ സചേതനമാകുന്നത് നാം അനുഭവിക്കാത്ത കാലത്തോളം അവിടുത്തെ മഹത്വം എന്താണെന്ന് നാം അറിയുക പോലുമില്ല. ദൈവത്തിന്റെ സമസ്ത സൃഷ്ടികളുടെയും മകുടമായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ദൈവത്തിന്റെ മഹത്വമെന്നത് ദൈവത്തിന്റെ വെളിപ്പെടുത്തലാണ്. ദൈവത്തെ എവിടെയെല്ലാം വെളിപ്പെടുത്തിയിട്ടുണ്ടോ അവിടെയെല്ലാം ദൈവത്തിന്റെ മഹത്വം കാണപ്പെടുന്നു. യേശു ***അവന്റെ (ദൈവത്തിന്റെ) തേജസ്സിന്റെ പ്രഭയും തത്ത്വത്തിന്റെ മുദ്ര***യുമാണ് (എബ്രാ.1:3) ദൈവം നമ്മുടെയുള്ളിൽ സജീവമാകുമ്പോൾ അവിടുത്തെ മഹത്വം നമ്മുടെ ജീവിതത്തിൽ വെളിപ്പെട്ടുവരുന്നത് മറ്റുള്ളവർ കാണുവാനിടയാകും.

മത്തായി അഞ്ചു മുതൽ ഏഴു വരെ അദ്ധ്യായങ്ങളിൽ ഒരു ക്രിസ്ത്യാനിയുടെ സ്വഭാവത്തെയാണ് യേശു വരച്ചു കാണിക്കുന്നത്. നമ്മെ ഒരു പ്രത്യേകരീതിയിൽ പ്രവർത്തിക്കുന്നവരാക്കാനോ, നമ്മുടെ പുറമെയുള്ള പെരുമാറ്റത്തെ ഒന്നു ശരിയാക്കിയെടുക്കുവാനോ അല്ല ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നത്. അപ്രകാരം ചെയ്യുന്നത് മാനുഷിക മതങ്ങളുടെ ഉപദേശമാണ്. മതങ്ങൾ പഠിപ്പിക്കുന്നത്: *നിങ്ങളുടെ പുറമെയുള്ള സ്വഭാവത്തെ നന്നാക്കുക. നിങ്ങളാൽ കഴിയുന്നതു ചെയ്യുക. അപ്പോൾ ദൈവം നിങ്ങളെ സ്വീകരിക്കും. നിങ്ങൾക്കാവുന്നതു ചെയ്തില്ലെങ്കിൽ ദൈവമുമ്പാകെ നിങ്ങൾ **സ്വീകാര്യരാവുകയില്ല.*** മനുഷ്യനു തന്റെ സ്വാഭാവിക ജഡപ്രകൃതത്തിൽ ഒരിക്കലും ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുകയില്ല. നിങ്ങൾ എത്രതന്നെ നല്ല വ്യക്തിയാണെങ്കിലും ശരി, നിങ്ങൾക്ക് ദൈവത്തിന്റെ ജീവൻ നിങ്ങളുടെ സ്വാഭാവിക ജീവനിൽ നിന്നുകൊണ്ട് ജീവിക്കാൻ കഴിയുകയില്ല. നന്മതിന്മയുടെ തിരിച്ചറിവിന്റെ വൃക്ഷത്തിൽ നിന്നുള്ള ഒരു ജീവിതം മാത്രമേ മനുഷ്യനു തന്റെ സ്വാഭാവിക ജീവൻ കൊണ്ട് ജീവിക്കാനാകൂ. അതൊരിക്കലും ദൈവത്തിന്റെ ജീവനല്ല. അതു വളരെ നല്ല ഒരു ജീവിതമായിരിക്കാം: പള്ളിയിൽ പോകുന്നുണ്ടാകാം;



ദൈവത്തെ സേവിക്കാൻ ശ്രമിക്കുന്നുണ്ടാകാം; പ്രാർത്ഥിക്കുന്നുണ്ടാകാം; ശരിയായ മറ്റനേക കാര്യങ്ങൾ ചെയ്യുന്നുണ്ടാകാം. മറുവശത്ത് അതു തീർത്തും മോശമായ കാര്യങ്ങൾ ചെയ്യുന്ന ഒരു ദുഷിച്ച ജീവിതമാകാം. ഇതിലേതു വിധത്തിലായാലും അതു ***തെറ്റായ ജീവിതം*** തന്നെയാണ്.

## *തോട്ടത്തിലെ രണ്ടു വൃക്ഷങ്ങൾ*

***കാൺമാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ*** *വൃക്ഷങ്ങളും* ***തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തു നിന്നും മുളപ്പിച്ചു.... യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചത് എന്തെന്നാൽ: തോട്ടത്തിലെ സകലവൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും*** (ഉൽപ്പത്തി 2:9, 16,17)

നാം എത്തിപ്പിടിക്കേണ്ടതിനുള്ള ഒരുയർന്ന ജീവിത നിലവാരത്തിന്റെ മാതൃകയോ, നാം അനുസരിക്കുവാൻ വേണ്ടി കുറെ നിയമസംഹിതകളോ, ഒരു പുതിയ നിയമത്തിന്റെ മതമോ സ്ഥാപിക്കുവാനല്ല യേശു ഭൂമിയിൽ വന്നതും മരിച്ചതും. മത്തായി 5,6,7 എന്നീ അദ്ധ്യായങ്ങൾ നമുക്കു നല്കപ്പെട്ടിരിക്കുന്നത് ക്രിസ്തീയ ജീവിതത്തിന്റെ നിലവാരം ഉയർത്തുവാനും, അങ്ങനെയൊരു ജീവിതം ജീവിക്കുന്നത് അസാദ്ധ്യമായ ഒരു കാര്യമാണെന്നു നമ്മെ ഗ്രഹിപ്പിക്കുവാനും, അതങ്ങനെ അസാദ്ധ്യമായതു കൊണ്ട് നമ്മെക്കൊണ്ട് കഴിയുന്നതിന്റെ പരമാവധി നാം ശ്രമിക്കേണ്ടതിനും വേണ്ടിയാണെന്നാണ് ഞാൻ ഒരു യുവക്രിസ്ത്യാനിയായിരുന്നപ്പോൾ എന്നെ പഠിപ്പിച്ചിരുന്നത്. ഈയൊരാശയം തികച്ചും തെറ്റാണ്.

മലയിലെ പ്രസംഗത്തിൽ യേശു പഠിപ്പിക്കുന്നതിനാണ്: നിങ്ങൾ വീണ്ടും ജനിച്ച ഒരു വ്യക്തിയാണെങ്കിൽ, പരിശുദ്ധാത്മാവ് നിങ്ങളിൽ സജീവമായിരിക്കുകയും നിങ്ങളുടെ അന്തരംഗത്തെ ഉണർത്തുകയും ചെയ്യുന്നുവെങ്കിൽ ഇതായിരിക്കും നിങ്ങളുടെ അനുഭവം. നിങ്ങൾക്ക് പ്രാപിക്കാനാവാത്തതോ നിങ്ങൾ ശ്രമിച്ചിട്ട് നിങ്ങൾക്കു പ്രാപിക്കാവുന്നതോ ആയ ഒരു ലക്ഷ്യമല്ലിത്. ഇത് ***ദൈവം തന്റെ ജീവൻ നിങ്ങളിൽ ജീവിക്കുന്നതും അവിടുത്തെ ജീവൻ നിങ്ങളിലൂടെ വെളിപ്പെടുത്തുന്നതുമാണ്.***

തോട്ടത്തിലെ രണ്ടു വൃക്ഷങ്ങൾ പ്രതിനിധാനം ചെയ്യുന്നത് ജീവന്റെ രണ്ട് ഉറവിടങ്ങളെയാണ്. ഈ രണ്ടുറവിടങ്ങളിൽ ഏതെങ്കിലുമൊന്നിൽ നിന്നാണ് നാം ജീവൻ പ്രാപിക്കുന്നത്. നാം ചെയ്യുന്ന എല്ലാക്കാര്യങ്ങളിലും നമ്മിൽ ജീവിക്കുന്ന ദൈവാത്മാവിനെ പൂർണ്ണമായും ആശ്രയി

ച്ചുള്ള ഒരു ജീവിതത്തെയാണ് ജീവന്റെ വൃക്ഷം പ്രതിധാനം ചെയ്യുന്നത്. മനുഷ്യനിൽ ദൈവത്തിന്റെ ജീവനെയാണ് ഈ വൃക്ഷം ഉൽപ്പാദിപ്പിക്കുന്നത്. ആ ജീവന് ജഡത്തിന്റെ പ്രവർത്തികളുടെ മേൽ ആധിപത്യം ഉണ്ട്.

ദൈവത്തെക്കൂടാതെയുള്ള നന്മയുടെയും തിന്മയുടെയും തിരിച്ചറിവിൽ ജീവിക്കുന്ന ഒരു ജീവനെയാണ് നന്മതിന്മയുടെ തിരിച്ചറിവിന്റെ വൃക്ഷം പ്രതിനിധാനം ചെയ്യുന്നത്. തിന്മയെ സ്വീകരിക്കാതെ നന്മയെ സ്വീകരിക്കാൻ ശ്രമിക്കുന്ന ഒരു ജീവിതമാണത്. ഈ വൃക്ഷം ഉൽപ്പാദിപ്പിക്കുന്നത് ജഡിക മനുഷ്യനെയാണ്. ആ മനുഷ്യൻ വളരെ നല്ലവനും ഒരു ഭക്തനുമായിരിക്കാം. എന്നാലും അവൻ ദൈവത്തിൽ നിന്നും വേറിട്ടവനും ദൈവീകജീവനിൽ നിന്നും അകന്നവനും ആകുന്നു. ദൈവത്തെയും അവനെയും രണ്ടു വ്യത്യസ്ഥ അസ്തിത്വങ്ങളായിട്ടാണ് അവൻ കാണുന്നത്. ഞാൻ ഞാനും, ദൈവം ദൈവവും ആകുന്നു എന്ന അവബോധമാണ് നിലത്തു വീണു ചാകേണ്ടത്. അപ്പോൾ മാത്രമാണ് യേശുവിന്റെ ഉയിർപ്പിക്കപ്പെട്ട ആത്മാവ് നമ്മിൽ ഉണരുകയും നമ്മിൽ എല്ലാമെല്ലാമായിത്തീരുകയും ചെയ്യുന്നത്. നിങ്ങളുടെ ജീവിതത്തിൽ ഉളവായി വരുന്ന ഫലത്തിനു മാത്രമേ ഏതുറവിടത്തിൽ നിന്നാണ് നിങ്ങൾ ജീവിക്കുന്നതെന്ന് വെളിപ്പെടുത്താനാവൂ.

## *നന്മയും തിന്മയും വെളിവാക്കുന്ന ജീവൻ*

നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം കാണപ്പെടുന്നത് മതവ്യവസ്ഥിതിയാലാണ്. ക്രിസ്തുമതവും അതിനൊരപവാദമല്ല. എല്ലാ വൃക്ഷങ്ങളും ഫലമുൽപ്പാദിപ്പിക്കുന്നു; എല്ലാ വിത്തും താന്താങ്ങളുടെ ഇനത്തിലുള്ളവയെ ഉളവാക്കുന്നു. യേശു പറഞ്ഞു: അവരുടെ ഫലത്തിൽ നിന്ന് നിങ്ങൾ അവരെ തിരിച്ചറിയും. നല്ലതും ചീത്തയും ഉളവാക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്ന ഒരു ജീവിതമാണ് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം. ചിലപ്പോഴൊക്കെ ആ വൃക്ഷത്തിൽ നിന്നും നല്ല ഫലങ്ങളും ചിലപ്പോഴൊക്കെ ചീത്തഫലങ്ങളും ഉളവാകുന്നു. ഇന്ന് ഞാൻ നിങ്ങളോട് വലിയ സ്നേഹം പ്രകടിപ്പിച്ചെന്നിരിക്കും; എന്നാൽ നാളെ എന്നിൽ നിന്നും വെളിപ്പെട്ടു വരുന്നത് കൈയ്പും, അരിശവും, നീരസവുമായിരിക്കും. സ്വയനീതിയെന്ന ഫലവും ഈ വൃക്ഷത്തിൽ നിന്നുളവായി വരുന്നു. നിങ്ങളുടെ ജഡിക പ്രകൃതത്തിൽ നിന്നുകൊണ്ട് തെറ്റുചെയ്യാതെ നല്ലതു ചെയ്യുവാൻ നിങ്ങൾക്കു സാധിച്ചാൽ നിങ്ങളെക്കുറിച്ചൊരു നല്ല പ്രതിച്ഛായ സൃഷ്ടിക്കുവാനും തൽഫലമായി നിങ്ങൾ വളരെ സ്വയനീതി നിറഞ്ഞ ഒരു വ്യക്തിയായിത്തീരാനും ഇടയാകുന്നു. നിങ്ങൾ വളരെ ഇച്ഛാശക്തിയുള്ള ഒരു മനുഷ്യനാണെങ്കിൽ എല്ലാ ക്കാര്യങ്ങളിലും ശരിയായ തീരുമാനങ്ങൾ എടുക്കാൻ കഴിഞ്ഞേക്കാം. മറ്റുള്ളവർക്കെന്തുകൊണ്ട് നിങ്ങളെപ്പോലെയാകാൻ കഴിയുന്നില്ല എന്നു നിങ്ങൾ അതിശയപ്പെട്ടുകൊണ്ടിരിക്കും. മറിച്ച്, നിങ്ങൾ അത്ര ഇച്ഛാശക്തിയില്ലാത്ത ഒരു വ്യക്തിയാണെങ്കിൽ നിങ്ങൾക്ക് എപ്പോഴും തെറ്റായ കാര്യങ്ങൾ ചെയ്യുവാനുള്ള ആഗ്രഹമുണ്ടാവുന്നു; തെറ്റായ തീരുമാനങ്ങൾ എടുക്കുന്നു. തൽഫലമായി നിങ്ങളെക്കുറിച്ചുള്ള ഒരു മോശപ്പെട്ട പ്രതിച്ഛായ നിങ്ങൾക്കു ലഭിക്കുന്നു. ഈ വൃക്ഷം അങ്ങനെ നല്ല പ്രതിച്ഛായയും ചീത്ത പ്രതിച്ഛായയും ഉളവാക്കുന്നു. ഇതാണ് സ്വാഭാവിക ജഡിക മനുഷ്യൻ വെളിപ്പെടുത്തുന്ന നന്മതിന്മയുടെ തിരിച്ചറിവിന്റെ ഫലം.



ഏറെ നാളുകളായി നിങ്ങൾ ദൈവത്തെ അറിഞ്ഞ വ്യക്തിയണെങ്കിലും നിങ്ങൾ വീണ്ടും ജനിച്ച വ്യക്തിയാണെങ്കിലും, നിങ്ങൾ ജീവിക്കുന്നത് നന്മതിന്മയുടെ തിരിച്ചറിവിന്റെ വെളിച്ചത്തിലാണെങ്കിൽ, നല്ലവനാകുവാൻ നിങ്ങളുടെ കഴിവിന്റെ പരമാവധി നിങ്ങൾ ശ്രമിക്കുന്നുവെന്ന കാരണത്താൽ നിങ്ങളുടെ ജീവിതത്തിലെ തെറ്റായ കാര്യങ്ങളെ എപ്പോഴും നിങ്ങൾ ന്യായീകരിച്ചുകൊണ്ടിരിക്കും. എന്നും നിങ്ങൾ പള്ളിയിൽ പോയെന്നിരിക്കും, ബൈബിൾ വായിച്ചെന്നിരിക്കും, മുടങ്ങാതെ പ്രാർത്ഥിച്ചെന്നിരിക്കും. ഇതൊക്കെ ആയാലും തെറ്റായ ഉറവിടത്തിൽ നിന്നു ജീവിച്ചുകൊണ്ടിരിക്കും.

ഈ രണ്ടുവൃക്ഷങ്ങളും വളർച്ചയെത്തിയ നിലയിൽ അവയെ നാം വെളിപാടു പുസ്തകത്തിൽ കാണുന്നു. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം മഹാവേശ്യയായ ബാബിലോൺ എന്ന മർമ്മം വെളിപ്പെടുത്തുന്നു.അവൾ സ്വർണ്ണവും വെള്ളിയും വിലയേറിയ കല്ലുകളും കൊണ്ട് അലംകൃതയായ മഹാസുന്ദരിയാണ്. ഇവ ദൈവത്തിന്റെ ജനത്തെ പ്രതിനിധാനം ചെയ്യുന്നു. അവർക്ക് സ്വർണ്ണവും (ദൈവത്തിന്റെ പ്രകൃതം), വെള്ളിയും (അവർ വീണ്ടെടുക്കപ്പെട്ടവരാണ്), വിലയേറിയ കല്ലുകളും (അവരുടെ ജീവിതത്തിൽ ചില രൂപാന്തരങ്ങളൊക്കെ സംഭവിച്ചിട്ടുണ്ട്) ഉണ്ടെങ്കിലും തങ്ങളുടെ സ്വാഭാവിക ജഡിക പ്രകൃതത്തെ മാറ്റി ദൈവത്തിന്റെ ജീവൻ അവരിൽ വളർച്ച പ്രാപിക്കാൻ അവർ പഠിച്ചിട്ടില്ല. ശുദ്ധമല്ലാത്ത, കലർപ്പുള്ള ഒരു മതവ്യവസ്ഥിതിയിലാണവർ എത്തിയിരിക്കുന്നത്.

പുതിയ യരുശലേം, ദൈവത്തിന്റെ നഗരം - ഇതാണ് വെളിപാടു പുസ്തകത്തിൽ നം കാണുന്ന വളർച്ച പ്രാപിച്ച ജീവന്റെ വൃക്ഷം. തങ്ങളുടെ സ്വാഭാവിക പ്രകൃതത്തെ അതിജീവിച്ച് തങ്ങളിൽ ദൈവികജീവൻ വ്യാപിച്ച് ആ ജീവനാൽ പൂരിതരാക്കപ്പെട്ട ദൈവത്തിന്റെ ജനമാണത്. ഈ ഭൂമിയിൽ ദൈവീക ജീവനെ പൂർണ്ണമായി വെളിപ്പെടുത്തുക എന്നതായിരുന്നു ആദിയിൽ ദൈവം മനുഷ്യനുവേണ്ടി വിഭാവനം ചെയ്തത്. ഇക്കാര്യം **ഈ മനുഷ്യരിൽ** നിറവേറ്റപ്പെടുന്നു.

## *ജീവന്റെ വൃക്ഷം ദൈവീക ജീവനെ വെളിപ്പെടുത്തുന്നു*

ജീവന്റെ വൃക്ഷം വെളിപ്പെടുത്തുന്നത് ദൈവീക ജീവനാണ്. യേശു പറഞ്ഞു: ***അവർക്കു ജീവനുണ്ടാകുവാനും, സമൃദ്ധിയായി ഉണ്ടാകു***

***വാനും അത്രേ ഞാൻ വന്നിരിക്കുന്നത്*** (യോഹ 10:10) വീണ്ടും അവിടുന്നു പറയുന്നു: ***ഞാൻ തന്നെ..... ജീവനും ആകുന്നു*** (യോഹ.14:5). ഗലാത്തിയ ലേഖനത്തിൽ ജീവന്റെ വൃക്ഷത്തെ നാം കാണുന്നുണ്ട് ***സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം*** (ഗലാ 5:22) യേശു ഈ ഭൂമിയിൽ വന്നപ്പോൾ ഉണ്ടായിരുന്ന മിക്കപേർക്കും അവിടുത്തെ പഠിപ്പിക്കലുകൾ ഗ്രഹിക്കാനായില്ല. നന്മതിന്മയുടെ തിരിച്ചറിവിൽ തങ്ങളുടെ സ്വയനീതിയിൽ പ്രശംസിച്ച് അവർ ജീവിച്ചു പോന്നു. ഇന്നും വളരെച്ചുരുക്കം ദൈവജനം മാത്രം തങ്ങളിലേക്കു പ്രവഹിക്കുന്ന ദൈവികജീവനെ തിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്യുന്നുള്ളൂ.

## *മനുഷ്യനിൽ ദൈവീക ജീവൻ*

ആരെങ്കിലും നിങ്ങളെ എത്രയും നീചമായി ഉപദ്രവിച്ചശേഷവും നിങ്ങൾക്കാവ്യക്തിയോട് ആർദ്രതയും സ്നേഹവും മാത്രം ഉണ്ടായിരിക്കുക എന്നത് നിങ്ങൾക്ക് ഊഹിക്കാനാവുന്ന കാര്യമാണോ? മിക്ക ക്രിസ്ത്യാനികൾക്കും ഈ കാര്യം അറിഞ്ഞുകൂടാ. എന്നാൽ ഇതാണ് ദൈവത്തിന്റെ ജീവൻ ഒരു വ്യക്തിയിൽ പ്രവഹിക്കുന്നത്. കുരിശിൽ തറയ്ക്കപ്പെട്ട് തന്റെ മുറിവുകളിൽ നിന്നും ചോരയൊഴുകി മരിച്ചുകൊണ്ടിരിക്കുമ്പോഴും അവിടുത്തേക്കു പറയാനുണ്ടായിരുന്നത് ***പിതാവേ ഇവർ ചെയ്യുന്നതെന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ*** എന്നുമാത്രമാണ് (ലൂക്കോ. 23:34)

യേശുക്രിസ്തുവിനെക്കുറിച്ചുള്ള ഒരു വെളിപാടു നമുക്കു ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ദൈവത്തിനായുള്ള വിശപ്പും ദാഹവും നമുക്കു ലഭിക്കുന്നത്. ഏതോ ഒരുവിധത്തിൽ ദൈവത്താൽ നമ്മുടെ ഹൃദയങ്ങൾ സ്പർശിക്കപ്പെടുന്നു. ദൈവത്താൽ സ്പർശിക്കപ്പെട്ട, ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്ന ഒരു വ്യക്തിക്കുമാത്രമേ ഏറ്റവും നീചമായി താൻ ഉപദ്രവിക്കപ്പെടുമ്പോഴും പിതാവേ അവർ ചെയ്യുന്നതെന്താണെന്ന് അവർക്കൊട്ടും അറിയാത്തതുകൊണ്ട് അവരോടു ക്ഷമിക്കണമേ എന്നു പറയാനാകൂ. ഒരു സഹോദരനോ സഹോദരിയോ നിങ്ങളോട് അരുതാത്തതുചെയ്തുവെങ്കിൽ, നിങ്ങൾ ദൈവത്തെ അടുത്തറിഞ്ഞ ഒരു വ്യക്തിയാണെങ്കിൽ നിങ്ങളുടെ ഹൃദയത്തിൽ ദ്വേഷ്യവും പ്രതികാരചിന്തയും ഉണ്ടായാൽ നിങ്ങൾക്ക് യാതോരൊഴികഴിവുമില്ല.

മോശെയുടെ നിയമപ്രകാരമുള്ള തങ്ങളുടെ മതം മുഖാന്തരം ദൈവത്തെക്കുറിച്ച് എത്രയും വികലമായ ഒരു കാഴ്ചപ്പാടാണ് തന്റെ ജനത്തിനുള്ളതെന്ന് യേശുവിന്നറിയാമായിരുന്നു. മത്തായി 5:38-39 ൽ യേശു പറയുന്നു: ***കണ്ണിനു പകരം കണ്ണും പല്ലിനു പകരം പല്ലും എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു:***



***ദുഷ്ടനോട് എതിർക്കരുത്; നിന്നെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവനു മറ്റേതും തിരിച്ചു കാണിക്ക.*** അവിടുന്നു വീണ്ടും പറയുന്നു: ***ഞാനോ നിങ്ങളോടു പറയുന്നു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനു തന്നെ;*** (മത്താ.5:44)

## *ന്യായപ്രമാണമനുസരിച്ചല്ല നാം ജീവിക്കേണ്ടത്*

ഇങ്ങനെയൊരു ജീവിതം എപ്രകാരമാണ് നാം ജീവിക്കേണ്ടത്? നിശ്ചയമായും നിയമത്തിനു കീഴിൽ ജീവിക്കുന്ന ഒരു ജീവിതമാണ് നിങ്ങളെ നിയമത്തിൽ കീഴിലാക്കുന്നത്. സ്വാഭാവിക ജീവൻ കൊണ്ട് ഒരു നിലവാരത്തിൽ എത്തിച്ചേരുവാൻ നിങ്ങൾ തത്രപ്പെടുന്നു. റോമർ 7:22-23ൽ പൗലോസ് ഈ കാര്യമാണ് പങ്കുവയ്ക്കുന്നത്: ***ഉള്ളം കൊണ്ടു ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു. എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു. അത് എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കികളയുന്നു.*** 1 കൊരിന്ത്യർ 15:56-ൽ പറയുന്നു: ***പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം.***

നിങ്ങളുടെ സ്വാഭാവിക പ്രകൃതം കൊണ്ട് പാപത്തെ ജയിക്കാൻ നിങ്ങൾ ശ്രമിക്കുമ്പോൾ നിങ്ങളതിന് ശക്തി പകരുകയാണ് ചെയ്യുന്നത്. ഒരു ക്രിസ്ത്യാനിയായിരിക്കെ അനേക വർഷങ്ങൾ എനിക്കു പുകവലി ശീലമുണ്ടായിരുന്നു. ആ ശീലം ഉപേക്ഷിക്കാൻ ഞാൻ കിണഞ്ഞു പരിശ്രമിച്ചിരുന്നു. എപ്പോഴൊക്കെ ഞാൻ ശ്രമിച്ചുവോ അപ്പോഴൊക്കെ പുകവലിക്കാനുള്ള ആസക്തി എന്നിൽ വർദ്ധിച്ചു വന്നു. എനിക്ക് നൂറുറാത്തൽ അധിക തൂക്കമുണ്ടായിരുന്നു. എപ്പോഴൊക്കെ ഭക്ഷണം നിയന്ത്രിക്കാൻ ശ്രമിച്ചുവോ അപ്പോഴൊക്ക ഭക്ഷണത്തിനുള്ള എന്റെ ആർത്തി വർദ്ധിച്ചുവന്നിരുന്നു. പാപത്തിന്റെ ശക്തി നിയമമാണ്. നിങ്ങളുടെ സ്വന്തശക്തിയാൽ ജയിക്കുവാനുള്ള നിങ്ങളുടെ ശ്രമം തന്നെ നിങ്ങളെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിനു കീഴ്പ്പെടുത്തുന്നു. നിങ്ങളെ നിരുത്സാഹപ്പെടുത്താനല്ല ഞാനിതു പറയുന്നത്; ദൈവത്തിന്റെ ജീവൻ നിങ്ങളുടെ സ്വയശക്തികൊണ്ട് ജീവിക്കാൻ നിങ്ങൾക്കു കഴിയുകയില്ല എന്നു വെളിപ്പെടുത്തുന്നുവെന്നേയുള്ളൂ.

യോഹന്നാൻ പറയുന്നു: ***ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു.*** (യോഹ.1:17) ഒരു പുതിയ ജീവിതനിലവാരം എത്തിപ്പിടിക്കുവാൻ നാം ശ്രമിക്കേണ്ടതിനല്ല അവിടുത്തെ ജീവൻ അവിടുന്നു നമുക്കു നൽകിയത്. അവിടുന്നു നമ്മുടെ സ്വാഭാവിക ജഡിക ജീവിതത്തെ ഒന്നു മെച്ചപ്പെടുത്തുകയല്ല ചെയ്യുന്നത്. നമുക്കുളവാക്കിയെടുക്കാനാവുന്ന ഒരു ജീവനല്ല, യഥാർത്ഥത്തിൽ ജീവനായിരിക്കുന്ന ഒരു ജീവനാണവിടുന്നു നമുക്കു

നൽകിയത്. നിങ്ങളുടെ ഉള്ളിൽ ലഭിച്ചിരിക്കുന്നത് ദൈവത്തിന്റെ ജീവൻ തന്നെ. വ്യാധികളോ, രോഗമോ, പാപമോ, മരണമോ അറിയാത്ത ദൈവ ത്തിന്റെ ജീവൻ. ഈയൊരു ജീവിതമാണ് ദൈവമക്കൾക്കു ലഭ്യമായിരി ക്കുന്നത് എന്ന് ഈ നാളുകളിൽ വെളിപ്പെടുത്തപ്പെട്ടു കൊണ്ടിരിക്കുന്നു. ഈ ജീവൻ നമുക്കു ലഭ്യമാകുന്നത് കൃപയാലാണ്. കൃപ എന്ന വാക്കിന് മൂലഭാഷയിൽ ആസ്വാദനം എന്നു കൂടി അർത്ഥമുണ്ട്. ദൈവത്തിന്റെ കൃപ യുടെ മൂർത്തിഭാവമാണ് യേശുക്രിസ്തു. അവിടുന്നു നിങ്ങളിൽ വരികയും ദൈവത്തിന്റെ സാന്നിദ്ധ്യം നിങ്ങൾ ആസ്വദിക്കുകയും ചെയ്യുന്നു. യോഹ ന്നാൻ 7:37-ൽ അവിടുന്നു പറയുന്നു: ***എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദി കൾ ഒഴുകും.*** എപ്പോൾ നിങ്ങൾ ദൈവത്തെ ആസ്വദിക്കുന്നുവോ അപ്പോ ഴൊക്കെ ദൈവത്തിന്റെ ആത്മാവ് (ജീവജലത്തിന്റെ നദികൾ) നിങ്ങളുടെ ഉള്ളിൽ ചലനമുണ്ടാക്കുകയും നിങ്ങളുടെ ഉള്ളിൽ നിന്നും പ്രവഹിക്കു കയും ചെയ്യുന്നു. വെളിപ്പാട് 22:1-2 വാക്യങ്ങളിൽ ജീവജലത്തെ ജീവവൃ ക്ഷമായി ചിത്രീകരിച്ചിരിക്കുന്നു. ദൈവത്തെ ഞാൻ ആസ്വദിക്കാൻ തുടു ങ്ങുന്ന സമയത്ത് ഈ ജീവജലനദികൾ ഒഴുകുകയും എന്റെയുള്ളിൽ അധിവസിക്കുന്ന ദൈവത്തിന്റെ ജീവൻ ഞാൻ ആവോളം ആസ്വദിക്കു കയും ചെയ്യുന്നു. ദൈവത്തിന്റെ ആസ്വാദനം വഴിയായും ആത്മാവിന്റെ പ്രവാഹം മൂലവും ജീവന്റെ വിരുന്നാസ്വദിക്കുക വഴിയും പ്രാണന്റെ രൂപാ ന്തരം സംഭവിക്കുകയും ആത്മാവിന്റെ ഫലങ്ങളിൽ വർദ്ധിച്ചു വരികയും ചെയ്യുന്നു. നാം അവിടുത്തോടുനുരൂപപ്പെടുന്നത് അവിടുത്തെ സാന്നിദ്ധ്യം ആസ്വദിക്കുന്നതുവഴിയാണ്; നമ്മുടെ സ്വന്തപ്രവർത്തിയാലല്ല. ജീവവൃക്ഷ ത്തിന്റെ ഫലങ്ങൾ വളരുന്നതും ദൈവത്തെ ആസ്വദിക്കുക വഴിയാണ്.

ഒരു പുതിയ നിയമവിശ്വാസി എന്തായിരിക്കുമെന്ന് യേശു പഠിപ്പി ക്കുന്നു. ദൈവത്തിന്റെ ആത്മാവ് അവനിൽ വരുന്നു; അവന്റെ ഉള്ളിലെ ആത്മാവിന്റെ ശക്തിക്കു വിധേയപ്പെടുവാൻ ആത്മാവ് അവനെ പഠിപ്പി ക്കുന്നു; ദൈവത്തിന്റെ ആത്മാവ് ദൈവത്തിന്റെ ജീവനെ മനുഷ്യനിൽ പ്രത്യുൽപ്പാദിപ്പിക്കുന്നു.



### അദ്ധ്യായം എട്ട്

# ദൈവസമാധാനം

***സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്ര ന്മാർ എന്നു വിളിക്കപ്പെടും*** (മത്താ. 5:9)

സമാധാനമുണ്ടാക്കുന്നവൻ ആദ്യം അവനിൽത്തന്നെ ദൈവ ത്തിന്റെ സമാധാനം അനുഭവിക്കുന്നവനാണ്. സങ്കീർത്തനം 46:1-2 വാക്യ ങ്ങൾ വിവരിക്കുന്ന സമാധാനം ഇതു തന്നെയാണ്: ***ദൈവം തുണയായി രിക്കുന്നു. അതുകൊണ്ട് ഭൂമി മാറിപ്പോയാലും, പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും .... നാം ഭയപ്പെടുകയില്ല.*** സമാധാനമുണ്ടാക്കു ന്നവൻ ദൈവത്തിന്റെ സമാധാനം മറ്റുള്ളവർക്കു പകർന്നുകൊടുക്കുന്ന വനാണ്. ഏതു സാഹചര്യത്തിലും സമാധാനം കൊണ്ടുവരാൻ അവനു കഴിയും. വീണ്ടും ഒരു കാര്യം തറപ്പിച്ചു പറയുവാൻ ഞാനാഗ്രഹിക്കു ന്നു: ***ദൈവത്തിന്റെ ജീവൻ നമ്മിൽ പ്രവർത്തിക്കുന്നതാണ് ക്രിസ്തീയ ജീവിതം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.*** നമ്മുടെ വീഴ്ച ഭവിച്ച മാനു ഷിക പ്രകൃതത്തിനും, ദേഹീപരമായ നമ്മുടെ എല്ലാ അവസ്ഥകൾക്കും അതീതമായിട്ടുള്ള ഒരു ജീവിതമാണത്. ദൈവം തന്റെ തന്നെ ജീവൻ നമ്മിൽ ജീവിക്കുന്ന ഒരു ജീവിതത്തെയാണ് ക്രിസ്തീയ ജീവിതം എന്നു നാം വിളിക്കുന്നത്. താന്താങ്ങളുടെ സ്വാഭാവിക ജീവനാലല്ല, പ്രത്യുത ദൈവത്തിന്റെ ജീവനാൽ ജീവിക്കുന്ന ഒരുപറ്റം ആൾക്കാരെയാണ് ജീവി ക്കുന്ന ദൈവത്തിന്റെ സഭ എന്നു വിളിക്കുന്നത്. ദൈവത്തിന്റെ ജീവൻ അവരുടെയുള്ളിൽ വളരുകയും അഭിവൃദ്ധിപ്പെട്ടു വരുകയും ചെയ്യുന്നു.

## *ജനക്കൂട്ടത്തിനു വേണ്ടിയല്ല*

മത്തായി 5,6,7 അദ്ധ്യായങ്ങൾ ജനക്കൂട്ടത്തോടു സംസാരിച്ചതല്ല. മത്തായി 4:25 ഇപ്രകാരം പറയുന്നു. *ഗലീല, ദെക്കപ്പൊലി, യെരുശലെം, യെഹൂദ്യാ, യോർദ്ദാനക്കാരെ എന്നീ ഇടങ്ങളിൽ നിന്നു വളരെ പുരുഷാരം അവനെ പിന്തുടർന്നു.* യേശു രോഗികളെ സൗഖ്യമാക്കിയപ്പോഴും, ഭൂത ങ്ങളെ പുറത്താക്കിയപ്പോഴും ജനക്കൂട്ടം അവനെ പിന്തുടർന്നു. മത്തായി 5:1ൽ പറയുന്നു: ***അവൻ പുരുഷാരത്തെ കണ്ടാറെ മലമേൽ കയറി. അവൻ ഇരുന്നശേഷം ശിഷ്യന്മാർ അടുക്കൽ വന്നു.*** ജനക്കൂട്ടം മലമുകളിലേക്കു കയറിച്ചെന്നില്ല. കർത്താവിന്റെ വചനം കേൾക്കുവാൻ അല്പ പ്രയാസ മുള്ള സ്ഥലത്തേക്ക് സാധാരണ ഗതിയിൽ ആൾക്കൂട്ടം കടന്നു ചെല്ലാറി ല്ല. മലയിലെ പ്രസംഗത്തിന്റെ അവസാനം, അതായത് മത്തായി 8:1-ൽ പറയുന്നു: ***അവൻ മലയിൽ നിന്ന് ഇറങ്ങി വന്നാറെ വളരെ പുരുഷാരം അവനെ പിന്തുടർന്നു.*** പുരുഷാരം മലയിലെ പ്രസംഗം കേട്ടില്ല. പ്രായോ ഗിക ക്രിസ്തീയ ജീവിതശൈലിയെക്കുറിച്ചുള്ള ഏറ്റവും മഹത്തായ സന്ദേശം ശ്രവിച്ചത് യേശുവിന്റെ കൂടെ മലമുകളിലേക്കു കയറിച്ചെന്ന

ശിഷ്യന്മാർ മാത്രമാണ്. ശിക്ഷണം സ്വീകരിക്കാൻ മനസ്സുള്ളവനാണ് ശിഷ്യൻ. ശിക്ഷണം സ്വീകരിക്കാനുള്ള മനസ്സില്ലാത്തവനാണ് നിങ്ങളെങ്കിൽ മത്തായി 5,6,7 അദ്ധ്യായങ്ങൾ സ്വീകരിക്കാൻ നിങ്ങൾക്കാവില്ല. നിങ്ങളുടെ സ്വയജീവിതം ഉപേക്ഷിച്ചിട്ട് യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടാൻ നിങ്ങൾ തയ്യാറല്ലെങ്കിൽ നിങ്ങളൊരിക്കലും ഈ അധ്യായങ്ങളിലെ പഠിപ്പിക്കലുകൾ സ്വീകരിക്കുകയില്ല. ദൈവത്തിന്റെ പുത്രന്മാരായി മാറുവാനും അനുരൂപപ്പെടുവാനും സന്നദ്ധരായവർക്കുവേണ്ടി മാത്രമുള്ളതാണ് ഈ പഠിപ്പിക്കലുകൾ.

## *ദൈവം ഭരിക്കുകയും വാഴുകയും ചെയ്യുന്ന ഇടമാണ് ദൈവരാജ്യം*

വീണ്ടും ജനനം പ്രാപിക്കാത്ത ഒരു വ്യക്തിക്കും മലയിലെ പ്രസംഗത്തിൽ പഠിപ്പിക്കപ്പെടുന്ന ഈ സ്വഭാവം ലഭിക്കുക സാദ്ധ്യമല്ല. ഇപ്രകാരം ജീവിക്കേണ്ടതിന് ദൈവത്തിന്റെ ജീവനും സ്വഭാവവും കൂടിയേ തീരൂ. ***നിങ്ങൾ എങ്ങനെയെങ്കിലും ശ്രമിച്ച് എത്തിപ്പിടിക്കുവാനുള്ള ഒരു ലക്ഷ്യമല്ല ഈ തരത്തിലുള്ള ജീവിതം. പുതിയ ജനനത്തിലൂടെ നിങ്ങൾ ദൈവത്തിന്റെ ജീവൻ സ്വീകരിക്കുമ്പോൾ നിങ്ങൾക്ക് ലഭ്യമാകുന്നതാണ് ഈ ജീവിതം.*** ദൈവത്തിന്റെ രാജ്യത്തിലായിരിക്കണമെങ്കിൽ നിങ്ങൾക്കുണ്ടായിരിക്കേണ്ട സ്വഭാവമാണ് മത്തായി 5,6,7. ദൈവം ഭരിക്കുകയും വാഴുകയും ചെയ്യുന്ന ഇടമാണ് ദൈവരാജ്യം. ദൈവം നിങ്ങളുടെ ഹൃദയത്തിൽ വാഴുകയും ഭരിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ ദൈവരാജ്യത്തിലല്ല. നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കാം, എങ്കിലും നിങ്ങൾ ദൈവരാജ്യത്തിലായിട്ടില്ല. ഒരവിശ്വാസിക്കോ, ഒരു ജഡിക മനുഷ്യനോ ദൈവത്തിന്റെ രാജ്യം വെളിപ്പെട്ടുകിട്ടുകയില്ല. ദൈവീകകാര്യങ്ങളിൽ വാസ്തവമായും താല്പര്യമില്ലാത്ത വ്യക്തികൾക്കും ദൈവരാജ്യത്തെ ***ബലാല്ക്കാരം*** ചെയ്യാത്ത വ്യക്തികൾക്കും അതു വെളിപ്പെട്ടു കിട്ടുകയില്ല. നിങ്ങൾ ഒരു ജഡിക ക്രിസ്ത്യാനിയാണെങ്കിൽ മത്തായി 5-7 ലെ സത്യങ്ങൾ നിങ്ങൾക്കു മറഞ്ഞിരിക്കും. നിങ്ങളൊരു സാധാരണ മനുഷ്യനായിരിക്കെ എങ്ങനെ നിങ്ങൾക്ക് ഈ നിലവാരമനുസരിച്ചു ജീവിക്കാമെന്ന കാര്യം നിങ്ങൾക്കു ഒരിക്കലും അറിയാൻ കഴിയില്ല. എന്നാൽ നിങ്ങളെ രൂപാന്തരപ്പെടുത്താൻ പരിശുദ്ധാത്മാവിനെ നിങ്ങൾ അനുവദിക്കുകയാണെങ്കിൽ ഓരോ വിത്തും അതാതിന്റെ ഇനത്തെ ഉൽപ്പാദിപ്പിക്കുന്നുവെന്നും യേശുവിന്റെ ജീവൻ നിങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുവെന്നും നിങ്ങൾക്കു കാണുവാനിടയാകും. നിങ്ങളിൽ മാറ്റം വരുത്തുവാൻ നിങ്ങൾ തയ്യാറാണോ? ആത്മാവിനെ കാത്തിരിക്കുവാനും ആത്മാവിന്റെ ചലനങ്ങൾക്കനുസരിച്ച് നീങ്ങുവാനും നിങ്ങൾ തയ്യാറാണോ? എല്ലായ്പോഴും നിങ്ങൾ ***ആവശ്യപ്പെടുന്നത്*** ആയിരിക്കുകയില്ല ദൈവം നല്കുന്നത്; നിങ്ങൾക്കു ***വേണ്ടതായിരിക്കും*** അവിടുന്ന് നല്കുന്നത്.



യഹൂദർ പ്രതീക്ഷിച്ചതിൽ നിന്നും തികച്ചും വ്യത്യസ്ഥമായ ഒരു രാജ്യവും ജീവിതശൈലിയുമാണ് യേശു ഈ ഭൂമിയിൽ സ്ഥാപിച്ചത്. യേശു വന്ന സമയത്ത് യഹൂദർ പ്രതീക്ഷിച്ചിരുന്നത് ഒരു സമാധാനമുണ്ടാക്കുന്നവനെയല്ല. വാസ്തവത്തിൽ ഒരു 'യുദ്ധക്കൊതിയനെ'യാണ് അവർക്കു വേണ്ടിയിരുന്നത്! മിശിഹാ വരുമ്പോൾ തങ്ങളുടെ എല്ലാ ശത്രുക്കളെയും തകർത്ത് ഒരു ലോകരാജ്യം പടുത്തുയർത്തുമെന്നാണവർ പ്രതീക്ഷിച്ചിരുന്നത്. അവൻ വന്നപ്പോഴാകട്ടെ അവനു പറയാനുണ്ടായിരുന്നത് സമാധാനമുണ്ടാക്കുന്നതിനെക്കുറിച്ചും ശത്രുക്കളെ സ്നേഹിക്കുന്നതിനെക്കുറിച്ചുമായിരുന്നു. അവൻ ഈ ലോകരാജ്യങ്ങളെ ബലം പ്രയോഗിച്ചു കീഴടക്കാനായിരുന്നില്ല വന്നത്. അതുകൊണ്ട് അവർ അവനെ തള്ളിക്കളഞ്ഞു. ഇന്നും, ഒരിക്കൽക്കൂടി, ക്രിസ്ത്യാനികൾ കാത്തിരിക്കുന്നത് തങ്ങളുടെ ശത്രുക്കളെ നശിപ്പിച്ചു കളയുവാൻ വരുന്ന ഒരു യേശുവിനെയാണ്. അവൻ സമാധാനമുണ്ടാക്കുന്നവനാണെന്ന പരമപ്രധാനമായ കാര്യം അവർ മറന്നു പോകുന്നു. നമ്മുടെ ശത്രുക്കളെയെല്ലാം അവൻ കാൽവരി ക്രൂശിൽ തോല്പിച്ചു. ലോകത്തുള്ള മനുഷ്യരുടെ അടുത്തേക്ക് സമാധാനമുളവാക്കുന്നവനായി നിങ്ങളിലൂടെയും എന്നിലൂടെയും കടന്നുവരുവാൻ യേശു ഇന്നാഗ്രഹിക്കുന്നു. ദൈവത്തിന്റെയും മനുഷ്യന്റെയും ഇടയിലുണ്ടായിരുന്ന നടുച്ചുവർ അവിടുന്നു ഇടിച്ചുകളഞ്ഞു. ക്രൂശു മുഖാന്തരം ദൈവം തന്റെ സൃഷ്ടിയെ തന്നോടു നിരപ്പിച്ചു. യേശുവിന്റെ ജനനസമയത്ത് ദൂതന്മാർ ആട്ടിടയരോടു പറഞ്ഞത്: ***ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം*** എന്നാണ്. ഇന്ന് നാം പ്രസംഗിക്കേണ്ടതും ന്യായവിധിയുടെയും ശിക്ഷാവിധിയുടെയും ഒരു സുവിശേഷമല്ല, മറിച്ച് എല്ലാ മനുഷ്യർക്കുമുള്ള സമാധാനത്തിന്റെ സുവിശേഷമാണ്. നിങ്ങൾക്കു സമാധാനവും എല്ലാ മനുഷ്യർക്കും സന്മനസ്സും! ദൈവത്തിനു നമ്മെ ഓരോരുത്തരെയും കുറിച്ച് നല്ല ഇഷ്ടമാണുള്ളത്. ആ ഇഷ്ടമാകട്ടെ നിങ്ങൾ അവിടുത്തെ നിങ്ങളുടെ ജീവിതത്തിലേക്ക് സ്വീകരിച്ച് എല്ലാ കോളിളക്കങ്ങളുടെയും നടുവിൽ അവിടുത്തെ സമാധാനം അനുഭവിക്കുക എന്ന തത്രേ. നമ്മുടെ അനുദിന ജീവിതത്തിൽ കടന്നുവരുന്ന എല്ലാ ബുദ്ധിമുട്ടുകളുടെയും മദ്ധ്യത്തിൽ അനുഭവിക്കുന്ന സമാധാനം! നിങ്ങൾ ഒരു പുതിയ സൃഷ്ടിയല്ലെങ്കിൽ ഈ വിധത്തിലൊരു ജീവിതം നിങ്ങൾക്കു സാദ്ധ്യമല്ല. ഇത്തരം ഒരു ജീവിതം അനുഭവിക്കണമെങ്കിൽ നിങ്ങളുടെ ഉള്ളിൽ ദൈവത്തിന്റെ ജീവൻ ഉണ്ടായിരിക്കണം. നിങ്ങൾ ദൈവത്തിന്റെ ജീവൻ സ്വീകരിച്ചിട്ടില്ലായെങ്കിൽ ഏതളവിലുള്ള സ്വയപ്രയത്നവും ഇപ്രകാരമൊരു ജീവിതം നയിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കുകയില്ല. നിങ്ങൾ ഒരു പുതിയ പ്രകൃതം സ്വീകരിക്കണം. ദൈവത്തിന്റെ ജീവനു മാത്രമേ ദൈവികമായി ജീവിക്കാൻ സാധിക്കൂ. നിങ്ങൾ ദൈവത്തിന്റെ ജീവൻ സ്വീകരിക്കുകയും, നിങ്ങളെ രൂപാന്തരപ്പെടുത്താൻ പരിശുദ്ധാത്മാവിനെ അനുവദിക്കുകയും ചെയ്താൽ യേശു ഈ ഭൂമിയിൽ ജീവിച്ച അതേ

ജീവിതം ജീവിക്കാൻ നിങ്ങൾക്കും കഴിയും. സമാധാനമുണ്ടാക്കുന്ന മനുഷ്യൻ ഈ ഭൂമുഖത്തുള്ള സകല മനുഷ്യരിൽ നിന്നും വ്യത്യസ്ഥനാണ്. മറ്റു ക്രിസ്ത്യാനികളേക്കാളും അവൻ ശോഭയുള്ളവനാണ്. സമാധാനമുണ്ടാക്കുന്നവൻ മനുഷ്യരെ ശുശ്രൂഷിക്കുന്നവനും മറ്റുള്ളവർക്കുവേണ്ടി ജീവനെ അർപ്പിക്കുന്നവനുമായിരിക്കും.

## *ഒരു ദുഷ്ട ഹൃദയം*

യേശു പറഞ്ഞു: ***ദുശ്ചിന്ത, കൊലപതാകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്നു പുറപ്പെട്ടുവരുന്നു.*** (മത്താ. 15:19) നാം വീണ്ടും ജനിപ്പിക്കപ്പെട്ടില്ല എങ്കിൽ നമ്മുടെ ഉള്ളിലുള്ളത് തിന്മയുടെ ഉറവയാണ്. നമ്മുടെ ഹൃദയത്തിലുള്ള ആ ഉറവയിൽ നിന്ന് എല്ലാ തിന്മയും, യുദ്ധവും, സംഘർഷങ്ങളും പുറപ്പെട്ടുവരുന്നു. ഈ ഭൂമിയിലെ എല്ലാ പ്രശ്നങ്ങളും പുറപ്പെട്ടുവരുന്നത് വീണ്ടും ജനിക്കാത്ത മനുഷ്യന്റെ ഹൃദയത്തിൽ നിന്നാണ്. ***മാനവീയകതയോ*** (humanism) ***ആദർശവാദമോ*** (idealism) സ്ഥിതി സമത്വവാദമോ (communism) അല്ല, മറിച്ച് ഒരു പുതിയ ജീവനും പുതിയ പ്രകൃതവുമാണ് മനുഷ്യന്റെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഉത്തരം. മനുഷ്യന്റെ ഹൃദയത്തെ നിങ്ങൾക്കു മാറ്റാമെങ്കിൽ ലോകത്തെ നിങ്ങൾക്കു മാറ്റാം! ഐക്യരാഷ്ട്രസംഘടന പോലുള്ള അനേക സംഘടനകൾ ലോകത്തു സമാധാനമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പ്രശ്നങ്ങൾ നിലനിൽക്കെ, അവയുടെ പുറമെ മരുന്നു പുരട്ടുക മാത്രമാണ് അവർക്കു ചെയ്യാൻ കഴിയുന്നത്. സംഘടനകൾക്ക് മനുഷ്യന്റെ പ്രശ്നങ്ങളുടെ ഉറവിടത്തിലേക്കു കടന്നു ചെല്ലാൻ കഴിയുകയില്ല; ആ ഉറവിടം മനുഷ്യന്റെ ഹൃദയം തന്നെയാണ്. അത് രാഷ്ട്രീയപരമോ സാമൂഹ്യപരമോ, സാമ്പത്തികപരമോ ആയ ഒരു കാര്യമല്ല. പ്രശ്നമിരിക്കുന്നത് അന്തർഭാഗത്താണ്, മനുഷ്യന്റെ സത്തയുടെ അകക്കാമ്പിലാണ് - അവന്റെ ഹൃദയത്തിലാണ്. മനുഷ്യന്റെ ഹൃദയത്തിനു വ്യതിയാനം സംഭവിച്ചിട്ടില്ലെങ്കിൽ, ദൈവത്തിന്റെ ജീവനാൽ അവൻ പുനർജ്ജീവിപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഏതെല്ലാം പഠിപ്പിക്കലുകൾ ലഭിച്ചാലും, ഏതെല്ലാം സംഘടനകൾ ശ്രമിച്ചാലും, പരിസ്ഥിതിയോ, ചുറ്റുപാടോ മാറിയാലും അവന്റെ നിലയ്ക്കു മാറ്റം വരുകയില്ല. ദൈവാത്മാവിന്റെ സ്പർശനം മൂലം ഉളവായി വരുന്ന ഹൃദയത്തിന്റെ സമ്പൂർണ്ണമാറ്റവും പുതിയ പ്രകൃതവുമാണ് മനുഷ്യന്റെ മുമ്പാകെയുള്ള ഏകപ്രത്യാശ.

## *സമാധാനമുണ്ടാക്കുന്നവൻ*

ദൈവജനം ഒക്കെയും സമാധാനമുണ്ടാക്കുന്നവരായിരുന്നെങ്കിൽ സഭയിൽ ഇന്നുള്ള സംഘർഷങ്ങളും വിഭാഗീയതകളും ഉണ്ടാവുമായിരുന്നില്ല. നാം വിവിധ സ്ഥലങ്ങളിൽ ആരാധിക്കുവാൻ കൂടി വരു



ന്നുവെന്നതൊഴിച്ച് സഭയിൽ മറ്റു യാതൊരു വിഭജനത്തിന്റെയും ആവശ്യമില്ലാതിരുന്നേനെ. ലോകത്തുള്ള എല്ലാ ക്രിസ്ത്യാനികൾക്കും ഒരൊറ്റ കെട്ടിടത്തിൽ ഒന്നിച്ചു കൂടുവാൻ സാദ്ധ്യമല്ലല്ലോ. പൗലോസപ്പസ്തോലൻ സഭകൾക്കെഴുതുമ്പോൾ ഒരു പട്ടണത്തിലെ സഭക്കാണെഴുതിയത്. വെളിപാടു പുസ്തകത്തിൽ ഏഴു പട്ടണങ്ങളിലുള്ള ഏഴു സഭകൾക്കെഴുതുവാനാണ് യോഹന്നാനോട് കർത്താവ് ആവശ്യപ്പെട്ടത്. സീയാറ്റി(Seattle)ലുള്ള (അല്ലെങ്കിൽ നിങ്ങളായിരിക്കുന്ന സ്ഥലത്തുള്ള) സഭയ്ക്ക് എഴുതുവാൻ കർത്താവാഗ്രഹിക്കുന്നുവെങ്കിൽ അവിടെയുള്ള ലൂഥറൻകാർക്കോ, പെന്തക്കോസ്തുകാർക്കോ ബാപ്റ്റിസ്റ്റുകാർക്കോ ആയിരിക്കുകയില്ല അവിടുന്ന് എഴുതുന്നത്. മറിച്ച് സീയറ്റിലുള്ള ദൈവസഭക്കായിരിക്കും എഴുതുന്നത്. സീയാറ്റിലുള്ള എല്ലാ വിശ്വാസികളും സഭയുടെ അംഗങ്ങളാണ്. നാം സമാധാനമുണ്ടാക്കുന്നവരെങ്കിൽ അത്തരമൊരു ഐക്യമായിരിക്കും നാം ഉണ്ടാക്കുന്നത്. നാം എല്ലാവരും ഒരേ സ്ഥലത്തു കൂടി വരുന്നില്ലായിരിക്കാം. എന്നാൽ നാം എല്ലാവരും അവിടുത്തെ ജീവനിലും, അവിടുത്തെ സ്നേഹത്തിലും അവിടുത്തെ ഉദ്ദേശങ്ങളിലും ഒന്നിച്ച് പങ്കുപറ്റുന്നവരായിരിക്കും. നാമൊന്നായി അവനിൽ വളർന്ന് ഭൂമിയിൽ സമാധാനം ഉളവാക്കുകയും മനുഷ്യരോട് സന്മനസ്സുള്ളവരാക്കുകയും ചെയ്യുന്നു.

സമാധാനമുണ്ടാക്കുന്നവന്റെ പ്രകൃതം ഒരു സ്വാഭാവിക മനോഭാവമേ അല്ല. ചിലർ പ്രകൃത്യാ സമാധാന പ്രിയരാണ്. യാതൊരു പ്രതികൂല അവസ്ഥയെയും നേരിടാൻ അവർതയ്യാറല്ല. എന്നാൽ സമാധാനമുളവാക്കുന്ന ഒരുവൻ പ്രതികൂലങ്ങളെ നേരിടുകയും ആ സാഹചര്യങ്ങളിലേക്ക് സമാധാനം കൊണ്ടുവരികയും ചെയ്യുന്നു. ചിലരാകട്ടെ പ്രകൃത്യാ തന്നെ ധൈര്യശാലികളും ഏറ്റുമുട്ടൽ ഇഷ്ടപ്പെടുന്നവരുമാണ്. തീർച്ചയായും അത്തരക്കാർ സമാധാനമുണ്ടാക്കുന്നവരല്ല. സമാധാനമുണ്ടാക്കുന്നവൻ ഒരിക്കലും ഒരു വഴക്കാളിയല്ല. തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി സമർത്ഥിക്കുകയും പോരാടുകയും ചെയ്യുന്ന ഒരു വ്യക്തിക്ക് സമാധാനമുണ്ടാക്കുവാൻ കഴിയില്ല.

ദൈവത്തിന്റെ സമാധാനം ഭൂമിയിലേക്കു കൊണ്ടുവരുവാൻ അശ്രാന്ത പരിശ്രമം നടത്തുന്നത് സമാധാനമുണ്ടാക്കുന്നവന്റെ ഒരു ലക്ഷണമാണ്. ലോകത്തിന്റെ പ്രശ്നങ്ങൾക്കെല്ലാം സമാധാനമുളവാക്കുന്നവന്റെ പക്കൽ പ്രതിവിധിയുണ്ട്. ദൈവത്തിന്റെ സമാധാനം മറ്റുള്ളവർക്കു പകർന്നു കൊടുക്കാൻ അവനു കഴിയുന്നു. ദൈവത്തിലുള്ള ശാന്തവും, സ്വച്ഛവും സമാധാനപരവുമായ ജീവിതത്തിലേക്ക് മനുഷ്യരെ നടത്തുവാൻ അവനു കഴിയുന്നു. ഒരിക്കൽ നിങ്ങൾ ദൈവത്തിന്റെ സമാധാനം അനുഭവിച്ചു കഴിഞ്ഞാൽ ഏതു സാഹചര്യത്തിലും, സംക്ഷോഭത്തിലും പരിശോധനയിലും സമാധാനത്തോടെ മുന്നേറുവാൻ നിങ്ങൾക്കു കഴിയും. സമാധാനമുണ്ടാക്കുന്നവൻ ഒരു പുതിയ പ്രകൃതവും ശുദ്ധഹൃദയവും ഉള്ളവനായിരിക്കണം.

സമാധാനമുണ്ടാക്കുന്നവൻ ഒരു തൊട്ടാവാടിയല്ല. നിങ്ങൾ സ്വയത്തിൽ നിന്നും വിടുവിക്കപ്പെട്ടിട്ടുള്ളവനെല്ലങ്കിൽ സമാധാനമുളവാക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല. സ്വയ താൽപര്യങ്ങളിൽ നിന്നും വിടുവിക്കപ്പെട്ട് നിങ്ങളെത്തന്നെ പൂർണ്ണമായി മറന്നു കളയുവാൻ നിങ്ങൾക്കു കഴിയണം. മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതായിരിക്കണം നിങ്ങളുടെ ഏക താൽപര്യം. തൊട്ടാവാടിയും, ക്ഷിപ്രകോപിയും, നീരസപ്പെടുന്നവനുമായ ഒരുവന് സമാധാനമുണ്ടാക്കുവാൻ സാധിക്കുകയില്ല. നിങ്ങൾ വേഗത്തിൽ ചൊടിപ്പിക്കപ്പെടുന്നവനാണെങ്കിൽ സമാധാനമുണ്ടാക്കാൻ നിങ്ങൾക്കു കഴിയില്ല. ഇന്ന് ലോകത്ത് ഏറ്റവും ആവശ്യമായിരിക്കുന്നത് ദീർഘക്ഷമയാണ്. വിശേഷിച്ചും ദൈവജനത്തിനിടയിൽ അനേകരും വൃണപ്പെട്ടവരും മുറിവേറ്റരും ഇച്ഛാഭംഗം നേരിട്ടവരും ആണ്. ചിലർ പാസ്റ്റർമാർ മൂലവും മറ്റുചിലർ സഹവിശ്വാസികൾ മൂലവും മുറിപ്പെട്ടവരാണ്. നിങ്ങൾ വേഗം മുറിപ്പെടുന്നവരോ, നീരസപ്പെടുന്നവരോ ആണെങ്കിൽ ഒരു പരിധിക്കപ്പുറം നിങ്ങൾക്ക് മറ്റുള്ളവരെ ശുശ്രൂഷിക്കാനാവില്ല. നിങ്ങളുടെ ലോലമായ വികാരങ്ങളെ സ്പർശിക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ പുറകോട്ടുവലിയും. സ്വയത്തിൽ കേന്ദ്രീകരിക്കപ്പെട്ടും, (self centered) സ്വയഅവബോധത്തിലും (self conscious) സ്വയത്തെ സമർത്ഥിച്ചും (self assertive)ജീവിക്കുന്ന ഒരുവന് സമാധാനമുണ്ടാക്കാൻ കഴിയുകയില്ല. നിങ്ങളുടെ സ്വയത്തെ മാറ്റി നിർത്തുക എന്നുള്ളതാണ് സമാധാനമുണ്ടാക്കുന്നതിനുള്ള ആദ്യത്തെ പടി. യുദ്ധത്തിനു കാരണം സ്വയവും സ്വയത്തെ സംരക്ഷിക്കുന്നതിനുള്ള വ്യഗ്രതയുമാണ്. സ്വാർത്ഥതയില്ലെങ്കിൽ ഈ ഭൂമിയിൽ യുദ്ധം എന്നത് കാണാൻ കിട്ടുമായിരുന്നില്ല. എന്റെ അവകാശങ്ങൾക്കും ഞാൻ അർഹിക്കുന്നതിനും വേണ്ടി ഞാൻ നിലകൊള്ളുന്നില്ലെങ്കിൽ നമ്മുടെ ഇടയിൽ യുദ്ധത്തിനു വകയൊന്നും ഇല്ലാതാകും. എന്റെ ആഗ്രഹങ്ങളെ ബലികഴിക്കാനും നിങ്ങളെ ഞാൻ സന്തോഷിപ്പിക്കാനും ശ്രമിക്കുമ്പോൾ ഞാൻ സമാധാനമുണ്ടാക്കുന്നവനാകുന്നു. ഏതെങ്കിലുമൊരു സാഹചര്യത്തിൽ സ്വയം പരിരക്ഷിക്കുവാനുള്ള ആഗ്രഹം അല്പമായിട്ടെങ്കിലും നിങ്ങളുടെ ഉള്ളിലുണ്ടെങ്കിൽ അവിടെ സമാധാനമുണ്ടാകുന്നതിന് അതു തടസ്സമായിത്തീരുന്നു. അതിനു കാരണം നിങ്ങളുടെ അവകാശങ്ങളെയും നിങ്ങളുടെ വികാരങ്ങളെയും സംരക്ഷിക്കാൻ നിങ്ങൾ തത്രപ്പെടുന്നു എന്നതാണ്. നിങ്ങൾ ഇങ്ങനെയായിരിക്കും ചോദിക്കുക: "അതു ന്യായമാണോ? ഞാനതർഹിക്കുന്നതല്ലയോ?" അല്പമായിട്ടെങ്കിലും നിങ്ങളുടെ അവകാശങ്ങളുടെയും ആനുകൂല്യങ്ങളുടെയും സംരക്ഷണത്തിനായി മനസ്സു വയ്ക്കുകയും ***എനിക്ക്*** എന്തു സംഭവിച്ചേക്കുമെന്നു വിചാരപ്പെടുകയും ചെയ്താൽ നിങ്ങൾക്ക് സമാധാനം കൊണ്ടു വരുവാൻ കഴിയില്ല. ***ഞാനെന്തു കൊണ്ട് നഷ്ടം സഹിക്കണം?*** എന്നാണു നിങ്ങൾ ചോദിക്കുന്നതെങ്കിൽ അതു സ്വാർത്ഥതാപരമായ ഒരു ചോദ്യമാണ്. നിങ്ങളുടെ ഭാര്യയോട് (അല്ലെങ്കിൽ, ഭർത്താവിനോട്) നിങ്ങൾ ചോദിക്കുന്ന ചോദ്യം,



***എന്തുകൊണ്ടാണ് ഞാൻ എപ്പോഴും തോറ്റു തരേണ്ടത്?*** എന്നാണോ? തോറ്റു കൊടുക്കുന്നത് അത്ര വലിയ ഒരു സംഗതിയല്ലെന്നു മനസ്സിലാവുന്നതുവരെ നിങ്ങൾ അങ്ങനെ ചോദിച്ചുകൊണ്ടിരിക്കും.

ദൈവത്തെ വാസ്തവമായും സേവിപ്പാനാണ് നമ്മുടെ ആഗ്രഹമെങ്കിൽ നമ്മുടെ അവകാശങ്ങൾക്കും പദവികൾക്കും ഒന്നും ഒരു പ്രസക്തിയുമില്ല. നമ്മുടെ സ്വയം കേന്ദ്രീകൃത അവസ്ഥയെ നീക്കിക്കളയുവാൻ പരിശുദ്ധാത്മാവിലേക്ക് നമുക്ക് നോക്കേണ്ടതുണ്ട്. സ്വാഭാവികമായി നോക്കിയാൽ, തോറ്റു കൊടുക്കുന്ന നിങ്ങളാണ് തോൽക്കുന്നത്. എന്നാൽ ***ആത്മാവിൽ*** കാണുമ്പോൾ തോറ്റുകൊടുക്കുന്ന നിങ്ങൾ വാസ്തവത്തിൽ ജയിക്കുകയാണ് ചെയ്യുന്നത്! എപ്പോഴെല്ലാം നിങ്ങൾ വിട്ടുകൊടുക്കുന്നുവോ, എപ്പോഴെല്ലാം **രണ്ടാമത്തെ മൈൽ** (മത്തായി 5:41) പോകാൻ നിങ്ങൾ തയ്യാറാകുന്നുവോ അപ്പോഴൊക്ക ആത്മീയമായി നിങ്ങൾ സമ്പന്നരാവുകയും ദൈവത്തിന്റെ സ്വഭാവം നിങ്ങളിൽ ഉളവായി വരുകയും ചെയ്യുന്നു. മറ്റുള്ളവരെ സന്തോഷിപ്പിക്കുകയും തന്നെത്തന്നെ പരിഗണിക്കാതിരിക്കുകയും ചെയ്യുന്നത് ഒരു സമാധാനമുണ്ടാക്കുന്നവന്റെ ലക്ഷണമാണ്. നിങ്ങളുടെ ഉള്ളിൽ ദൈവികസ്വഭാവം വർദ്ധിച്ചുവരുംതോറും ഇങ്ങനെ ചെയ്യുന്നതിൽ നിങ്ങൾ അധികമധികം തല്പരരായിത്തീരും.

## *നിങ്ങളെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാട്*

സമാധാനമുണ്ടാക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളെക്കുറിച്ചു തന്നെ ശരിയായ ഒരു കാഴ്ചപ്പാട് നിങ്ങൾക്കുണ്ടാകണം. റോമർ 7:24ൽ പൗലോസ് അയ്യോ! ഞാനൊരരിഷ്ട മനുഷ്യൻ എന്നു വിലപിക്കുന്ന ആ ഇടത്തേക്ക് ഇതുവരെ നിങ്ങൾ വന്നിട്ടില്ലായെങ്കിൽ, ഒരു നാൾ അവിടേക്ക് നിങ്ങൾ വരും. അങ്ങനെ സംഭവിക്കുന്നതുവരെ നിങ്ങൾ സമാധാനമുണ്ടാക്കുന്നവനായിത്തീരുകയില്ല. ***മററുള്ളവരെ ഞാൻ കുറ്റപ്പെടുത്തുന്ന അതേ കാര്യങ്ങൾ ചെയ്യുവാൻ ഞാനും പ്രാപ്തനാണ് എന്നു നിങ്ങൾ കാണുന്നതു വരെ*** നിങ്ങൾ സമാധാനമുണ്ടാക്കുന്നവനാവുകയില്ല. മറ്റേതൊരു മനുഷ്യനെപ്പോലെ തന്നെ നിങ്ങളും അരിഷ്ടരാണെന്നും, ഏറ്റവും മോശമായ കാര്യങ്ങൾ ചെയ്യുന്നതിനുള്ള സാദ്ധ്യത നിങ്ങളുടെ സ്വയജീവിതത്തിൽ അടങ്ങിയിട്ടുണ്ടെന്നും നിങ്ങൾ തിരിച്ചറിയുന്നതുവരെ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാണ് നിങ്ങളെന്നു ചിന്തിച്ചുകൊണ്ടിരിക്കും. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നിങ്ങളുടെ വീഴ്ച ഭവിച്ചതായ ആ സ്വാർത്ഥ ജീവിതം വാസ്തവത്തിൽ നിങ്ങളൊന്നു കണ്ടെങ്കിൽ, ആത്മാവിലെ നിങ്ങളുടെ ദാരിദ്ര്യം നിങ്ങൾ തിരിച്ചറിയുകയും ദൈവത്തോടു നിലവിളിക്കുകയും ചെയ്യുമായിരുന്നു. നിങ്ങളുടെ മത്സരബുദ്ധിയും, കീഴടങ്ങാത്ത പ്രകൃതവും, നിങ്ങളുടെ സ്വയഅവബോധം മൂലം കർത്താവിനായി ഒരു കൊച്ചു കാര്യം പോലും ചെയ്യുവാൻ നിങ്ങൾക്കു സാധിക്കാതെ പോകുന്നതുമെല്ലാം പരിശുദ്ധാത്മാവ് നിങ്ങൾക്കു വെളിപ്പെടുത്തുമ്പോൾ

നിങ്ങൾ മറ്റുള്ളവരോടു കരുണ കാണിക്കുന്നവരായിത്തീരും. നിങ്ങളുടെ തന്നെ അരിഷ്ടത കാണുമ്പോഴാണ് ആത്മാവിലെ ദാരിദ്ര്യം തിരിച്ചറിഞ്ഞ് നീതിക്കായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന ഭാഗ്യപ്പെട്ട അവസ്ഥയിൽ എത്തുവാൻ നിങ്ങൾക്കു കഴിയുന്നത്. നിങ്ങളുടെ അവസ്ഥയെ ഓർത്തു നിങ്ങൾ വിലപിക്കും. നിങ്ങളുടെ തന്നെ ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും മറന്നു കളയുവാൻ ഇതു നിങ്ങൾക്കു കാരണമാകും. നിങ്ങളുടെ സ്വാർത്ഥ പ്രകൃതത്തെ നിങ്ങൾ മുഴുവനായി ദ്വേഷിക്കാൻ തുടങ്ങും.

## സ്വയജീവിതം നീങ്ങിപ്പോകണം!!!

യോഹന്നാൻ 12:24-ൽ യേശു പറയുന്നു: ***ആമ്മേൻ, ആമ്മേൻ, ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തന്റെ ജീവനെ പകയ്ക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും.***

ജീവൻ എന്ന വാക്കിന് മൂലഭാഷയായ ഗ്രീക്കിൽ "psuche" എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. ***ദേഹിപര ജീവൻ*** എന്നോ ***സ്വയ-ജീവിതം*** എന്നോ ഇതു വിവർത്തനം ചെയ്യാം. നിങ്ങളുടെ സ്വയത്തെക്കുറിച്ചുള്ള ഒരു വെളിപാട് നിങ്ങൾക്കുണ്ടാവണം; നിങ്ങൾ മുറുകെപ്പിടിച്ചിരിക്കുന്നതെന്തെന്ന് നിങ്ങൾ അറിയുകയും അതിനെ പകയ്ക്കുകയും വേണം. ദൈവം എന്തു നമ്മിലാഗ്രഹിക്കുന്നുവോ അതിലേക്ക്, നമ്മുടെ സ്വയജീവിതത്തിന് എന്തുക്ഷതം സംഭവിച്ചാലും അതു കണക്കാക്കാതെ, ബോധപൂർവ്വം നം പ്രവേശിക്കണം. ക്രിസ്ത്യാനിയെന്ന നിലയിൽ നമുക്ക് പുതിയൊരു പ്രകൃതം ലഭിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെയാണ് ദൈവത്തിന്റെ കാര്യങ്ങൾ നാം ആഗ്രഹിക്കുന്നത്. ജഡത്തെ അവഗണിച്ച് ആത്മാവിൽ നാം മുന്നേറണം. ദൈവീകാര്യങ്ങളെ മാത്രം ആഗ്രഹിക്കുന്ന നമ്മുടെ പുതിയ പ്രകൃതത്തെ അനുഗമിപ്പാൻ നാം പഠിക്കണം. അങ്ങനെ നമ്മുടെ പ്രാണനെ സ്വച്ഛതയിൽ കാക്കുവാൻ നമുക്കു കഴിയും.

സമാധാനമുണ്ടാക്കുന്നവൻ സാധാരണക്കാരിൽ നിന്നും വ്യത്യസ്തനാണ്. മറ്റുള്ളവരെ വസ്തുനിഷ്ഠമായും, കുറ്റം കാണാതെയും വിലയിരുത്തുവാൻ കഴിവുള്ളവനാണ്. പരിശുദ്ധാത്മാവിനു തന്നെ രൂപപ്പെടുത്താനും പ്രകാശിപ്പിക്കാനും അനുവദിച്ച വ്യക്തിയാണയാൾ. തന്റെ ജീവിതത്തിൽ ഏതെല്ലാം മേഖലകളിലാണ് വ്യതിയാനം വരുത്തേണ്ടതെന്നും എവിടെയൊക്കെയാണ് ദൈവസാന്നിദ്ധ്യം നഷ്ടപ്പെടുന്നതെന്നും തിരിച്ചറിയുന്ന വ്യക്തിയാണയാൾ. സ്വാർത്ഥ പ്രകൃതം നീക്കിക്കളയുന്നത് എത്ര വിഷമമുള്ള കാര്യമാണെന്ന് അയാൾ അറിയുന്നതുകൊണ്ട്, മറ്റുള്ളവരെ വിമർശിക്കുന്നതിനുപകരം അവർക്ക് സമാധാനത്തിന്റെ ശുശ്രൂഷ ചെയ്യുവാനയാൾക്കു കഴിയുന്നു. നിങ്ങൾ വിമർശിക്കുകയും വിധിക്കുകയും



ചെയ്യുന്ന വ്യക്തിക്കു സമാധാനം പകർന്നു കൊടുക്കാൻ നിങ്ങൾക്കു കഴിയുകയില്ല. ***കർത്താവേ ഇത്രയും നാൾ ക്രിസ്ത്യാനിയായി ജീവിച്ചുകൊണ്ടിരിക്കെ, എങ്ങനെ ഇവർക്കിങ്ങനെയൊക്കെ ചെയ്യാൻ കഴിയും?*** എന്ന് നിങ്ങൾ ആരെക്കുറിച്ചെങ്കിലും പറയുന്നുവെങ്കിൽ ആ വ്യക്തിക്ക് സമാധാനം കൊടുക്കാൻ നിങ്ങൾക്കു കഴിയുകയില്ല. നിങ്ങൾക്ക് കുറ്റം വിധി മാത്രമേ കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ദൈവത്തിന്റെ കൃപയില്ലായിരുന്നുവെങ്കിൽ ***നിങ്ങൾ*** അതുപോലെ തന്നെയോ, അതിലും മോശമായ വിധത്തിലോ ആയിത്തീർന്നേനെ എന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. ആത്മീയമായി നാം എവിടെയെത്തിയിരിക്കുന്നു എന്നത് ദൈവത്തിന്റെ പ്രവർത്തി ഒന്നുമാത്രമാണ്; ദൈവാത്മാവ് നമ്മുടെ കണ്ണുതുറന്ന് നമ്മുടെ ജീവിതത്തെക്കുറിച്ച് ഒരു തിരിച്ചറിവും വെളിപാടും തന്നു എന്നതുമാത്രമാണതിനു കാരണം. ദൈവം നിങ്ങൾക്ക് യഥാർത്ഥമായ രക്ഷ നൽകുകയും ജഡത്തിൽ നിന്നും അതിന്റെ അടിമത്തത്തിൽ നിന്നും മോചനം നല്കുകയും ചെയ്യുമ്പോൾ ***നിങ്ങൾ നില്ക്കുന്നു എന്നു വിചാരിക്കുന്ന അവസ്ഥയിലേക്ക്*** എത്തിയിട്ടില്ലാത്ത ഒരു ക്രിസ്ത്യാനിയെ പുച്ഛത്തോടെ വീക്ഷിക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ലാതാവും. അങ്ങനെയൊരവസ്ഥയിൽ മാത്രമേ സമാധാനമുണ്ടാക്കുന്ന ഒരുവനായിത്തീരാൻ നിങ്ങൾക്കു സാധിക്കു.

## ആരാണ് വാസ്തവത്തിൽ സമാധാനമുണ്ടാക്കുന്നത്?

ഒരുവൻ വാസ്തവത്തിൽ സമാധാനമുണ്ടാക്കുന്നവനാണെങ്കിൽ അവന് ഒരേയൊരു ലക്ഷ്യവും ആഗ്രഹവും മാത്രമേ കാണുകയുള്ളൂ. ഫിലിപ്പിയർ 3:8-ൽ പൗലോസ് പറയുന്നു: ***എനിക്കു ലാഭമായിരിക്കുന്നത് ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നെണ്ണിയിരിക്കുന്നു. അത്രയുമല്ല! എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതമെന്നെണ്ണുന്നു.***

നാം എല്ലാം നഷ്ടപ്പെടുത്താൻ തയ്യാറുള്ളവരാണോ? ഇപ്രകാരം ഒരു സമാധാനമുണ്ടാക്കുന്നവന്റെ ജീവിതം നാം സ്വീകരിക്കുമ്പോൾ മറ്റുള്ളവർക്ക് നമ്മോടുള്ള അഭിപ്രായം നമുക്കു പ്രതികൂലമായേക്കാം. അതു സഹിക്കാൻ നാം തയ്യാറാണോ? തുടർന്ന് പൗലോസ് പറയുന്നു: ***ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്തനീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്കു നല്കുന്ന നീതി തന്നെ ലഭിച്ച് അവനിൽ ഇരിക്കേണ്ടതിനും അവന്റെ രൂപത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും, ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കണം എന്നു വച്ചും ഞാൻ അതിന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ച് ചവറ് എന്നെണ്ണുന്നു.*** യേശുവിന്റെ

പുനരുത്ഥാനത്തിന്റെ ശക്തി നാമെല്ലാവരുമൊന്നറിഞ്ഞിരുന്നുവെങ്കിൽ അതെത്ര അത്ഭുതാവഹമാകുമായിരുന്നു! യേശു ഈ ഭൂമിയിൽ വന്നപ്പോൾ തനിക്കുണ്ടായിരുന്ന അതേ ആത്മാവും ശക്തിയും ഒരു വിശ്വാസി എന്ന നിലയിൽ നമുക്കു ലഭ്യമാകുന്നുവെന്ന് ദൈവത്തിന്റെ വചനം പറയുന്നു. യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ച അതേ ആത്മാവ്! നിങ്ങൾക്കുള്ളതെല്ലാം മാറ്റിവച്ചിട്ട്, അവനിൽ മാത്രം കാണപ്പെടണമെന്നാഗ്രഹിക്കുന്നുവെങ്കിൽ ആ പുനരുത്ഥാന ജീവന്റെ ആത്മാവിനെ നിങ്ങളുടെയുള്ളിൽ തന്നെ കാണുവാൻ നിങ്ങൾക്കിടയാകും. ***അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും...*** (വാക്യം 3:11) കഷ്ടാനുഭവങ്ങൾ കൂടാതെ യേശുവിന്റെ സാദൃശ്യത്തോട് അനുരൂപരാകാൻ നിങ്ങൾക്കു കഴിയുകയില്ല. തള്ളിക്കളയപ്പെടുന്ന അനുഭവങ്ങൾ ജീവിതത്തിൽ വരുമ്പോൾ അത് വലിയ കഷ്ടത്തിന്റെ ഒരു അവസ്ഥ തന്നെയാണ്. നിങ്ങൾ സമാധാനമുണ്ടാക്കുന്ന ഒരുവനല്ലെങ്കിൽ അത്തരം അവസ്ഥകളിൽ നിങ്ങൾ തകർന്നുപോകും. നിങ്ങളുടെ സ്വയത്തെ മാറ്റി നിർത്താൻ പഠിച്ചിട്ടില്ലായെങ്കിൽ നിങ്ങൾ പരിത്യജിക്കപ്പെടുന്ന അവസരങ്ങളെ വേണ്ടവണ്ണം നേരിടുവാൻ നിങ്ങൾക്കു കഴിയാതെ പോകും. ദൈവം നിങ്ങളെ ഒരു ദൗത്യവുമായി അയച്ചാലും ജനം നിങ്ങളെ സ്വീകരിക്കാതിരുന്നേക്കാം. വികാരങ്ങളെ വേണ്ടവണ്ണം കൈകാര്യം ചെയ്യാൻ കഴിയാത്ത സ്വയം കേന്ദ്രീകൃത (self Centered) വ്യക്തിയാണ് നിങ്ങളെങ്കിൽ ദൈവം ഒരു ദൗത്യവുമായി നിങ്ങളെ അയക്കുന്ന അവസരത്തിൽ ജനം നിങ്ങളെ സ്വീകരിക്കാതിരിക്കുമ്പോൾ നിങ്ങൾക്ക് പിടിച്ചുനിൽക്കാനാവാതെ പോകും.

ഞാൻ നിങ്ങളെ തെറ്റായി വിധിച്ച് നിങ്ങൾക്കു ദ്രോഹം ചെയ്തുവെന്നിരിക്കട്ടെ. നിങ്ങളുടേതല്ലാത്ത ഒരു കുറ്റത്തിന് ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നു. നിങ്ങൾക്കു ശരിയെന്നു തോന്നുന്ന ഒരു കാര്യത്തിനു നിങ്ങളെ ഞാൻ തിരുത്തുവാൻ ശ്രമിക്കുന്നു. അപ്പോൾ ശക്തമായ തിരസ്കരണത്തിന്റെ അനുഭവം നിങ്ങൾക്കുണ്ടാകാം. നിങ്ങൾ ഈ അവസരത്തിൽ എങ്ങനെ പ്രതികരിക്കുന്നുവെന്നതും, എന്റെ കുറ്റാരോപണം വഴി നിങ്ങളുടെ ഉള്ളിൽ ഉയർന്നുവരുന്ന ചിന്തകളും നിങ്ങളേതു തരത്തിലുള്ള വ്യക്തിയാണെന്ന് വെളിവാക്കുന്നു- യഥാർത്ഥത്തിൽ സമാധാനമുണ്ടാക്കുന്നവൻ, അല്ലെങ്കിൽ സ്വയത്തിൽ കേന്ദ്രീകരിക്കപ്പെട്ടവൻ. ഞാൻ നിങ്ങളെ തെറ്റായി വിധിക്കുകയും തിരുത്തുവാൻ ശ്രമിക്കുകയും, താഴ്ത്തിക്കെട്ടാൻ തന്നെ തുനിയുകയും ചെയ്യുമ്പോൾ നിങ്ങളുടെ ഉള്ളിൽ കയ്പും, പകയും, വിദ്വേഷവും, നീരസവും പൊന്തിവരുന്നുവെങ്കിൽ നിങ്ങളുടെ തനിസ്വഭാവം വെളിച്ചത്തു വരികയും നിങ്ങൾക്കു വേണ്ടുന്ന രൂപാന്തരത്തിന്റെ ആവശ്യകത വെളിപ്പെടുകയുമാണ് ചെയ്യുന്നത്. നിങ്ങൾ സ്വയം കേന്ദ്രീകൃതനല്ല എന്നു വരികിൽ, യേശു നിങ്ങളുടെ ഉള്ളിൽ രൂപപ്പെട്ടു വരണമെന്ന ഉൽക്കടമായ ആഗ്രഹമേ നിങ്ങളിൽ ഉണ്ടാവൂ. നിങ്ങളുടെ സ്വാഭാവികവികാരങ്ങളെ വേണ്ടരീതിയിൽ കൈകാര്യം ചെയ്യുവാനും സാധിക്കും. നിങ്ങൾക്ക് എന്റെ മേൽ തെറ്റായി കുറ്റാരോപണം നടത്തു



കയോ എന്നെ തിരസ്കരിക്കുകയോ ചെയ്യാം. എന്നാൽ ഞാൻ സമാധാനമുണ്ടാക്കുന്ന വ്യക്തിയാണെങ്കിൽ അത് എന്നെ വേദനിപ്പിക്കുന്നുണ്ടെങ്കിലും, ഞാൻ ദൈവമുമ്പാകെ കരയേണ്ടി വന്നാലും എന്റെ ഉള്ളിൽ നിങ്ങൾക്കു വിരോധമായി കയ്പോ, നീരസമോ, പകയോ ഉണ്ടായിരിക്കുകയില്ല. ***കർത്താവേ, ഇദ്ദേഹം എന്നെ തെറ്റായി കുറ്റം വിധിച്ചിരിക്കുന്നു. ഇദ്ദേഹത്തോടു ക്ഷമിക്കണമേ; അഥവാ ഞാൻ കുറ്റക്കാരനെങ്കിൽ എവിടെ എനിക്കു തെറ്റു പറ്റിയെന്ന് എനിക്കു കാണിച്ചു തരണമേ.*** ഇതായിരിക്കും എന്റെ മനോഭാവം. നിങ്ങളെ വേദനിപ്പിച്ചവരോട് നിങ്ങൾക്കു കയ്പും വിദ്വേഷവും ഇല്ലാത്തതുകൊണ്ട് അവർക്കു സമാധാനം കൊണ്ടുവരാൻ നിങ്ങൾക്കു സാധിക്കുന്നു. ഭിന്നാഭിപ്രായങ്ങളുടെയും എതിർപ്പുകളുടെയും നടുവിൽ ദൈവത്തിന്റെ സമാധാനം കൊണ്ടുവരിക എന്നതാണ് നിങ്ങളുടെ ആഗ്രഹം.

## *സ്വാഭാവികമായി പ്രതികരിക്കാതിരിപ്പാൻ പഠിക്കുക*

***പ്രിയ സഹോദരന്മാരേ, നിങ്ങൾ അത് അറിയുന്നുവല്ലോ. എന്നാൽ ഏതുമനുഷ്യനും കേൾക്കുവാൻ വേഗതയും പറയുവാൻ താമസവും കോപത്തിനു താമസവുമുള്ളവൻ ആയിരിക്കട്ടെ*** (യാക്കോ. 1:19) ആരെങ്കിലും നിങ്ങളുടെ മേൽ വ്യർത്ഥമായ കുറ്റാരോപണം നടത്തിയെന്നിരിക്കട്ടെ. ഉടനെ അതിനെക്കുറിച്ച് എല്ലാവരോടും പറഞ്ഞു നടക്കുകയും ആരോപണം നടത്തിയ വ്യക്തിയോട് വിദ്വേഷം കൊണ്ടുനടക്കുകയുമാണ് നിങ്ങളുടെ പ്രതികരണമെങ്കിൽ നിങ്ങൾവെറുമൊരു ജഡിക ക്രിസ്ത്യാനിയാണെന്നതിന്റെ തെളിവാണത്. നിങ്ങൾ രൂപാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ സ്വാഭാവിക പ്രകൃതത്തിൽ നിന്നും സംസാരിക്കാനും പ്രതികരിക്കാനും തുനിയരുത്. നിങ്ങളുടെ ഉള്ളിൽ വേദനയും കോപവും ഉളവാക്കുന്ന ചിന്തകൾ ഉയർന്നു വരുമ്പോൾ അവയെ വാക്കുകളിലൂടെ പറയാതിരിക്കുക. കർത്താവിന്റെ സന്നിധിയിലേക്കു ചെല്ലുക. നിങ്ങളുടെ എല്ലാ സ്വാഭാവിക പ്രതികരണങ്ങളേയും അവിടുന്ന് ഒപ്പിയെടുക്കും. സഭയെ പണിയുവാൻ ഇതു നിങ്ങൾക്കു സഹായകമായിരിക്കും. ഇപ്രകാരം ചെയ്യാത്തതു കൊണ്ടാണ് ദൈവത്തിന്റെ സഭയുടെ പണിക്കു തടസ്സം നേരിട്ടു കൊണ്ടിരിക്കുന്നത്. പരസ്പരം മുറിവേല്പിക്കപ്പെട്ടശേഷം വിശ്വാസികൾ മറ്റിടങ്ങളിലേക്ക് മാറിപ്പോകുന്നു. ഇത്തരം ആളുകളെ ഒരിടത്തും ഉറച്ചു നില്ക്കാത്ത “Rolling stones” (ഉരുണ്ടു പോകുന്ന കല്ലുകൾ) എന്നു വിശേഷിപ്പിക്കാം. പത്രോസ് നമ്മെ വിളിക്കുന്നത് ആത്മീയ ഗൃഹമായി പണിയപ്പെടുന്ന കല്ലുകൾ എന്നാണ്, അല്ലാതെ ഉരുണ്ടു നടക്കുന്ന കല്ലുകൾ എന്നല്ല. നാം കല്ലുകളായിരിക്കെ, ചെത്തി മിനുക്കപ്പെട്ട് ചേർത്ത് വച്ച് പണിയപ്പെട്ട് ദൈവത്തിന്റെ വാസസ്ഥലമാകേണ്ടവരാണ്. നമ്മുടെ സ്വാഭാവിക വികാരങ്ങൾ വേഗത്തിൽ മുറിവേൽക്കപ്പെടുന്നവയെങ്കിലും, കർത്താവ് ഈവക കാര്യങ്ങളെത്തന്നെ ഉപയോഗിച്ച് നമ്മെ ഒന്നിച്ചു പണിയുന്നു. നിങ്ങളുടെ പരുപരുത്ത വശങ്ങളെ ചെത്തി മിനുക്കുവാൻ കർത്താവ് ഉപയോഗിക്കുന്ന സാഹചര്യങ്ങളെ കാണുമ്പോൾ

നിങ്ങൾ ചിലപ്പോൾ ഓടിയകന്നെന്നു വരാം. കർത്താവിന്റെ വഴികളെ അറിയായ്ക കൊണ്ടാണതു സംഭവിക്കുന്നത്. ഒരു സഹോദരനോടോ സഹോദരിയോടോ ഒരുവന് എന്തെങ്കിലും പ്രശ്നമുണ്ടായാൽ ഉടനടി ചിലർ സ്വീകരിക്കുന്ന മാർഗ്ഗം ഒരു ഉരുണ്ടു പോകുന്ന കല്ലായിത്തീരുക എന്നതാണ്. ഞാൻ തന്നെ ഇങ്ങനെ പലപ്രാവശ്യം ചെയ്തിട്ടുണ്ട്. നമ്മുടെ സ്വാഭാവിക വികാരങ്ങളെ നേരാംവണ്ണം നേരിടുകയാണെങ്കിൽ നമുക്ക് ഒരു ആത്മീയ ഗൃഹമായി പണിയപ്പെടാൻ കഴിയും. നിങ്ങൾ എന്റെ കൂടെ കുറച്ചു സമയം ചെലവഴിച്ചാൽ നിങ്ങൾക്കിഷ്ടമില്ലാത്ത ചില കാര്യങ്ങൾ എന്നിൽ കാണുവാൻ നിങ്ങൾക്കു കഴിയും. നിങ്ങൾ എന്നിൽ നിന്നും ഓടിയകലുകയും, നിങ്ങളിൽ നിന്ന് ഞാൻ ഓടിയകലുകയും ചെയ്താൽ എങ്ങനെയാണ് സഭ പണിയപ്പെടുക? ദൈവവചനം പറയുന്നത് നാം ഒന്നിച്ചു പണിയപ്പെടുന്നത് ***സ്വാഭാവിക മനുഷ്യന്റെ ഐക്യത്താലല്ല, പ്രത്യുത ആത്മാവിന്റെ ഐക്യത്താലാണ്*** എന്നാണ്. ഞാൻ സ്വാഭാവികമായി ഇഷ്ടപ്പെടുന്ന കാര്യങ്ങൾ നിങ്ങൾക്കും ഇഷ്ടമായതുകൊണ്ട് എനിക്കു നിങ്ങളോട് ഇഷ്ടമാണ്; നമ്മൾക്കു തമ്മിൽ കൂട്ടായ്മയും ഉണ്ട്. അതൊരു ആത്മീയ കൂട്ടായ്മയല്ല. നിങ്ങളൊരാളെ ശുശ്രൂഷിക്കുമ്പോൾ – സൽക്കരിക്കുകയോ, സഹായിക്കുകയോ ചെയ്യുമ്പോൾ അതു കർത്താവിനെന്നവണ്ണം ചെയ്യുവിൻ. നാം ചെയ്യുന്നതെല്ലാം കർത്താവിന്റെ മഹത്വത്തിനായിട്ടാണെന്ന് എല്ലാവരും പറയുമെന്നനിക്കറിയാം. എന്നാൽ നിങ്ങൾ ശുശ്രൂഷിക്കുന്ന വ്യക്തി നിങ്ങൾക്കെന്തെങ്കിലും വിധത്തിൽ ഉപദ്രവം ചെയ്യുന്നുവെങ്കിൽ, നിങ്ങളുടെ മനസ്സിൽ നീരസവും കയ്പും നിറഞ്ഞു വരുന്നപക്ഷം നിങ്ങളുടെ  ഹൃദയസിംഹാസനത്തിൽ വാണരുളുന്നത് നിങ്ങളുടെ സ്വയജീവിതമാണെന്ന് നിങ്ങൾക്കുറപ്പുവരുത്താം. നിങ്ങളുടെ യഥാർത്ഥ പ്രകൃതം തുറന്നു കാണിക്കേണ്ടതിനും നിങ്ങൾക്കെവിടെയാണ് കുറവെന്നു വെളിപ്പെടേണ്ടതിനുമാണ് ഇതൊക്കെ സംഭവിക്കുന്നത്. നിങ്ങൾക്കു പ്രശ്നമുണ്ടാക്കുന്ന ഒരുവനെയും അഭിമുഖീകരിക്കേണ്ടി വരുന്നില്ലെങ്കിൽ നിങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന ആ മനോഭാവങ്ങൾ അവിടെയുണ്ടെന്നും ഏതു സമയവും ആർക്കെങ്കിലുമെതിരെ അവ ഉണർന്നു വരുമെന്നും നിങ്ങൾ അറിയാതെ പോകും. നിങ്ങൾക്കുപദ്രവം ചെയ്യുന്ന ആരെങ്കിലും ജീവിതത്തിലേക്ക് കടന്നുവരുമ്പോൾ ഈ മനോഭാവങ്ങൾ ഉണർന്നു വരാതിക്കുന്നത് എന്നെങ്കിലും നിങ്ങൾക്കു കാണുവാൻ ഇടയായാൽ, ദൈവം നിങ്ങളുടെ ഉള്ളിൽ വാസ്തവമായും പ്രവർത്തിച്ചു എന്ന് അപ്പോൾ നിങ്ങൾക്കു മനസ്സിലാകും. ആൾക്കാർ നിങ്ങളെ ദുഷിക്കുമ്പോഴും നിങ്ങൾക്കെതിരായി നില്ക്കുമ്പോഴും, തികച്ചും തെറ്റായിത്തന്നെ ദുഷിക്കുമ്പോഴും ഈവക സ്വാഭാവിക പ്രതികരണങ്ങൾ നിങ്ങളിൽ നിന്നുണ്ടാകാതെ വരുമ്പോൾ നിങ്ങൾ അവരെ ശുശ്രൂഷിക്കുവാനും അവരുടെ വിഷമതയിൽ അവരെ സഹായിക്കുവാനും കഴിവുള്ളവരായിത്തീരുന്നു. അപ്പോൾ നിങ്ങൾ യഥാർത്ഥത്തിൽ ഒരു സമാധാനമുണ്ടാക്കുന്നവൻ ആയിത്തീരുന്നു.



## *നാവിനെ നിയന്ത്രിക്കുക*

സമാധാനം പാലിക്കാൻ ശീലിക്കുന്നതിന് ഏറ്റവും നല്ല മാർഗ്ഗങ്ങളിൽ ഒന്നാണ് നാവിനെ നിയന്ത്രിക്കുക എന്നത്. ജഡികമാണെന്ന് നിങ്ങൾക്കറിയാവുന്ന ഒരു ചിന്ത പോലും നാവിൽ വരാനനുവദിക്കരുത്. നിങ്ങളുടെ ഭവനത്തിൽത്തന്നെ ഏതെങ്കിലും ഒരു സംഘർഷാവസ്ഥ ഉണ്ടാവാൻ സാദ്ധ്യതയുണ്ടെന്ന് നിങ്ങൾ കാണുന്നുവെങ്കിൽ നിങ്ങളുടെ സ്വാഭാവിക പ്രവണതകളെ പ്രകടമാക്കാതിരുന്നാൽ, ആ സന്ദർഭങ്ങളിൽ സമാധാനം കൊണ്ടുവരുവാൻ നിങ്ങൾക്കു കഴിയും. ***ആരുടെ*** ഭാഗമാണ് ശരി ***ആരുടെ*** ഭാഗമാണ് തെറ്റ് എന്നുള്ളതിന് പ്രസക്തിയില്ല, ഒരു ഭവനത്തിൽ യുദ്ധമുണ്ടാകാൻ കുറഞ്ഞത് രണ്ടുപേർ വേണം. നിങ്ങളുടെ ജഡിക പ്രകൃതത്തിൽ നിന്ന് സംസാരിച്ച് നിങ്ങൾക്ക് ഭിന്നത കൊണ്ടുവരാം, അല്ലെങ്കിൽ ***പറയുവാൻ താമസമുള്ളവനായി*** നിങ്ങൾക്ക് സമാധാനം കൊണ്ടുവരാം. എതിരാളിയില്ലാത്തിടത്തു യുദ്ധം ചെയ്യുന്നത് വിഫലമായ ഒരു കാര്യമാണ്. തർക്കിക്കുവാൻ തയ്യാറല്ലാത്ത ഒരുവനുമായി എന്നെങ്കിലും നിങ്ങൾ തർക്കിക്കുവാൻ ശ്രമിച്ചിട്ടുണ്ടോ? നിങ്ങളുടെ ശ്രമം വിഫലമായിരിക്കും.

ഒരിക്കൽ നമ്മുടെ ജീവിതം കർത്താവിനു നൽകിക്കഴിഞ്ഞാൽ ആരോടും ഒരു കാര്യത്തിനും കോപിക്കാനോ, നീരസപ്പെടാനോ പിണങ്ങാനോ നമുക്കവകാശമില്ല. നാം അസ്വസ്ഥരാവുകയും ഈ വിധത്തിലുള്ള മനോഭാവങ്ങൾ നമ്മിൽ ഉയർന്നു വരികയും ചെയ്യുമ്പോൾ അത് മറ്റേ വ്യക്തിയുടെ കുഴപ്പമല്ലെന്ന് നാം ഗ്രഹിക്കണം. മറ്റുള്ളവരോട് ഒരു വിധത്തിലുമുള്ള നീരസമോ, കയ്പോ വച്ചു പുലർത്താൻ നമുക്കവകാശമില്ല. ആർക്കെങ്കിലും നീരസമോ കയ്പോ പ്രകടിപ്പിക്കാൻ അവകാശമുണ്ടായിരുന്നെങ്കിൽ അത് യേശുവിനുമാത്രമാണ്, കാരണം വളരെ അന്യായമായിട്ടാണ് അവിടുന്നു കഷ്ടം സഹിച്ചത്. ഒരു മനുഷ്യനനുഭവിക്കാവുന്ന ഏറ്റവും വലിയ തിരസ്കരണമാണവിടുന്നനുഭവിച്ചത്. എന്നിട്ടും അവിടുന്നു പറഞ്ഞത്: ***പിതാവേ അവരോടു ക്ഷമിക്കണമേ*** എന്നായിരുന്നു. അവരെന്താണ് ചെയ്യുന്നതെന്ന് അവർക്കറിയില്ലായിരുന്നു. അതുകൊണ്ട് അവിടുത്തേക്ക് അവരോടു വലിയ മനസ്സലിവു തോന്നി. യേശു കാണുന്നതുപോലെ കാണാൻ കണ്ണു തുറന്നു കിട്ടേണ്ടതിന് നാം പ്രാർത്ഥിക്കേണ്ടതുണ്ട്. നിങ്ങൾക്ക് കോപം വരാവുന്ന സാഹചര്യങ്ങളിൽ ഒരു വാക്കും പറയാതെ, ഇങ്ങനെ മാത്രം ചിന്തിക്കുക: *ഈ കാര്യം ഈ വ്യക്തിയെ എങ്ങനെയാണ് ബാധിക്കുന്നത്? ഈ കാര്യം എന്റെ കുടുംബത്തെ എങ്ങനെ ബാധിക്കും? ഇത് എന്റെ സഭയിൽ എന്തു ഭവിഷ്യത്ത് ഉണ്ടാക്കും?*

യേശു പറഞ്ഞു: ***നിന്റെ ശത്രുവിനു വിശക്കുന്നെങ്കിൽ അവനു ഭക്ഷിപ്പാൻ കൊടുക്കുക*** ഇത് മനുഷ്യന്റെ സ്വാഭാവിക പ്രകൃതത്തിനു തികച്ചും വിപരീതമായ കാര്യമാണ്. യേശു വീണ്ടും പറഞ്ഞു: ***നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ്വിൻ.*** ശത്രുക്കളായവരെ സ്നേഹിച്ച്

അവർക്കു നന്മ ചെയ്യുന്നവനായി ഇന്ന് ആരുണ്ട്? ദൈവത്തിന്റെ ജീവൻ നിങ്ങളുടെ ഉള്ളിൽ ഉയർന്ന് നിറഞ്ഞു വരുമ്പോൾ മാത്രമേ നിങ്ങൾക്ക ങ്ങനെ ആകുവാൻ കഴിയുകയുള്ളൂ. ഭർത്താക്കന്മാരും ഭാര്യമാരും ഈ പ്രമാണം അറിയേണ്ടതുണ്ട്. നിങ്ങളുടെ കോപവും നീരസവും പരസ്പരം പ്രകടിപ്പിക്കാൻ നിങ്ങൾക്കധികാരമില്ല. നിങ്ങൾ സ്വയത്തിൽ കേന്ദ്രീകരി ക്കപ്പെട്ടവരും നിങ്ങളുടെ അവകാശങ്ങളെ മുറുകെപ്പിടിക്കുന്നവരും അല്ലെ ങ്കിൽ നിങ്ങളങ്ങനെ ചെയ്യുകയില്ല. നിങ്ങൾ മറ്റുള്ളവരോടു നന്മ ചെയ്യു കയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും അവരെ അനുഗ്രഹിക്കു കയും ചെയ്താൽ, അവരെ നിങ്ങൾക്കു നേടാമെന്ന് ഉറപ്പുവരുത്താം. നിങ്ങളോടു ശരിയാംവണ്ണം പെരുമാറാത്ത ഒരു അയൽവാസിയുണ്ടെന്നിരി ക്കട്ടെ. നിങ്ങൾ അവരോടു നന്നായി പെരുമാറുകയും, ചിലപ്പോഴൊക്കെ കുറച്ചു പഴങ്ങളോ, നിങ്ങൾ ഉണ്ടാക്കുന്ന ഏതെങ്കിലും പലഹാരമോ ഒക്കെ അവർക്കു കൊടുക്കുകയും ചെയ്താൽ, ഞാൻ ചോദിക്കട്ടെ, എങ്ങനെ നിങ്ങൾ മുഖാന്തരം അവർക്കു സമാധാനം ലഭിക്കാതിരിക്കും? അവർക്കു നിങ്ങളോടെന്തെങ്കിലും നീരസമുണ്ടായിരുന്നെങ്കിൽ അതു പിന്നീട് നില നിൽക്കുമോ? അങ്ങനെയാണ് സമാധാനമുണ്ടാക്കുന്ന ഒരുവൻ ചെയ്യു ന്നത്.

## അവൻ നമ്മെ ഒന്നാക്കി

***അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തേയും ഒന്നാ ക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു സമാ ധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തേയും തന്നിൽ ഒരേ പുതുമനു ഷ്യനാക്കി സൃഷ്ടിപ്പാനും..... തന്നെ*** (എഫേ. 2:14,15)

ഇതാണു ദൈവത്തിന്റെ ലക്ഷ്യം: ഭാര്യയ്ക്കും ഭർത്താവിനും ഇട യിലും, സഹോദരനും സഹോദരിക്കുമിടയിലും, ജോലി സ്ഥലത്തുള്ള വരുടെ ഇടയിലും, നിങ്ങൾ കണ്ടുമുട്ടുന്നവരുടെ ഇടയിലും ഉള്ള എല്ലാമ തിലുകളും തകർത്തു കളഞ്ഞ് നിങ്ങളെ യഥാർത്ഥകൂട്ടായ്മയിലേക്കും ആത്മീയ ഐക്യത്തിലേക്കും കൊണ്ടുവരുക. സ്വയം കേന്ദ്രീകൃത അവസ്ഥ(self centerdness), സ്വയ സംരക്ഷണം(self preservation) സ്വാഭാവിക വികാരങ്ങൾ (Natural feelings) ഇവയാണ് ഏറ്റവും വലിയ മതിലുകൾ. പരിശുദ്ധാത്മാവ് നിങ്ങളുടെ ജീവിതത്തിലുള്ള ഈ മതിലുക ളെല്ലാം ഇടിച്ചു കളഞ്ഞിട്ട് ദൈവത്തിന്റെ സ്വഭാവം നിങ്ങളിൽ ഉരുവാക്കു മ്പോൾ നിങ്ങൾ പോകുന്ന ഇടങ്ങളിലൊക്കെയും സമാധാനം കൊണ്ടുവ രുവാൻ നിങ്ങൾക്കു കഴിയും. ഈ സത്യങ്ങൾ നമ്മുടെ സത്തയുടെ ഭാഗ മായിത്തീരുന്നതുവരെ ദൈവത്തെ അന്വേഷിക്കാൻ നമുക്കിടയാവട്ടെ. ദൈവത്തിന്റെ സമസ്ത സൃഷ്ടികളേയും നിറപ്പിക്കുകയും യഥാസ്ഥാന പ്പെടുത്തുകയും ചെയ്യുന്ന ***ഒരേ പുതിയ മനുഷ്യൻ*** ഈ ഭൂമിക്കു മേൽനില്ക്കു മാറാകട്ടെ.

***നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരി ജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തു വിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശു ദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനെക്കും ആകുന്നു. അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചു കളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശ ത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും. ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിനു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിനുള്ള വർദ്ധനെക്കായി അവനിൽ നിന്നു വളർച്ച പ്രാപിക്കുന്നു.*** (എഫേ. 4:13 –16)